പരിഗണിച്ചുകൊണ്ട് മലയോര മേഖലയിലെ ഒരു ആസ്ഥാനം എന്നുള്ള രൂപത്തിൽ താമരശ്ശേരി ആസ്ഥാനമായി ഒരു ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തു തരണം. അതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ താമരശ്ശേരി പഞ്ചായത്ത് നിർവ്വഹിച്ചു തരാമെന്ന് ഏറ്റിട്ടുണ്ട്. അക്കാര്യത്തിൽ അങ്ങയുടെ പ്രത്യേകമായ പരിഗണന ഉണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി : സർ, കോഴിക്കോട് ജില്ലയിൽ ഇപ്പോൾത്തന്നെ ആറ് ഫയർ സ്റ്റേഷൻ നിലവിലുണ്ട്. പക്ഷേ അതുകൊണ്ട് പരിഹാരമായില്ല. ഫയർ സ്റ്റേഷൻ വേണമെന്നുള്ള ഡിമാൻഡ് എല്ലാ ഭാഗത്തുനിന്നും വരുന്നുണ്ട്. കെട്ടിടവും സ്ഥലവും സൗജന്യമായി ലഭിക്കുന്ന പതിനാല് സ്ഥലങ്ങളുടെ മുൻഗണന ലിസ്റ്റ് തയ്യാറാക്കിത്തരാൻ ഫയർ ഫോഴ്സിന്റെ ഡയറക്ടർ ജനറലിന് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ഇത് പരിഗണിച്ച് പതിനാല് സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ആ ലിസ്റ്റ് കിട്ടിയതിനു ശേഷം ഇത് പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ : നിയമ നിർമ്മാണ നടപടികൾ ആരംഭിക്കുകയാണ്. നിയമങ്ങൾ നല്ലതുപോലെ ചർച്ച ചെയ്ത് പാസ്സാക്കണമെന്ന ഒരു സമീപനമാണ് ഞാൻ സ്വീകരിക്കുന്നത്. ഗവൺമെന്റ് അതിനോട് പൂർണ്ണമായി യോജിക്കുകയാണ്. അതുകൊണ്ട് ബില്ലിനെ സംബന്ധിച്ച് അംഗങ്ങൾക്ക് പറയാനുള്ളത് പറയാൻ അവസരം നൽകണമെന്നാണ് ആഗ്രഹം. സാധാരണ നമ്മൾ ബില്ലിനെ സംബന്ധിച്ച് ചർച്ച ചെയ്യുമെങ്കിലും ബില്ലുമായി ഒരു ബന്ധവുമില്ലാത്ത രാഷ്ട്രീയം പറയുന്ന പതിവുണ്ട്. അത് അനുവദിക്കുവാൻ നിർവ്വാഹമില്ലെന്നു മാത്രമല്ല, ബില്ലിൽ ഒതുങ്ങി നിൽക്കാതെ നമ്മൾ കാട് കയറിയാണ് സംസാരിക്കുന്നതെങ്കിൽ വീണ്ടും റസ്ട്രിക്ഷൻ ഇംപോസ് ചെയ്യാൻ നിർബന്ധിതരാകും മറിച്ച് നിയമത്തെക്കുറിച്ച് മാത്രമാണെങ്കിൽ നിയമത്തെക്കുറിച്ച് സംസാരിക്കുവാൻ കൂടുതൽ സമയം അനുവദിക്കുന്നതാണ്. ആവശ്യത്തിന് സമയം അനുവദിക്കണമെന്നുള്ളതാണ് ആഗ്രഹം. അതുകൊണ്ട് ഇപ്പോൾ നമ്മൾ നിയമ നിർമ്മാണ കാര്യത്തിലേക്ക് കടക്കുകയാണ്.

IV നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ആദ്യമായി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജന കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, അങ്ങയുടെ ഈ നിലപാടിനെ സ്വാഗതം ചെയ്യുകയാണ്. സഭ മൊത്തംതന്നെ അത് വളരെ ഹർഷാരവത്തോടുകൂടി സ്വീകരിക്കേണ്ടുന്ന ഒരു കാര്യമാണ്.

മി. സ്പീക്കർ : ബില്ലിൽ ഒതുങ്ങി നിന്ന് സംസാരിച്ചാൽ മതി..... (ബഹളം).....

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ സബ്ജക്ടിൽ ഒതുങ്ങി നിന്നു മാത്രമേ സംസാരിക്കാറുള്ളു.

മി. സ്പീക്കർ : ഇവിടെ ചില ഒത്തുകളികൾ ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുണ്ട്. അതെനിക്കറിയാം.

ശ്രീ. എം. വി. ജയരാജൻ : സർ, അഡ്വക്കേറ്റ് ക്ലർക്കുമാർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതിനു വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന ഈ ബിൽ പൊതുവിൽ സ്വാഗതാർഹമായിട്ടുള്ള ഒന്നാണ്. അതിനെ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ നിയമസഭ പൊതുവിൽത്തന്നെ സ്വാഗതം ചെയ്യുമെന്നാണ് ഞാൻ കരുതുന്നത്. പക്ഷേ പത്താം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ ഈ ബിൽ വന്നപ്പോൾ ആ സബ്ജക്ട് കമ്മിറ്റിയിലെ പ്രതിപക്ഷത്തുള്ള അംഗങ്ങളായ ഞങ്ങൾ ഈ ബില്ലിലെ വ്യവസ്ഥകൾ കുറേക്കൂടി അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുവാനുള്ള ഭേദഗതികളാണ് ഉന്നയിച്ചത്. ദൗർഭാഗ്യകരമെന്നു പറയട്ടെ ആ ഭേദഗതികൾ, രണ്ടുമൂന്നു തവണ നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ യോഗത്തിൽ അദ്ദേഹംതന്നെ പൈലറ്റ് ചെയ്ത ഒരു നിയമമായതുകൊണ്ട് അദ്ദേഹത്തിന്റെ തന്നെ സാന്നിധ്യത്തിൽ ആയിരുന്നു ഈ ചർച്ചകൾ നടന്നത്. അതുകൊണ്ടാണ് പ്രതിപക്ഷ അംഗങ്ങളായിട്ടുള്ള ഞങ്ങൾക്ക് വിയോജനക്കുറിപ്പ് എഴുതേണ്ടി വന്നിട്ടുള്ളത്. ഇത്തരത്തിൽ വിയോജനക്കുറിപ്പ് എഴുതേണ്ടി വന്നതുതന്നെ ദൗർഭാഗ്യകരമാണ്; ദുഃഖകരമാണ്. കാരണം ബില്ലിൽത്തന്നെ ഉൾപ്പെടുത്തിയതുകൊണ്ട് നമുക്ക് ഇരുകൂട്ടർക്കും അംഗീകരിക്കുവാൻ കഴിയുന്ന ചില ഭേദഗതികളാണ് ഞങ്ങൾ നിർദ്ദേശിച്ചിരിക്കുന്നത്. ഇതിൽ മൂന്നാം വകുപ്പ് വ്യവസ്ഥ ചെയ്തിട്ടുള്ള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി 3(1)-ൽ പറയുന്നത് ഈ ആക്ട് പ്രാബല്യത്തിൽ വന്നതിനു ശേഷം കഴിയുന്നത്ര വേഗം സർക്കാർ വിജ്ഞാപനംമൂലം കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി എന്നു വിളിക്കുന്ന ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണെന്നാണ്. ആ ഫണ്ടിൽ എങ്ങനെയാണ് തുക സമാഹരിച്ചിരിക്കുന്നത്. ഇതിലെ തന്നെ വകുപ്പ് 3-ൽ 2(എ) പ്രകാരം പറയുന്നത് "14-ാം വകുപ്പുപ്രകാരം സ്റ്റാമ്പ് വിൽപ്പന നടത്തിയ വകയിൽ സംഭരിച്ച എല്ലാ തുകകളും" എന്ന് പറഞ്ഞാൽ 14-ാം വകുപ്പിൽ പറയുന്നതു പ്രകാരം "രണ്ടു രൂപയുടെ മൂല്യമുള്ള, നിർണ്ണയിക്കപ്പെടാവുന്ന അത്തരം രൂപത്തിലും അത്തരം രീതിയിലുമുള്ളതും" "കേരള അഡ്വക്കേറ്റ് ക്ളാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പ്" എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ, സ്റ്റാമ്പുകൾ അച്ചടിക്കുകയോ അച്ചടിപ്പിക്കുകയോ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യേണ്ടതാണ് എന്നാണ്. രണ്ടു രൂപ വില വരുന്ന സ്റ്റാമ്പാണ് ഇതിൽ ഉപയോഗിക്കുവാൻ പോകുന്നത്. അത് 14(2) ഉപ വകുപ്പിൽ പറയുന്നത് പ്രകാരമാണെങ്കിൽ എല്ലാ കോടതിയിലും ഫയൽ ചെയ്യുന്ന കേസിൽ ഈ രണ്ടു രൂപയുടെ സ്റ്റാമ്പ് മുദ്രണം ചെയ്യേണ്ടതാണ്. ഇതിൽ 14(2)ൽ കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ വേണ്ടി ഫയൽ ചെയ്യുന്ന ഏതെങ്കിലും വക്കാലത്തിന് ബാധകമാകുന്നതുമെല്ലാം. ഇവിടെയാണ് നമ്മുടെ വിയോജന കുറിപ്പിന് അടിസ്ഥാനമുള്ളത്. അത് ബഹുമാനപ്പെട്ട നിയമമന്ത്രിക്ക് അറിയാം. സബ്ജക്ട് കമ്മിറ്റിയിൽ അന്യോന്യം ഒരുപാട് വാദകോലാഹലങ്ങൾ ഉയർത്തിയ വിഷയമാണിത്. കേരളത്തിൽ ഒരുപാട് ക്ഷേമനിധികളുണ്ട്. ക്ഷേമനിധി നിയമനിർമ്മാണത്തിന് മാതൃകയാണ് ഈ സംസ്ഥാനം. ആ ക്ഷേമനിധി നിയമനിർമ്മാണത്തിലെല്ലാം ഉള്ള ഒരു പ്രധാനപ്പെട്ട പൊതുവായ വ്യവസ്ഥ തൊഴിലാളി അല്ലെങ്കിൽ ജീവനക്കാരൻ ആ തൊഴിലാളിയുടെ വിഹിതം, തൊഴിൽ ഉടമയുടെ വിഹിതം, അതോടൊപ്പം സർക്കാരിന്റെ വിഹിതം. ഇത് പൊതുവായി കേരളത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു കാഴ്ചപ്പാടാണ്. അപൂർവ്വം ചിലതെല്ലാം വ്യത്യാസം വന്നേക്കാം. കേരളത്തിൽ ജനസംഖ്യയുടെ മൂന്നിലൊന്നു ജനങ്ങൾ ഏതെങ്കിലും ക്ഷേമനിധിയിൽ അംഗങ്ങളാണ്. ഈ ക്ഷേമ നിധിയിൽ അംഗങ്ങളായവർ അവരുടേതായ വിഹിതം നല്കുന്നു. സർക്കാർ ഒരു വിഹിതം നല്കുന്നു. ഇതിൽ അന്തർലീനമായിട്ടുള്ള കാര്യമെന്താണ് ?

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇ. എം. അഗസ്തി]

ഒരുപരിഷ്കൃത സമൂഹത്തിൽ ഇത്തരം ക്ഷേമനിധികൾ നടപ്പിൽ വരുത്തുമ്പോൾ സർക്കാരിന് ഒരു സാമൂഹ്യ ബാദ്ധ്യതയുണ്ടാകും. ഇവിടെ രണ്ടു കാര്യത്തിലും സർക്കാർ ആ സാമൂഹ്യ ബാദ്ധ്യത നിഷേധിക്കുകയാണ്. സർക്കാരിന് ഒരു കോൺട്രിബ്യൂഷൻ നൽകാം. ഇപ്പോൾ കേരളത്തിൽ അഡ്വക്കേറ്റ് ക്ലാർക്കുമാരായ ഏകദേശം പതിമൂന്നായിരത്തോളം ആളുകളുണ്ട്. ഈ പതിമൂന്നായിരത്തോളം അഡ്വക്കേറ്റ് ക്ലർക്കുമാർ ഇത് കൃത്യമായ കണക്കാണെന്ന് പറയാൻ കഴിയില്ല, ഞാൻ നിയമമന്ത്രിയുമായി തർക്കിക്കുന്നില്ല. 20,000 എന്നുള്ള സർക്കാരിന്റെ കണക്കുതന്നെ എടുക്കാം. 20,000 അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് സ്റ്റാമ്പ് ഇനത്തിൽ നിന്നുള്ള വിഹിതം മാത്രമുള്ള ഒരു ക്ഷേമനിധിയായാൽ എങ്ങനെയാണ് ആനുകൂല്യം നൽകാൻ കഴിയുക ? അതും രണ്ട് രൂപ സ്റ്റാമ്പ് വഴി സമാഹരിക്കുന്ന തുക കൊണ്ട്. ഈ നിയമസഭ മറ്റൊരു നിയമം പാസ്സാക്കിയല്ലോ ? അഭിഭാഷക ക്ഷേമനിധി നിയമം. അഭിഭാഷകരുടെ ക്ഷേമത്തിനുവേണ്ടിയുള്ളത്. അഭിഭാഷകരുടെ കൂടെ തൊഴിലെടുക്കുന്നവർ ആണ് ഇവർ. അഭിഭാഷകരേക്കാൾ കൂടുതൽ നിയമങ്ങളെക്കുറിച്ച് പരിജ്ഞാനമുള്ള ഗുമസ്തന്മാരുണ്ട് എന്നാണ് നമ്മുടെ നാട്ടിൽ പറയുന്നത്. .....(ബഹളം)..... കക്ഷികൾക്ക് അതിനേക്കാൾ കൂടുതൽ ജ്ഞാനമുള്ള വിധത്തിലാണ് സർക്കാരിന്റെ ചില കേസ് നടത്തിപ്പ്. ഞാൻ അതിലേക്ക് പോകുന്നില്ല. എന്നെക്കൊണ്ട് അത് പറയിപ്പിക്കരുത്. വിഷയത്തിൽ നിന്ന് മാറ്റുകയാണ് അങ്ങയുടെ ഉദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly

മി.ചെയർമാൻ (ശ്രീ. ഇ. എം. അഗസ്തി) : ഒരു പരിഷ്കൃത സമൂഹത്തിന്റെ ഭാഗമാണ് കക്ഷികൾക്ക് നിയമകാര്യത്തിൽ കൂടുതൽ വിവരമുണ്ടാകുക എന്നുള്ളത്.

ശ്രീ. എം. വി. ജയരാജൻ : സർ, കക്ഷികൾക്ക് നിയമത്തിൽ കൂടുതൽ പരിജ്ഞാനമുള്ളതുകൊണ്ടാണല്ലോ സർക്കാരിനുവേണ്ടി കേസ് നടത്തുന്ന അഭിഭാഷകരെല്ലാം ഒരുമിച്ചു നിൽക്കുന്നത്. ഇപ്പോൾ അക്കാര്യത്തിൽ ഞാനും സുധാകരനും ഒരുപോലെയാണ്. ചെയറിനും വേണമെങ്കിൽ ആകാം. ചെയറിന്റെ നല്ലൊരു ഓഫീസ് അവിടെ പ്രവർത്തിക്കുന്നുണ്ട്. ഞാൻ ഈയിടെ ഓഫീസ് കണ്ടതാണ്.അതുകൊണ്ട് അഭിഭാഷകരെക്കാൾ കൂടുതൽ നിയമ പരിജ്ഞാനമുള്ള ഗുമസ്തൻമാരുണ്ട്. എന്താണ് ഇപ്പോഴത്തെ സ്ഥിതി ? അഭിഭാഷകർക്ക് കൊടുക്കുന്നത് അവർ അടയ്ക്കേണ്ടുന്ന വിഹിതം 5 വർഷത്തിൽ താഴെ പ്രാക്ടീസുള്ള അഭിഭാഷകർ നൽകേണ്ടത് 500 രൂപയാണ്. അതിനു മുകളിൽ ആയിരം രൂപയാണ്. അപ്പോൾ അഭിഭാഷകർ നൽകുന്ന വിഹിതമുണ്ട്. മാത്രമല്ല, സർക്കാരിന്റെ വിഹിതമുണ്ട്. അതോടൊപ്പം വെൽഫയർ സ്റ്റാമ്പുണ്ട്. അങ്ങേയ്ക്ക് അറിയാമല്ലോ ? വെൽഫയർ സ്റ്റാമ്പ് ഇനത്തിൽ തന്നെ വലിയ ഒരു തുക വരും. ഹൈക്കോർട്ടിൽ 15 രൂപയാണ് വെൽഫയർ സ്റ്റാമ്പിനത്തിൽ വസൂലാക്കുന്നത്. ലോവർ കോർട്ടിൽ എല്ലാം കൂടി 10 രൂപയാണ്. ഹൈക്കോർട്ടിൽ കേസ് നടത്തുകയെന്നുള്ളത് ബഹുമാനപ്പെട്ട സുധാകരനും അങ്ങേയ്ക്കും എല്ലാം അറിയാവുന്ന കാര്യമാണ്. നമ്മുടെ ബഹുമാനപ്പെട്ട രാജൻ ബാബു ഇവിടെയുണ്ട്. എല്ലാം അസോസിയേറ്റ്സ് ആണ്. ഒരു കൂട്ടം അഭിഭാഷകരാണ്. എല്ലാം സ്ഥാപനങ്ങളാണ്. ചുരുങ്ങിയത് മൂന്ന് അഭിഭാഷകർ എങ്കിലുമുണ്ടാകും. അതിൽ കൂടുതൽ ആണ് സാദ്ധ്യത. പക്ഷേ അഭിഭാഷക ക്ഷേമനിധി നിയമത്തിൽ ഒരു വ്യവസ്ഥ വച്ചിരിക്കുന്നു. മിനിമം മൂന്ന് അഭിഭാഷകർക്കെങ്കിലും ഈ പറയുന്ന വെൽഫെയർ സ്റ്റാമ്പ് ഒടുക്കാം, വെൽഫയർ സ്റ്റാമ്പ് പതിക്കാം. അങ്ങനെ വന്നാൽ 15 രൂപ നിരക്കിൽ കണക്കെടുത്താൽ 45 രൂപ വരും. ഇപ്പോൾ ഹൈക്കോടതിയിൽ ഒരു ദിവസംതന്നെ ആയിരത്തോളം കേസുകൾ വരികയാണ്. ഇത് ഹൈക്കോടതിയുടെ മാത്രം കാര്യമല്ല. അങ്ങനെ വരുമ്പോൾ വെൽഫയർ വിഹിതമായി മാത്രം വലിയ ഒരു തുക അഭിഭാഷക ക്ഷേമനിധിയുടെ ഭാഗമായി നമുക്ക് ശേഖരിക്കാൻ കഴിയും. ആ നിയമത്തിന്റെ പ്രത്യേകത അതാണ്. ഇവിടെ ക്ഷേമനിധി വിഹിതം മാത്രമല്ല അതോടൊപ്പം സർക്കാരിന്റെ വിഹിതമുണ്ടല്ലോ ? സർക്കാരിന്റെ വിഹിതവും അഭിഭാഷകർ പണം അടയ്ക്കുന്നതുമുണ്ടല്ലോ ? ഇന്നത്തെ നിലയിൽ അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ഒരു വിഹിതം നിശ്ചയിക്കുന്നത് ആശാവഹമല്ല. പക്ഷേ ചർച്ചയാവാം. നിയമസഭാ സബ്ജക്ട് കമ്മിറ്റി അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ സംഘടനയുമായി അവരുടെ അഭിപ്രായം കൂടി ആരായുകയുണ്ടായി. അവരെ കേട്ടു. ആ ചർച്ചയിൽ അവർ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായം ഈ ചെറിയ തുക ഞങ്ങൾ ക്ഷേമനിധി വിഹിതത്തിലേക്ക് അടയ്ക്കാൻ തയ്യാറാണ്. പക്ഷേ സർക്കാരിന്റെ ഒരു കോൺട്രിബ്യൂഷൻ വേണം. ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ ഭാഗമായി രൂപം നൽകിയിട്ടുള്ള നിയമ നിർമ്മാണംപോലും കേരളത്തിലെ ഇരുപതിനായിരത്തോളം വരുന്ന അഡ്വക്കേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ക്ലാർക്കുമാരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് പര്യാപ്തമാകുന്ന ഫണ്ട് സമാഹരിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് സർക്കാർ ഒരു നിശ്ചിത വിഹിതം ക്ഷേമനിധിയിലേക്ക് നൽകണം. സർക്കാരിന് സാമ്പത്തികമായ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉണ്ടാകാം, നിയമസഭാ കമ്മിറ്റിയിൽ ബഹുമാനപ്പെട്ട നിയമമന്ത്രി മാണിയ്ക്ക് കാര്യം അവതരിപ്പിക്കുന്നതിലും വാദിക്കുന്നതിലും ഉള്ള പരിജ്ഞാനം നല്ലതുതന്നെ. പക്ഷേ ഈ ക്ഷേമനിധി അർഹതപ്പെട്ട അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് അവരുടെ ആനുകൂല്യങ്ങൾക്ക് സഹായകരമല്ല. അതിൽതന്നെ 17-ാം വകുപ്പിൽ ഫണ്ടിലെ അംഗത്വം സംബന്ധിച്ച് ഒരു കാര്യം പറയുന്നു. അതിൽ പറയുന്ന ഒരു കാര്യം സംസ്ഥാനത്തെ ഓരോ അഡ്വക്കേറ്റ് ക്ലാർക്കിനും ഫണ്ടിലെ അംഗമായി പ്രവേശിക്കുന്നതിന് അർഹയുണ്ടായിരിക്കുന്നതാണ് എന്നാണ്. എന്നുപറഞ്ഞാൽ എല്ലാ അഡ്വക്കേറ്റ് ക്ലർക്കുമാർക്കും ഇവിടെ അംഗമാകാം. അങ്ങനെ ഒരു സമീപനമെന്തിനാണ് ? ഇപ്പോൾ കേരളത്തിനകത്ത് അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ പ്ലീഡേഴ്സ് ക്ലർക്ക് റൂൾ 1958-ൽ പാസ്സാക്കിയതാണ്. ഈ റൂൾ തന്നെ കാലോചിതമാക്കിയിട്ടില്ല. ആ റൂൾ കാലോചിതമാക്കണമെന്ന അഭിപ്രായം ശക്തമായിട്ടുണ്ട്. ആ റൂളിൽ പ്രായപരിധി സംബന്ധിച്ച് മിനിമമോ ഉയർന്നതോ ആയിട്ടുള്ള ഒരു പരിധിയുമില്ല. ഇപ്പോൾ ചില അഭിഭാഷകരുടെയിടയിൽ 16 വയസ്സുള്ള ക്ലാർക്കുമാരുണ്ട്. ആ പ്രായം മുതൽ പ്രോത്സാഹിപ്പിക്കുകയാണ്. അതിന് ഒരു വ്യവസ്ഥ വേണ്ടേ ? ഒരു മിനിമം പതിനെട്ട്. കൂടിയാൽ മുപ്പത്തിയഞ്ചോ നാൽപ്പതോ. ഒരു വ്യവസ്ഥ കൊണ്ടുവരണമല്ലോ ?

ശ്രീ. തന്പാനൂർ രവി : സർ, 16 വയസ്സുള്ള കുട്ടികളെ ഇത് പ്രോത്സാഹിപ്പിക്കുക എന്നുപറഞ്ഞാൽ അത് ബാലവേലയാണ്. ബാലവേല നിരോധിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. അങ്ങ് അത് ഓർക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :സർ, ബഹുമാനപ്പെട്ട ജയരാജൻ, നമുക്ക് ആ പോയിന്റ് സൊക്കെ വകുപ്പ് ചർച്ചയിലേക്ക് വരുമ്പോൾ ഡിസ്കസ് ചെയ്യാം. ഇപ്പോൾ ഡിസൻഡിംഗ് നോട്ടിൽ ഒതുങ്ങി നിൽക്കുന്നതായിരിക്കും നല്ലത്. ഡിസൻഡിംഗ് നോട്ടിൽ പറഞ്ഞിരിക്കുന്നത് രണ്ട് കാര്യങ്ങളാണ്. അതിൽ ഒതുങ്ങി നിന്ന് ജയരാജൻ സംസാരിച്ചാൽ നല്ലതായിരുന്നു.

ശ്രീ. എം .വി. ജയരാജൻ : സർ, ഞാൻ ഡിസൻഡിംഗ് നോട്ടിൽ നിന്നുകൊണ്ടാണ് സംസാരിക്കുന്നത്. ബാലവേല പ്രോത്സാഹിപ്പിക്കുകയാണ് നിയമജ്ഞരായിട്ടുള്ള ആളുകൾ ചെയ്യുന്നത് എന്നാണ് അങ്ങ് മനസ്സിലാക്കേണ്ടത്. നിയമം പരസ്യമായി ലംഘിക്കുകയാണ്. അതുകൊണ്ട് ഇത്തരത്തിൽ യാതൊരു വ്യവസ്ഥയുമില്ലാതെയാണ് അഭിഭാഷകർ അഡ്വക്കേറ്റ് ക്ലാർക്കുമാരെ നിശ്ചയിക്കുന്നത്. ഇപ്പോൾ കാണാൻ കഴിഞ്ഞിട്ടുള്ള ഒരു പ്രത്യേകത കേന്ദ്ര-സംസ്ഥാന സർവ്വീസിൽ നിന്നോ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ റിട്ടയർ ചെയ്തിട്ടുള്ള ആളുകൾ അഡ്വക്കേറ്റ് ക്ലാർക്കുമാരായി ജോലി ചെയ്യുകയാണ്. അവരും ഈ ക്ഷേമനിധിയുടെ ആനുകൂല്യത്തിൽ വരും. ഞങ്ങളുടെ വിയോജിപ്പ് അതാണ്. അവർ ഒരു ആനുകൂല്യം വാങ്ങുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ പെൻഷനോ സംസ്ഥാന സർക്കാരിന്റെ പെൻഷനോ

LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭാഗമായുള്ള ആനുകൂല്യങ്ങളോ അവർ വാങ്ങുന്നു. നിങ്ങൾ പരിശോധിച്ചാൽ കേരളത്തിൽ അത്തരത്തിലുള്ള നാലായിരത്തോളം അഡ്വക്കേറ്റ് ക്ലർക്കുമാരുണ്ട്. എന്തിന് അത്തരത്തിലുള്ളവർക്ക് ആനുകൂല്യം നൽകുന്നു ; ഫണ്ടിൽ നിന്നുള്ള ആനുകൂല്യം നൽകുന്നു. നമ്മൾ വിയോജനക്കുറിപ്പ് കൊടുത്തത് അവരെ ഒഴിവാക്കുന്ന കാര്യത്തിനാണ്. തികച്ചും ന്യായമായ കാര്യമാണ് ഞങ്ങൾ ഉയർത്തിയത്. അഡ്വക്കേറ്റ് ക്ലർക്കുമാരായി സേവനമനുഷ്ഠിക്കുന്നവരെ അവരുടെ സേവനത്തെ 55 വയസ്സാണ് റിട്ടയർ ചെയ്തു എന്നതുകൊണ്ട് അവർക്ക് ശിഷ്ടകാലം വിവിധ മേഖലകളിൽ പ്രവർത്തിക്കാൻ കഴിയുന്ന കാര്യം നമ്മൾ ഉപയോഗപ്പെടുത്തേണ്ട എന്നൊന്നും എനിക്ക് അഭിപ്രായമില്ല. ഉപയോഗിക്കാം. പക്ഷെ, സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യം അവർക്ക് കൊടുക്കണോ. ഈ നിയമസഭ തന്നെ സിറ്റിംഗ് എം.എൽ.എ.മാർക്ക് പെൻഷൻ കൊടുക്കുന്നില്ല. കേന്ദ്ര സർക്കാർ പെൻഷൻ വാങ്ങുന്നവർക്ക് നമ്മുടെ പെൻഷന് അർഹതയില്ലായെന്ന് നിയമനിർമ്മാണം കൊണ്ടുവന്നു. നമ്മുടെ കഴിഞ്ഞ നിയമസഭയിലെ അംഗവും കേരളത്തിലെ പ്രശസ്ത കവിയുമായിട്ടുള്ള കടമ്മനിട്ട രാമകൃഷ്ണനെ പോലെയുള്ളവർക്ക് ഇപ്പോൾ പെൻഷൻ ലഭിക്കുന്നില്ല. കാരണം ഇതാണ്. കേന്ദ്ര സർവ്വീസിലുള്ള പെൻഷൻ അദ്ദേഹത്തിന് കിട്ടുന്നു. അതുകൊണ്ട് നിയമസഭാ സാമാജികന്മാർക്കുള്ള പെൻഷന് അദ്ദഹത്തിന് അർഹതയില്ല. ഇത്തരത്തിലുള്ള വ്യവസ്ഥകളുള്ള സന്ദർഭത്തിലാണ് തികച്ചും ശരിയായ കാര്യം ഞങ്ങൾ പറഞ്ഞപ്പോൾ ഞങ്ങളാണ് പറഞ്ഞത് എന്നതുകൊണ്ടാണോ അങ്ങേയ്ക്ക് സ്വീകരിക്കാൻ വിഷമം.

ശ്രീ. ബി. വിജയകുമാർ : സർ, അങ്ങ് പറഞ്ഞത് സർക്കാർ സർവ്വീസിൽ നിന്ന് പെൻഷൻ കിട്ടുന്ന ആളുകളെ ഈ ക്ഷേമനിധിയിൽ നിന്ന് ഒഴിവാക്കണമെന്നാണോ. ഏതെങ്കിലും സർക്കാർ ഏജൻസികളിൽ നിന്ന് പെൻഷൻ വാങ്ങുന്നവർ അഡ്വക്കേറ്റ് ക്ലർക്കുമാരുടെ ക്ഷേമനിധിയിൽ അംഗങ്ങളാകുന്നുണ്ടോ ; അവരെ ഒഴിവാക്കണമെന്നാണോ.

ശ്രീ. എം. വി. ജയരാജൻ : സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്. ഈ ഭേദഗതി കൊണ്ടുവരാൻ വേണ്ടിയാണ് ഈ കാര്യം ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ഉന്നയിച്ചത്. ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി അത് സ്വീകരിച്ചില്ല. ഇനിയും സമയമുണ്ട്. നിയമനിർമ്മാണം പഴുതുകളില്ലാത്ത വിധത്തിൽ കുറ്റമറ്റ രീതിയിൽ കൊണ്ടുവരാം. അത്തരത്തിൽ തികച്ചും ശരിയായിട്ടുള്ള ചില അഭിപ്രായ പ്രകടനങ്ങളാണ് ഞങ്ങൾ നിയമസഭാ സബ്ജക്ട് കമ്മിറ്റിയിൽ ഉന്നയിച്ചത്. അത് സ്വീകരിക്കാത്തതുകൊണ്ടാണ് ഞങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്പോൾത്തന്നെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുണ്ട്. Advocate Clerks' Association-ന്റെ ചർച്ചയെ തുടർന്ന് അവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് ഈ ബില്ലിൽ അത് വ്യവസ്ഥ ചെയ്തു. ഈ ബില്ലിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സംബന്ധിച്ചുള്ള വ്യവസ്ഥ കൊണ്ടുവരുമ്പോൾ ഇപ്പോൾ നിലവിലുള്ള അതേ രീതിതന്നെയാണ് പതിനായിരം രൂപ അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് അപകടമോ മറ്റോ സംഭവിച്ചാൽ ലഭ്യമാകുംവിധത്തിലാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ആ പദ്ധതി. അതിൽ വിഹിതം അഡ്വക്കേറ്റ് ക്ലാർക്കുമാർ തന്നെ അടയ്ക്കുന്നതാണ്. മറ്റാരുടെ വിഹിതവും അതിലില്ല. ആ സ്കീം അതേ രീതിയിൽ നിയമത്തിൽ കൊണ്ടുവരുന്നതിന് സർക്കാരിന്റെ പങ്ക് എന്താണ് ? അതിൽ എന്താണ് കാര്യം ? അതുകൊണ്ട് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി അഡ്വക്കേറ്റ് ക്ലാർക്ക് അസോസിയേഷൻ, അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ വിഹിതം മാത്രം വസൂലാക്കി ഇൻഷ്വറൻസ് കമ്പനികളുമായി നടത്തിയ ചർച്ചയെതുടർന്ന് നടപ്പാക്കിയ പദ്ധതിക്കു പകരം സർക്കാരിന്റെ കോൺട്രിബ്യൂഷൻ ആ രംഗത്ത് നൽകേണ്ടതുണ്ട് എന്നാണ്. ഇന്ന് നമ്മുടെ നിയമരംഗം വളരെ വളരെ ഗൗരവമായ ചർച്ചകൾ ഉയർന്നു വരുന്ന സന്ദർഭമാണത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ശ്രദ്ധയിൽപെടുത്താതിരിക്കാൻ കഴിയുകയില്ല. പ്രത്യേകിച്ച് കോടതി അഭിഭാഷകർ, ക്ലാർക്ക് തുടങ്ങി ആ നിയമമേഖലയിൽ തൊഴിലെടുക്കുന്നവർ എന്നു പറയുന്നത് നമ്മുടെ സാമൂഹ്യമായ ഉത്തരവാദിത്വം നിർവഹിക്കാൻ ചുമതലപ്പെട്ടവർ കൂടിയാണ്. കേരളത്തിലെ നമ്മുടെ അനുഭവം പരിശോധിച്ചാൽ സർക്കാർ നടത്തുന്ന കേസുകൾ എല്ലാം തുടർച്ചയായി പരാജയപ്പെടുകയാണ്. എന്തുകൊണ്ടാണ് അത് ഉണ്ടാകുന്നത്. നമുക്ക് ഒരു നിയമവകുപ്പുണ്ട്.

മി.ചെയർമാൻ (ശ്രീ. ഇ.എം. അഗസ്തി) : സർ, കേസ് തോൽക്കുന്നത് ക്ലാർക്കുമാരുടെ കുറ്റം കൊണ്ടല്ലായെന്ന് സഭയ്ക്ക് അറിയാം.

ശ്രീ. എം. വി. ജയരാജൻ : സർ, ക്ലാർക്ക്മാർക്ക് പിശകില്ല എന്നു മാത്രമല്ല ക്ലാർക്കുമാർ കേസ് ആത്മാർത്ഥമായി വിജയിക്കണമെന്ന് ആഗ്രഹിക്കും. പക്ഷെ, നമ്മുടെ സർക്കാരിനുവേണ്ടി ഹാജരാകുന്ന അഭിഭാഷകർ സർക്കാരിന്റെ താൽപ്പര്യത്തിനുവേണ്ടി കോടതികളിൽ അവതരിപ്പിക്കാതിരുന്നാൽ ഉണ്ടാകുന്ന സ്ഥിതിയുണ്ട്, ആലോചിച്ചുനോക്കൂ. ഒരു അരാജകത്വാവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോവുകയില്ലേ. തുടർച്ചയായി വീഴ്ച ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വനഭൂമി സംബന്ധിച്ച കേസിൽ ഹൈക്കോടതി പരസ്യമായിത്തന്നെ വിമർശനം നടത്തി. ഒരു പൊതുതാൽപ്പര്യ ഹർജിയിലാണ് അത്തരം വിമർശനം നടത്തിയത്. സർക്കാരിനുവേണ്ടി ഹാജരായ ഗവൺമെന്റ് പ്ലീഡർ ശ്രീ. റോയി ചാക്കോ കേസ് ശരിയായി നടത്തിയില്ല എന്ന വിമർശനം തന്നെ കോടതി നടത്തി. കോടതി അഭിഭാഷകനെ വിമർശിക്കുക എന്നു പറഞ്ഞാൽ വ്യക്തിപരമായി അഭിഭാഷകനെ ബാധിക്കുന്ന പ്രശ്നമല്ല. നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. നമ്മുടെ സർക്കാരിനെ പ്രതിക്കൂട്ടിലാക്കുന്ന പ്രശ്നമാണ്. ഈ നിയമസഭയിൽ ഇതു സംബന്ധിച്ച് ചില ചോദ്യങ്ങൾ ചോദിച്ച സമയത്ത് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി, അദ്ദേഹം ഇപ്പോൾ ഇവിടെയില്ല, അദ്ദേഹം സഭയിൽ നൽകിയിട്ടുള്ള മറുപടി അങ്ങയുടെ ശ്രദ്ധയിൽ പെടുത്തട്ടെ. 17.10.2001 -ന് 81-ാം നമ്പർ നക്ഷത്ര ചിഹ്നമിട്ട ചോദ്യം, അതിൽ (ഇ) ആ ചോദ്യമിതാണ്, ലാപ്സായ വനം ഓർഡിനൻസ് അനുസരിച്ച് ഏറ്റെടുത്ത വനം കൈവശം വച്ചുകൊണ്ടിരിക്കാൻ സർക്കാരിന് ഉദ്ദേശമില്ല എന്ന് കോടതിയിൽ സർക്കാർ അഭിഭാഷകൻ വാദമദ്ധ്യേ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആണ് , സ്വകാര്യ ഭൂവുടമകൾക്ക് അനുകൂലമായ കോടതിവിധി ഉണ്ടായത് എന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ . മറുപടി,

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ചോദ്യം (എഫ്) എങ്കിൽ സർക്കാർ നയത്തിനെതിരെ ഈ കേസ് കൈകാര്യം ചെയ്ത സർക്കാർ പ്ലീഡർമാരുടെ മേൽ നടപടി സ്വീകരിക്കുമോ ? മറുപടി, ഉത്തരവാദികളായ പ്ലീഡറുടെ മേൽ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇതിന് മറുപടി 17.10.2001- ന് പരിശോധന മാത്രമേയുള്ളൂ. ഒരു നടപടിയുമില്ല. പരിശോധന മാത്രം നടക്കുന്നു, നടപടിയില്ല എന്നതിന്റെ ഉദാഹരണം പിന്നീട് വരുന്നുണ്ട്. 2.7.2003-ൽ ഇതു സംബന്ധിച്ച് ചോദ്യം വീണ്ടും നിയമസഭയിൽ വന്നു. ആ ചോദ്യം ഈ കേസുകൾ നടത്തുന്ന കാര്യത്തിൽ സർക്കാർ വക്കീലന്മാരും വൻകിട വനം കൈയ്യേറ്റക്കാരും തമ്മിൽ ഒത്തുകളിക്കുന്നതായി ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ. ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ. ഇത് 2.7.2003-ലെ ചോദ്യമാണ്. മറുപടി. ഇല്ല. ഉദിക്കുന്നില്ല. എന്താണ് ഇതിന്റെ അർത്ഥം. 17.10.2001-ൽ വനം ഓർഡിനൻസ് അടിസ്ഥാനമാക്കി നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് കോടതിയിൽ വാദിക്കുന്നതിന് സർക്കാർ ഭാഗം അഭിഭാഷകന് വീഴ്ച പറ്റിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പേരിൽ നടപടി സ്വീകരിക്കുന്ന കാര്യം ആലോചിച്ചുവരുന്നു. എന്നാൽ 2.7.2003 വരെ നൽകിയിട്ടുള്ള മറുപടിയിൽ പറയുന്നു, അങ്ങനെ ഒരു പ്രശ്നമേയില്ല, നടപടിയുടെ കാര്യം ഉദിക്കുന്നില്ല. ഇത് എങ്ങനെയാണ് നമ്മൾ മനസ്സിലാക്കേണ്ടത്. കേരളത്തിൽ കൂട്ടുകച്ചവടം എന്ന് അങ്ങ് പറഞ്ഞതുതന്നെ ഞാൻ പറയണോ. കൂട്ടുകച്ചവടം എന്ന് ആരെങ്കിലും പറഞ്ഞാൽ അവരെ കുറ്റപ്പെടുത്താൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. 39 കേസുകൾ ഹൈക്കോടതിയിലുണ്ട്. വനം ഓർഡിനൻസിനെ ചോദ്യം ചെയ്തുകൊണ്ടുള്ള കേസുകളാണ്. മൂന്നു കേസുകളിലാണ് വിധി വന്നത്.

മി. ചെയർമാൻ : അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ക്ഷേമനിധി ബില്ലാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, അതെ. നമ്മുടെ നാട്ടിലെ നിയമത്തെ എങ്ങനെ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനെതിരായി ഈ അഭിഭാഷക വിഭാഗം ദുരുപയോഗപ്പെടുത്തുന്നു സർക്കാരിന്റെ കേസുകൾ എങ്ങനെ ഇവരെല്ലാം ചേർന്ന് പൊളിക്കുന്നു എന്നത് ഇവിടെ പറയാതിരുന്നാൽ പിന്നെ എന്തു ക്ലാർക്ക് ? ആ ക്ലാർക്ക് ആത്മാർത്ഥതയോടുകൂടി ജോലി ചെയ്യണമെങ്കിൽ ഈ കാര്യം അറിയണ്ടേ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കോടതിയിലെ ആ കേസുകൾ വാദിച്ച വക്കീലന്മാർക്ക് പിന്നിലും ഗുമസ്തന്മാരുണ്ട് എന്നതാണ് മെമ്പർ ഉദ്ദേശിക്കുന്നത്.

മി. ചെയർമാൻ : മുമ്പിലും പിമ്പിലും ഗുമസ്തന്മാരുള്ള വക്കീലന്മാരുണ്ട്. നമ്മൾ ചർച്ച ചെയ്യുന്നത് ബില്ലിനെപ്പറ്റിയാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, മൂന്നു കേസുകളിലാണ് സർക്കാരിന് എതിരായി നടപടി വന്നത്. അതിൽ 40 ഹെക്ടർ വനഭൂമിയാണ് നമുക്ക് നഷ്ടമായത്. ഇനിയും 36 കേസുകളുണ്ട്. ഞാൻ ഇത് ചൂണ്ടിക്കാണിക്കാൻ കാരണം നിയമവകുപ്പ് മുൻകൈയെടുത്തുകൊണ്ട് ഈ പ്രശ്നത്തിൽ അടിയന്തിരമായി ഇടപെടുന്നില്ലായെങ്കിൽ സർക്കാരിന്റെ കേസുകളെല്ലാംതന്നെ പരാജയപ്പെട്ടു കൊണ്ടിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൻ. രാജൻ ബാബു : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മിച്ച ഭൂമിയായിട്ടുള്ള മിച്ചഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുപോലും ആ ജഡ്ജ്മെന്റ് കംപ്ലൈ ചെയ്യാതെ അതിനെ നള്ളിഫൈ ചെയ്യാനുള്ള നടപടികൾ എടുത്തതായിട്ട് അറിയാമോ. അപ്പോൾ കേസ് ജയിച്ചാൽപ്പോലും, ഗവൺമെന്റിന് അനുകൂലമായി കേസ് ഹൈക്കോടതി വിധിച്ചാൽപ്പോലും അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും അതിനെ നള്ളിഫൈ ചെയ്യാൻ നിയമനിർമ്മാണം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്നതായിട്ട് അറിയാമോ ; അത് ഗുമസ്തന്റെ കുഴപ്പം കൊണ്ടാണോ ?

ശ്രീ. എം. വി. ജയരാജൻ : സർ, ബഹുമാനപ്പെട്ട രാജൻ ബാബു പറഞ്ഞത് വടക്കേക്കളം ഇഷ്യൂ ആണ്. ഈ നിയമസഭയിലെ പഴയ നിയമസഭാ സാമാജികരായ മുഴുവൻ ആളുകൾക്കും അറിയാം. അതിൽ ഇടതുപക്ഷ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള നടപടികൾ, വർഷങ്ങളായി ഭൂമി കൈവശംവച്ചുവരുന്ന കൃഷിക്കാരുടെ താൽപ്പര്യം സംരക്ഷിക്കുവാനും അവശേഷിക്കുന്ന മിച്ചഭൂമി വിതരണം ചെയ്യാനും കഴിയുന്ന ഒരു നിയമനിർമ്മാണമാണ്. കോടതി ഒരു ഭാഗം മാത്രമേ നോക്കിയിട്ടുള്ളൂ. ആ നോക്കിയ ഭാഗം, ഭൂമി മുഴുവൻ ഇന്ന് കൈവശംവച്ചുവരുന്നവർക്ക് കൈവശം ലഭിക്കുന്നതിനു ആവശ്യമായിട്ടുള്ള പ്രമാണം ഉണ്ടോയെന്ന് ചോദിച്ചാൽ നിയമപരമായി ഒരുപക്ഷേ ശരിയാകാം. ഞാൻ അതിന്റെ ഡിസ്പ്യൂട്ടിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ വർഷങ്ങളായി കൃഷിക്കാർ കൈവശംവച്ചുവരുന്നു. അഞ്ച് ഏക്കറിന് താഴെ ഭൂമി കൈവശംവയ്ക്കുന്ന കൃഷിക്കാർ കുടുംബസമേതം അവിടെ താമസിക്കുന്നു. അവരെ സംരക്ഷിക്കണ്ടേ ? ആ അഞ്ച് ഏക്കറിൽ കൂടുതൽ ഭൂമിയുള്ള കൃഷിക്കാരുടെ കയ്യിൽനിന്ന് മിച്ചംവരുന്ന ഭൂമി സർവ്വേ നടത്തി അത് എത്ര ഉണ്ടെന്ന് കണക്കാക്കി ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും ആദിവാസികൾക്കും ഭൂമി കൊടുക്കുവാൻ കഴിയുംവിധത്തിൽ ഒരു നിയമനിർമ്മാണമാണ് നടത്തിയത്. ബഹുമാനപ്പെട്ട കെ. സി. ജോസഫ് അപ്പുറത്താണിരിക്കുന്നതെങ്കിലും അദ്ദേഹത്തിന്റെ മനസ്സ് എന്റെ കൂടെയാണ്. കൃഷിക്കാരെ എങ്ങനെ കുടിയൊഴിപ്പിക്കാൻ കഴിയും ? കോടതിക്ക് അതുപറയാം. സാമൂഹ്യമായിട്ടുള്ള ഉത്തരവാദിത്തമൊന്നും കാണാതെ കോടതി ഒരുവിധി കൊണ്ടുവരുകയാണ്. സ്വാശ്രയ കോളേജിലെ വിധിപോലെ. എല്ലാ കൃഷിക്കാരെയും കുടിയൊഴിപ്പിക്കണമെന്ന് പറഞ്ഞാൽ നമുക്ക് അങ്ങനെ നടപ്പാക്കാൻ കഴിയുമോ ? മതികെട്ടാൻ കേസ്സിലും ഇതുതന്നെയാണ് സ്ഥിതി. കോടതിയിൽ സർക്കാർ ഭാഗം വക്കീൽ ഭൂമി കയ്യേറ്റക്കാർക്കുവേണ്ടി വാദിക്കുന്നതുവരെ കാര്യങ്ങൾ എത്തി. സ്വാശ്രയ പ്രൊഫഷണൽ കോളേജ് കേസിലാകട്ടെ സർക്കാരിനുവേണ്ടി ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ ഒപ്പിടാൻപോലും മറന്നുപോയി എന്നതാണ്. ഇപ്പോൾ വിവാദവിധി വന്നതിന്റെ പിന്നിൽ ഹൈക്കോടതിവിധി,...

മി. ചെയർമാൻ : ഇതാണ് ജനുവിൻ കേസ്. വക്കീൽ ഒപ്പിട്ടിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടത് ക്ലർക്കാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, ഇത് വളരെ പ്രധാനപ്പെട്ടതല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : ഇപ്പോഴാണ് ശ്രീ. എം. വി. ജയരാജൻ ബില്ലിലേയ്ക്ക് വരുന്നത്.

ശ്രീ. എം. വി. ജയരാജൻ : സർ, അങ്ങ് എന്നെ സഹായിക്കുവാൻ തയ്യാറായി. ഏതായാലും ഇത് സ്വാശ്രയ പ്രൊഫഷണൽ കോളേജ് കേസ്സിൽ ഹൈക്കോടതിയിൽ ഉണ്ടായിട്ടുള്ള കുറ്റകരമായ വീഴ്ചയെ സംബന്ധിച്ച് പരിശോധിച്ചപ്പോൾ മനസ്സിലാക്കുവാൻ കഴിഞ്ഞ ഒരു കാര്യം, ഇവിടെ സർക്കാർ സെക്രട്ടറി ഒരു നോട്ട് തയ്യാറാക്കി അഡ്വക്കേറ്റ് ജനറലിന് അയച്ചുകൊടുത്തു. ഫാക്സ് വഴിയാണ് അയച്ചുകൊടുത്തത്. അയച്ചുകൊടുത്ത നോട്ട് അതേ രീതിയിൽ സത്യവാങ്മൂലമായി കോടതിയിൽ അയയ്ക്കുകയാണ്.

ശ്രീ. എ. എൻ. രാജൻ ബാബു : സർ, അങ്ങ് ഇപ്പോൾ പറഞ്ഞു, ഇവിടെനിന്നും അയച്ചുകൊടുത്ത നോട്ട് അതേപ്പടി സത്യവാങ്മൂലമായി ഹാജരാക്കിയെന്ന്. അതേ സമയം ഗവൺമെന്റിൽനിന്നും ഒരു മെഡിക്കൽ കോളേജ് വിദ്യാർത്ഥിക്ക് ഒരു വർഷം എത്രമാത്രം ചെലവുണ്ട് എന്നുള്ളതിന്റെ കണക്ക് എഴുതി അതൊരു ഇൻസ്ട്രക്ഷനായിട്ട് അഡീഷണൽ അഡ്വക്കേറ്റ് ജനറലിന് കൊടുക്കുക മാത്രമാണ് ചെയ്തത്. അഫിഡവിറ്റ് കൊടുത്തില്ല എന്നതല്ലേ ശരി ?

ശ്രീ. എം. വി. ജയരാജൻ : സർ, അപ്പോൾ എന്റെ വാദം കുറച്ചുകൂടെ ശക്തമാകുകയാണ്. ഫാക്സുവഴി ഇങ്ങനെ ഒരു മെസ്സേജ് അവിടെ കിട്ടിയാൽ ക്ലർക്ക് പരിശോധിക്കണം. എന്നിട്ടുവേണം കൊടുക്കേണ്ടത്. ഇത് യഥാർത്ഥ ഫീസ് സ്ട്രക്ച്ചറിനെ സംബന്ധിച്ച ഒരു സ്റ്റേറ്റുമെന്റ് മാത്രമാണെങ്കിൽ അതുമാത്രം ഫയലിൽ കാണാൻ പറ്റുമോ ? ഗവൺമെന്റ് സെക്രട്ടറിയെ ക്യാബിനറ്റ് യോഗത്തിൽ വിളിപ്പിച്ചു. അപ്പോൾ ഗവൺമെന്റ് സെക്രട്ടറി പറഞ്ഞു, ഒരു നോട്ട് തയ്യാറാക്കി തരണമെന്ന് അഡ്വക്കേറ്റ് ജനറൽ ഓഫീസിൽനിന്നും പറഞ്ഞു. നോട്ട് തയ്യാറാക്കി കൊടുത്തു. അത് അതേപടി ഫയൽ ചെയ്യുക എന്നത് സർക്കാരിന്റെ കേസ് വിജയിക്കുമെന്നുള്ള ആത്മാർത്ഥതകൊണ്ടാണോ ? അല്ല. മറുപടി സ്വാശ്രയ മാനേജുമെന്റ്, പുഷ്പഗിരി, കോഴഞ്ചേരി, കാരക്കോണം ഉൾപ്പെടെ സർക്കാരിനുവേണ്ടി പരിശ്രമിക്കുന്ന മാനേജുമെന്റിനുവേണ്ടി കേസ് നടത്താനോ ? അതാണ് ഇവിടെ പ്രസക്തമായിട്ടുള്ള കാര്യം. പുഷ്പഗിരി കോളേജിന്റെ സ്വകാര്യ വിദ്യാഭ്യാസ കച്ചവടത്തെ നമുക്ക് ചെറുതായി കാണാൻ കഴിയുമോ ? അതുകൊണ്ട് ഈ കേസ്സിന്റെ നടത്തിപ്പിൽ ഉണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ചയുടെ ഫലമായിട്ടാണ് പാവപ്പെട്ടവന് വിദ്യാഭ്യാസം ഇന്ന് നിഷേധിക്കുന്നത്. മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ഉള്ളവർക്കുപോലും എഞ്ചിനീയറിംഗിനും മെഡിസിനും സീറ്റുകൾ നിഷേധിക്കുന്ന സാഹചര്യമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്.

ശ്രീ. പി. സി. ജോർജ് : സർ, തെറ്റിദ്ധാരണ ഉണ്ടാകാതിരിക്കുവാൻവേണ്ടിയാണ് പറയുന്നത്. കാരക്കോണം സി.എസ്.ഐ. മാനേജുമെന്റിന്റേതാണ്. ഒരു തെറ്റിദ്ധാരണ സഭയുടെ റിക്കാർഡിൽ കിടക്കണ്ട. ഗവൺമെന്റ് പരിഗണിച്ച 50:50 ശതമാനം അവർ എഗ്രീചെയ്തതാണ്. ഇതുപോലെ പുഷ്പഗിരിയെ കബളിപ്പിച്ചാലും കിട്ടും. കാരക്കോണം മാനേജുമെന്റ് തെറ്റ് ചെയ്തില്ല എന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : മി. ജോർജ്, അടുത്തത് അങ്ങയുടെ പ്രസംഗമാണ്. അങ്ങേയ്ക്ക് അപ്പോൾ സംസാരിക്കാവുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, പക്ഷേ പുഷ്പഗിരി കോളേജ് മാനേജുമെന്റിന് സർക്കാർ ഒരു നോട്ടീസ് അയച്ചിട്ടുപോലും വന്നില്ല എന്നത് അതീവ ഗുരുതരമായിട്ടുള്ള പ്രശ്നമാണ്. ഹൈക്കോടതിവിധിയിൽ ഒരുകാര്യം പറഞ്ഞു. ഹൈക്കോടതിവിധിയിൽ പറഞ്ഞിട്ടുള്ള കാര്യം, ലാഭം ഉണ്ടാക്കുവാൻവേണ്ടി സ്ഥാപനത്തിന് അവകാശം നൽകതുന്നതാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ലാഭം എന്ന കൺസപ്റ്റ് കേരളീയ സമൂഹത്തിന് യോജിക്കുന്നതല്ല. സർവ്വധനാൽ പ്രധാനമായ വിദ്യ എല്ലാപേരുടെയും അവകാശമാണ്. സ്വാതന്ത്ര്യ സമരകാലത്ത് തിലകൻ മുഴക്കിയ മുദ്രവാക്യം, സംസ്ഥാനമെന്നാൽ ജന്മാവകാശം ആണെന്നാണെങ്കിലും ഈ കേരളീയ സമൂഹത്തിൽ 1957-ലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കൊണ്ടുവന്നിട്ടുള്ള വിദ്യാഭ്യാസ നിയമത്തിലൂടെ വിദ്യ എന്നാൽ അവകാശമാണ് എന്നുപറയുവാൻ കഴിയുന്ന സംസ്ഥാനമാണ് കേരളം. അവിടെയാണ് വിദ്യയെ വിറ്റ് കാശാക്കുന്ന, സ്വകാര്യ വിദ്യഭ്യാസ കച്ചവടക്കാർക്കുവേണ്ടി ഇവിടെ സർക്കാർ തന്നെ നിലകൊള്ളുന്നത്. കോടതിയുടെ ഈ പരാമർശം കേരളീയ സാമൂഹ്യ സാഹചര്യത്തിന് യോജിച്ചതല്ല. ചീഫ് ജസ്റ്റിസിന്റെ നേതൃത്വത്തിലുള്ള ഒരു ബഞ്ചാണ് ഇത്തരത്തിലുള്ള ഒരു വിധിയുമായി മുന്നോട്ടുവന്നിട്ടുള്ളത്.

മി. ചെയർമാൻ : ഞാൻ ആദ്യം പറഞ്ഞതുപോലെ ബില്ലിലേയ്ക്ക് മടങ്ങിവന്നാൽ നന്നായിരിക്കും.

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ ബില്ലിലേയ്ക്കാണ് വരുന്നത്. ചീഫ് ജസ്റ്റിസുമാർ നമ്മുടെ സംസ്ഥാനത്തെ സാമൂഹ്യ സാഹചര്യം മനസ്സിലാക്കാത്തവരാണ്.

മി. ചെയർമാൻ : Chief Justice is not a part of this Bill. You please come to the Bill.

ശ്രീ. എം. വി. ജയരാജൻ : സർ, Yes. ഈ സാമൂഹ്യ സാഹചര്യം അദ്ദേഹത്തിന് അറിയില്ലെങ്കിൽ,...

ശ്രീ. എ. എൻ. രാജൻ ബാബു : സർ, കഴിഞ്ഞ ജഡ്ജ്മെന്റിനെക്കുറിച്ച് പറഞ്ഞതിൽ സുപ്രീംകോടതി 11 അംഗ ജഡ്ജസ് ബഞ്ചിൽ പൈ കേസ് മാനേജുമെന്റ് അവകാശങ്ങളെക്കുറിച്ച് പറയുമ്പോൾ സ്വാശ്രയ കോളേജുകളുടെ മാനേജുമെന്റിന് ഭൂരിഭാഗവും മെരിറ്റ് സീറ്റ് കൊടുക്കുകയും എന്നാൽ ഇത് proliteering പാടില്ല. ക്യാപ്പിറ്റേഷൻ ഫീസ് പാടില്ല. The Government should ensure a reasonable surplus for the development of the Institution എന്നു മാത്രമേ പറയുന്നുള്ളൂവെന്നും ആ രീതിയിൽ ആ ജഡ്ജ്മെന്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഹൈക്കോടതി ആ സർപ്ലസ്സിന്റെ കാര്യം പറഞ്ഞതെന്നും അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : സർ, റീസണബിൾ എന്നുപറയുന്നത് ആരാണ് നിർണ്ണയിക്കുന്നത് ? ഇവിടെ അതാണ് പ്രശ്നം. അതു തീരുമാനിക്കുന്നതിനുള്ള അധികാരം ആർക്കാണ് ? ഗവൺമെന്റ് മാനേജുമെന്റിന് അനുവദിച്ചത് 36,000 രൂപ എഞ്ചിനീയറിംഗിനും 1,76,000 രൂപ മെഡിസിനുമാണ്. ഒരു കുട്ടി എം.ബി.ബി.എസ്. പൂർത്തിയായി വരുന്ന സമയത്ത് ആകെ ചെലവാകുന്നത് എത്രയെന്ന് കണക്കാക്കിയിട്ടുണ്ട്. അത് എങ്ങനെയാണ് കണക്ക് ? കർണ്ണാടകയിൽ 12,000 രൂപയും 20,000 രൂപയുമാക്കാൻ എങ്ങനെയാണ് കഴിഞ്ഞത് ? ഇവിടെ ഇത് വ്യക്തമാക്കുന്നത്, തീരുമാനത്തിന്റെ പിന്നിലുള്ള ലാഭേച്ഛയാണ്. ലാഭമുണ്ടാക്കണം. വിദ്യാഭ്യാസം ലാഭമുണ്ടാക്കാനുള്ള വഴിയായിട്ട് എടുത്തുകൂടാ ? ഈ കേരളത്തിലെ സാമൂഹ്യ സാഹചര്യം അറിയാത്ത ഒരാളാണ്,..

മി. ചെയർമാൻ : Yes.....Please.....Yes... You please come to the Bill. നിങ്ങൾ സംസാരിക്കുന്നത് വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. പാവം അഡ്വക്കേറ്റ് ക്ലർക്കുമാരൊന്നും ഈ കാര്യത്തിൽ ബോധവാന്മാരല്ല. അവരുടെ കാര്യത്തിലേയ്ക്ക് ദയവായി മടങ്ങിവരണം.

ശ്രീ. എം. വി. ജയരാജൻ : സർ, അഡ്വക്കേറ്റ് ക്ലാർക്ക്മാർക്ക് നല്ല ബോധ്യമുണ്ട്. അഡ്വക്കേറ്റ് ക്ലാർക്കുമാരാണ് ഈ കൂട്ട് കച്ചവടത്തിനെതിരായി രംഗത്തു വന്നിട്ടുള്ള വിഭാഗം. കാരണം ഒക്കത്തിരിക്കുന്നവർക്കു മാത്രമേ താപ്പനി അറിയാവൂ. അവർക്കറിയാവുന്നതുപോലെ നമുക്ക് രണ്ടാൾക്കും അറിയില്ല. അവരാണ് ഇതു മുഴുവൻ കൈകാര്യം ചെയ്യുന്നത്. കള്ളത്തരം മുഴുവൻ പുറത്തു കൊണ്ടു വരുന്നത് അഡ്വക്കേറ്റ് ക്ലാർക്കുമാരാണ്. നമ്മുടെ ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി നിയമമന്ത്രാലയം വഴി നടത്തുന്ന കള്ളക്കണക്കും കള്ളക്കടത്തും കള്ളക്കച്ചവടവുമെല്ലാം പുറത്തു കൊണ്ടുവരുന്നത് അഡ്വക്കേറ്റ് ക്ലാർക്കുമാരാണ്. അദ്ദേഹത്തിന്റെ വിധി ഒരു ഉട്ടോപ്യൻ വിധിയാണ്. കേരളത്തിന് യോജിച്ചതല്ല. നമ്മുടെ സംസ്ഥാനത്തിന്റെ സാഹചര്യം അദ്ദേഹത്തിന്റെ ബെഞ്ചിലിരിക്കുന്ന സഹ ജഡ്ജിയോട് പറഞ്ഞ് മനസ്സിലാക്കിയിട്ടെങ്കിലും അദ്ദേഹം ഇവിടെ വന്നതിനുശേഷം നടത്തുന്ന സുപ്രധാനമായിട്ടുള്ള ഒരു വിധിയാണ് ഇതെന്നു മനസ്സിലാക്കാമായിരുന്നു. പൈ കേസിലെ പ്രിൻസിപ്പിൾ അല്ല ഇവിടെ എടുത്തത്. എനിക്കുള്ള വിയോജിപ്പ് അതാണ്. പൈ കേസിലെ പ്രിൻസിപ്പിളിൽ നിന്നും കടന്നിരിക്കുകയാണ്. ഇന്നത്തെ ഹിന്ദു പത്രത്തിൽ വന്നിട്ടുള്ള ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താം...

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, അങ്ങ് വിശാല മനസ്ക്കനാണല്ലോ, അങ്ങ് സംസാരിച്ച്, സംസാരിച്ച് പാവപ്പെട്ട വക്കീൽ ക്ലർക്കുമാരുടെ കാര്യം വിസ്മരിച്ചുപോയോ ? വലിയ പ്രതീക്ഷയോടെയാണ് അവർ കാത്തിരിക്കുന്നത്. അവരെക്കുറിച്ച് അങ്ങ് ഒന്നും പറയുന്നില്ല.

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ തുടങ്ങിയതു തന്നെ അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ജീവിതപ്രയാസങ്ങൾ പൂർണ്ണമായിസഭയിൽ അവതരിപ്പിച്ചു കൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : സർ, വളരെ പ്രധാനപ്പെട്ട ഒരു ബില്ലിനെക്കുറിച്ചുള്ള ചർച്ചയിൽ അവശതയനുഭവിക്കുന്ന ഒരു വിഭാഗമാണ് അഡ്വക്കേറ്റ് ക്ലാർക്കുമാരെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാം. അവരുടെ കാര്യം പറഞ്ഞുവന്ന കൂട്ടത്തിൽ കള്ളക്കടത്തിനെക്കുറിച്ചും സ്വാശ്രയ കോളേജിനെക്കുറിച്ചുമൊക്കെ പറയുന്നു. ഞാൻ ഈ ബിൽ പരിശോധിച്ചപ്പോൾ ആ വിഭാഗത്തിൽപ്പെട്ടവർ കള്ളക്കടത്തു നടത്തുന്നതിനെക്കുറിച്ചോ സ്വാശ്രയകോളേജ് നടത്തുന്നതിനെക്കുറിച്ചോ കാണാനിടയായില്ല. അതുകൊണ്ട് ഈ ബില്ലിൽ ഇല്ലാത്ത ഇതുപോലുള്ള കാര്യങ്ങൾ അവരെപ്പറ്റിയുള്ള ചർച്ചയിൽ ഉൾക്കൊള്ളിക്കുന്നത് ഓർഡറിലാണോ ?

ശ്രീ. എം. വി. ജയരാജൻ : സർ, അഡ്വക്കേറ്റ് ക്ലാർക്കുമാർ നമ്മുടെ സമൂഹത്തിന്റെ താൽപ്പര്യത്തിനുവേണ്ടി നിലകൊള്ളുന്നവരാണ്. അതുകൊണ്ടാണ് ഇത്തരമൊരു നല്ല ക്ഷേമനിധി നിയമവുമായി സഭ മുന്നോട്ടു പോകുന്നത്...

ശ്രീ. ജോസഫ്. എം. പുതുശ്ശേരി : സർ, ഇവിടെ അങ്ങ് സംസാരിച്ചപ്പോൾ ബില്ലിനു പുറത്തുള്ള കാര്യങ്ങളാണ് പറഞ്ഞതിൽ ഏറെയും. ചെയർ ഓർമ്മിപ്പിക്കുന്നതിനനുസരിച്ച് ഇടയ്ക്കിടെ ബില്ലിലേയ്ക്ക് വരുന്നു, ബില്ലിലേയ്ക്ക് വരുന്നു എന്ന് ആവർത്തിക്കുന്നുണ്ട്. എത്ര കിലോമീറ്റർ ദൂരം കൂടി സഞ്ചരിച്ചാൽ ഈ ബില്ലിലേയ്ക്ക് വരുമെന്നു പറയാൻ കഴിയുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അഡ്വക്കേറ്റ് ക്ലാർക്ക്സ് എന്നു പറഞ്ഞ് അതിനെ തരം താഴ്ത്തേണ്ട കാര്യമില്ല. ഞാൻ കോടതിയിൽ പോയിക്കൊണ്ടിരുന്ന കാലത്ത് അഡ്വക്കേറ്റ് ക്ലാർക്കുമാർ..... അവർ നേരിട്ട് കേസ് നടത്തുന്ന ആളുകൾ ഉണ്ട്. വക്കീലൻമാർ കോടതിയിൽ ഹാജരായി കഴിയുമ്പോൾ വക്കീലൻമാരുടെ തൊട്ടടുത്ത് നിന്നിട്ട് അഡ്വക്കേറ്റ് ക്ലാർക്ക് പറയും pray for time എന്നു പറഞ്ഞ് ഇതിനൊന്ന് സമയം വാങ്ങിച്ചുതരണമെന്നു പറയും. എനിക്കറിയാവുന്ന മൂന്നും നാലും അഡ്വക്കേറ്റ് ക്ലാർക്കുമാർ നേരിട്ട് കേസ് നടത്തുന്നവരാണ്. വക്കീലിനേക്കാൾ കൂടുതൽ വിദഗ്ദ്ധമായി കേസ് കൈകാര്യം ചെയ്യാനും ഏറ്റവും ഭംഗിയായി ഇതു കൊണ്ടുപോകാനും കഴിയുന്ന അഡ്വക്കേറ്റ് ക്ലാർക്കുമാരുണ്ട്. അങ്ങ് അവരെ പാടേ അവഗണിച്ച് അവരെല്ലാം തരം താഴ്ന്നവരാണ് എന്നുള്ള സമീപനം എടുക്കാതെ അവരും ഏറെക്കുറേ അര വക്കീലാണ്, മുക്കാൽ വക്കീലാണ് എന്ന മട്ടിൽ കുറച്ചുകൂടി ഉന്നതമായ രൂപത്തിലുള്ള സമീപനം എടുത്തുകൂടേ ?

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ പറയുന്നത് അഡ്വക്കേറ്റ് ക്ലാർക്കുമാർ അര വക്കീൽ അല്ല, അവർ മുഴുവൻ വക്കീലാണ്....

മി. ചെയർമാൻ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണെങ്കിലും ക്ലാർക്കുമാരെക്കാണ്ട് കേസ് നടത്തിക്കുന്ന അങ്ങയുടെ സുഹൃത്തുക്കളായ വക്കീലന്മാരുടെ പേര് അങ്ങ് സഭയിൽ പറയരുതെന്ന് അറിയിക്കുകയാണ്...

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വക്കീലാണെന്നു പറഞ്ഞു. വക്കീലായിട്ട് പ്രാക്റ്റീസ് ചെയ്ത കാലത്തെക്കുറിച്ച് പറഞ്ഞു. അദ്ദേഹം വക്കീലായിരുന്ന കാലത്തെ കക്ഷികളുടെ സ്ഥിതി എന്തായിരുന്നു എന്നുള്ളത് അറിയാമോ ?

ശ്രീ. എം. വി. ജയരാജൻ : സർ, അത് ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർക്ക് അറിയാവുന്നതുപോലെ എനിക്കറിയില്ല. ഏതായാലും...

ശ്രീ. പി. കെ. കെ. ബാവ : സർ, ശ്രീ. രാധാകൃഷ്ണൻ വക്കീൽ എന്നുള്ള നിലയിൽ കോടതിയിൽ പോയിട്ടില്ലായെന്നും സാക്ഷി പറയാൻ വേണ്ടി മാത്രമേ കോടതിയിൽ പോയിട്ടുള്ളൂ എന്നുമുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. എം. വി. ജയരാജൻ : സർ, അത് അടൂർ സ്വദേശികൾക്ക് അറിയാവുന്ന ഒരു കാര്യമാണ്.

ശ്രീ. കെ. ബാബു : സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ക്ലാർക്ക് കേസ് നടത്തുന്നതിനെക്കുറിച്ച് പറഞ്ഞു. ക്ലാർക്ക് കേസ് നടത്തിത്തുടങ്ങിയപ്പോഴാണ് അദ്ദേഹം പ്രാക്ടീസ് നിർത്തിയതെന്നുള്ള കാര്യം അറിയാമോ ?

ശ്രീ. എം. വി. ജയരാജൻ : സർ, ഏതായാലും അതു കോട്ടയം, അടൂർ നിവാസികൾക്ക് അറിയാവുന്ന ഒരു കാര്യമായതുകൊണ്ടാണ് അങ്ങയെപ്പോലുള്ള ആളുകൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

മി. ചെയർമാൻ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വളരെ പ്രഗൽഭനായ അഭിഭാഷകനായിരുന്നു. അദ്ദേഹത്തിന്റെ അഭിഭാഷകവൃത്തിയുടെ യോഗ്യതയെ സംബന്ധിച്ച് ഏതായാലും നമുക്ക് ചർച്ച വേണ്ട. ദയവു ചെയ്ത് അങ്ങ് ബില്ലിലേയ്ക്ക് മടങ്ങിവരണം.

ശ്രീ. എം. വി. ജയരാജൻ : സർ, അതു സംബന്ധിച്ച് ഒരു ഡിസ്പ്യൂട്ട് ഇവിടെയില്ല. നാളെ നടക്കുന്ന....

ശ്രീ. ബിനോയ് വിശ്വം : സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നു പറയുന്ന പ്രഗൽഭനായ വക്കീൽ പ്രവീൺ തൊഗാഡിയയ്ക്കും ശ്രീ. എ. കെ. ആന്റണിക്കും വേണ്ടി ഒരുമിച്ചു വാദിച്ചാൽ എങ്ങനെയിരിക്കുമെന്ന് അങ്ങേയ്ക്കറിയാമോ ?

ശ്രീ. എം. വി. ജയരാജൻ : സർ, രണ്ടുപേരും കൂടി വാദിച്ചാൽ എന്തായാലും അതു വിജയിക്കുമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. ഇപ്പോൾ അതു ഹൈക്കോടതിയിൽ വിജയിച്ചുകഴിഞ്ഞല്ലോ ?

ശ്രീ. ബിനോയ് വിശ്വം : സർ, ഞാൻ പറഞ്ഞത്, പ്രവീൺ തൊഗാഡിയയ്ക്കും ശ്രീ. എ. കെ. ആന്റണിക്കും വേണ്ടി അങ്ങ് വാദിച്ചാൽ എങ്ങനെയിരിക്കും ?

ശ്രീ. എം. വി. ജയരാജൻ : സർ, രണ്ടുപേർക്കും കൂടി വാദിച്ചാൽ ജയിലിലാകും..

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഭരണത്തിൽ ഇരിക്കുമ്പോൾ ഇവിടെ രാഷ്ട്രീയ പ്രസംഗം നടത്തുകയും പ്രതിപക്ഷത്തിരിക്കുമ്പോൾ അതിനു കടകവിരുദ്ധമായി ഒരു പ്രസംഗം നടത്തുകയും ചെയ്യുന്ന വൈദഗ്ദ്ധ്യം നമുക്കുണ്ടല്ലോ, അപ്പോൾ വക്കീലന്മാർക്കും അങ്ങനെയുള്ള വൈദഗ്ദ്ധ്യം ഉണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞങ്ങൾ ഇവിടെ പ്രവീൺ തൊഗാഡിയയ്ക്കും മറ്റാർക്കും വേണ്ടി വാദിക്കുന്നില്ല. ഞങ്ങൾ അങ്ങനെ വാദിക്കാൻ അച്ചാരം വാങ്ങിച്ചിട്ടില്ല. സൗകര്യപ്രദമായി അവർക്കൊക്കെ വേണ്ടി വാദിച്ചിട്ടുള്ള ആളുകളുടെ കഥയും പേരും മേൽവിലാസവുമൊക്കെ കേരള രാഷ്ട്രീയത്തിൽ, ഇൻഡ്യൻ രാഷ്ട്രീയത്തിൽ നിലനിൽക്കുകയാണ്. എന്തെങ്കിലും സംശയമുണ്ടെങ്കിൽ വൈകുന്നേരം സ്വന്തം മുഖക്കണ്ണാടിയുടെ മുമ്പിൽ പോയി മുഖം നോക്കിയാൽ മതി. കൃത്യമായി അറിയാം.

ശ്രീ. എം. വി. ജയരാജൻ : സർ, കേരളത്തിലെ ജനങ്ങൾക്കറിയാം തൊഗാഡിയയെ സംരക്ഷിക്കുന്നത് ആരാണെന്ന്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മുഖം ഇപ്പോൾ വളരെ പുഞ്ചിരി തൂകിക്കൊണ്ട് നിൽക്കുന്നതുതന്നെ ഒരു പ്രത്യേകലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ്. അതുകൊണ്ട് തൊഗാഡിയയെ ഇഷ്ടതോഴനായി കേരളത്തിലേയ്ക്ക് എഴുന്നള്ളിച്ച് നടന്നത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതാവാണെന്ന കാര്യം കേരളത്തിലെ ജനങ്ങൾക്ക് മുഴുവൻ അറിയാം. ഇന്ന് ഹിന്ദു പത്രത്തിൽ വന്ന ഒരു റിപ്പോർട്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. സുപ്രീംകോടതിയിലെ കോൺസ്റ്റിറ്റ്യൂഷൻ ബെഞ്ചിനു മുമ്പാകെയുള്ള കേസ് ഇന്നു വരുകയാണ്. ഈ കേസ് സംബന്ധിച്ച രണ്ടു പ്രശ്നമാണ് അവിടെ ചർച്ച ചെയ്യുന്നത്. ഒന്ന്, ഫീസ് സ്ട്രക്ച്ചർ സംബന്ധിച്ച കാര്യമാണ്. ഫീസ് നിശ്ചയിക്കുന്നതു സംബന്ധിച്ചുള്ള മാനദണ്ഡം. രണ്ട്, സ്വാശ്രയ കോളേജുകളെ നിയന്ത്രിക്കാനുള്ള അധികാരം സർക്കാരുകൾക്കുണ്ടോ എന്നുള്ളതാണ്. അതിൽ ഹിന്ദു റിപ്പോർട്ട് ചെയ്യുന്നത്, ഒരു കാര്യം മാത്രമേ ഈ കേസ് സുപ്രീംകോടതി മുമ്പാകെ അവതരിപ്പിക്കുന്നുള്ളൂ. While the Constitution Bench of the apex court will consider the claim of the State Government for at least 50 percentage of seats in self-financing professional colleges, there is another pertinent issue that seems to have escaped notice of the authorities here...the fee structure that will come into force in such colleges. എൻജിനീയറിംഗിന് 36,000 രൂപയും മെഡിസിന് 1,76,000 രൂപയും നിരക്കിൽ ഫീസ് നിശ്ചയിച്ചത് ഇനി അതു റീ-ഓപ്പൺ ചെയ്യില്ലായെന്ന മട്ടിലാണ് കേരളത്തിലെ കേസ് വാദിച്ചു മുന്നോട്ടുപോകുന്നത്. 50% മെറിറ്റ് എന്നതിൽ മാത്രമായി കാര്യങ്ങൾ സുപ്രീംകോടതിയുടെ മുമ്പാകെ അവതരിപ്പിക്കുകയാണ്. അങ്ങനെ വന്നാൽ പുഷ്പഗിരി മാനേജ്മെന്റിന്റെ ഗൂഢലക്ഷ്യമാണ് ഇവിടെ വിജയിക്കാൻ പോകുന്നത്. ഹൈക്കോടതിയിൽ റിവിഷൻ പെറ്റീഷൻ വന്നു. ആ റിവിഷൻ പെറ്റീഷന് സർക്കാരിനുവേണ്ടി ഹാജരായത് ഹരീഷ് സാൽവേ ആണ്. അദ്ദേഹമാണ് സർക്കാരിനുവേണ്ടി വാദിച്ചത്. അദ്ദേഹത്തിന്റെ ഒപ്പിനിയൻ അടിസ്ഥാനമാക്കിയാണ് കേസ് നടന്നത്.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി.ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് വളരെ പ്രസക്തമായിട്ടുള്ള ഒരു കാര്യമാണ്. പുഷ്പഗിരി മാനേജുമെന്റുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കേസിൽ കേരള ഗവൺമെന്റ് സുപ്രീം കോടതിയിൽ കൊടുത്ത റിവിഷൻ പെറ്റീഷൻ തയ്യാറാക്കിയിട്ടുള്ളത് ഹരീഷ് സാൽവയാണ്. അതിന് രണ്ടര ലക്ഷം രൂപ അദ്ദേഹം വാങ്ങുകയും ചെയ്തിട്ടുണ്ട്. രണ്ടരലക്ഷം രൂപ വാങ്ങിയ ഹരീഷ് സാൽവയാണ് ഇപ്പോൾ കേരള ഗവൺമെന്റിനെതിരായി പുഷ്പഗിരിക്കുവേണ്ടി സുപ്രീംകോടതിയിൽ ഹാജരാകുന്നത്. അപ്പോൾ കേരള ഗവൺമെന്റിന്റെ എല്ലാ രേഖകളും പ്രതിക്കുവേണ്ടി ഈ വക്കീൽ ഉപയോഗിക്കില്ലേ എന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പറോടുള്ള എന്റെ ചോദ്യം.

ശ്രീ. എം. വി. ജയരാജൻ : സർ, ബഹുമാനപ്പെട്ട എ. കെ. ബാലൻ പറഞ്ഞകാര്യം ഞാൻ പറയാനിരുന്നതാണ്. അദ്ദേഹം പറഞ്ഞത് വളരെ പ്രസക്തമായിട്ടുള്ള ഒരു കാര്യമാണ്. ഇവിടെ ഹരീഷ് സാൽവയുടെ ഒപ്പീനിയൻ അനുസരിച്ച് കേസ് നടത്തുക, രണ്ടര ലക്ഷം രൂപ പ്രതിഫലം നൽകുക, എന്നിട്ട് അദ്ദേഹംതന്നെ സുപ്രീംകോടതിയിൽ പുഷ്പഗിരി മാനേജുമെന്റിനുവേണ്ടി നമുക്കെതിരായി കേസ് നടത്തുകയാണ്. അത് അഭിഭാഷകവൃത്തിയോടു ചെയ്യുന്ന അങ്ങേയറ്റം തെറ്റായ നടപടിയാണ്, misconduct ആണ്. കേരള ഗവൺമെന്റ് യഥാർത്ഥത്തിൽ ബാർ കൗൺസിലിന് പരാതി നൽകണം. അദ്ദേഹം ചെയ്തത് സർക്കാരിന്റെ കാര്യങ്ങളെന്തെന്ന് മനസ്സിലാക്കി, അതിരുതന്നെ പഴുതുകളെന്തെന്ന് മനസ്സിലാക്കി അത് പുഷ്പഗിരി മാനേജുമെന്റിനുവേണ്ടി ഉപയോഗിക്കാനാണ്, നമ്മുടെ കേസ് പൊളിക്കാനാണ് ശ്രമിക്കുന്നത്. എന്നുമാത്രമല്ല. ഇപ്പോൾ ടി.എൻ.എ. പൈ കേസിൽ, സുപ്രീം കോടതിയിൽ സ്വാശ്രയ മാനേജുമെന്റിനുവേണ്ടി ഹാജരായ അഭിഭാഷകനാണ് വേണുഗോപാൽ. സ്വാശ്രയ മാനേജുമെന്റിന് അനുകൂലമായ വിധി ടി.എൻ.എ. പൈ കേസിൽ കിട്ടി.. ഒരു സാമൂഹ്യ താൽപ്പര്യവും ആ വിധിയിൽ പരാമർശിക്കുന്നില്ല. ഉണ്ണികൃഷ്ണൻ കേസിലുണ്ടായിരുന്ന സാമൂഹ്യ താൽപ്പര്യം ടി.എൻ.എ. പൈ കേസിൽ അട്ടിമറിച്ചു. ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം ടി.എൻ.എ. പൈ കേസിൽ ഉയർന്നു വന്നിരുന്നു. ഭരണഘടനയുടെ 19(1) ജി വകുപ്പുപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു നടത്തുന്നത് തൊഴിലായി കണക്കാക്കണമെന്നുള്ള വാദമാണ് അവിടെ അംഗീകരിച്ചത്. അത് സ്ഥാപനമാണ്, ഭരണഘടനാ വ്യവസ്ഥയെതന്നെ തെറ്റായ രീതിയിലാണ് അവർ വ്യാഖ്യാനിക്കുന്നത്.

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട അങ്ങ് അഡ്വക്കേറ്റ് ക്ലാർക്സിന്റെ ബില്ലുമായി ബന്ധപ്പെട്ടാണെങ്കിൽപ്പോലും പുഷ്പഗിരികോളേജുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിലുള്ള ടി.എൻ.എ. പൈ കേസ് സംബന്ധിച്ചാണല്ലോ പരാമർശിക്കുന്നത് . പ്രസ്തുത കേസിൽ ഒരു നിശ്ചിത ശതമാനം മാനേജുമെന്റ് സീറ്റുകൾ സർക്കാർ നിശ്ചയിക്കണമെന്നും പ്രാദേശികമായ താൽപ്പര്യങ്ങൾ പരിഗണിക്കണമെന്നും അതോടൊപ്പം തന്നെ സർക്കാർ നടത്തുന്നതോ മാനേജുമെന്റ് നടത്തുന്നതോ ആയ മെറിറ്റ് ലിസ്റ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും മാത്രമേ ആളുകളെ സെലക്ടു ചെയ്യാവൂ എന്നും പറഞ്ഞ് സുപ്രധാനമായ ഒരു വിധിയുണ്ടായി. ആ വിധിയുടെ 68-ാമത്തെ പാരഗ്രാഫിൽ സർക്കാരിന് മെറിറ്റ് നിശ്ചയിക്കാമെന്നുതന്നെ പറഞ്ഞിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ശ്രീ. എം. വി. ജയരാജൻ</u> : സർ, സർക്കാരിന് മെറിറ്റ് നിശ്ചയിക്കാമെന്നുള്ള വ്യവസ്ഥപോലും ഇവിടെ സർക്കാർ പാലിച്ചിട്ടില്ലല്ലോ ? ടി.എൻ.എ. പൈ കേസിൽ ...

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : മി. എം.വി. ജയരാജൻ, ഇത് അഡ്വക്കേറ്റ് ക്ലാർക്ക്സിന്റെ ബില്ലാണ്.

<u>ശ്രീ. എം. വി. ജയരാജൻ</u> : സർ, ഈ കേസിലെല്ലാം അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ പങ്കാളിത്തമുണ്ടെന്നുള്ളതുകൊണ്ടാണ് ഞാനിത് പരാമർശിക്കുന്നത്. ക്ലാർക്കുമാർ സാമൂഹ്യ താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് കേസ് നടത്താൻ വേണ്ടി അവരവരുടെ അഭിഭാഷകരോട് പറയുമ്പോൾ അതു പാലിക്കപ്പെടാതെ സാമൂഹ്യ താൽപ്പര്യത്തിനെതിരായ നിലപാടുകളാണ് ഞാനിവിടെ പറയുന്നത്. അത് ക്ലാർക്കുമാരുൾക്കൊള്ളുന്ന സമൂഹത്തിന് അനിവാര്യമാണ്. ഈ ക്ലാർക്കുമാരുടെ കുട്ടികൾക്ക് എഞ്ചിനീയറിംഗിനും മെഡിസിനും പഠിക്കണ്ടേ ? ഇപ്പോൾ ഈ കേസിലുണ്ടായതു മാത്രമല്ല, സുപ്രീം കോടതി ഇന്നു പരിഗണിക്കാൻ പോകുന്ന കേസിൽ നമ്മുടെ വേണുഗോപാൽ ടി.എൻ.എ. പൈ കേസിലെടുത്ത നിലപാടനുസരിച്ചായിരിക്കും നമ്മുടെ സർക്കാരിനുവേണ്ടി വാദിക്കുക. അതിലും സ്വാശ്രയ മാനേജുമെന്റിന്റെ താൽപ്പര്യമായിരിക്കും, നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ താൽപ്പര്യമായിരിക്കില്ല. അതുകൊണ്ട് ഇത്തരത്തിൽ കുറ്റകരമായ അനാസ്ഥ സർക്കാരിന്റെ കേസുകൾ നടത്തുന്നതിലുണ്ടാകുന്നു. അപ്പോൾ സർക്കാർ കേസുകൾ പരാജയപ്പെടുന്നു. അഡ്വക്കേറ്റ് ക്ലാർക്കുമാർ സർക്കാർ കേസ് ഉൾപ്പെടെ നമ്മുടെ സമൂഹത്തിന്റെ താൽപ്പര്യത്തിനുവേണ്ടി ആ കേസുകൾ നടത്തണമെന്ന് ആഗ്രഹിച്ചാൽപ്പോലും കേസുകൾ പരാജയപ്പെടുന്ന വിധത്തിലാണ് സർക്കാരും സ്വാശ്രയ മാനേജുമെന്റുകളും നടത്തുന്ന കൂട്ടു കച്ചവടം. ഇത് അവസാനിപ്പിക്കണം.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഒരുകാര്യം കൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താം. ഇത് അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ മൊറാലിറ്റിയുടെ പ്രശ്നംകൂടിയാണ്. വാദിക്കും പ്രതിക്കുംവേണ്ടി ഒരേ വക്കീലന്മാർ തന്നെ നിൽക്കുമ്പോൾ ആ ഓഫീസിനെ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ക്ലാർക്കുമാരുടെ പ്രൊഫഷണൽ എത്തിക്സിനെയാണ് ഇത് ബാധിക്കുന്നത്, അതാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുന്നത്. എന്റെ ചോദ്യം, ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. ****** (ബഹളം)....അതിന് നിയമ വകുപ്പിന്റെ അംഗീകാരമില്ല, ഗവൺമെന്റിന്റെ അംഗീകാരമില്ല, അങ്ങനെയാണ് ഈ സ്റ്റാൻഡിംഗ് കൗൺസൽ ഹാജരായിട്ടുള്ളത്. അത് അംഗീകരിക്കാൻ പാടില്ലെന്ന് നിയമവകുപ്പ് കുറിപ്പിട്ടത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? .....(ബഹളം).....

****** ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : സർ, അതു തന്നെയാണ് ഞാൻ പറയുന്നത്. വാദിക്കും പ്രതിക്കുംവേണ്ടി ഒരു അഭിഭാഷകൻ തന്നെ കേസ് നടത്തുക, ഫലത്തിൽ കേസിൽ സർക്കാർ പരാജയപ്പെടുക, അതാണ് ഇവിടെ നടക്കുന്നത്. ഇത് നമ്മുടെ എത്തിക്സിന് എതിരാണ്.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, I am on a point of order. സുപ്രീം കോടതിയിൽ നിൽക്കുന്ന ഒരു കേസ്, സുപ്രീം കോടതിയുടെ വിചാരണയിലിരിക്കുന്ന ഒരു കേസ്, ആ കേസിനെക്കുറിച്ചുള്ള പ്രത്യക്ഷമോ പരോക്ഷമോ ആയ റഫറൻസ് സബ്ജുഡീസാകും എന്നുള്ളതുകൊണ്ട് .....(ബഹളം).....അത് രേഖയിലുണ്ടാകാൻ പാടില്ല. എന്നുമാത്രമല്ല, അത് പത്രത്തിൽ റിപ്പോർട്ടു ചെയ്തു വരാനും പാടില്ല. അതുകൊണ്ട് റൂൾ 307 അനുസരിച്ച് ഇത് രേഖകളിൽ നിന്നും മാറ്റണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.....(ബഹളം).....

ശ്രീ. എ. കെ. ബാലൻ : സർ, റൂൾ 133 പ്രകാരം ഒരു കേസ് കോടതിയിൽ നടക്കുന്ന അവസരത്തിൽ അതിന്റെ മെറിറ്റിലേയ്ക്ക് കടന്ന് കോടതിയെ സ്വാധീനിക്കാനോ സ്വാധീനിക്കാതിരിക്കാനോ പറ്റാവുന്ന വിധത്തിൽ ചർച്ച നീങ്ങാൻ പാടില്ല. അതേസമയം കോടതിയുടെ മെറിറ്റിലേയ്ക്ക് കടക്കാതെയുള്ള ഏതു പരാമർശവും ചെയറിന്റെ അനുവാദത്തോടുകൂടി നടത്താം.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : മി. എ. കെ. ബാലൻ, ഇത് സബ്ജുഡീസായതു കൊണ്ട് ഇവിടെ പറ്റില്ല.....(ബഹളം).....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, Rule 284. A member while speaking shall not - refer to any matter of fact on which a judicial decision is pending. മെറിറ്റല്ല, അവിടെ പെൻഡിംഗായ കാര്യത്തെക്കുറിച്ചും പറയാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അതാണ് ചെയർ റൂളിംഗ് നൽകിയത് .....(ബഹളം).....

ശ്രീ. എം. വി. ജയരാജൻ : സർ, 284- ൽ ശ്രീ. ആര്യാടൻ പറഞ്ഞിട്ടുള്ള കാര്യം പോലെ തന്നെ 133-ൽ പറയുന്ന കാര്യം ഇവിടെ പറയാതെയിരിക്കാൻ ഇനി നിർവ്വാഹമില്ല. ട്രിബ്യൂണൽ, കമ്മീഷൻ മുതലായവയുടെ മുമ്പാകെയുള്ള സംഗതികളിന്മേൽ ചർച്ച ഉന്നയിക്കുന്നതിനുള്ള ഉപക്ഷേപം നീതിന്യായപരമായ കൃത്യം നിർവ്വഹിക്കുന്ന ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി ട്രൈബ്യൂണലിന്റെയോ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയുടേയോ അഥവാ ഏതെങ്കിലും സംഗതിയെപ്പറ്റി അന്വേഷിക്കുന്നതിനോ അന്വേഷണ വിചാരണ നടത്തുന്നതിനോ നിയമിക്കപ്പെട്ട ഏതെങ്കിലും കമ്മീഷന്റെയോ അന്വേഷണ കോടതിയുടേയോ മുമ്പാകെ തീർപ്പാകാതെ ഇരിക്കുന്ന പെന്റിംഗ് സംഗതിയെക്കുറിച്ച് ചർച്ച ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന ഒരു ഉപക്ഷേപം അവതരിപ്പിക്കാൻ സാധാരണ ഗതിയിൽ അനുവദിക്കാൻ പാടില്ല. എന്നാൽ സ്റ്റാറ്റ്യൂട്ടറി ട്രൈബ്യൂണലിന്റെയോ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയുടെയോ അന്വേഷണ കോടതിയുടെയോ അങ്ങനെയുള്ള സംഗതി പരിഗണിക്കുന്നതിന്

11A.M.]

LIBRARY ARCHIVES Kerala Legislative Assembly

ഹാനികരമാകാൻ സാധ്യതയില്ലെന്നു സ്പീക്കർക്കു ബോദ്ധ്യം വരുന്ന പക്ഷം അദ്ദേഹത്തിന്റെ വിവേചനാധികാരം ഉപയോഗിച്ച് അന്വേഷണ വിചാരണയുടെ നടപടിക്രമത്തെക്കുറിച്ചു പരാമർശിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ : അതിനെക്കുറിച്ചു തർക്കമൊന്നും വേണ്ട. ചെയറിനു മനസ്സിലായി. അങ്ങേക്കു സംസാരിക്കാം.

ശ്രീ. എം. വി. ജയരാജൻ : സർ, ഇവിടെ പറഞ്ഞത് വാദിക്കും പ്രതിക്കും വേണ്ടി ഒരു അഭിഭാഷകൻ തന്നെ ഹാജരാകുന്ന സാഹചര്യമുണ്ടാകുന്നു എന്നതാണ്. അതുകൊണ്ട് നിയമവകുപ്പിന്റെയും സർക്കാരിന്റേയും ശ്രദ്ധയിൽ വരുത്തേണ്ടത് നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുവാൻ കഴിയുംവിധത്തിൽ നിയമവകുപ്പു കുറെക്കൂടി കാര്യക്ഷമമായി പ്രവർത്തിപ്പിക്കണം. അത്തരത്തിൽ കാര്യക്ഷമമായി പ്രവർത്തിച്ചാൽ മാത്രമേ നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുവാൻ കഴിയുകയുള്ളൂ. കേസ്സുകൾ ഓരോന്നോരോന്നായി പരാജയപ്പെടുന്ന ഇന്നത്തെ സ്ഥിതി അവസാനിപ്പിക്കണം. അതിലൂടെ മാത്രമേ നമ്മുടെ അഡ്വക്കേറ്റ് ക്ലർക്കുമാർ ഉൾക്കൊള്ളുന്ന 20,000-ഓളം വരുന്ന ആളുകൾക്ക് അവരുടെ ആനുകൂല്യങ്ങൾ സംരക്ഷിക്കുവാനുള്ള ക്ഷേമനിധികൾ ഫലപ്രദമാക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ടാണ് അടിസ്ഥാനപരമായി വിയോജിപ്പ് പ്രതിപക്ഷം ഉന്നയിച്ചത്. ഇന്നത്തെ നിലയിൽ ഈ നിയമത്തിൽ മാറ്റം വേണം. അതിൽ സർക്കാരിന്റെ വിഹിതം വേണം മറ്റൊന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സർവ്വീസിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞ് ഈ മേഖലയിൽ തൊഴിലെടുക്കുന്നവർ ഉണ്ടെങ്കിൽ അവർക്ക് ഈ ആനുകൂല്യം നൽകാൻ പറ്റില്ല. അവരെ ഈ ക്ഷേമനിധിയിൽ നിന്നും ഒഴിവാക്കണം. അത്തരത്തിലുള്ള നിയമ ഭേദഗതിയിലൂടെ കേരളത്തിലെ ഇരുപതിനായിരത്തോളം വരുന്ന അഡ്വക്കേറ്റ് ക്ലർക്കുമാർ, നമ്മുടെ സമൂഹത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഭാഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കുവാൻ കഴിയും വിധത്തിലുള്ള ഈ ക്ഷേമനിധിബിൽ നമുക്ക് കൂട്ടായി പാസ്സാക്കാൻ കഴിയും. അതിനു കഴിയും വിധത്തിൽ നിയമ ഭേദഗതി ക്ലാസ്സ് ബൈ ക്ലാസ്സ് ഡിസ്ക്കഷന്റെ സമയത്തു സർക്കാർ അംഗീകരിക്കാൻ തയ്യാറാകണമെന്നാണ് എനിക്കു ഈ വിയോജനക്കുറിപ്പ് അവതരിപ്പിച്ചുകൊണ്ട് പറയാനുള്ളത്.

ശ്രീ. പി. സി. ജോർജ് : സർ, ഈ ബില്ലിനെ തത്വത്തിൽ ഞാൻ അംഗീകരിക്കുകയാണ്. ഈ ബില്ലിലെ വിയോജനക്കുറിപ്പിൽ പറഞ്ഞിരിക്കുന്ന രണ്ടു കാര്യങ്ങൾ പ്രസക്തിയുള്ള കാര്യങ്ങൾ തന്നെയാണ് എന്നാണ് എന്റെ അഭിപ്രായം.നമ്മുടെ സംസ്ഥാനത്ത് പല ക്ഷേമനിധികളും നിലവിലുണ്ട്. അതിനകത്തെല്ലാം തൊഴിലാളികളുടെ വിഹിതത്തോടൊപ്പം ഗവൺമെന്റിന്റെ ഒരു വിഹിതം കൂടി ചേർക്കാറുണ്ട്. പക്ഷേ എന്തുകൊണ്ടാണെന്ന് എനിക്കു മനസ്സിലാകുന്നില്ല വക്കീലന്മാരുടെ ക്ലാർക്കുമാർക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഈ ക്ഷേമനിധിയിൽ ഗവൺമെന്റിന്റെ ഔദാര്യം ഒന്നുമില്ല. ഒരു പൈസ പോലും ഗവൺമെന്റ് മുടക്കുന്നില്ല. 'ആരാന്റെ പൂരയിടത്തിലെ പുല്ലു കണ്ടുകൊണ്ട് ഞാൻ പശുവിനെ വളർത്തുന്നതു'പോലെയുള്ള ഒരു ഇടപാടാണിത്. ഈ ഗവൺമെന്റ് കാണിച്ച ഏറ്റവും വലിയ പാപവും അതാണ്. നിയമവകുപ്പുമന്ത്രി ഈ ബില്ലു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നിരിക്കുന്നു. 1985-ലെ എക്സിക്യൂട്ടീവ് ഓർഡർ പ്രകാരം നിലവിലിരിക്കുന്ന ഒരു ക്ഷേമനിധിയാണിത്. ഒരു നിയമം കൊണ്ടുവരുമ്പോൾ ആ നിയമം കൊണ്ടു വരുന്നയാൾ ഗവൺമെന്റാണ്. ആ ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻ ആയിട്ട് ഒരു പൈസയെങ്കിലും വേണ്ടേ ? ഒരു പൈസപോലും ഇതിൽ വച്ചിട്ടില്ല. ജനങ്ങളിൽ നിന്നും കാശു പിടിച്ചു പറിച്ച് ക്ഷേമനിധി ഉണ്ടാക്കുകയാണ്. അതൊരു വലിയ ആനക്കാര്യമൊന്നുമല്ല. വലിയ മുഴുത്ത കാര്യമായിട്ടാണ് ഇവിടെ പ്രസംഗിക്കുന്നത്. ഒരു മുഴുപ്പുമില്ല.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. എം. ഹസ്സൻ : സർ, ഈ ബില്ല് മാണി സാർ കൊണ്ടു വന്നതുകൊണ്ടാണോ, 'ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം' എന്നൊരു ചൊല്ലുണ്ട്. ആ അവസ്ഥയിലാണോ ഈ ബില്ലിനെ കാണുന്നത് ?

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഹസ്സൻ വലിയ അസംബന്ധമാണ് പറയുന്നത്. എനിക്കു ഇഷ്ടമില്ലാത്തതു ഇഷ്ടമില്ല തന്നെ. ഇതു കൊണ്ടു വന്നു എന്നതിന്റെ അടിസ്ഥാനത്തിൽ അല്ല, കൊണ്ടുവന്ന രീതിയെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഞാൻ പറഞ്ഞ അഭിപ്രായത്തോട് ബഹുമാനപ്പെട്ട ഹസ്സന് അഭിപ്രായ വ്യത്യാസമുണ്ടോ ? എനിക്ക് ഇഷ്ടമില്ലാത്ത പ്രശ്നമൊന്നുമില്ല. ഈ സംസ്ഥാനത്തെ ഏതു ക്ഷേമനിധി എടുത്തു പരിശോധിച്ചു നോക്കിയാലും, അതിനകത്തൊരു മര്യാദയില്ലേ ? ഗവൺമെന്റിന്റെ വിഹിതം വേണ്ടേ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, ഇപ്പോൾ ശ്രീ. കെ. എം. മാണിയോട് പണ്ടത്തെപ്പോലെ വിരോധം ശ്രീ. പി. സി. ജോർജിനില്ല എന്നു അങ്ങേയ്ക്കറിയില്ലേ ?

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള, അങ്ങ് ഞങ്ങളുടെ നേതാവാണ്. കേരളാ കോൺഗ്രസ്സ് ഉണ്ടാക്കിയതിൽ ഇന്നു ജീവിച്ചിരിക്കുന്ന രണ്ടംഗങ്ങളേ ഈ സഭയ്ക്കകത്ത് ഇപ്പോഴുള്ളൂ. ഒന്ന് ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും മറ്റൊന്ന് ശ്രീ. കെ. നാരായണക്കുറുപ്പുമാണ്. ബാക്കിയുള്ളവരൊക്കെ പിന്നീടു വന്നു ചേർന്നവരാണ്. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ പ്രവർത്തനം നല്ലതായതുകൊണ്ടല്ല അദ്ദേഹത്തോടു സ്നേഹം തോന്നിയത്. ഈ പാർട്ടി ഉണ്ടാക്കിയ ആളായതുകൊണ്ടാണ്. ഇല്ലെങ്കിൽ അങ്ങയേയും ഞാൻ വിമർശിക്കും. എനിക്കു ശ്രീ. കെ. എം. മാണിയോട് ഇന്നലേയും മിനിഞ്ഞാന്നും ഉണ്ടായിരുന്ന കാഴ്ചപ്പാടിൽ നിന്ന് ഒരു വ്യത്യാസവും ഇതുവരെ വന്നിട്ടില്ല. മാറിയിട്ടുണ്ടെന്നുള്ള തെറ്റിദ്ധാരണ വേണ്ട. ആരാണ്, എങ്ങനെയുള്ളവരാണ് എന്നൊക്കെ എനിക്കു വളരെ വ്യക്തമായിട്ട് അറിയാം. പക്ഷെ എന്നു വിചാരിച്ച് എല്ലാം എപ്പോഴും പറഞ്ഞു കൊണ്ടിരിക്കണമോ. മാത്രവുമല്ല, ഈ സഭയിൽ നിയമത്തെക്കുറിച്ചു എന്തു പറഞ്ഞാലും അതിനെ വ്യക്തിപരമായി എടുക്കുന്ന സ്വഭാവമുള്ള ആളാണ് ശ്രീ. കെ. എം. മാണി എന്ന് എനിക്കു നന്നായിട്ടറിയാം. അത്തരം കാഴ്ചപ്പാടുള്ള ഒരാളോടു വർത്തമാനം പറഞ്ഞിട്ട് ഒരു കാര്യവുമില്ല എന്നു എനിക്കു നല്ല

LIBRARY ARCHIVES Kerala Legislative Assembly

ബോദ്ധ്യമുള്ളതുകൊണ്ടാണ് ഞാൻ മിണ്ടാതിരുന്നത്. ഞാൻ പറഞ്ഞുവരുന്നത് വളരെ നിർബന്ധമായും സർക്കാർ സർക്കരിന്റെ വിഹിതം ഇതിനകത്ത് വയ്ക്കുക തന്നെ വേണം. വിഹിതം വയ്ക്കാതെ പോയിട്ടു കാര്യമില്ല.

ശ്രീ. ജോണി നെല്ലൂർ : സർ, ബഹുമാനപ്പെട്ട ശ്രീ. പി. സി. ജോർജ് പറഞ്ഞല്ലോ മാണിസാറിന് അങ്ങയോടുള്ള ഇഷ്ടത്തെക്കുറിച്ച്. ഏതായാലും അങ്ങു പ്രസംഗം തുടങ്ങിയപ്പോൾ, അതുവരെ നിയമസഭയിൽ ഉണ്ടായിരുന്ന മാണിസാർ സഭ വിട്ടു പോയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : അങ്ങയോടുള്ള സ്നഹക്കൂടുതൽ കൊണ്ടാണോ അങ്ങനെ പോയത് ?

ശ്രീ. പി. സി. ജോർജ് : സർ, പറഞ്ഞിട്ടുപോയാലും പറയാതെ പോയാലും അങ്ങേരുടെ സ്വഭാവം അങ്ങേരു കാണിക്കുന്നു. എന്നെപ്പോലെ തന്നെ ശ്രീ. ജോണി നെല്ലൂരിനും അക്കാര്യം അറിയാവുന്നതാണല്ലോ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പാർലമെന്ററി അഫയേഴ്സ് മിനിസ്റ്റർ ഇരിക്കുമ്പോൾ വേറെ മന്ത്രിമാർ ഇരിക്കേണ്ട ആവശ്യമില്ലല്ലോ.

ശ്രീ. പി. സി. ജോർജ് : സർ, പ്രത്യേക വകുപ്പുകൾ ഒന്നുമില്ലാത്തതുകൊണ്ട് എല്ലാ വകുപ്പും ഭരിക്കാമല്ലോ. പിന്നെ മുഖ്യമന്ത്രിയുടെ ഇഷ്ടതോഴനുമാണല്ലോ. എല്ലാ വിധത്തിലും മുഖ്യമന്ത്രിയുടെ ഒരു ആശ്രിതനുമായിരിക്കുന്ന ശ്രീ. എം. എം. ഹസ്സന് എല്ലാ വകുപ്പുകളും ഭരിക്കാനുള്ള സ്വാതന്ത്ര്യവും ഉണ്ടായിരിക്കും. അതിൽ ഒരു സംശയവും വേണ്ട.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഇവിടെ കൂടെക്കൂടെ പാർലമെന്ററി കാര്യമന്ത്രിക്ക് കാര്യമായ വകുപ്പൊന്നുമില്ല എന്ന് സൂചിപ്പിക്കാറുണ്ട്. മറ്റു മന്ത്രിമാരെക്കാൾ കൂടുതൽ അധികാരം അദ്ദേഹത്തിനുണ്ട്. ലോകത്തെല്ലായിടത്തും പ്രവാസികൾ ഉണ്ട്. അപ്പോൾ അദ്ദേഹത്തിന്റെ അധികാരം കേരളത്തിന്റെ അധികാര പരിധിക്കുള്ളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. ടി. കെ. ദേവകുമാർ : സർ, പകർച്ചാവ്യാധി പിടിച്ചിരിക്കുന്ന ഈ ജോസഫ് എം. പുതുശ്ശേരിയെ ഈ സഭയിൽ നിന്നും ഒന്നു മാറ്റിത്തരണം. അല്ലെങ്കിൽ ഞങ്ങൾക്കൊക്കെ അസുഖം ബാധിക്കും. അങ്ങയുടെ സമയവും ലാഭിക്കും.

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ പറഞ്ഞു വന്നത് കേരളത്തിന് വളരെ സന്തോഷമുള്ള ഒരു കാലഘട്ടമാണ്. നിയമ വകുപ്പ് സമ്പുഷ്ടിയുള്ള ഒരു വകുപ്പായില്ലേ ബഹുമാന്യനായ കെ. എം. മാണി നിയമവകുപ്പു മുഴുവൻ കൈകാര്യം ചെയ്യുന്നു. കേന്ദ്രത്തിൽ പ്രിയങ്കരനായ പി. സി. തോമസ് നിയമവകുപ്പ് കൈകാര്യം ചെയ്യുന്നു. നമുക്കെല്ലാം അഭിമാനകരമായ കാലഘട്ടമാണ്. ശ്രീ. പി. സി. തോമസ് എന്നു പറയുന്ന മല്ലയാളി, കേരളീയൻ, കേരളാ കോൺഗ്രസ്സ് സംസ്കാരം ഉൾക്കൊള്ളുന്നവനാണ്. ശ്രീ. ആർ. ബാലകൃഷ്ണപിള്ളക്കും സന്തോഷം, എനിക്കും സന്തോഷം പക്ഷേ എന്റെ പേരിന്റെ ഇനിഷ്യൽ ഉള്ളതുകൊണ്ട് എനിക്കു കൂടുതൽ സന്തോഷം. പക്ഷേ ബി. ജെ. പി. യുടെ കൂട്ടത്തിലാണെന്നുള്ള ഒരു കുഴപ്പമുണ്ട്. അതൊന്നു മാറ്റിയെടുക്കണം. നടക്കാൻ സാധ്യതയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ആധികാരികമായ ഒരറിവ് കിട്ടാൻ വേണ്ടി ചോദിക്കുകയാണ്. ഇപ്പോൾ ഒരുപാട് ലീഡേഴ്സുള്ളതിൽ ആരാണ് ശരിക്കും നിങ്ങളുടെ സീനിയർ നേതാവ് ? ശ്രീ. ആർ. ബാലകൃഷ്ണപിള്ള സാർ അല്ലേ ?

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ എപ്പോഴും പറയാറുണ്ട് കേരളാ കോൺഗ്രസ് ഉണ്ടായത് 1964 ഒക്ടോബർ മാസം 9-ാം തീയതിയാണ്എന്ന്. അന്ന് അതിൽകൂടിയ ആകെ രണ്ടുപേരാണ് ഇപ്പോൾ ജീവിച്ചിരുപ്പുള്ള ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ശ്രീ. കെ. നാരായണക്കുറുപ്പും. ശ്രീ. കെ. നാരായണക്കുറുപ്പിന്റെ ഇരിപ്പ് കാണുമ്പോൾ എനിക്ക് സങ്കടമുണ്ട് സത്യമാണ്. ഈ രണ്ടുപേരോടും എനിക്ക് ബഹുമാനമുണ്ട്.

ശ്രീ. വി. ജെ. പൗലോസ് : സർ, ഈ ബില്ലിനെക്കുറിച്ചുള്ള ചർച്ച ശ്രീ. പി. സി. ജോർജ് ഏറ്റെടുത്തപ്പോൾ കേരളാ കോൺഗ്രസ്സിനെക്കുറിച്ച് മാത്രമുള്ള ഒരു ചർച്ചയായി. കേരളാ കോൺഗ്രസ്സിന്റെ ഉൽഭവത്തെക്കുറിച്ച് ഇവിടെ പറഞ്ഞു 1964 ഒക്ടോബർ മാസം 9-ാം തീയതിയാണ് കേരളാ കോൺഗ്രസ് പിറവിയെടുത്തതെന്ന് പറഞ്ഞു. അത് മലയാളമാസത്തിൽ കന്നി മാസമാണ്. കന്നി മാസത്തിൽ ഒരു ശുഭ കാര്യത്തിനും കൊള്ളുകയില്ല എന്നാണ് പറയുന്നത്. അങ്ങനെ ശുഭമല്ലാത്ത സന്ദർഭത്തിൽ കേരളാ കോൺഗ്രസ് ജൻമമെടുത്തതുകൊണ്ടാണ് ശ്രീ. പി. സി. ജോർജിന്റെ പേരിൽ ഒരു കേരളാ കോൺഗ്രസ് ഉണ്ടാകേണ്ട സാഹചര്യമുണ്ടായതെന്ന് അങ്ങ് മനസ്സിലാക്കണം.

ശ്രീ. പി. സി. ജോർജ് : സർ, ശ്രീ. വി. ജെ. പൗലോസ് ഞങ്ങളുടെ കൂട്ടത്തിൽ നിൽക്കേണ്ടതാണ്. ഞങ്ങൾ ഇവിടെ സീറ്റ് കൊടുക്കാത്തതുകൊണ്ടാണ് അപ്പുറത്ത് പോയി ചേർന്നത്. ശ്രീ. വി. ജെ. പൗലോസിന്റെ സംസ്കാരം കേരളാ കോൺഗ്രസ്സിന്റേതാണ്. ഞങ്ങളുടെ പാർട്ടിയെ കുറ്റം പറഞ്ഞിട്ടൊന്നും കാര്യമില്ല, 'വളരുന്തോറും പിളരും പിളരുംതോറും വളരും' ഇത് അദ്ദേഹം തന്നെ പറഞ്ഞിട്ടുള്ള കാര്യമാണ്. അദ്ദേഹത്തിന്റെ വാക്കുകൾ ഞാൻ കടമെടുത്തതാണ്. എന്നെ ബില്ലിലേയ്ക്ക് വന്നു സംസാരിക്കാൻ അനുവദിക്കണം. എനിക്ക് ചോദ്യത്തിന് വഴങ്ങാൻ ഇഷ്ടമില്ല.

ശ്രീ. കെ. സി. വേണുഗോപാൽ : സർ.....സർ.....

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ ബില്ലിനെക്കുറിച്ച് സംസാരിക്കാൻ തുടങ്ങിയപ്പോൾ മുതൽ എന്നെ സംസാരിക്കാൻ അനുവദിക്കാതെ ചോദ്യങ്ങൾ ചോദിക്കുകയാണ്. ഞാൻ ബില്ലിനെക്കുറിച്ച് ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. പക്ഷെ എല്ലാപേരും ചോദ്യങ്ങൾ ചോദിച്ച്, മന്ത്രി ശ്രീ. എം.എം. ഹസ്സനുൾപ്പെടെയാണ് എന്നെ ഈ പരുവത്തിലാക്കിക്കളഞ്ഞത്. ഇത് ശരിയാണോ സർ.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് ഈൽഡ് ചെയ്യാതിരുന്നാൽ മതി.

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ പറഞ്ഞു വന്നത്, തീർച്ചയായും ഈ നിയമം ആവശ്യമാണെന്ന അഭിപ്രായക്കാരനാണ് ഞാൻ. ഈ ബിൽ 1985-ലെ എക്സിക്യൂട്ടീവ് ഓർഡർ പ്രകാരം പ്രബല്യത്തിലായി. പക്ഷെ ഈ നിയമം ഉണ്ടാകുമ്പോൾ കക്ഷികളിൽ നിന്ന് പണം പിടിച്ചുപറിച്ച് ക്ഷേമനിധി

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കുകയാണ്. എനിക്ക് അതിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഈ അടുത്ത കാലത്ത് ബഹുമാനപ്പെട്ട ഹൈക്കോടതി കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള തുക എത്രമാത്രം വർദ്ധിപ്പിച്ചെന്നോ ? 10 രൂപയായിരുന്നത് 500 രൂപയായി ഉയർത്തി. ഇപ്പോൾ പൗരാവകാശം സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി കേസ് കൊടുക്കണമെങ്കിൽ 500 രൂപ കെട്ടിവയ്ക്കണം. കോടതി കോർട്ട് ഫീസ് വർദ്ധിപ്പിച്ചിരിക്കുന്നു. ഇങ്ങനെ ഫീസ് വർദ്ധിപ്പിച്ചിട്ട് ക്ഷേമനിധി ഉണ്ടാക്കുക, എന്നിട്ട് വലിയ ഒരു നിയമമുണ്ടാക്കിയെന്ന് അഭിമാനിക്കുന്നതിൽ കാര്യമില്ല. ചെയ്യേണ്ടത് എന്താണെന്നു വച്ചാൽ സർക്കാർ ഒരു നിയമം കൊണ്ടുവരുമ്പോൾ സർക്കാരിന്റെ കോൺട്രിബ്യൂഷൻ അതിൽ വയ്ക്കണം. അതുവയ്ക്കാതെ നിയമം കൊണ്ടുവരുന്നത് ശരിയല്ലയെന്നതാണ് എന്റെ അഭിപ്രായം. കേന്ദ്ര ഗവൺമെന്റിലും സംസ്ഥാന ഗവൺമെന്റുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമൊക്കെ ജോലി ചെയ്ത് പെൻഷൻ പറ്റിയതിനുശേഷം ഒരു സൈഡ് ബിസിനസ് എന്നുള്ള നിലയ്ക്ക് വക്കീലിന്റെ ഗുമസ്തപ്പണിക്ക് വരുകയാണ്. അവരെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പടുത്തണമോ ? അത് ഈ ബിൽ തയ്യാറാക്കുന്ന നിയമവകുപ്പിലെ ഉദ്യോഗസ്ഥരൊക്കെ എൽ.എൽ.ബി പാസ്സായവരാണ്. സ്വാഭാവികമായും അവർക്ക് നിയമവകുപ്പിൽ നിന്ന് പെൻഷൻ പറ്റിക്കഴിയുമ്പോൾ ഈ പദ്ധതിയിലൊന്ന് ചേരണമെന്ന ഗൂഢലക്ഷ്യത്തോടുകൂടി അവർ ചേർത്തതാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. നമുക്ക് അത് അംഗീകരിച്ച് കൊടുക്കേണ്ട കാര്യമുണ്ടോ ? അതുകൊണ്ട് നിയമ വകുപ്പുമന്ത്രിയോടുള്ള ഒരഭ്യർത്ഥന ഈ ഭാഗം ബില്ലിൽ ഉണ്ടാകാൻ പാടില്ല എന്നുള്ളത് തന്നെയാണ്. ഞാൻ ഗുമസ്തൻമാരുടെ സേവനം നിസ്സാരമായി കാണുന്നില്ല. കാരണമെന്താണെന്നു വച്ചാൽ ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വക്കീലൻമാരേക്കാൾ വളരെ കൂടതലായി നിയമപരമായ കാര്യങ്ങളിൽ ഇടപെടുകയും കടലാസ്സുകൾ എഴുതുകയും ചെയ്യുന്നത് ഗുമസ്തൻമാർ തന്നെയാണ്. ആ ഗുമസ്തൻമാരുടെ സേവനം ചെറുതായി കാണുന്നില്ല. പതിനാലായിരത്തോളം ഗുമസ്തൻമാർ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത് എന്നാൽ ബഹുമാനപ്പെട്ട മന്ത്രി പറയുന്നു ഇരുപതിനായിരംപേരുണ്ടെന്ന്. ഈ നിയമം പാസ്സാകുമ്പോൾ ഇതിനകത്ത് വലിയ ഒരു കുഴപ്പമുണ്ട്. അസോസിയേഷൻ രജിസ്റ്റർ ചെയ്യപ്പെടുകയാണ്. നാളിതുവരെ സംസ്ഥാനത്ത് ഒരു അസോസിയേഷനെയുള്ളുയെന്ന് നിങ്ങൾ മനസ്സിലാക്കണം. പക്ഷെ ഈ നിയമമനുസരിച്ച് ഓരോ കോടതിയോടുമനുബന്ധിച്ച് ഓരോ അസോസിയേഷനുകളുണ്ടാകാൻ പോകുകയാണ്. അങ്ങനെ അസോസിയേഷനുണ്ടാകുമ്പോൾ കൂടുതൽ ആളുകൾ അംഗമായി വരും. ഇതുവരെ ആ ജോലി ചെയ്യാത്തവരും വക്കീലിന്റെ ഒപ്പുമായി വന്ന് അംഗങ്ങളാകും. ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞിരിക്കുന്നത് ഇരുപതിനായിരത്തിൽപ്പരം ആളുകൾ ഇപ്പോൾതന്നെ ഉണ്ടെന്നാണ്. അപ്പോൾ ഇനിയും ഉയരും. അതുകൊണ്ട് അസോസിയേഷൻ രൂപീകരണം ശരിയാണോയെന്ന് പരിശോധിക്കണം. നമ്മുടെ സംസ്ഥാനത്ത് ഈ മേഖലയിൽ പണിയെടുക്കുന്നവർ പതിനാലായിരത്തിൽ താഴെ മാത്രമാണ്. ഇവിടെ ബഹുമാനപ്പെട്ട എം. വി. ജയരാജൻ സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചത് ഇരുപതിനായിരമെന്നാണ്. അങ്ങു പറഞ്ഞതുതന്നെ നിലവിലുള്ള ആളുകളേക്കാൾ ആറായിരത്തി അഞ്ഞൂറോളം ആളുകൾ കൂടുതലാണെന്ന് അറിയണം. അതുകൊണ്ട് ആ ക്ലാസ്സിൽ മാറ്റം വരുത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഇപ്പോൾ നിലവിലിരിക്കുന്ന നിയമമനുസരിച്ച് ഒരു അസോസിയേഷനാണ് സംസ്ഥാനത്തുള്ളത്. എന്നാൽ ഈ നിയമം പാസ്സായി പ്രാബല്യത്തിലാകുമ്പോൾ ഓരോ കോടതിയോടനുബന്ധിച്ചും ഓരോ അസോസിയേഷൻ ഉണ്ടാകും. ആ അസോസിയേഷനിലേയ്ക്ക് മെമ്പർഷിപ്പ് എടുക്കുന്നതിനുള്ള നിബന്ധനകൾ വളരെ സുതാര്യമാണെന്ന് നമുക്ക് കാണാൻ കഴിയും. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും വരാൻ പോകുന്ന അപകടം ഈ മേഖലയിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന ആളുകളേക്കാൾ ആറായിരമോ ഏഴായിരമോ വേണമെങ്കിൽ ആളുകളെല്ലാം കൂടി സഹകരിച്ചാൽ പതിനായിരം രൂപവരെയായി ഉയർത്താൻ കഴിയുന്ന ഒരു അപകടകരമായ കാഴ്ചപ്പാടാണ് എനിക്കുള്ളത്. മറ്റൊരു കാര്യം നോമിനിയെ വയ്ക്കുന്നതിനെപ്പറ്റി ഈ ബില്ലിൽ പറഞ്ഞിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് ആശ്രിതർ എന്നു പറഞ്ഞാൽ ഭാര്യ, ഭർത്താവ്, അച്ഛൻ, അമ്മ, പ്രായപൂർത്തിയാകാത്ത ആൺമക്കൾ, അവിവാഹിതരോ വിധവകളോ വിവാഹമോചിതരോ ആയ പെൺമക്കൾ എന്ന് അർത്ഥമാകുന്നു എന്നാണ്. ഒരു ഗുമസ്തൻ ഒരു വക്കീലിനോടൊപ്പം തന്റെ സേവനകാലം മുഴുവൻ സേവനമനുഷ്ഠിച്ചിട്ട് പിരിഞ്ഞാൽ വിവാഹിതനല്ലെങ്കിൽ എവിടെ പോകും ? അത് പ്രശ്നമല്ലേ. അങ്ങനെയുള്ള ഗുമസ്തൻമാർക്കും ഈ ക്ഷേമനിധിയിൽ അംഗത്വമുണ്ടെങ്കിൽ അവർക്കും സ്വാഭാവികമായും നോമിനിയെ വയ്ക്കാനുള്ള അവകാശം കൊടുക്കണ്ടേ ? കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന നമ്മുടെ ബഹുമാനപ്പെട്ട അംഗം എ. എൻ രാജൻബാബുവിന്റെ ഗുമസ്തൻ കൃഷ്ണൻ എന്നയാൾ വിവാഹം കഴിച്ചിട്ടില്ല, 70 വയസ്സായി. ഇതുകഴിഞ്ഞാൽ അയാളെ ആര് നോക്കും. അപ്പോൾ നോമിനിയെക്കൂടി വയ്ക്കാൻ നിയമമുണ്ടാകേണ്ടതല്ലേ. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി വകുപ്പ് 2 (ഐ)യിൽ ആശ്രിതർ എന്ന ക്ലാസ്സിനോടൊപ്പം നോമിനിയെ വയ്ക്കാനുള്ള അധികാരം കൂടി കൊടുക്കേണ്ടതല്ലേ. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇത് പരിശോധിക്കണമെന്നാണ് എന്റെ അഭിപ്രായം.

ഇവിടെ വക്കീലൻമാരെക്കാൾ എത്രയോ അധികം സേവനം അനുഷ്ഠിക്കുന്നവരാണ് ഗുമസ്തൻമാർ. അക്കാര്യത്തിൽ ആർക്കും തർക്കമില്ലല്ലോ. അതുകൊണ്ടാണ് ഗുമസ്തൻമാർക്കുവേണ്ടി നിയമം ഉണ്ടാക്കാൻ തയ്യാറായത്. സ്വാഭാവികമായും വക്കീലൻമാരോട് തുല്യമായി ആ കാര്യത്തിൽ സേവനത്തെ കാണാനുള്ള മര്യാദ നമ്മൾ പ്രകടിപ്പിക്കേണ്ടതുണ്ട്. ഈ ആക്ടിൽ ഓരോ വക്കീലൻമാരുടേയും ഗുമസ്തൻമാരായി തൊഴിൽ ചെയ്തിരുന്ന പക്ഷം ഓരോ നാലു വർഷത്തെ തൊഴിലും ഒരു വർഷത്തെ തൊഴിലായി കണക്കാക്കപ്പെടും. നിയമം പ്രാബല്യത്തിൽ ആകുമ്പോൾ പഴയ ആളുകളുടെ നാലു കൊല്ലം ചെയ്ത സേവനവും ഒരു കൊല്ലമായി കണക്കാക്കപ്പെടും. അഡ്വക്കേറ്റ് ക്ലാർക്ക്സിന്റെ ക്ഷേമനിധിയിൽ എന്താണ് പറഞ്ഞിരിക്കുന്നത് ? രണ്ടു വർഷത്തെ സേവനം ഒരു വർഷമായി കണക്കാക്കപ്പെടും. ഗുമസ്തൻമാരുടെ കാര്യത്തിൽ നാലു വർഷത്തെ സേവനം ഒരു വർഷമായി കണക്കാക്കും. ഇത്

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്ക്രിമിനേഷൻ അല്ലേ ? മര്യാദകേടല്ലേ ? അതിരിക്കട്ടെ, നാലു വർഷം വച്ചിരിക്കുന്നത് എന്തിനാണ് ? വക്കീലൻമാരോട് കാണിച്ച സൗമനസ്യം ഇവിടെ കാണിക്കാമല്ലോ. നാലു വർഷം എന്നുള്ളതു മാറ്റി രണ്ടു വർഷമാക്കുകയാണ് വേണ്ടത്. അവരോട് സ്നേഹമുള്ളവരാണെന്ന് അഭിനയിക്കുകയല്ല വേണ്ടത്. യഥാർത്ഥ സ്നേഹമുള്ളവരാണെങ്കിൽ, അവരെ സഹായിക്കണമെന്നുള്ള മനോഭാവത്തോടുകൂടിയാണ് ഈ നിയമം കൊണ്ടുവരുന്നതെങ്കിൽ നാല് എന്നുള്ളതു മാറ്റി രണ്ട് ആക്കണമെന്നുള്ളതാണ് എന്റെ കാഴ്ചപ്പാട്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, സർക്കാർ വിഹിതം ഇല്ലായെന്നുള്ളതാണ് പ്രധാനപ്പെട്ട ആക്ഷേപം. കോർട്ട് ഫീസ് ഇനത്തിൽ നിന്ന് കിട്ടുന്നതാണ് ലീഗൽ ബെനിഫിറ്റ് ഫണ്ട്. അതിൽനിന്ന് 20% ആണ് വക്കീൽ ഗുമസ്തൻമാരുടെ ഫണ്ടിലേയ്ക്ക് വരുന്ന മുഖ്യമായ തുക. ആ തുകയെന്നു പറയുന്നത് ഗവൺമെന്റിന്റെ വിഹിതമായി വരുന്നതാണ് എന്നുള്ളത് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. പി. സി. ജോർജ് : സർ, മനസ്സിലാക്കിയിട്ടുണ്ട്. 3 (എച്ച്) നോക്കിയാൽ മതി. അക്കാര്യത്തിൽ തർക്കമൊന്നുമില്ല. അതും പിടിച്ചു പറിക്കുകയല്ലേ ? ഞാൻ ആരേയും കുറ്റപ്പെടുത്താൻവേണ്ടി പറയുകയല്ല. നമ്മൾ കൊണ്ടുവരുന്ന ഓരോ നിയമവും സാധാരണക്കാരായ പൗരൻമാരുടെ തലയിൽ ഭാരം അടിച്ചേല്പിക്കുകയാണ്. നമ്മൾ ഈ സഭയിലിരുന്ന് ഓരോ നിയമം ഉണ്ടാക്കുമ്പോഴും ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ വരുന്ന ഭാരമെന്നു പറയുന്നത് നമ്മളെ ഇങ്ങോട്ട് പറഞ്ഞുവിട്ട പൊതുജനത്തിന്റെ തലയിൽതന്നെയാണ്. അത് നിഷേധിക്കാൻ നമുക്ക് കഴിയുകയില്ല. അഡീഷണലായി ഭാരം ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കുന്നതിനു പകരം സ്വാഭാവികമായും ഇപ്പോഴുള്ള ആ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഗവൺമെന്റിന്റെ വിഹിതം വയ്ക്കുകയാണെങ്കിൽ അതല്ലേ നല്ലത് ? അതുപോലെ അസോസിയേഷന്റെ കാര്യം. അസോസിയേഷനിൽ അംഗമാകണമെന്ന് എന്തിനാണ് നിർബന്ധം പിടിക്കുന്നത് ? ഏതെങ്കിലും ഒരു അസോസിയേഷനിൽ അംഗമായെങ്കിൽ മാത്രമേ ക്ലാർക്കിനെ അംഗീകരിക്കാനാവൂവെന്നു പറയേണ്ട കാര്യം എന്താണ് ? ഈ മേഖലയിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന ഗുമസ്തൻമാരെ ഏതെങ്കിലും അസോസിയേഷനിലാക്കി ആ അസോസിയേഷൻ നമ്മുടേതാക്കി മാറ്റി ഒരു രാഷ്ട്രീയ കണ്ണുവച്ചുകൊണ്ട് നിങ്ങേണ്ട കാര്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്. അസോസിയേഷൻ എന്നു പറയുമ്പോൾ ഞാൻ മറ്റു തരത്തിൽ കുറ്റപ്പെടുത്തുകയല്ല. തെറ്റിദ്ധരിക്കണ്ട. എന്തു പറഞ്ഞാലും ആ കാഴ്ചപ്പാടോടുകൂടി കാണുകയും വേണ്ട. നിഷ്പക്ഷമായ ഒരു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണോ സാർ ഇത് ചെയ്തത് ? ഓരോ കോടതിയോട് അനുബന്ധിച്ചും ഓരോ അസോസിയേഷൻ ഉണ്ടാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയും അതിനകത്തും രാഷ്ട്രീയം കുത്തി നിറയ്ക്കുകയും ചെയ്തുകൊണ്ട് ഈ ക്ഷേമനിധി ബോർഡും അപകടത്തിലാക്കുമോയെന്ന് ഞാൻ ഭയപ്പെടുന്നു. അങ്ങനെ ഒരു കാഴ്ചപ്പാട് വച്ചുകൊണ്ട് പോകേണ്ട കാര്യമില്ല. ഇവിടെ വക്കീലൻമാരെപ്പോലെ തന്നെയാണ് ഗുമസ്തൻമാരും. വക്കീൽ

LIBRARY ARCHIVES Kerala Legislative Assembly

ഹാജരാകാതെ ഗുമസ്തൻമാർ ഹാജരാകുന്നുവെന്ന് ഇവിടെ പലരും പറഞ്ഞു. എനിക്ക് അത്ഭുതം തോന്നി. ഞാൻ വക്കീൽപരീക്ഷ പാസ്സായവനല്ല. പക്ഷേ അഡ്വക്കേറ്റുമാരായിട്ടുള്ള പല ആളുകളും സഭയിൽ വന്ന് പറയുമ്പോൾ അത്ഭുതം തോന്നുന്നു. ലോകത്ത് ഒരു കോടതിയിലും വക്കീലിനു പകരം ഗുമസ്തൻ വാദിച്ചതായി ഞാൻ കേട്ടിട്ടില്ല. അങ്ങനെ പോയാൽ ആ വക്കീലിന്റെ സന്നത് പോകുമെന്നുള്ളതാണ് സത്യം. ഇതുപോലുള്ള കാര്യം ഈ സഭയിൽ ഇങ്ങനെ സംസാരിക്കുന്നതുപോലും ശരിയല്ലായെന്നുള്ള കാഴ്ചപ്പാട് മാത്രം ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്. തീർച്ചയായും ഈ ക്ഷേമനിധി ബോർഡിനെ പൂർണ്ണമായും ഞാൻ സപ്പോർട്ട് ചെയ്യുകയാണ്. ഈ ക്ഷേമനിധി ഏറ്റവും ആവശ്യമുള്ളതാണ്. ഒരു എക്സിക്യൂട്ടീവ് ഓർഡർ കൂടി സംസ്ഥാനത്ത് നടപ്പിലായിട്ടുണ്ട്. അങ്ങനെ ഒരു നിയമം ഉണ്ടാകുമ്പോൾ ആ എക്സിക്യൂട്ടീവ് ഓർഡറിലൂടെ പ്രാവർത്തികമായതിലും മോശമാകുന്നത് ശരിയല്ല. അതുകൊണ്ട് എന്റെ വിയോജനക്കുറിപ്പിൽ പറഞ്ഞ ഈ കാര്യങ്ങളും ഞാൻ ഈ സഭയിൽ സൂചിപ്പിച്ച കാര്യങ്ങളും അവസാനമായി ഈ നിയമം പാസ്സാക്കുമ്പോൾ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പരിശോധിക്കണം. പ്രത്യേകിച്ച് പി.സി. ജോർജ്ജാണ് പറഞ്ഞത് എന്നുള്ളതുകൊണ്ട് ഒരു കുഴപ്പമായി കാണണ്ടായെന്നു മാത്രം പറയുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, എനിക്ക് അങ്ങനെ ഒരു ചിന്ത ഇപ്പോഴില്ല. ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രിയെന്ന് ജോർജ് വിളിക്കാൻ തുടങ്ങിയിരിക്കുന്നുവെന്നുള്ളത് വളരെ സന്തോഷകരമായ കാര്യമാണ്.

ശ്രീ. പി. സി. ജോർജ് : സർ, അദ്ദേഹം പറഞ്ഞത് വളരെ കറക്ടാണ്. 1996-2001-ലെ നിയമസഭയിൽ ഞാൻ ഭരണപക്ഷത്തും അദ്ദേഹം പ്രതിപക്ഷത്തുമായിരുന്നു. അന്ന് ഞാൻ അദ്ദേഹത്തെ ബഹുമാന്യനായ പാലാ മെമ്പർ എന്നു വിളിച്ചു. ഞാൻ ശരിയേ ചെയ്യുകയുള്ളൂ. ഇപ്പോൾ അദ്ദേഹം നിയമവകുപ്പു മന്ത്രിയാണ്. അതുകൊണ്ട് അദ്ദേഹത്തെ ബഹുമാനപ്പെട്ട മന്ത്രിയെന്നു വിളിക്കും. മറ്റെ പേര് എങ്ങനെ വിളിക്കും ? അത് മര്യാദകേടല്ലേ ? ഞാൻ അത് ചെയ്യുകയില്ല. ഞാൻ ശരി ചെയ്യുന്നവനാണെന്ന് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി മനസ്സിലാക്കണം. അതു മാത്രമേ എനിക്ക് പറയാനുള്ളൂ.

ശ്രീ. ടി. കെ. ബാലൻ : സർ, ഏഴു കൊല്ലത്തോളമായി ഈ നിയമസഭയിൽ വച്ചുതന്നെയാണ് ബഹുമാനപ്പെട്ട മെമ്പർ പി.സി. ജോർജ്ജിനെ പരിചയപ്പെടുന്നത്. ഏതായാലും മാണിസാറുമായിട്ടുള്ള സമീപനത്തിൽ അടിസ്ഥാനപരമായ മാറ്റം ഉണ്ടാകുന്നതിന്റെ ലക്ഷണമുണ്ടോയെന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. പി. സി. ജോർജ് : സർ, എന്റെ ജീവിതത്തിൽ അദ്ദേഹത്തിന്റെ പാർട്ടിയുമായി യോജിച്ച് ഒരു പാർട്ടിയാകാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഒരു തെറ്റിദ്ധാരണയും ആർക്കും വേണ്ട. അക്കാര്യത്തിൽ തർക്കം വേണ്ട. ഇത്

LIBRARY ARCHIVES Kerala Legislative Assembly

ആശയപരമായിട്ടുള്ള കാര്യമാണ്. സഭയിൽ പറയുമ്പോൾ ബഹുമാനപ്പെട്ട എന്നു പറയുന്നു. ആ മനുഷ്യനെ ഞാൻ ബഹുമാനിക്കുന്നു. വയസ്സ് 70 ആയില്ലേ; അദ്ദേഹത്തെ ഞാൻ ബഹുമാനിക്കണ്ടേ ?

ശ്രീ. കെ. എം. മാണി : സർ, ജോർജ് പറഞ്ഞത് 100%-ഉം ശരിയാണ്. എന്റെ പാർട്ടിയിൽ വരാൻ ജോർജ് ആഗ്രഹിക്കുന്നില്ല. ജോർജിനെ ഞങ്ങളുടെ പാർട്ടിയിലെടുക്കാൻ ഒരിക്കലും ആഗ്രഹിക്കുന്നില്ല.

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിക്ക് അത്രയും ബോധമുണ്ടായത് അദ്ദേഹത്തിന്റെ ഭാവിക്ക് നല്ലതാണ്. മനസ്സിലായല്ലോ.

ശ്രീ.കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട പി.സി.ജോർജ് ഇടയ്ക്കിടയ്ക്ക് മാണി സാറിന്റെ വയസ്സ് പറഞ്ഞു കൊണ്ടേയിരിക്കുന്നു.

ശ്രീ. പി. സി. ജോർജ് : സർ, വയസ്സ് മാത്രമല്ല, അദ്ദേഹത്തെ ഞാൻ അറിയുന്നതുപോലെ നിങ്ങളാരും അറിയുകയില്ല. ഞങ്ങൾ ഒരു താലൂക്കുകാരാണ്. ആ താലൂക്കിൽനിന്നും സ്വാഭാവികമായും അദ്ദേഹം അവിടെ നിൽക്കുന്നു. ഞാൻ ഇപ്പുറത്ത് നിൽക്കുന്നു. അദ്ദേഹത്തിന് ചെയ്യാവുന്ന ഊഴം എനിക്കിട്ട് ചെയ്യുന്നുണ്ട്. എനിക്ക് പറ്റുന്നത് ഞാൻ അങ്ങോട്ടും ചെയ്യും. നമ്മൾ ആരെങ്കിലും ജയിക്കട്ടെ, തോൽക്കട്ടെ.

ശ്രീ. കെ. എം. മാണി : സർ, ചെയ്തു ചെയ്ത് ഇത്രയുമായി.

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ ചെയ്തിട്ട് എനിക്ക് ഒരു കുഴപ്പവുമില്ല. അങ്ങ് കഴിഞ്ഞ തവണ ഇവിടെയിരുന്നു. ഞാൻ അപ്പുറത്തിരുന്നു. ഇനി എപ്പോൾ ഇലക്ഷൻ വന്നാലും ഞാൻ അപ്പുറത്ത് പോകും. അങ്ങ് ഇപ്പുറത്ത് വരും. മനസ്സിലായില്ലേ. അത് കേരളത്തിന്റെ സംസ്കാരമാണ്. അത് ഉൾക്കൊണ്ടുകൊണ്ട് അങ്ങ് പോയാൽ മതി. ആര് തീർക്കാൻ നോക്കിയാലും തീരുകയില്ല. ആരെല്ലാംകൂടി നോക്കിയതാണ്. ഒരുമിച്ചു നിന്നപ്പോൾ തലയിൽ മുണ്ടിട്ടുകൊണ്ട് നമുക്കിട്ട് നോക്കി. അങ്ങേയ്ക്ക് ഇതൊക്കെ നടക്കും. പക്ഷേ കളിയൊന്നും പി.സി. ജോർജിന്റെ അടുക്കൽ ചെലവാകുകയില്ലായെന്ന് പച്ചയ്ക്ക് പറഞ്ഞേക്കാം.

ശ്രീ. മത്തായി ചാക്കോ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിലെ വിധിന്യായ രംഗവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന 20,000-ലധികം വരുന്ന വക്കീൽ ഗുമസ്തൻമാരുടെ ക്ഷേമനിധിയും പെൻഷനും വ്യവസ്ഥ ചെയ്യുന്ന ഈ നിയമം പൊതുവേ സ്വാഗതം ചെയ്യുകയാണ്. കേരളത്തിലെ ആയിരക്കണക്കിന് വരുന്ന അഡ്വക്കേറ്റുമാരുടെ ഒന്നോ രണ്ടോ വരുന്ന ക്ലാർക്കുമാർ ഈ ക്ഷേനിധിയുടെ ഭാഗമായി അംഗങ്ങളായിട്ട് വരുന്നുണ്ട്. ഇവിടെ ഞങ്ങളെല്ലാം ശേഖരിച്ച കണക്കു പ്രകാരം 14,000-ഉം 15,000- ഉം വരുന്ന വക്കീൽ ഗുമസ്തൻമാരുടെ കണക്കുകളാണ് ഉണ്ടായിരുന്നത്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞപ്പോൾ 22,000-ത്തോളം ആളുകൾ ഉണ്ടാകുമെന്ന് പറഞ്ഞു. അംഗത്വത്തെ സംബന്ധിച്ച് ഞാൻ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സംസാരിക്കുന്നുണ്ട്. യഥാർത്ഥത്തിൽ 1985-ലെ അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയുടെ പദ്ധതി നിലവിലുണ്ട്. ഈ നിയമം വരുന്നതോടുകൂടി ആ പദ്ധതിയുടെ എല്ലാ വിശദാംശങ്ങളും ഇതിന്റെ ഭാഗമായിട്ട് ചേരുകയാണ്. വളരെ വിപുലമായിട്ടുള്ള ജുഡീഷ്യൽ സംവിധാനം നിലവിലുള്ള ഒരു സംസ്ഥാനമാണ് കേരളം. ഹൈക്കോടതിക്ക് പുറമേ 14 സെഷൻസ് കോടതികളും 22 അഡീഷണൽ സെഷൻസ് കോടതികളും 122 ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് കോടതികളും 23 ഓളം വരുന്ന ക്രിമിനൽ കോടതികളും പ്രവർത്തിക്കുന്നുണ്ട്. അതിനു പുറമേ സിവിൽ മേഖലയിൽ 14 ജില്ലാ കോടതികളും 78 മുനിസിഫ് കോടതികളും ഉൾപ്പെടെ 214 സിവിൽ കോടതികളും പ്രവർത്തിക്കുന്നു. ഇപ്പോൾ തുടങ്ങിയിട്ടുള്ള ഫാസ്റ്റ് ട്രാക്ക് കോടതികൾ ഉൾപ്പെടെ 476 ഓളം വരുന്ന കോടതികൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ ബില്ലിൽ വ്യവസ്ഥ ചെയ്തത് പ്രകാരം ഈ 476 കോടതികൾ പ്രവർത്തിക്കുന്ന .85 കോർട്ട് സെന്ററുകളാണ് നമ്മുടെ സംസ്ഥാനത്ത് ഉള്ളത്. ഈ 85 കോർട്ട് സെന്ററുകളിലായിട്ട് അഡ്വക്കേറ്റ് ക്ലാർക്ക്മാരുടെ അസോസിയേഷനുകൾ രജിസ്റ്റർ ചെയ്യണമെന്നുള്ള വ്യവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. അതുമായി ബന്ധപ്പെട്ടുകൊണ്ട് 20,000 - ത്തോളം വരുന്ന ക്ലാർക്കുമാരാണ് ഇപ്പോൾ നിലവിലുള്ളത് എന്നാണ് വ്യക്തമാക്കപ്പെട്ടിട്ടുള്ളത്. ഈ അംഗത്വത്തെ സംബന്ധിച്ച് സാധാരണ ഗതിയിലുള്ള ഒരു പ്രശ്നമാണ് ഇതിന്റെ ഭാഗമായിട്ട് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. Pleader's Clerk Rule എന്ന് പറയുന്ന ഒരു റൂൾ നിലവിലുണ്ട്. ഈ Pleader's Clerk Rule പ്രകാരം ഇപ്പോൾ ഒരു വക്കീലിന് ഒന്നോ രണ്ടോ ആളുകളെ ക്ലാർക്കുമാരായി നിയമിക്കാം. വലിയ തിരക്കുള്ള സീനിയർ വക്കീലൻമാരുടെ ഓഫീസുകളിൽ അവിടെ പ്രത്യേകമായിട്ട് ജില്ലാ കോടതിയുടെ പെർമിഷൻ വാങ്ങി രണ്ടിലധികം ക്ലാർക്കുമാരെ നിശ്ചയിക്കാവുന്ന ഒരു അവസ്ഥ നിലവിലുണ്ട്. അങ്ങനെ വരുമ്പോൾ ഈ ബിൽ നിയമമായിട്ട് വന്നാൽ, നാളെ ഏതെങ്കിലും വക്കീലിന് അവരുടെ ആശ്രിതരോ അല്ലെങ്കിൽ ശിൽബന്ധികളോ ആയിട്ട് നിൽക്കുന്ന ആളുകളെ പോലും ഈ നിയമത്തിൽ വേണ്ടത്ര വ്യവസ്ഥ ഇല്ലാത്തതുകൊണ്ട് അഡ്വക്കേറ്റ് ക്ലാർക്ക് ആയിട്ട് ഉൾപ്പെടുത്താൻ കഴിയുന്ന ഒരു അവസ്ഥയുണ്ട്. ഇതിന് ഒരു വ്യക്തതയില്ലെങ്കിൽ ഇപ്പോൾ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി 20,000 എന്ന് പറഞ്ഞത് ഈ ബിൽ നിയമമായിട്ട് വന്നാൽ ഈ ക്ഷേമപദ്ധതിയുടെ ഭാഗമായിട്ട് വരാനുള്ള ആഗ്രഹത്തിൽ പേര് രജിസ്റ്റർ ചെയ്യുന്നതുവഴി അതിന്റെ ആനുകൂല്യം പറ്റാൻ കഴിയുന്ന രൂപത്തിലേയ്ക്ക് ഒരുപാട് ആളുകൾ കടന്നു വരാനുള്ള സാദ്ധ്യതയുണ്ട്. കേരളത്തിൽ ഇന്ന് നിലവിലുള്ള ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ടുകൊണ്ട് ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. അതുകൊണ്ട് അതിന് ആവശ്യമായ രൂപത്തിൽ വക്കീലൻമാരുടെ ഗുമസ്ഥൻമാരായിട്ട് യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് മാത്രം അംഗത്വം കിട്ടുന്ന രൂപത്തിലേയ്ക്ക് ആവശ്യമായിട്ടുള്ള നിയന്ത്രണവും അതിന്റെ ഭാഗമായിട്ട് ഏർപ്പെടുത്തണം എന്നാണ് എനിക്ക് ആദ്യമായിട്ട് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ നിയമ സംവിധാനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു പ്രധാന പ്രശ്നം കൂടി ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അഭിഭാഷകരെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം അവരെ ബാധിക്കുന്ന കാര്യങ്ങൾക്ക് നിയമങ്ങൾ ഉണ്ട്. ലീഗൽ എത്തിക്സ് എന്നു പറയുന്ന ഒരു വി ാഗം തന്നെ പ്രവർത്തിക്കുന്നുണ്ട്. ആ ലീഗൽ എത്തിക്സിന് വിധേയമായി, 1961-ലെ അഡ്വക്കേറ്റ് ആക്ടിന് വിധേയമായി അഭിഭാഷകർ പ്രവർത്തിക്കണം. അതുപോലെ തന്നെ ജുഡീഷ്യൽ സംവിധാനം വേണം എന്നുള്ളതാണ് പൊതുവേ അംഗീകരിച്ചിട്ടുള്ള മാനദണ്ഡം. ഞാൻ ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നത്, കേന്ദ്ര ബാർ കൗൺസിൽ ഇപ്പോൾ സുപ്രീംകോടതിയോട് ഒരു കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര ബാർ കൗൺസിൽ ആവശ്യപ്പെട്ടിട്ടുള്ളത്, കോടതിയിൽ പ്രവർത്തിക്കുന്ന ജഡ്ജിമാർ ബന്ധുക്കൾ അഭിഭാഷകരായിട്ടുള്ള കോടതിയിൽ കേസ് വാദം കേട്ടുകൂടാ എന്നുള്ളതാണ്. കേന്ദ്ര ബാർ കൗൺസിൽ ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയ്ക്കുവേണ്ടി കൊടുത്തിട്ടുള്ളതാണ്. കേരള ഹൈക്കോടതിയിലെ ഏഴ് ജഡ്ജിമാരുടെ ബന്ധുക്കളായിട്ടുള്ള ആളുകൾ അഭിഭാഷകരായിട്ട് കേരള ഹൈക്കോടതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതിൽ തന്നെ ജഡ്ജിമാരായിട്ടുള്ള ആളുകളുടെ ബന്ധുക്കളായിട്ടുള്ള ചില ആളുകൾ സ്വമേധയാ അഭിഭാഷക്വൃത്തി നിർത്തിപ്പോയിട്ടുണ്ട്. യഥാർത്ഥത്തിൽ ലീഗൽ എത്തിക്സുമായിട്ട് ബന്ധപ്പെട്ടുകൊണ്ട് ബന്ധുവായ ഒരാൾ ജഡ്ജിയായിരിക്കുന്ന കോടതിയിൽ അഭിഭാഷകവൃത്തി നടത്തിക്കൂടാ എന്നുള്ളതോ അതല്ലെങ്കിൽ വക്കീലൻമാരായ ബന്ധുക്കളെ കോടതിയിൽ നിന്നോ, അതല്ലെങ്കിൽ ജഡ്ജിമാരെ മാറ്റി കൊടുക്കാൻ ആവശ്യമായിട്ടുള്ള ഒരു സംവിധാനം നമുക്കുണ്ടാകണം. പ്രത്യേകിച്ച് സ്വാതന്ത്ര്യത്തെത്തുടർന്ന് ഉണ്ടായിരിക്കുന്ന സ്ഥിതിയിൽ കോടതികളെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്ക് ആ പഴയ വിശ്വാസമില്ലാത്ത ഒരു അവസ്ഥയുണ്ട്. നമ്മുടെ അഭിഭാഷകരുടെ ഗുമസ്തൻമാരായി പ്രവർത്തിക്കുന്ന ആളുകൾ ഇവിടെ എന്റെ ബഹുമാന്യനായ സുഹൃത്ത് ചൂണ്ടിക്കാണിച്ചതുപോലെ ഒരു പുരുഷായുസ്സ് മുഴുവൻ. അതായത് പത്തോ ഇരുപതോ വയസ് പ്രായം ഉള്ളപ്പോൾ മുതൽ . ഇതിന് യോഗ്യതയൊന്നും വേണ്ട. എസ്.എസ്.എൽ. സി പാസാകുക എന്നുള്ള ഒരു കണ്ടീഷൻ മാത്രമേയുള്ളൂ. എസ്.എസ്. എൽ. സി പാസ്സാകുകയും ഇത്തരം കാര്യങ്ങളോട് താൽപ്പര്യം കാണിക്കുകയും ചെയ്യുന്ന ആളുകൾ പത്തോ ഇരുപതോ വയസുമുതൽ പ്രവർത്തിച്ച് 40-ഉം 50-ഉം 60-ഉം വർഷം വരെ ജോലി ചെയ്തിട്ടുള്ള പ്രശസ്തരായ ഗുമസ്തൻമാർ പല കോടതികളിലും ഉണ്ട്. അത്തരം വക്കീൽ ഗുമസ്തൻമാർ നിർണ്ണായകമായിട്ടുള്ള പങ്ക് ഈ കോടതിയുടെ വ്യവഹാരങ്ങളുമായിട്ട് നിർവ്വഹിക്കുമെന്നത് ശരിയാണ്. നേരത്തെ ഇവിടെ പറഞ്ഞല്ലോ ഒപ്പ് വയ്ക്കാതെ രേഖ കൊടുക്കുക. അതുപോലെ തന്നെ വക്കാലത്ത് കൊടുക്കുക തുടങ്ങിയ കാര്യങ്ങളിൽ.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, രേഖ എന്ന് പറയുമ്പോൾ ഇപ്പോൾ പല തരത്തിലുള്ള രേഖകളും വരുന്നുണ്ട്. വക്കീലൻമാരുടെ മുൻപിൽ തന്നെ കൃത്യമായിട്ട് രേഖ പരിശോധിക്കേണ്ടത് ഈ ഗുമസ്തൻമാരാണ്. വക്കീലിന് അതൊന്നും പരിശോധിക്കണമെന്നില്ല. അതിൽ ഇപ്പോൾ വന്നിരിക്കുന്നത് ഫാക്സ് വഴിയുള്ള രേഖയാണ്. ഇ-മെയിൽ വഴി വരുന്ന രേഖയുമുണ്ട്. ഇങ്ങനെ പറഞ്ഞ രേഖ പ്രകാരം ഇന്നലത്തെ പത്രത്തിൽ കണ്ടു. കോൺഗ്രസ് 'ഐ' യിലെ

LIBRARY ARCHIVES Kerala Legislative Assembly

5 എം.എൽ.എ മാരെയും രണ്ടു മന്ത്രിമാരേയും കോൺഗ്രസിൽ നിന്നും പുറത്താക്കി എന്ന്. അതിൽപുറത്താക്കി എന്നു കണ്ട ആ രണ്ടു മന്ത്രിമാരും ഇവിടെ രണ്ടു മന്ത്രിമാരായിട്ട് തന്നെ കാണുന്നു. ആ ഫാക്സ് കളവാണെന്ന് എ.ഐ.സി.സി ജനറൽ സെക്രട്ടറി പറയുന്നു ; കെ.പി.സി.സി പ്രസിഡന്റ് പറയുന്നു. അതുപോലെയുള്ള ഫാക്സ് വിശ്വസിച്ച് നടപടിക്ക് പുറപ്പെട്ടാൽ ഉണ്ടാകുന്ന ദോഷം എന്താണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. മത്തായി ചാക്കോ : സർ, ഗ്രൂപ്പ് കോൺഗ്രസ് ശക്തിപ്പെടുത്തിയതിനുശേഷം ഇത്തരം വ്യാജ രേഖകളുടെ പ്രവാഹമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, വ്യാജ രേഖ മാത്രമല്ല, ബദൽ രേഖ എന്നു പറയുന്ന ഒരു സാധനം ഉണ്ട്. ആ ബദൽ രേഖ നമ്മൾ പരിശോധിക്കണം. ബദൽ രേഖയോടൊപ്പം നിൽക്കുകയും അവസാനം ബദലിനെപ്പിടിച്ച് പുറത്താക്കി അവസാനം ബദൽ എല്ലാം കൂടി അസലാകുകയും ചെയ്യുന്നത് ഇതിനകത്ത് പരിശോധിക്കേണ്ട കാര്യമാണ്.

ശ്രീ. മത്തായി ചാക്കോ : സർ, വ്യാജ രേഖ ഇറക്കി ഏതോ ഫാക്സിന്റെ ഒരു കടലാസും കൊണ്ടു വന്ന് അഹമ്മദ് പട്ടേലും അതുപോലെ മുരളിയും അങ്ങനെ ഒരു രേഖയില്ല എന്ന് തള്ളിപ്പറഞ്ഞതിന്റെ ഒരു ജാള്യതയിൽ നിന്നാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂരിന്റെ ചോദ്യം വന്നത്.

ശ്രീ. എ. കെ. ബാലൻ : സർ, വ്യാജ രേഖ ഉണ്ടാക്കിയതിന്റെ പേരിലാണ് ശ്രീമതി ശോഭനാ ജോർജിന്റെ പേരിൽ കേസ് എടുത്തത് എന്ന ഒരു വാർത്ത വന്നിട്ടുണ്ട് അത് ശരിയാണോ ?

ശ്രീ. മത്തായി ചാക്കോ : സർ, ആ ചോദ്യം ബഹുമാനപ്പെട്ട ടൂറിസം മന്ത്രിയോടാണ് ചോദിക്കേണ്ടത്. ഏതായാലും വ്യാജ രേഖകൾ കോൺഗ്രസ്സിന്റെ ഗ്രൂപ്പ് വഴക്കുമായി ബന്ധപ്പെട്ട് ഇറക്കിയതാണ്. അത് വ്യാജ രേഖയുടെ പട്ടികയിൽ വരുന്നതാണ്. ഞാൻ പറഞ്ഞു വരുന്നത് വളരെ നിർണ്ണായകമായ പങ്ക് കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് നിർവ്വഹിക്കുന്ന ഒരു വിഭാഗമാണ് 20,000 ത്തോളം വരുന്ന വക്കീൽ ഗുമസ്ഥൻമാർ. ഇവിടെ രൂപീകരിക്കുന്ന ഈ ക്ഷേമനിധിയിൽ ഇവിടെ സൂചിപ്പിച്ചതുപോലെ 1985-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതി ഈ ബിൽ നിയമമാകുന്നതോടുകൂടി അതിന്റെ മേൽനോട്ടവും ഇവിടെ രൂപീകരിക്കുന്ന കമ്മിറ്റിയിൽ നിക്ഷിപ്തമാകും. ഈ കമ്മിറ്റിയിൽ ക്ഷേമനിധിക്കും അതുപോലെ തന്നെ പെൻഷൻ കൊടുക്കുന്നതിനുമുള്ള ഫണ്ടിനെക്കുറിച്ചും ഈ ബില്ലിൽ പറയുന്നത് അതിൽ പറയുന്നുണ്ട്. 1960-ലെ കേരള കോർട്ട്ഫീസും വ്യവഹാര സലയും ആക്ടിലെ 76-ാം വകുപ്പു പ്രകാരം ശേഖരിക്കുന്ന ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെ 20% ഫണ്ട് ഈ ആകട് പ്രകാരം രൂപീകരിക്കുന്ന ഫണ്ടിലേയ്ക്ക് മാറുന്നതാണ് എന്നാണ്. അതുപോലെ തന്നെ അപേക്ഷാ ഫീസ് 50 രൂപ, അഡ്മിഷൻ ഫീസ് 250 രൂപ, വാർഷിക ഫീസ് വരിസംഖ്യയായിട്ട് 200 രൂപ. ഇങ്ങനെ വരുമ്പോൾ രണ്ട് കാര്യങ്ങളാണ് ചൂണ്ടിക്കാണിക്കുന്നത്. ഈ ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്ന് നേരത്തെ പാസ്സാക്കിയിട്ടുള്ള ആക്ട് പ്രകാരമുള്ള ലീഗൽ ബെനിഫിറ്റ് ഫണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ ഈ ക്ഷേമ പദ്ധതിക്കുവേണ്ടി ഉപയോഗിക്കാൻ കഴിയുന്ന പ്രധാനപ്പെട്ട വരുമാനമായിട്ട് ശേഖരിക്കപ്പെടുന്നത്. അതുകൊണ്ട് ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെ 20 ശതമാനം എന്നുള്ളത് കുറച്ചുകൂടി വർദ്ധിപ്പിക്കാനുള്ള ദയ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി കാണിക്കണമെന്നുള്ളതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു 25 ശതമാനമായിട്ടെങ്കിലും ഈ ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെ തുക വർദ്ധിപ്പിച്ച് ക്ഷേമപദ്ധതിയുടെ തുക വർദ്ധിപ്പിക്കാൻ സന്നദ്ധമാകണം. ബഹുമാനപ്പെട്ട എം. വി. ജയരാജനും, പി. സി. ജോർജ്ജും ചൂണ്ടിക്കാണിച്ചതുപോലെ ഗവൺമെന്റിന് എന്താ പങ്ക്, ഗവൺമെന്റിന് ഒരു പങ്കും ഇല്ലല്ലോ. എന്നാൽ മറ്റു ക്ഷേമനിധികളിൽ ഉള്ളതുപോലെ ഗവൺമെന്റിന്റെ ഒരു വിഹിതം കൂടി ഇതിൽ ഉൾപ്പെടുത്തണം എന്നുള്ളതാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. മറ്റൊരു വളരെ പ്രധാനപ്പെട്ട പ്രശ്നം ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ചൂണ്ടിക്കാണിക്കാനുള്ളത് ഈ ബില്ലിൽ പറയുന്നത് ഫണ്ടിൽ പെൻഷൻ കൊടുക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് പൂർത്തിയായ തൊഴിൽവർഷങ്ങൾ കണക്കാക്കുമ്പോൾ ഈ നിയമം പാസാകുന്നതിനു മുമ്പ് വക്കീൽ ഗുമസ്തൻമാരായിട്ട് പ്രവർത്തിക്കുന്ന ആളുകൾക്ക് അവരുടെ മുമ്പുള്ള പ്രവർത്തനത്തിൽ നാല് വർഷം ഒരു വർഷമായിട്ടാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അത് ഒരു കടുത്ത അനീതിയാണ്. നമ്മൾ അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ഉണ്ടാക്കുന്ന സമയത്ത് അന്ന് ഉണ്ടായിരുന്ന വക്കീലൻമാർ അതിന്റെ വ്യവസ്ഥകളിലേക്ക് വരുമ്പോൾ രണ്ടുവർഷം പ്രാക്ടീസ് ഉണ്ടായിരുന്ന ആളുകൾക്ക് ഒരു വർഷം എന്ന നിലയിലേയ്ക്ക് നിബന്ധന ചെയ്തു കൊടുത്തു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് എന്തായാലും ഈ പാവപ്പെട്ട വക്കീൽ ഗുമസ്തൻമാർക്ക് ചെയ്തു കൊടുക്കാതിരിക്കുന്നത് ഒരു കനത്ത അനീതിയായിരിക്കും. അതുകൊണ്ട് ഒരു പ്രമുഖ അഭിഭാഷകൻ കൂടിയായിട്ടുള്ള ബഹുമാനനപ്പെട്ട നിയമ വകുപ്പുമന്ത്രി വക്കീൽ ഗുമസ്തൻമാരുടെ ഈ കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കണം. അവരുടെ വിവിധ സംഘടനകളും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഈ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ കോടതികളിലെ അസോസിയേഷനുകളും അവരുടെ സംഘടനകളും ഏകകണ്ഠമായിട്ടു തന്നെ ഈ പ്രശ്നം പൊതുജനശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. അതുപോലെതന്നെ പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു കാര്യമായി ഇത് മാറിയിട്ടുണ്ട്. അതുകൊണ്ട് ഈ നാല് വർഷം കൂടുമ്പോൾ പഴയ സർവ്വീസ് നാല് വർഷം ഒരു വർഷമായിട്ട് കണക്കാക്കണം എന്നുള്ളത് മാറ്റി രണ്ടു വർഷത്തെ സർവ്വീസ് കണക്കാക്കുന്ന സമയത്ത് ഒരു വർഷമായി കണക്കാക്കി അത്തരം ഒരു ഭേദഗതി ബുമാന്യനായ നിയമവകുപ്പു മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം പെൻഷൻ വിശദാംശങ്ങൾ ഈ ആക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. അതേസമയം ഒരു കാര്യം പറയുന്നത് പെൻഷൻ സംബന്ധിച്ചുള്ള ഏതൊരു സ്കീമും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി മാത്രമേ കൊണ്ടുവരാവൂ എന്നാണ്. ഒരു കമ്മിറ്റി നിശ്ചയിക്കുന്നുണ്ട്, ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്ന മൂന്ന് ആളുകൾ നിയമ വകുപ്പിന്റെ ആളുകൾ, അതുപോലെ തന്നെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആളുകളെയെല്ലാം വച്ചുകൊണ്ടുള്ള ഒരു കമ്മിറ്റി ഇവിടെ വിഭാവന ചെയ്യുന്ന സമയത്ത് ആ കമ്മിറ്റിക്ക് സ്വയംഭരണാവകാശം ഉണ്ടാകണ്ടേ, ആ സ്വയം ഭരണാവകാശം ഉണ്ടാകുമ്പോൾ എന്തിനാണ് ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള ഒരു അനുവാദം കാത്തു നിൽക്കുന്നത്. ഗവൺമെന്റ് ഒരു പൈസ പോലും അംശദായമായിട്ട് ഈ നിധിയിലേയ്ക്ക് കൊടുക്കാതിരിക്കുകയും അതേസമയം പെൻഷൻ പദ്ധതികളെ സംബന്ധിച്ച് മുൻകൂട്ടിയുള്ള അംഗീകാരം എന്ന നിലയിൽ ഒരു നിബന്ധന വയ്ക്കുന്നത് ശരിയല്ല. ഇപ്പോൾ 65 വയസ്സായി പെൻഷന്റെ വിശദാംശങ്ങൾ രൂപപ്പെടുത്തുന്ന സമയത്ത് 65 വയസ്സായിട്ട് അതിനെ ക്രമീകരിക്കണം എന്നുള്ള അഭിപ്രായമാണ് ഉള്ളത്. 65 വയസ്സിനു മേലെ പ്രായമുള്ള ആളുകൾ ഇപ്പോൾ വക്കീൽ ഗുമസ്തൻമാരായിട്ട് പ്രവർത്തിക്കുന്നുണ്ട്. അവരെയും ഈ സ്കീമിന്റെ ഭാഗമായിട്ട് കൊണ്ടുവരാൻ കഴിയണം. അവരുടെ ആശ്രിതരുടെ പെൻഷൻ, ചികിൽസാ ചെലവ്, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എല്ലാം നേരത്തെ ഉണ്ടായിരുന്ന ക്ഷേമ പദ്ധതിയുടെ തുടർച്ച എന്ന നിലയ്ക്ക് കുറേക്കൂടി വിപുലപ്പെടുത്തി കൊണ്ടുവരണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട നിർദ്ദേശം ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയുടെ മുമ്പിൽ വയ്ക്കാനുള്ളത് കമ്മിറ്റി രൂപീകരണത്തെ സംബന്ധിച്ച് ഈ ആക്ടിൽ പറയുന്നുണ്ട്. കമ്മിറ്റി രൂപീകരിക്കുമ്പോൾ കേരളത്തിലെ അഡ്വക്കേറ്റ് ക്ലാർക്സ് അസോസിയേഷനിൽ 85 സെന്ററുകളിലുള്ളവരാണ് അംഗങ്ങളായിട്ടുള്ളത്. ആ അസോസിയേഷനുകളിലെ ഏതെങ്കിലും മൂന്നുപേരെ ഗവൺമെന്റ് നോമിനേറ്റ് ചെയ്യണമെന്നുള്ളതാണ് ഈ ആക്ട് നിർദ്ദേശിക്കുന്നത്. അങ്ങനെ വരുമ്പോൾ ഗവൺമെന്റിന് അതാതു കാലത്ത് താൽപ്പര്യമുള്ള മൂന്ന് ആളുകളെ ഈ വക്കീൽ ഗുമസ്തൻമാരുടെ ശരിയായ പ്രാതിനിധ്യം ഇല്ലാതെ ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്നതായിട്ട് വരും, അതിനുപകരം ഞാൻ നിർദ്ദേശിക്കുന്നത് നമ്മൾ ജനാധിപത്യത്തെ കുറിച്ച് പറയുന്ന ആളുകൾ ആണല്ലോ, അവരുടെ അസോസിയേഷനുകൾക്ക് പ്രത്യേക രാഷ്ട്രീയം ഒന്നും ഇപ്പോൾ ഇല്ല. മറ്റെല്ലാ സംഘടനകളിൽ നിന്നും വ്യത്യസ്തമായിട്ട് എല്ലാ രാഷ്ട്രീയ പ്രവർത്തകൻമാരും ഉൾക്കൊള്ളുന്ന അസോസിയേഷനുകളാണ് ഇപ്പോൾ വിവിധ കോടതികളിൽ പ്രവർത്തിക്കുനനത്. അത് അങ്ങേയ്ക്കും അറിവുള്ളതാണ്. ഗവൺമെന്റ് സൂക്ഷിക്കുന്ന ഈ നിധി രൂപീകരിക്കുന്നതോടുകൂടി 85 കോർട്ട് സെന്ററുകളിലായി രൂപീകരിക്കപ്പെടുന്ന അസോസിയേഷനുകളുടെ മെമ്പർമാരുടെ ഒരു രജിസ്റ്റർ പട്ടിക വച്ചുകൊണ്ട് അവരുടെ ഇടയിൽ നിന്ന് മൂന്ന് ആളുകളെ തെരഞ്ഞെടുക്കണം. ഗവൺമെന്റ് മൂന്നാളുകളെ നോമിനേറ്റ് ചെയ്യുക എന്നുപറയുന്നത് തികച്ചും ജനാധിപത്യ വിരുദ്ധമായിട്ടുള്ള ഒരു നടപടിയാണ്. അതുകൊണ്ട് ബാങ്ക് ക്ലർക്കുമാർ അവരുടെ ഭൂരിപക്ഷപ്രകാരം മൽസരം നടത്തിക്കൊള്ളട്ടെ. എന്നിട്ട് മൂന്നുപേരെ തെരഞ്ഞെടുക്കുന്ന രൂപത്തിലേയ്ക്ക് ഈ കമ്മിറ്റിയുടെ രൂപീകരണത്തിന്റെ ഘടനയിൽ ആവശ്യമായിട്ടുള്ള മാറ്റം വരുത്തണം എന്നുള്ള നിർദ്ദേശമാണ് എനിക്ക് ബഹുമാന്യനായ മന്ത്രിയുടെ മുമ്പിൽ വയ്ക്കാനുള്ളത്. അതുപോലെ പ്ലീഡേഴ്സ് ക്ലർക്ക് റൂൾ അനുസരിച്ച് ജില്ലാ കോടതികളിലും ഹൈക്കോടതി രജിസ്ട്രാർ മുമ്പാകെയും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതും ഏതെങ്കിലും അഡ്വക്കേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ക്ലർക്ക് അസോസിയേഷനിൽ അംഗമായതുമായ ആൾ എന്നുള്ള വ്യവസ്ഥ കൃത്യമായിട്ട് വേണം. അതല്ലെങ്കിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ വഴിയേ പോകുന്ന ആർക്കും ഏതെങ്കിലും വക്കീൽ വിചാരിച്ചാൽ ഈ ക്ലർക്കിന്റെ പട്ടികയിലേക്ക് കൊണ്ടുവരാൻ കഴിയുന്ന അവസ്ഥയുണ്ടാകും. അപ്പോൾ പ്രാക്ടീസ് ചെയ്ത ഒരുപാട് ആളുകൾ ഉണ്ട്. ഇപ്പോൾ ജൂനിയർ വക്കീലൻമാരായിട്ടുള്ള ആളുകൾ ഗുമസ്തൻമാരെ വയ്ക്കുന്നില്ല. ഇപ്പോൾ ഞാൻ പ്രാക്ടീസ് ചെയ്യാത്ത ഒരു വക്കീലാണ്, എനിക്ക് വേണമെങ്കിൽ ബാർ കൗൺസിലിലെ അംഗത്വം വച്ചുകൊണ്ട് രണ്ട് ആളുകളെ എന്റെ ഗുമസ്തൻമാരായിട്ട് നിശ്ചയിച്ച് അവരെ പട്ടികയിൽ പെടുത്താം. അവർ ജോലി ചെയ്യുന്നില്ലല്ലോ, വ്യാജ അംഗമാണല്ലോ, പ്രാക്ടീസ് ചെയ്യാത്ത ആളുകൾക്ക് രണ്ട് ആളുകളെ ഈ ക്ഷമനിധിയിൽ പെടുത്തി ബാക്കിയുള്ള ആളുകൾ കൊടുക്കുന്ന അംശദായം കൊണ്ട് അവരെ പെടുത്താം. രണ്ടു രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച് കോടതിയിൽ കൊടുത്താൽ മതി. അതുകൊണ്ട് അത്തരം ഒരവസ്ഥ ഉണ്ടാക്കുന്നത് നിരുൽസാഹപ്പെടുത്തുന്നതിനാവശ്യമായ രൂപത്തിലുള്ള നിബന്ധന വേണം. വക്കീൽ ഗുമസ്തൻമാരായിട്ട് പ്രവർത്തിക്കുന്നവർക്കു മാത്രം ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ കിട്ടുന്ന രൂപത്തിലേയ്ക്കുള്ള വ്യവസ്ഥകളും, വ്യാജ അംഗത്വം തടയാനാവശ്യമായിട്ടുള്ള നിബന്ധനയും ഉണ്ടാക്കണം എന്നുള്ളതാണ്. അതുപോലെ ഈ ക്ഷേമനിധിയിലെ നിയമങ്ങളെ കുറിച്ച് ഈ വകുപ്പിൽ പറയുന്നുണ്ട്. ക്ഷേമനിധിയിലെ നിയമങ്ങളെ കുറിച്ച് പറയുമ്പോൾ ഈ കമ്മിറ്റിക്ക് അതിൽ അവകാശമുണ്ടെന്നാണ് പറയുന്നത്. അതിന് മാറ്റം വരുത്തണം. പുതിയ നിയമം നടത്തുമ്പോൾ അത് ഒന്നുകിൽ പി.എസ്.സി. ക്ക് വിടണം, ഇനി പി.എസ്.സി. ക്ക് വിട്ട് അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് കാലതാമസം വന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയോ അതിന് തടസ്സം വല്ലതുമുണ്ടെങ്കിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ നിയമിക്കാനുള്ള സംവിധാനം ഉണ്ടാകണം. ഗവൺമെന്റ് ഒരു കമ്മിറ്റിയെ നോമിനേറ്റ് ചെയ്ത് ആ കമ്മിറ്റിക്ക് ഇഷ്ടപ്രകാരം ആളുകളെ വയ്ക്കാൻ കഴിയുന്ന ഒരു സംവിധാനത്തോട് നമുക്ക് യോജിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് നിയമനം സംബന്ധിച്ചുള്ള വ്യക്തതയോടുകൂടിയുള്ള നിബന്ധനകൾ ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണം എന്നാണ് അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. രണ്ടുകാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഒന്ന് അഡ്വക്കേറ്റ് ക്ലർക്കായിട്ട് വരുന്ന ആളുകൾക്ക് ഇപ്പോൾ പ്രത്യേകമായിട്ടുള്ള ഒരു ക്വാളിഫിക്കേഷനും പറയുന്നില്ല, ആർക്കും വരാം എന്നുള്ളതാണ്. നമ്മൾ വലിയ നോട്ടിഫിക്കേഷൻ ഒന്നും പറയണ്ട, അതിന് താൽപ്പര്യമുള്ള ആളുകൾ വരട്ടെ. പക്ഷെ എസ്.എസ്.എൽ.സി. എങ്കിലും ഒരു നിബന്ധനയായിട്ട് വയ്ക്കുകയും, അങ്ങനെ വരുന്ന ആളുകൾക്ക് പരിശീലനം കൊടുക്കാൻ വേണ്ടിയിട്ടുള്ള ചുമതലകളും ബാദ്ധ്യതകളും എന്ന നിലയ്ക്ക് അതുകൂടി ഉൾപ്പെടുത്താൻ ആവശ്യമായിട്ടുള്ള ഒരു സംവിധാനം ഉണ്ടാകണം. ഞാൻ മറ്റു വിഷയങ്ങളിലേക്ക് പോകുന്നില്ല, ഒരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് കേരളത്തിൽ കോടതികളുടെ കാര്യം പറഞ്ഞു, ഏതാണ്ട് 476 ഓളം വരുന്ന കോടതികൾ സിവിൽ, ക്രിമിനൽ മേഖലകളിലായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. ഹൈക്കോടതികൾക്കു പുറമെ. ഇപ്പോൾ ഉയർന്നുവന്നിരിക്കുന്ന ഒരു പ്രശ്നം എറണാകുളത്തു പ്രവർത്തിക്കുന്ന ഹൈക്കോടതിയുടെ ഒരു ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കണമെന്നുള്ള ആവശ്യം മുമ്പ് ഉയർന്നിരുന്നു. കോഴിക്കോട് ബാർ കൗൺസിലിലും അതുപോലെ അവിടത്തെ ജനപ്രതിനിധികളും, അവിടത്തെ എം.പി. മാരും എല്ലാംകൂടി ചേർന്നുകൊണ്ട് കോഴിക്കോടും സുപ്രീംകോടതിയുടെ ഒരു ബഞ്ച് സ്ഥാപിക്കണമെന്നുള്ള ആവശ്യം മലബാർ മേഖലയിൽ നിന്നും പൊതുവിൽ ഉയർന്നുവന്നിട്ടുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, അഡ്വക്കേറ്റുമാരുടെയും ക്ലാർക്കുമാരുടെയും എണ്ണം നിശ്ചയിക്കുമ്പോൾ അനധികൃതമായി വരാതിരിക്കാൻ ശ്രദ്ധിക്കണമെന്നു പറഞ്ഞു. അപ്പോൾ ഈ അഡ്വക്കേറ്റുമാർക്ക് ഓരോ കോടതിയുടെയും പ്രത്യേകത അനുസരിച്ച് മുൻസിഫ് കോടതി, ജില്ലാ കോടതി, ഹൈക്കോടതി, ഇവർക്കെല്ലാം ജോലിയിൽ വ്യത്യസ്തതയുണ്ടോ. അല്ലെങ്കിൽ കൂടുതൽ ജോലി വരുന്നുണ്ടോ ? അതുകൊണ്ട് ആനുപാതികമായി ഒരു പരിധി നിശ്ചയിക്കണമെന്നാണോ പറഞ്ഞതിന് അർത്ഥം.

ശ്രീ. മത്തായി ചാക്കോ : സർ, പറഞ്ഞത് എന്താണെന്ന് എനിക്ക് മനസ്സിലായില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ചോദിച്ചത് വർക്ക് ലോഡ് അനുസരിച്ച് ആളുകളെ കൂടുതൽ വയ്ക്കാമോ എന്നാണ്.

ശ്രീ. മത്തായി ചാക്കോ : സർ, അത് വയ്ക്കാം. ഇപ്പോൾ പ്ലീഡേഴ്സ് ക്ലാർക്ക് എന്നുപറഞ്ഞ് ഒരു റൂൾ കോടതികളിൽ ഉണ്ട്. ആ റൂൾ പ്രകാരം സാധാരണ ഗതിയിൽ രണ്ടാളുകളെ വയ്ക്കാനാണ് നിയമം ഉള്ളത്. പക്ഷെ ഏതെങ്കിലും ഒരു സീനിയർ വക്കീലിന് കൂടുതൽ ഗുമസ്തൻമാരെ വയ്ക്കണമെന്ന് ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഈ കോർട്ട് സെന്ററിലെ ജില്ലാ ജഡ്ജിയുടെ അനുവാദത്തോടുകൂടി വയ്ക്കുന്നതിന് ഇപ്പോൾ തടസ്സമില്ല. ഇപ്പോൾ നിലവിൽ ആ സംവിധാനം ഉണ്ട്. പ്ലീഡേഴ്സ് റൂൾ തന്നെ ഒന്ന് ഭേദഗതി വരുത്തി ഇതിന് അനുസൃതമായി ഇതിന്റെ കൂടെ മാറ്റം വരുത്തേണ്ടതാണ്.

ഞാൻ പറഞ്ഞുവരുന്നത് തിരുവനന്തപുരത്ത് അതുപോലെ തന്നെ കോഴിക്കോട് ഈ കേസുകൾ തീർക്കുന്നതിനുവേണ്ടി ഹൈക്കോടതിയുടെ ഓരോ ബഞ്ച് സ്ഥാപിക്കുന്നതിന് ആവശ്യമായിട്ടുള്ള ഒരു നിലപാട് നമ്മൾ സ്വീകരിച്ചു പോകേണ്ടതുണ്ട്. അതിന്റെ പ്രാധാന്യമെന്നുപറയുന്നത് ഈ പറഞ്ഞിട്ടുള്ള രണ്ടു കോടതികളിലായി നാലര ലക്ഷത്തോളം വരുന്ന കേസുകൾ കെട്ടിക്കിടക്കുകയാണ്. ഈ 400, 476 കോടതികൾ ഉണ്ടായിട്ടും ലക്ഷക്കണക്കിന് വരുന്ന സിവിൽ കേസുകളും ക്രിമിനൽ കേസുകളും തീർപ്പാക്കാതെ കെട്ടിക്കിടക്കുകയാണ്—ഇതിന്റെ റിപ്പോർട്ട് ഇവിടെയുണ്ട്, സർ ഇവിടെ നിയമ സഭാംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള് ചീഫ് ജസ്റ്റിസിന്റേയും ക്രിമിനൽ ജസ്റ്റിസിന്റേയും റിപ്പോർട്ടുകളിൽ തന്നെ പറയുന്നത് ലക്ഷക്കണക്കിന് വരുന്ന കേസുകൾ കെട്ടിക്കിടക്കുകയാണ് എന്നാണ്. പല കോടതികളിലും A.P.P. മാർ ഇല്ല. അതുകൊണ്ടുതന്നെ ഭരണമുന്നണിക്കുള്ളിലെ തർക്കങ്ങൾ കൊണ്ട് ആളുകളെ നിശ്ചയിക്കപ്പെടുന്നില്ല. അതിലെല്ലാം ഒഴിവുകൾ കിടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കോടതികളുടെ പ്രവർത്തനം തന്നെ സ്തംഭിക്കുന്ന സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് അതെല്ലാം പരിഹരിക്കാൻ കഴിയുന്ന രൂപത്തിൽ കോടതികളുടെ എണ്ണം വർദ്ധിപ്പിക്കുകയെന്നുള്ളതല്ല, അടിയന്തിരമായി-A.PP. മാരെ നിയമിക്കേണ്ട സ്ഥലങ്ങളിൽ അത്തരം ആളുകളെ നിശ്ചയിക്കുകയും ഹൈക്കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ അതിവേഗം തീർപ്പുണ്ടാക്കുന്നതിനുവേണ്ടി നിയമത്തിൽ തന്നെ —നമ്മൾ പറയുന്നതാണ് ; നീണ്ടുപോകുന്ന നിയമം ന്യായം കിട്ടുന്നതിൽ താമസിച്ചുപോയാൽ അത് ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പറയുന്നുണ്ട്. അതുകൊണ്ട് അത്തരമൊരു നിലപാട് അംഗീകരിക്കാൻ വേണ്ടി കഴിയണം. ഈ പറഞ്ഞിട്ടുള്ള ഭേദഗതികളോടുകൂടി കേരളത്തിലെ ഇരുപതിനായിരത്തോളം വരുന്ന വക്കീൽ ക്ലാർക്കുമാരുടെ ക്ഷേമനിധിക്കും പെൻഷനുമുള്ള ഈ ബില്ലിനെ പൊതുവിൽ സ്വാഗതം ചെയ്തുകൊണ്ട് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. ടി.കെ. ദേവകുമാർ : സർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള അഡ്വക്കേറ്റ് ക്ലർക്ക്സ് ക്ഷേമനിധി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബിൽ സ്വാഗതാർഹമാണ്. പക്ഷെ ഈ ബിൽ ഇവിടെ സഭയിൽ പൈലറ്റ് ചെയ്തിരിക്കുന്നത് യു.ഡി.എഫ്. ഗവൺമെന്റിന്റെ പ്രഖ്യാപിത നയങ്ങൾക്ക് വിപരീതമായിട്ടുള്ളതാണ്. കാരണം മുഖ്യമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ഈ സഭയിൽ തന്നെ പല പ്രാവശ്യം വ്യക്തമാക്കിയിട്ടുള്ളതാണ്. എല്ലാ ക്ഷേമനിധികളും ഒരു വകുപ്പിന്റെ കീഴിൽ കൊണ്ടുവരുമെന്നാണ് പല പ്രാവശ്യം വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ഈ അഡ്വക്കേറ്റ് ക്ഷേമനിധി വന്നപ്പോൾ തൊഴിൽ വകുപ്പിന്റെ കീഴിൽ നിന്നും അവർ അതെടുത്തു ഹൈജാക്ക് ചെയ്ത് മാണിസാർ ഇത് നിയമവകുപ്പിന്റെ കീഴിൽ ആക്കിയിരിക്കുകയാണ്. ബിൽ പൈലറ്റ് ചെയ്തു എന്നുമാത്രമല്ല ഇത് മാണി സാർ നിയമവകുപ്പിലേക്ക് അടിച്ചുമാറ്റിയിരിക്കുകയാണ്. അത് എന്തുകൊണ്ടാണ് എന്ന് പരിശോധിച്ചപ്പോൾ എനിക്ക് ഒരു സംശയം തോന്നി, കാരണം എനിക്ക് തോന്നുന്നത്.

ശ്രി. പി. ജയരാജൻ : സർ, നിയമ വകുപ്പുമന്ത്രി ഇത് ഹൈജാക്ക് ചെയ്തതിനെ സംബന്ധിച്ചാണ് പറയുന്നത്. ലാ റിഫോംസ് കമ്മിറ്റി 25 പുതിയ ബില്ലുകൾ തയ്യാറാക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി ചെയർമാനായിട്ടുള്ള കമ്മിറ്റിയാണ് 25 പുതിയ ബില്ലുകൾ തയ്യാറാക്കിയത്. കേന്ദ്ര നിയമത്തിന്റെ മാതൃകയാക്കിക്കൊണ്ട് കേരളത്തിൽ കൊണ്ടുവന്നിട്ടുള്ള സ്വാശ്രയ സഹകരണ ബിൽ എം. വി. രാഘവൻ പൈലറ്റ് ചെയ്യേണ്ട ബില്ലടക്കം ഈ 25 പുതിയ ബില്ലുകളിൽ പെടുത്തിക്കൊണ്ട് ഈ സഹകരണ വകുപ്പുമന്ത്രിയുടെ അധികാരത്തെപ്പോലും ഹൈജാക്ക് ചെയ്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഇതിനകത്ത് ഹൈജാക്ക് എന്നുള്ള വാക്ക് ഞാൻ പ്രയോഗിക്കാൻ കാരണം ഇത് കേവലമായ ബിൽ പൈലറ്റിംഗ് മാത്രമല്ല കാരണം എന്താണെന്ന് അറിയാമോ ? ഈ ബിൽ നിയമമായിക്കഴിഞ്ഞാൽ ഇത്

LIBRARY ARCHIVES Kerala Legislative Assembly

ധനവകുപ്പിനെയെങ്കിലും ഒന്ന് ഏൽപ്പിക്കേണ്ടതായിരുന്നു എന്ന അഭിപ്രായമായിരുന്നു എനിക്കുള്ളത്. ഇതിനുപകരം നിയമവകുപ്പിലെ ഉദ്യോഗസ്ഥൻമാരെ കുത്തിനിറച്ച് ഈ ക്ഷേമനിധിയുടെ കൺട്രോൾ നിയമ വകുപ്പിന്റെ കൈപ്പിടിയിൽ ഒതുങ്ങുന്നു, മാണി സാറിന്റെ കൈപ്പിടിയിൽ ഒതുക്കുന്നു എന്ന് ആക്ഷേപം ഉന്നയിച്ചാൽ അതിൻ തെറ്റുപറയാൻ പറ്റുകയില്ല. പക്ഷെ അങ്ങനെ ഒരു നിഗമനത്തിലേയ്ക്ക് നിയമ വകുപ്പുമന്ത്രി എത്തിച്ചേർന്നത് ഈ കാരണം കൊണ്ടാണോ എന്ന് സംശയമുണ്ട്. കാരണം കശുവണ്ടി തൊഴിലാളികൾ പന്തീരായിരത്തി ഇരുന്നൂറ്റിയിരുപത് പേരും, കർഷകത്തൊഴിലാളികൾ അഞ്ചു ലക്ഷത്തി പത്തൊൻപതിനായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയാറ് പേരും ചുമട്ടുതൊഴിലാളികൾ നാന്നൂറ്റി എഴുപത് പേരും ഇപ്പോൾ പെൻഷൻ വാങ്ങുന്നുണ്ട്. കശുവണ്ടി തൊഴിലാളി ക്ഷേമനിധിയിലെ കുടിശ്ശിക, ഇരുപത്തിയെണ്ണായിരത്തി ഇരുന്നൂറ്റി നാൽപ്പത്തിയേഴ് പേർ അംഗങ്ങൾ ആയിട്ടുള്ള ക്ഷേമനിധിക്ക് 3.71 കോടി രൂപയാണ്, കർഷക തൊഴിലാളികൾക്ക് ആണെങ്കിൽ 1-2-2002 മുതൽ 30-4-2003 വരെ കൊടുക്കാനുള്ള പെൻഷൻ കുടിശ്ശിക തൊണ്ണൂറ്റിയെട്ടു കോടി ചില്ലറയാണ്. ഇന്ന് രാവിലെ തന്നെ ബഹുമാനപ്പെട്ട ഗോവിന്ദൻ മാസ്റ്ററുടെ ചോദ്യത്തിന് അങ്ങ് മറുപടി പറയുകയുണ്ടായി അതിവർഷാനുകൂല്യമായി കർഷക തൊഴിലാളികൾക്ക് കൊടുക്കാനുള്ള നാൽപ്പത് കോടി രൂപ കുടിശ്ശികയാണെന്ന്. ചുമട്ടുതൊഴിലാളികൾക്കോ 2003 മാർച്ച് ഏപ്രിൽ മാസത്തിലെ മാത്രം കുടിശ്ശിക തൊണ്ണൂറ്റി നാലായിരം ഉറുപ്പികയുണ്ട്. കശുവണ്ടി തൊഴിലാളികൾക്ക് 2002 ആഗസ്റ്റ് മുതൽ 2003 മേയ് 10, വരെയുള്ള ക്ഷേമനിധിയുടെ കുടിശ്ശിക മൂന്നുകോടി എഴുപത്തിയൊന്ന് ലക്ഷം രൂപയാണ്. ഈ സ്ഥിതി നിലനിൽക്കുന്ന സ്ഥിതിവിശേഷമാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണത്തിൻ കീഴിൽ ക്ഷേമനിധികൾക്ക് ഒട്ടാകെയിന്നുള്ളത്. കയർ തൊഴിലാളികൾക്ക് ഒരു ക്ഷേമനിധിയുണ്ട്, ഈ ക്ഷേമനിധി ബോർഡിലെ ചെയർമാൻ മാസങ്ങൾക്ക് മുൻപ് ചേർന്ന ഹൈലെവൽ കോൺഫറൻസിൽ എടുത്ത തീരുമാനമുണ്ട്. സർക്കാർ ഈ ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുമെന്ന് തീരുമാനമെടുത്തു. ഇപ്പോൾ സ്ഥിതിയെന്താണെന്നുവച്ചാൽ ഇരുപത്തിനാല് മാസമായി കയർത്തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡില്ല. ചെയർമാൻ ഉണ്ട്. ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ട് ബോർഡിൽ നിന്നും ചെയർമാനെ തെരഞ്ഞെടുക്കേണ്ട കയർ തൊഴിലാളി ക്ഷേമനിധിയിൽ ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടില്ല. ഇരുപത്തിനാലു മാസമായി ചെയർമാൻ കാറിൽ നടന്നു ഭരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിൽ ഗൗരവമായിട്ടുള്ള ഒരു കാര്യം കൂടി മാണിസാറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് നിയമം നിർമ്മിക്കുന്നതിൽ സർവകാല റിക്കോർഡാണല്ലോ ? ബഹുമാനപ്പെട്ട ശ്രീ. ജയരാജൻ ഇപ്പോൾ ചോദിച്ചതുപോലെ നിയമം ഉണ്ടാക്കുമ്പോൾ—ഒരു ചോദ്യത്തിന് കൂടി മാണി സാർ മറുപടി പറയേണ്ടിയിരിക്കുന്നു. അങ്ങ് ഒരുപാട് നിയമം കൊണ്ടുവരുന്ന കൂട്ടത്തിൽ ഈ മൽസ്യത്തൊഴിലാളി ക്ഷേമനിധിയെ സംബന്ധിച്ച ഒരു സുപ്രീം കോടതി വിധി ബഹുമാനപ്പെട്ട നിയമവകുപ്പിന്റെ ശ്രദ്ധയിൽ കാണും എന്നാണ് ഞാൻ വിചാരിക്കുന്നത്. കാരണം ഒരു

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിനു മുൻപ് ഈ സഭയിൽ ഒരു ഉറപ്പ് തന്നതാണ്, ഒരു സുപ്രീം കോടതി വിധി പ്രകാരം ഈ മൽസ്യത്തൊഴിലാളി ക്ഷേമനിധിയുടെ കയറ്റുമതിക്കാരുടെ വിഹിതം അടയ്ക്കണ്ട എന്ന് ഒരു സ്ഥിതിവിശേഷമുണ്ടായി. കോടിക്കണക്കിന് രൂപ ഈ മൽസ്യത്തൊഴിലാളി ക്ഷേമനിധിയിൽ അവർക്ക് നഷ്ടമായിരിക്കുകയാണ്. ഇതിന് സെസ് പിരിക്കാൻ ഉതകുന്ന വിധത്തിൽ ഒരു നിയമം കൊണ്ടുവരുമെന്ന് പറഞ്ഞിട്ട് ഇപ്പോൾ അഡ്വക്കേറ്റ് ക്ലർക്ക്സിന്റെ ബിൽ ഉൾപ്പെടെ നിയമം കൊണ്ടുവരാൻ നിയമം നിർമ്മിക്കാൻ ശ്രമിക്കുന്ന ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഈ കയറ്റുമതിക്കാരിൽ നിന്നും സെസ് പിരിക്കുന്നതിന് ഒരു നിയമം കൊണ്ടുവരുന്നതിന്, ഈ സഭയിൽ ഉറപ്പുനൽകി ഒരു വർഷം കഴിഞ്ഞിട്ടും എന്തുകൊണ്ടാണ് മുൻകയ്യെടുക്കാത്തത് എന്നൊന്ന് വ്യക്തമാക്കാൻ തയ്യാറാകണ്ടേ ? സർ, കഴിഞ്ഞ വർഷം വിൽപ്പന നികുതിയിനത്തിൽ പിരിക്കാൻ കഴിയാതെ പോയത് ബഡ്ജറ്റ് അനുസരിച്ച് 2,252.78 കോടി രൂപയാണ്. ഈ കാശിന്റെ പകുതിയെങ്കിലും പിരിച്ചെടുത്തിരുന്നുവെങ്കിൽ ഞാൻ വിവരിച്ച ക്ഷേമനിധികളുടെയൊക്കെ കുടിശ്ശിക ഇന്ന് ഉണ്ടാകുമായിരുന്നില്ല. ഈ ബില്ലിലേക്ക് വരുമ്പോൾ ആ സത്യം നമുക്ക് ബോദ്ധ്യപ്പെടണ്ടേ ? ഈ ക്ഷേമനിധിയിലേക്ക് ഒരൊറ്റ പൈസ കേരള സർക്കാരിന്റെ വിഹിതമായി കൊടുക്കുന്നില്ല. ഒരു നയാപൈസ കേരള സർക്കാരിന്റെ വിഹിതമായിട്ട് ഇതിനകത്ത് നൽകുന്നില്ല. യഥാർത്ഥത്തിൽ വക്കീൽ ഗുമസ്തൻമാരെ സഹായിക്കാനുള്ള ആത്മാർത്ഥതയാണുള്ളതെങ്കിൽ അവരുടെ വിഹിതത്തിന് തുല്യമായ ഒരു തുക സഹായം ചെയ്യാൻ തയ്യാറാകണം. സർക്കാർ അത്തരത്തിൽ ഒരു വിഹിതം കൊടുക്കാൻ തയ്യാറല്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, മാണി സാർ സഹാനുഭൂതിയും വിശാല മനസ്കതയുമുള്ള ആളാണെന്ന് ഞാൻ കരുതുകയാണ്. ഇൻഡ്യയിൽ മറ്റൊരു സ്ഥലത്തും ഇല്ലാത്ത രിതിയിൽ പാവപ്പെട്ട വക്കീൽ ഗുമസ്തൻമാർക്ക് പെൻഷൻ പദ്ധതിയുൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കുന്ന ആദ്യത്തെ സംസ്ഥാനമായി കേരളം മാറാൻ പോകുകയാണ്. അതിന് ബഹുമാന്യനായ നിയമവകുപ്പുമന്ത്രി മാണി സാർ എടുത്ത നടപടിയെ അങ്ങേയറ്റം അനുമോദിക്കുകയല്ലേ ചെയ്യേണ്ടത്. ഒരു തിരുത്തൽ വരുത്തിക്കൊള്ളട്ടെ, ഈ സർക്കാരിന്റെ വിഹിതമില്ലെന്ന് പറഞ്ഞു, ലീഗൽ ബെനിഫിറ്റ് 20 തമാനം കൊടുക്കുന്നുണ്ട്. അത് ഒരു വർഷം ഇരുപത് ലക്ഷം രൂപയാകും അത് സർക്കാരിന്റെ വിഹിതം ആണെന്നുള്ളത് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. ടി. കെ. ദേവകുമാർ : സർ, മാണിസർ വിശാല ഹൃദയനാണ്, മാണി സാറിനുവേണ്ടി അദ്ദേഹത്തിന്റെ എം.എൽ.എ. മാർ ഇടപെടുന്നതിന് കൂടെക്കൂടെ വഴങ്ങിക്കൊടുക്കുന്നുണ്ട്. പക്ഷെ മൽസ്യത്തൊഴിലാളികളുടെ വൻകിട കയറ്റുമതിക്കാരുടെ നിയമം കൊണ്ടുവരാത്തതിനെക്കുറിച്ച് മാണി സാറിന്റെ കൂട്ടുകാരൻ ഒന്നും പറഞ്ഞില്ല. അത് പറയാൻ വരികയാണെന്ന് വിചാരിച്ചാണ് വഴങ്ങിക്കൊടുത്തത്. നിയമം കൊണ്ടുവരുന്നതിൽ സന്തോഷമുണ്ട്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, സെസിന് വേണ്ടിയുള്ളതിന് നിയമവകുപ്പ് അംഗീകാരം കൊടുത്തുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഞാൻ പറഞ്ഞുവന്നത് ഇങ്ങനെ ഒരു സ്ഥിതിവിശേഷം നിലവിൽ ഇരിക്കുന്നു, ഇത് ഒരു വകുപ്പിന്റെ കീഴിൽ തന്നെ വരണം എന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിലല്ല ഇത് വന്നിരിക്കുന്നത് അതുപോലെ തന്നെ ഇതിന്റെ അടച്ച തുക സർക്കാർ ഉദ്യോഗസ്ഥർ വീതിച്ചെടുക്കുകയില്ലെന്ന്—അതു ഞാൻ വ്യക്തമാക്കാം കാരണം 8-ാം വകുപ്പിൽ ലാ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരെ മുഴുവൻ ബോർഡിൽ കുത്തി നിറച്ച് അവരുടെ ടി.എ.യും. ഡി.എ.യും ഈ ഫണ്ടിൽ നിന്ന് കൊടുക്കാമെന്നു പറഞ്ഞിരിക്കുന്നത് അപകടകരമാണ്, അങ്ങ് ഈ നിയമം കൊണ്ടുവരുന്നതിന്റെ ഭാഗമായി ലാ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർക്ക് ടി.എ.യും ഡി.എ.യും കൊടുക്കാൻ ഈ ഫണ്ട് ഉപയോഗിക്കുകയെന്നുപറയുന്നത് ശരിയല്ല, അതുപോലെ തന്നെ 11-ാം വകുപ്പിലെ മൂന്നാം വകുപ്പ് അനുസരിച്ച് ജീവനക്കാരെ നിയമിക്കാനുള്ള അധികാരം അത് ഈ ബോർഡിലേക്ക് ആവശ്യമായ സ്റ്റാഫിന്റെ നിയമനത്തിൽ വക്കീൽ ഗുമസ്തൻമാരുടെ മക്കൾക്ക് നിയമനം നൽകാനുള്ള ഒരു വ്യവസ്ഥയുണ്ടാകണം, ഈ ക്ഷേമനിധി ബോർഡിലേക്കുള്ള നിയമനത്തിൽ, അവർ പാവപ്പെട്ടവരല്ലേ സർ, അവരുടെ കുട്ടികൾക്ക് കൊടുക്കണം. അതുമുഴുവൻ നിയമ വകുപ്പിലെ ഉദ്യോഗസ്ഥർ ടി.എ.യും. ഡി.എ.യും ആയി കൊണ്ടുപോകുകയാണ്. അതാണ് ഞാൻ ബോദ്ധ്യപ്പെടുത്തിയത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സർ, ഉദ്യോഗസ്ഥൻമാരുടെ ശമ്പളവും മറ്റുമായിട്ടുള്ള തുക (Administrative Expenditure) ക്ഷേമനിധിയുടെ ആകെത്തുകയുടെ 5 ശതമാനത്തിലധികമാകരുതെന്ന വ്യവസ്ഥ ഇതിനകത്തുണ്ടാക്കണം. 12 NOON] സ്റ്റാമ്പ് ഒട്ടിച്ചുകിട്ടുന്ന കാശ് ഈ പാവങ്ങൾക്ക് കിട്ടത്തില്ല. കുറേ ക്ഷേമനിധികളുടെ കണക്ക് ഞാൻ ഇവിടെ വായിച്ചു. ഈ കാശ് നിയമ വകുപ്പ് ഉദ്യോഗസ്ഥർ ടി.എ.-യായും ഡി.എ.-യായും എഴുതി എടുത്തുകൊണ്ടു പോകുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് Administrative Expenditure 5 ശതമാനത്തിൽ കൂടരുതെന്ന ഒരു ഭേദഗതി ഇതിനകത്ത് ഉൾപ്പെടുത്തണം. ഇല്ലെങ്കിൽ ഈ ഫണ്ട് മുഴുവനും അത്തരത്തിൽ ചെലവഴിക്കും. അതുപോലെ ഈ ബില്ലിന്റെ പരിധിയിൽ വരുന്നവർ അഡ്വക്കേറ്റ് ക്ലാർക്കൻമാർ മാത്രമാണ്. വക്കീലൻമാരുടെ ഓഫീസുകളിൽ നിയമിക്കുന്നവരെല്ലാം ക്ലാർക്കന്മാർ ആയിരിക്കുമോ ? ആ ധാരണയില്ല. അതുകൊണ്ട് പ്യൂണായിട്ട് ഒരാളെ നിയമിച്ചാൽ അയാൾക്ക് ഈ ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുകയില്ല. അതുകൊണ്ട് അഡ്വക്കേറ്റ് ക്ലാർക്കൻമാർ എന്ന നിർവചനത്തിൽ വക്കീലിന്റെ കീഴിൽ നിയമിക്കുന്ന എല്ലാ ജീവനക്കാരും ഉൾപ്പെടണമെന്നുള്ള ഒരു ഭേദഗതിയാണ് എനിക്ക് ഇക്കാര്യത്തിൽ നിർദ്ദേശിക്കാനുള്ളത്. അതുപോലെതന്നെ കോടതികളിൽ ഫയൽ ചെയ്യുന്ന വക്കാലത്തുകളിൽ 2 രൂപയുടെ അഡ്വക്കേറ്റ് ക്ലാർക്ക് സ്റ്റാമ്പ് ഒട്ടിക്കണമെന്ന് 14-ാം വകുപ്പിൽ പറയുന്നു. എന്നാൽ ഈ വ്യവസ്ഥകളിൽനിന്നും സർക്കാർ സമർപ്പിക്കുന്ന വക്കാലത്തുകളെ ഒഴിവാക്കിയിരിക്കുകയാണ്. പാവപ്പെട്ട ജനങ്ങൾക്ക് 2 രൂപ ഫീസ്

LIBRARY ARCHIVES Kerala Legislative Assembly

ചുമത്തിയിരിക്കുന്നു. സർക്കാരിനെ അതിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു. സർക്കാരിന് അത് ഒഴിവാക്കിക്കൊടുക്കണമെന്നാണ്. സർക്കാർ ഫണ്ടിൽ വിഹിതം നിൽകില്ലെന്ന് മാത്രമല്ല സർക്കാർ നൽകുന്ന വക്കാലത്തുകളിൽ സ്റ്റാമ്പ് ഒട്ടിക്കേണ്ട എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. അത് ഭേദഗതി ചെയ്യണം. നമ്മുടെ നാട്ടിൽ കോടതികളിൽ സർക്കാർ കേസുകൾ തോറ്റുകൊണ്ടിരിക്കുന്നു. ഈ സ്ഥിതിവിശേഷമെന്ന് പറയുമ്പോൾ പി.പി.-മാരുടെ നിയമനത്തിൽ നമ്മൾ സ്വീകരിക്കുന്ന മതിയായ ധാരണക്കുറവല്ലേ എന്നതല്ലേ സത്യം ?

മി. സ്പീക്കർ : പി.പി.-മാരുടെ നിയമനവും അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ നിയമനവുമായിട്ട് എന്ത് ബന്ധമാണ് ? എല്ലാപേരും ഇതിനകത്ത് ഒതുങ്ങിനിന്ന് സംസാരിക്കണമെന്ന് പറയുകയും എന്നിട്ട് തൊഗാഡിയയുമൊക്കെ കൊണ്ടുവരുന്നു.

ശ്രീ. ടി. കെ. ദേവകുമാർ : സർ, എല്ലാപേരും സംസാരിച്ചു. ഞാൻ ഇതിന്റെ സെക്ഷനിൽനിന്നുമാണ് സംസാരിച്ചത്. ഇപ്പോൾത്തന്നെ ഇതിനകത്ത് സർക്കാർ കേസുകൾ പരാജയപ്പെടുന്നത്, ഇതിനകത്ത് ഗുമസ്തൻമാർക്കുകൂടി ഉത്തരവാദിത്വമില്ലേ ; ഉണ്ട്. പി.പി.-മാരുടെ നിയമനത്തിൽ അപാകതയുണ്ട്. പി.പി.-മാരുടെ പ്രവർത്തനത്തിൽത്തന്നെ അപാകത വന്നിരിക്കുന്നു. അതുകൊണ്ടാണിത് വന്നിരിക്കുന്നത്. അവരെ സഹായിക്കുന്ന ക്ലാർക്കൻമാരുടെ സ്ഥിതിയാണ് നമ്മൾ ചർച്ച ചെയ്യുന്നത്. സിംലയിൽ നിന്നും വന്നിറങ്ങിയ ഉടനെ മുഖ്യമന്ത്രി ഇവിടെ ഒരു പത്രസമ്മേളനം നടത്തി, മോഹൻകുമാർ കമ്മിഷനിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഒരാളേയും വെറുതെ വിടില്ല എന്ന് അദ്ദേഹം പ്രഖ്യാപിച്ചു. പത്രവാർത്ത ഉദ്ധരിക്കുന്നത് ശരിയല്ലെങ്കിലും ഒരു പരാതി എന്റെ കൈയിൽ കിട്ടി. (ഒരു പേപ്പർ ഉയർത്തിക്കാണിക്കുന്നു) കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണലിന്റെ ജഡ്ജിയായി മോഹൻകുമാർ കമ്മിഷനിൽ പേര് പരാമർശിക്കപ്പെട്ടിരിക്കുന്ന ഒരാളിനെ നിയമിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ക്യാബിനറ്റ് നിർദ്ദേശം വന്നിരിക്കുന്നു എന്നാണ് മനസ്സിലാക്കുന്നത്. മോഹൻകുമാർ കമ്മിഷനിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന എല്ലാപേരുടേയും പേരിൽ നിയമ നടപടികൾ എടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു.

ശ്രീ. എ. കെ. ബാലൻ : സർ, അതുകൊണ്ടാണ് മോഹൻകുമാർ കമ്മിഷന്റെ റിപ്പോർട്ട് ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കാത്തതെന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. ടി. കെ. ദേവകുമാർ : സർ, കമ്മിഷനിൽ പരാമർശിക്കപ്പെട്ടവരെയെല്ലാം പ്രോസിക്യൂട്ട് ചെയ്യുമെന്ന് പറയുമ്പോൾ ആ കമ്മിഷനിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഒരാളും, ഞങ്ങളുടെ നാട്ടിൽ ആലപ്പുഴയിൽ റോഡ് ടാർ ചെയ്തതുമായി ബന്ധപ്പെട്ട്.....

മി. സ്പീക്കർ : ഇതുമായി ഒരു ബന്ധവുമില്ല. ഇത് ഇന്നെങ്കിലും തീർക്കേണ്ട. അഞ്ഞൂറ്റി ചില്വാനം ഭേദഗതികളുണ്ട്. ഒരു ബില്ലെങ്കിലും തീർക്കേണ്ട ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം. കോടതികളിൽ നമ്മുടെ കേസുകൾ തോൽക്കുകയാണ്. കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണൽ ജഡ്ജിയായി പരിഗണിക്കുന്ന ഒരാളെ സംബന്ധിച്ച് വിവാദപരമായ വാർത്ത വന്നിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണമെന്നുള്ളതുകൊണ്ടാണ് ഞാൻ അത് പറഞ്ഞത്. നമ്മൾ വളരെ ഗൗരവമായിട്ട് ഈ സഭയിൽ ചർച്ച ചെയ്യുന്ന അവസരത്തിൽ, 42 ശതമാനം തുകയെക്കുറിച്ച് ചർച്ച ചെയ്യുന്ന അവസരത്തിൽ മന്ത്രിമാരിൽ പലരും ഇന്നലെയും ഇല്ലായിരുന്നു. ഇന്നലെ ചില ആളുകൾ വിമാനത്തിലാണ് ഇവിടെ എത്തിച്ചേർന്നത്. ഇന്ന് വിമാനത്തിൽ വന്നവരേയും കാണുന്നില്ല, വണ്ടിയിൽ വന്നവരേയും കാണുന്നില്ല. ഇന്നലെ പാലക്കാട്ട് യോഗം കൂടി.....

മി. സ്പീക്കർ : ബില്ലിനകത്ത് നിന്ന് സംസാരിക്കണം.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഇവിടെ ഇന്നുള്ള ഒരു സ്ഥിതിവിശേഷമെന്ന് പറയുന്നത്, നിയമനിർമ്മാണത്തിൽ മന്ത്രിമാർക്കുള്ള താൽപ്പര്യം എന്താണ് ? ഇവിടെ വലിയ കോലാഹലമായിരുന്നു. ഏതാണ്ടൊക്കെ സാധിക്കുമെന്ന് പറഞ്ഞു. സാധിക്കത്തില്ല. 'കെട്ടിലമ്മ ചാടിയാൽ എവിടംവരെ എത്തുമെന്ന്' ഞങ്ങൾ തുറന്നുപറഞ്ഞു. ഇന്ന് നിയമനിർമ്മാണത്തിൽ ഇവർക്കെന്താ താൽപര്യം ? ഇന്നലെ എം.എൽ.എ.-മാരെ കോഴിക്കോട്ടുനിന്നും വിമാനത്തിൽ ഇവിടെ എത്തിച്ചു.

മി. സ്പീക്കർ : രാഷ്ട്രീയം പറയരുത്. ബില്ലിൽ ഒതുങ്ങിനിന്ന് പറയണം.

ശ്രീ. ടി. കെ. ദേവകുമാർ : സർ, നിയമനിർമ്മാണത്തിൽ ഈ ഗവൺമെന്റിൽ പങ്കാളികളായവരുടെ കാര്യം അങ്ങ് തന്നെ കഴിഞ്ഞ ദിവസം പറഞ്ഞു. ഈ ഗവൺമെന്റിൽ എന്താണ് ഇവർക്കുള്ള താൽപര്യം ? നിയമനിർമ്മാണത്തിൽ ഗവൺമെന്റ് അല്ല പ്രധാന കക്ഷി, ഇന്നലെ ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചൂണ്ടിക്കാണിച്ചു. ഇന്നും അത് ആവർത്തിക്കുകയാണ്. അവർക്ക് ഇതിനകത്ത് താൽപര്യമില്ല. കാരണമെന്താണ് ? അവരുടെ കാര്യമൊക്കെ ഏതാണ്ട് സാധിച്ച മട്ടിലായി. സംസ്ഥാന ജനറൽ കൗൺസിൽ കൂടി കോഴി ബിരിയാണി തിന്നേച്ച് എക്സിക്യൂട്ടീവിനെ ചുമതലപ്പെടുത്തി. എക്സിക്യൂട്ടീവ് കൂടി സുലൈമാനി കുടിച്ചിട്ട് പാണക്കാട്ട് ശിഹാബ് തങ്ങളെ ചുമതലപ്പെടുത്തി. വൈകുന്നേരം വരെ വെയിലും മഴയും കൊണ്ട് റോഡിൽ നിന്നവരോട്.....

മി. സ്പീക്കർ : No, No, No. ഇങ്ങനെയാണെങ്കിൽ ബി.എ.സി. കൂടി ഓരോ ബില്ലിനും സമയം നിശ്ചയിക്കും.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, അങ്ങ് രാവിലെ ഈ സഭയിൽ വച്ച കാര്യം എല്ലാപേരും ഇഷ്ടപ്പെടുകയാണ്. ബില്ലിനുള്ളിൽ ലീഗിന്റെ കമ്മിറ്റിയിൽ ചായ കഴിച്ചതും മറ്റും എന്തിനാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഈ നിയമനിർമ്മാണ സഭയിൽ 42 ശതമാനം വരുന്ന ബഡ്ജറ്റ് തുക കൈകാര്യം ചെയ്യേണ്ട മന്ത്രിമാരില്ല. രണ്ടാമത്തെ കക്ഷിയിലെ ആരും ഈ നിയമനിർമ്മാണസഭയിൽ ഇപ്പോഴില്ല. ഒറ്റ മന്ത്രിമാരില്ല. ഇവിടെ നിയമനിർമ്മാണം നടത്തുകയാണ്. നിയമനിർമ്മാണത്തെക്കുറിച്ച് ഭരണകക്ഷിയിലുള്ള കക്ഷികൾക്കാർക്കും താൽപര്യമില്ല എന്ന സത്യം ബോദ്ധ്യപ്പെടുത്താനാണ് ഞാൻ ശ്രമിച്ചത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പാർട്ടി നേതാക്കാൻമാരോട് എനിക്ക് പറയാനുള്ളത്, പാർട്ടി മീറ്റിംഗിൽ രാഷ്ട്രീയം പറയണം. രാഷ്ട്രീയം പറയാൻ നമുക്ക് ധാരാളം സമയം അവിടെത്തന്നെ ഉണ്ടല്ലോ.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഈ നിയമനിർമ്മാണത്തിൽ അങ്ങ് മുൻകൈ എടുക്കേണ്ടതല്ലേ. രണകക്ഷിയിലെ ആളുകൾക്ക് ഗ്രൂപ്പുകളിയിൽ മാത്രമാണോ താൽപര്യം. നിയമനിർമ്മാണം നടക്കുമ്പോൾ നിയമസഭയിൽ അംഗങ്ങളായ മന്ത്രിമാരുടെ സാന്നിദ്ധ്യം ഉണ്ടാകണം. ഞങ്ങളെല്ലാപേരും കൂടി ആലപ്പുഴയിൽ കരിമണൽ സമരത്തിലാണ്. ആലപുഴ ജില്ലയിലൂടെ ആരും ഇപ്പോൾ വരുന്നില്ല. കാരണം അവിടെ സമരം നടക്കുകയാണ്. ശ്രീ. വി.എം. സുധീരനും, ശ്രീ. കെ. സി. വേണുഗോപാലും, ഞാനും സമരത്തിലാണ്. ആ വഴിക്ക് വരുന്നില്ല. കള്ളം ചെയ്യുന്നവരുടെ കൈ മുറിക്കുകയാണ് ഇസ്ലാമിക രാജ്യങ്ങളിൽ ചെയ്യുന്നതെങ്കിൽ ഇന്നലെ ശിഹാബ് തങ്ങളുടെ കൂടെയിരുന്ന് ചർച്ച ചെയ്ത പല മന്ത്രിമാരുടേയും കൈ കക്ഷത്തുവച്ച് മുറിക്കേണ്ടി വരും. എന്നെക്കൊണ്ട് രാഷ്ട്രീയം പറയിപ്പിക്കരുത്. ഇവിടെ ഈ നിയമനിർമ്മാണത്തിൽ നിങ്ങളുടെ താൽപര്യം ഞങ്ങൾ കണ്ടു. ഇന്നലെ കോഴിക്കോട്ട് ലീഗ് ഹൗസിന് മുമ്പിൽ കണ്ടു. കോഴിബിരിയാണി കഴിച്ച് തങ്ങളെ ഏൽപ്പിച്ചിട്ട് പിരിഞ്ഞു. ഇതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ആർക്കാ താൽപ്പര്യം ? അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ സാർ, ബഹുമാനപ്പെട്ട മന്ത്രിമാരെങ്കിലും ഗ്രൂപ്പ് കളിക്കുന്ന താൽപര്യം നിയമനിർമ്മാണത്തിൽ കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ബിൽ സ്വാഗതാർഹമാണ്. ഇതിനകത്ത് ചൂണ്ടിക്കാണിച്ച വകുപ്പുതല ഭേദഗതികൾ സജീവമായി ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കണം, പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇവിടെ ഡിസെന്റിംഗ് നോട്ട് അവതരിപ്പിച്ച ശ്രീ. എം. വി. ജയരാജനും, ശ്രീ.പി.സി.ജോർജും, മറ്റ് ഭേദഗതികൾ അവതരിപ്പിച്ച ശ്രീ. മത്തായി ചാക്കോ, ശ്രീ. ടി. കെ. ദേവകുമാർ ഇവരെല്ലാം പറഞ്ഞിട്ടുള്ള പ്രധാന പോയിന്റുകൾക്ക് ഞാൻ മറുപടി പറയാം. ഏറ്റവും പ്രധാനമായിട്ട് പറഞ്ഞത് ഈ ക്ഷേമനിധി എന്ന് പറഞ്ഞതിൽ തുച്ഛമായ ഒരു തുകയേയുള്ളു, അത് വക്കീൽ ക്ലാർക്കന്മാർക്ക് വലിയ പ്രയോജനം കിട്ടുകയില്ലായെന്നാണ് ആദ്യത്തെ പോയിന്റ്. അത് അങ്ങനെയല്ല. വാസ്തവത്തിൽ ഈ ക്ഷേമനിധി ബില്ലിന്റെ ഫലമായി വരാൻ പോകുന്നത് ഒന്ന്, റിട്ടയർമെന്റ് ബെനിഫിറ്റ് കിട്ടും. രണ്ട്, എല്ലാ മാസവും ഒരു പെൻഷൻ കിട്ടും. ഇത് ഇന്ത്യയിൽ ആദ്യമായിട്ട് കേരളത്തിലാണ്. നമുക്ക് രണ്ട് സവിശേഷതകളുള്ളത് ഇന്ത്യയിൽ ആദ്യമായിട്ട് അഭിഭാഷക ക്ഷേമനിധി ബിൽ കേരള നിയമസഭ പാസ്സാക്കി. ഇന്ത്യയിൽ ആദ്യമായി വക്കീൽ ഗുമസ്തന്മാർക്ക് പെൻഷൻ. പക്ഷേ നമ്മൾ 1985-ൽ ഒരു ഇൻഷുറൻസ് സ്ക്കീം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നിരുന്നു. പതിനായിരും രൂപയുടെ ഇൻഷുറൻസ് സ്കീം. അതും വക്കീൽ ഗുമസ്തന്മാർക്ക് ഇന്ത്യയിൽ ആദ്യമായിട്ടാണ്, പക്ഷേ അത് പരിമിതമായിരുന്നു. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത് ഒന്നുകൂടെ വിപുലമായിട്ടാണ്. വക്കീലന്മാർക്ക് തമിഴ്നാട്ടിൽ ഒരു സ്കീമുണ്ട്. ഇല്ലെന്നു ഞാൻ പറയുന്നില്ല. പെൻഷനോടുകൂടി വിപുലമായ ആനുകൂല്യങ്ങളോടുകൂടി കൊണ്ടുവന്നിരിക്കുന്നു. നിയമം നമ്മുടേത് വളരെ വളരെ യുണീക്കായിട്ടുള്ള ഒന്നാണ്. അതുപോലെതന്നെ ഇൻഷുറൻസ് കവറേജ് ഇതിനകത്ത് കൂടുതൽ വരുന്നു. കൂടുതൽ ആനുകൂല്യങ്ങൾ കിട്ടത്തക്കവണ്ണം ഇങ്ങനെ മൂന്ന് കാര്യങ്ങളാണ് ഇതുകൊണ്ടുണ്ടാകുന്നത്. ഇതിന്റെ രൂപയെപ്പറ്റി, കോർപ്പസ് ഫണ്ടിനെപ്പറ്റി പറയുമ്പോൾ നമുക്ക് ഇത് പരിമിതമല്ല. കുറെയൊക്കെ ആശ്വാസമാണ് ഇതെന്നുകാണാൻ കഴിയും. കോർപ്പസ് എന്ന് പറയുന്നത് ഫിക്സഡായിട്ടുള്ള ഫീസുണ്ട്. ചേരുമ്പോൾ 100 രൂപ. അഡ്മിഷൻ ഫീസ് 250 രൂപ. രണ്ടുംകൂടി 350 രൂപ. ഇവിടെ 20,000 വക്കീൽ ക്ലർക്കുമാരുണ്ട്. വക്കീൽ ക്ലർക്കന്മാർ തെളിവ് തന്നപ്പോൾ അവർ പറഞ്ഞ നമ്പരാണ് 20,000. കാരണം വക്കീലന്മാർ 30,000 ഉണ്ട്. അപ്പോൾ 20,000 വക്കീലന്മാർ ഏതായാലും ഉണ്ടെന്നു പറയുന്നത് സ്വാഭാവികം മാത്രമാണ്. പ്ലീഡേഴ്സ് ക്ലർക്ക് റൂൾസ് ഇവിടെയുണ്ട്. ആ റൂൾ അനുസരിച്ച് ഇവർക്ക് അസോസിയേഷനൊക്കെയുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അസോസിയേഷനിലൊക്കെ പ്രവർത്തിക്കുന്ന വക്കീലന്മാരെ സംബന്ധിച്ചിടത്തോളം 20,000 ഉണ്ടെന്ന് അവർ പറഞ്ഞ കണക്കാണ് ഞാൻ പറയുന്നത്. പ്രതിപക്ഷത്ത് നിന്ന് 13,000 എന്ന് പറയുന്നത് ശരിയല്ല. 20,000 എന്ന കണക്കിലേക്ക് പോരുകയാണ്. 20,000 വച്ച് ആണെന്നുണ്ടെങ്കിലും ഈ പ്രവേശന ഫീസും അഡ്മിഷൻ ഫീസുംകൊണ്ട് മാത്രം 70 ലക്ഷം രൂപയുണ്ടാകും. റിക്കറിംഗായിട്ടുള്ളത്, ആനുവലായിട്ടുള്ളത് 200 രൂപ ഇതൊക്കെ അടിച്ചേൽപ്പിച്ചതല്ല. വക്കീലന്മാർ വന്ന് അവർ ഞങ്ങളോട് പറഞ്ഞു, സബ്ജക്റ്റ് കമ്മിറ്റിയിൽ പറഞ്ഞു. ഞങ്ങൾ കുറച്ചുകൂടി പ്രവേശന ഫീസ് തരാം, ഞങ്ങൾ കുറച്ചുകൂടി ആനുവൽ ഫീസ് തരാം, ഞങ്ങൾക്ക് പ്രയോജനം ഉണ്ടാകുന്ന സ്കീം കൊണ്ടുവന്നാൽ മതിയെന്ന് അവർ യാഥാർത്ഥ്യ ബോധത്തോടുകൂടിയാണ് പറഞ്ഞത് ഞാൻ ഓർക്കുകയാണ്. റിക്കറിംഗായിട്ട് ഓരോ വർഷവും 200 രൂപ അവർ തരാമെന്നു പറയുന്നു. അങ്ങനെയാണെങ്കിൽ 20,000 പേർക്ക് 40 ലക്ഷം രൂപയായിരിക്കും വരുമാനം. വക്കാലത്ത് നാമയിൽ, ഓരോ വക്കാലത്തിലും രണ്ട് രൂപ സ്റ്റാമ്പ് ഒട്ടിക്കാനായിട്ടാണ് ഈ നിയമത്തിൽ പറയുന്നത്, അങ്ങനെ വരികയാണെങ്കിൽ രണ്ട് ലക്ഷം വക്കാലത്താണ് കണക്കനുസരിച്ച് ഒരു വർഷമുള്ളത്. രണ്ട് ലക്ഷം വക്കാലത്തിൽ രണ്ട് രൂപ വച്ച് ഒട്ടിച്ചാൽ 4 ലക്ഷം രൂപയായി. പിന്നീട് ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്ന് സ്റ്റാമ്പ് ഐറ്റത്തിൽ കിട്ടുന്ന വരുമാനത്തിന്റെ 50 ശതമാനം ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ അഡീഷണൽ കോർട്ട് ഫീയിൽ നിന്ന് കിട്ടുന്ന മുഴുവൻ വരുമാനവും ഉണ്ട്. ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്ന് കിട്ടുന്ന 50 ശതമാനവും അതിനകത്തുണ്ട്. ഇതൊല്ലാംകൂടി ചേരുന്ന ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ 20 ശതമാനം ഇതിലേയ്ക്ക് മാറ്റിവയ്ക്കണമെന്ന് നമ്മൾ വ്യവസ്ഥ പറയുകയാണ്. അങ്ങനെയാണെങ്കിൽ 10 ലക്ഷം രൂപ വരും. അതായത് മൊത്തത്തിൽ നോക്കുമ്പോൾ റിക്കറിംഗായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഓരോ വർഷവും 54 ലക്ഷവും ഫിക്സഡായിട്ട് ഒൺ ടൈം എന്നുള്ള നിലയിൽ 70 ലക്ഷം രൂപയുംകൂടി കിട്ടുന്നുണ്ട്. ഇത് രണ്ടുംകൂടി നോക്കുമ്പോൾ 54 ലക്ഷം രൂപയാണ് റിക്കറിംഗ്. പിന്നെ 70 ലക്ഷവുംകൂടി കൂട്ടുന്നു. ഇത് 10 കൊല്ലമാകുമ്പോൾ 5 കോടി 40 ലക്ഷം രൂപ കിട്ടും. അതിന്റെ പലിശ ഏതാണ്ട് ഫിക്സഡ് ഒൺ ടൈം 70 ലക്ഷം കൂടി കൂട്ടുമ്പോൾ ഏതാണ്ട് 6 കോടി രൂപ വരും 10 വർഷത്തേയ്ക്ക്. 10 വർഷത്തേയ്ക്ക് ഒൺ ടൈമായി കിട്ടുന്നതും റിക്കറിംഗായിട്ട് കിട്ടുന്നതും എല്ലാംകൂടി നോക്കുമ്പോൾ പലിശയുൾപ്പെടെ 6 കോടി 10 ലക്ഷത്തോളം രൂപ നമുക്ക് കിട്ടും. ഇങ്ങനെ വരുന്ന തുകയാണ് വാസ്തവത്തിൽ പറഞ്ഞാൽ ഒരു 10 കൊല്ലം ആകുമ്പോഴേക്കും ആറ് കോടി രൂപ എന്നത് എല്ലാംകൂടി വരുമ്പോൾ, കണക്ക് കൂട്ടുമ്പോൾ ഏഴ് കോടിയോളം രൂപ വരും. അത് വച്ച് പറയുകയാണെങ്കിൽ 200 പേർക്ക് മാസംതോറും ആയിരം രൂപവച്ച് കൊടുക്കാം. റിട്ടയർ ചെയ്യുന്നവർ അതിൽകൂടുതൽ വരികയില്ല. റിട്ടയർമെന്റ് ബെനിഫിറ്റും കൊടുക്കാം. റിട്ടയർ ചെയ്യുന്നവർ ഒരു വലിയ സംഖ്യവരികയില്ല. റിട്ടയർമെന്റ് ബെനിഫിറ്റ് കൊടുക്കാം. ഓരോ ഗുമസ്തനും 1000 രൂപയെങ്കിലും നമുക്ക് മന്തിലിയായിട്ട് കൊടുക്കാനുള്ള തുക ഇതുകൊണ്ടുണ്ടാകുന്നുയെന്നുള്ളത് ഒരു ചെറിയ കാര്യമല്ല. റിട്ടയർമെന്റ് ബെനിഫിറ്റിനെ സംബന്ധിച്ചിടത്തോളം ഇനി റൂൾ ഉണ്ടാകണം. ആ റൂളിനകത്ത് ഓരോ ഗുമസ്തന്റെയും സർവ്വീസ് കാലാവധിയൊക്കെ കണക്കാക്കി എത്രയെന്ന് നിശ്ചയിക്കുമ്പോഴാണ് അത് റിട്ടയർമെന്റ് ബെനിഫിറ്റിൽ വരുന്നത്. എങ്കിലും അവിടെയുണ്ടായ ധാരണ റിട്ടയർ ചെയ്യുമ്പോൾ ഏതാണ്ട് ഒരു ലക്ഷം കിട്ടും. വക്കീലന്മാർക്കാണെങ്കിൽ റിട്ടയർ ചെയ്യുമ്പോൾ ഏതാണ്ട് 3 ലക്ഷം രൂപ കിട്ടുന്നുണ്ട്. ഗുമസ്തന്മാരെ സംബന്ധിച്ചിടത്തോളം റിട്ടയർ ചെയ്യുമ്പോൾ ഒരു ലക്ഷം രൂപയെങ്കിലും ഞാൻ കൃത്യം പറയുന്നില്ല. ഒരു ലക്ഷം രൂപയെങ്കിലും സാമാന്യമായ റിട്ടയർമെന്റ് ബെനിഫിറ്റ് കൊടുക്കുകയും മാസംതോറും ഒരു ആയിരം രൂപയുടെ പെൻഷൻ കൊടുക്കുകയും ചെയ്യുന്നതിന് പര്യാപ്തമായ ഒരു നിയമമാണ് നമ്മൾ ഇവിടെ കൊണ്ടുവന്നിരിക്കുന്നത് എന്ന് പറയുമ്പോൾ ഇത് വളരെ വലിയ സഹായമാണെന്ന് ഓർക്കുകയാണ്. ഞാൻ ഏഴ് കോടി എന്നു പറഞ്ഞത്, 9 ശതമാനം ഇന്ററസ്റ്റ് വച്ചാണ്. അങ്ങനെ വരുമ്പോൾ 63 ലക്ഷം രൂപ കിട്ടും. അതുപോലെതന്നെ ഇവിടെവന്ന വിമർശനമെന്നുപറയുന്നത് വേറൊരു കാര്യമാണ്. ഡിസെന്റിംഗ് നോട്ടിൽ ബഹുമാനപ്പെട്ട പി. സി. ജോർജും എം. വി. ജയരാജനുമൊക്കെ പറഞ്ഞത്, വേറെ പെൻഷൻ വാങ്ങുന്ന ആളുകളെ ഇതിൽ നിന്ന് ഒഴിവാക്കാൻ പാടില്ല. അത് പരിശോധിക്കാം. നല്ല അഭിപ്രായം പ്രതിപക്ഷത്ത് നിന്നു വന്നാലും തീർച്ചയായിട്ടും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. അഡ്വക്കേറ്റുമാരുടെ കാര്യത്തിൽ സർക്കാർ ഉദ്യോഗസ്ഥന്മാരുമൊക്കെ റിട്ടയർ ചെയ്തിട്ട് സന്നദ് എടുത്തിട്ട് കോടതിയിൽ പോയി പ്രാക്ടീസ് ചെയ്തു വക്കീലന്മാരാകുന്നുണ്ട്. അവരെ അഡ്വക്കേറ്റ് ഫണ്ടിൽ നിന്ന് മാറ്റി. ബാർ അസോസിയേഷന്റെ അഭിപ്രായപ്രകാരം നമ്മൾ മാറ്റി. അങ്ങനെയാണെന്നുണ്ടെങ്കിൽ പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നൊക്കെ റിട്ടയർ ചെയ്യുന്ന ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവർ വീണ്ടും ക്ലർക്കായി വന്ന് ഇതിന്റെ ആനുകൂല്യം വാങ്ങാൻ പാടില്ല. രണ്ട് പെൻഷനാകാൻ പാടില്ല. അതുകൊണ്ട് ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ് ചർച്ച ചെയ്യുമ്പോൾ നമുക്ക് ഒന്നുകിൽ ഓറൽ അമന്റ്മെന്റായി കൊണ്ടുവരാം. എന്താണെന്നു വച്ചാൽ ആ ചർച്ചാ സന്ദർഭത്തിൽ നമുക്ക് തീർച്ചയായിട്ടും അങ്ങനെയുള്ള ആളുകളെ ഒഴിവാക്കാം, അതിന് ഗവൺമെന്റ് തടസ്സമില്ല. ഒരു ചെറിയ കാര്യംകൂടി പറയാം. ബഹുമാനപ്പെട്ട മത്തായി ചാക്കോ, വക്കീലൻമാരുടെ ക്ലർക്കുമാരുടെ ക്ഷേമനിധിയിൽ അംഗമാകുന്നതിനു മുമ്പുള്ള നാലു വർഷത്തെ സർവ്വീസ് ഒരു വർഷമായാണ് പരിഗണിക്കുന്നത്. രണ്ടു വർഷത്തെ ഒരു വർഷമായി എടുക്കുവാൻ ഇവിടെ പറഞ്ഞു. ഇപ്പോൾ ഗവൺമെന്റിന് അതിനകത്ത് പ്രത്യേകമായി ഹാർഡ് ആന്റ് ഫാസ്റ്റ് റൂൾ ഇല്ല. അങ്ങനെ വരുമ്പോൾ അതിന് കൂടിതൽ ക്ലെയിം വരും. നാലു വർഷമെന്നു പറയുന്നത് ഒരു വർഷമെന്നു പറയുമ്പോൾ ക്ലെയിം കൂടുതൽ വരും. ക്ലർക്കുമാരെ സംബന്ധിച്ച് അതിനുള്ള കോർപ്പസ് കണ്ടു എന്നു വരുകയില്ല. എല്ലാവരും ഇതിന്റെയെല്ലാം കോർപ്പസിൽ നിന്നുകൊണ്ടാണ് പോകേണ്ടത്. അതുകൊണ്ട് പ്രത്യേക പ്രയോജനമൊന്നും രണ്ടു വർഷം ആക്കിയതുകൊണ്ട് കിട്ടുകയില്ല. വലിയ മാറ്റമൊന്നും വരുത്താതെ നാലു വർഷം എന്നുള്ളത് ഒരു വർഷം എന്നാക്കിയാൽ മതിയെന്നാണ് എനിക്ക് തോന്നുന്നത്. ഓരോ കോടതിയിലും എന്തിനാണ് ഈ അസ്സോസ്സിയേഷനിൽ മെമ്പർ ആകുന്നത്. അസ്സോസ്സിയേഷൻ എന്തിനാണ് ? പ്ലീഡേഴ്സ് ക്ലർക്ക് റൂൾ എന്നു പറഞ്ഞ് ഒരു റൂൾ ഉണ്ട്. ആ റൂൾസ് അനുസരിച്ച് എല്ലാ കോടതിയിലും പ്ലീഡേഴ്സിന് ഒരു അസ്സോസ്സിയേഷനുണ്ട്. അങ്ങനെ അസ്സോസ്സിയേഷൻ ഉള്ളതുകൊണ്ട് നമുക്ക് വളരെ സഹായകരമാണ്. ബോഗസ് ആയിട്ടുള്ള മെമ്പർമാരൊന്നും വരുകയില്ല. അതാണ് ആ അസ്സോസ്സിയേഷനെ നമ്മൾ അംഗീകരിക്കുന്നുവെന്നുള്ള ഭേദഗതി ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത്. കൂടുതലായ അഭിപ്രായ വ്യത്യാസമൊന്നുമില്ല എല്ലാവരും പൊതുവേ സ്വീകരിച്ച ഒരു നല്ല നിയമനിർമ്മാണം എന്നുള്ളത്, പ്രത്യേകിച്ച് പ്രതിപക്ഷം അതിനെ സ്വാഗതം ചെയ്തതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഓരോ നിയമനിർമ്മാണവും ഓരോ കോൺടക്സ്റ്റിലാണ്. എല്ലാ ക്ലർക്കുമാരുടേയും വക്കീലൻമാരുടേതാകുകയില്ല, വക്കീലൻമാരുടെയെല്ലാം ക്ലർക്കുമാരുടേയും ആകുകയില്ല. അതുപോലെ ഓരോ കോടതിയിലുമുള്ള അസ്സോസ്സിയേഷൻ എന്നു പറയുന്നത് റൂൾ അനുസരിച്ചുള്ള അസ്സോസ്സിയേഷൻ ഉള്ളതുകൊണ്ടാണ്.

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ റിക്കറിംഗും ഫിക്സഡും ആയിട്ട് ഏഴുപതു ലക്ഷവും അമ്പത്തിനാല് ലക്ഷവും പറഞ്ഞു. അങ്ങനെയെങ്കിൽ അദ്ദേഹം ഇവിടെ പറഞ്ഞ കണക്കനുസരിച്ച് ആറു കോടിയാണ് പറഞ്ഞത്. യഥാർത്ഥത്തിൽ പന്ത്രണ്ട് കോടി 40 ലക്ഷം വരില്ല.

ശ്രീ. കെ. എം. മാണി : സർ, ശ്രീ. പി. സി. ജോർജ് എന്നെ സഹായിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. എന്റെ ആർഗുമെന്റ് ഒന്നുകൂടി ബലപ്പെടുകയാണ്. എന്റെ കണക്കിൽ ഞാൻ അവസാനം കൊണ്ടുവന്ന് പറഞ്ഞത് ഏഴു കോടി ഡിപ്പോസിറ്റ് വരും. ഒമ്പത് ശതമാനം ഇന്ററസ്റ്റ്വച്ച് അറുപത്തിമൂന്നു ലക്ഷം ഇവിടെ വരുമെന്നു പറഞ്ഞു. പതിനൊന്നു ശതമാനം പറഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. ഇവിടെ കുറച്ചുകൂടി കൂടുതലാണ്. എനിക്ക് സന്തോഷമേയുള്ളൂ. അങ്ങനെവരട്ടെ എന്ന് ഞാൻ ആശംസിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : സർ, അങ്ങനെയാണെങ്കിൽ ക്ലർക്കുമാരുടെ നാലു വർഷം ഒരു വർഷം മാറ്റി രണ്ടു വർഷം ഒരു വർഷം ആക്കിയാലും ഈ ബില്ലിന് ഒരു കുഴപ്പവും ഉണ്ടാകുകയില്ല.

ശ്രീ. കെ. എം. മാണി : സർ, അതുവേണ്ട ജോർജ്ജേ, സ്നേഹം ഉണ്ടെങ്കിലും എല്ലാ കാര്യങ്ങളും നമ്മൾ അങ്ങോട്ടും ഇങ്ങോട്ടും അംഗീകരിക്കുന്ന സമീപനം വലിയ അപകടമാണ്. ഞങ്ങൾ തമ്മിൽ വലിയ അടുപ്പം വന്നിട്ടുണ്ട്. എനിക്ക് അറിഞ്ഞുകൂടെ.....(ബഹളം)

ശ്രീ. പി. സി. ജോർജ് : സർ, ബില്ലിനെപ്പറ്റി സംസാരിക്കുമ്പോൾ വ്യക്തിപരമല്ല, നിയമമാണ്. അത് വ്യക്തിപരമായ സ്നേഹബന്ധമായി അങ്ങ് കണക്കാക്കരുത്. അത് അപകടത്തിലാകും.

മി. സ്പീക്കർ : ചില കാര്യം വിസ്മരിക്കുവാൻ ഒക്കുകയില്ല. അങ്ങനെ വിസ്മരിക്കുവാൻ ഒക്കാത്തതിൽ ഒന്നാണ് നിങ്ങൾ തമ്മിലുള്ള അടുപ്പം. ശ്രീ. മത്തായി ചാക്കോ അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. മത്തായിചാക്കോ : ഇല്ല.

Mr. Speaker : The amendment moved by Shri. Mathai Chacko is , by leave, withdrawn.

ശ്രീ. ടി. കെ. ദേവകുമാർ : സർ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ? അദ്ദേഹം സീറ്റിൽ ഇല്ല. ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള അഡ്വക്കേറ്റ് ക്ലർക്ക്സ് ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

മി. സ്പീക്കർ : ഇന്നെങ്കിലും ഈ ബിൽ തീർക്കണം. അഞ്ഞൂറ്റി ചില്വാനം ഭേദഗതികളുണ്ട്. അത്യാവശ്യമുള്ള ഭേദഗതികളെക്കുറിച്ചുമാത്രം ദയവായി സംസാരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

2-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ എന്റെ 109, 115, 127, 141, 144 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

109. ഖണ്ഡം (2)(എ) താഴെപ്പറയും പ്രകാരം മാറ്റി എഴുതുക.

(എ) അഭിഭാഷകൻ എന്നാൽ 1961-ലെ അഭിഭാഷക ആക്ട് (1961-ലെ 25-ാം കേന്ദ്ര ആക്ട്) 17-ാം വകുപ്പ് പ്രകാരം കേരള ബാർ കൗൺസിൽ തയ്യാറാക്കിയതും വച്ചുപോരുന്നതുമായ അഭിഭാഷകരുടെ സംസ്ഥാന പട്ടികയിൽ പേര് ചേർത്തിട്ടുള്ളതും "അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ളതും ഒരു ബാർ അസ്സോസ്സിയേഷനിലെ അംഗമോ അല്ലാത്തതോ ആയ ആൾ എന്നർത്ഥമാകുന്നു".

115. ഖണ്ഡം 2(ബി) യിൽ "അസോസിയേഷനിലെ അംഗവുമായ ഒരു കാളാർക്ക്" എന്ന വാക്കുകൾക്കു പകരം "അസോസിയേഷനിലെ അംഗവുമായ ഒരു അഡ്വക്കേറ്റ് ക്ലർക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

127. ഖണ്ഡം (2)(ഐ)-യിൽ "ഭാര്യയോ, ഭർത്താവോ" എന്ന വാക്കുകൾക്കുശേഷം "അഡ്വക്കേറ്റ് ക്ലാർക്കിനെ പൂർണ്ണമായി ആശ്രയിച്ചു കഴിയുന്ന അദ്ദേഹത്തിന്റെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

141. ഖണ്ഡം (2)(എൻ)-ൽ "സർക്കാരിനാൽ" എന്ന വാക്ക് വിട്ടു കളയേണ്ടതാണ്.

144. ഖണ്ഡം (2)(ഒ)-ക്ക് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :

"(എ) "സെക്രട്ടറി" എന്നാൽ കമ്മിറ്റിയുടെ സെക്രട്ടറി എന്നർത്ഥമാകുന്നു". ;

ശ്രീ. ബിനോയ് വിശ്വം : സർ, ഞാൻ എന്റെ 110, 116, 126, 131, 138, 142, 146 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

110. ഖണ്ഡം (2)(എ) താഴെപ്പറയുംപ്രകാരം മാറ്റി എഴുതുക.

(എ) "അഡ്വക്കേറ്റ്" എന്നാൽ 1961 -ലെ അഡ്വക്കേറ്റ്സ് ആക്ട് (1961-ലെ 25-ാം കേന്ദ്ര ആക്ട്) 17-ാം വകുപ്പ് പ്രകാരം കേരള ബാർ കൗൺസിൽ തയ്യാറാക്കിയതും വച്ചു പോരുന്നതുമായ അഭിഭാഷകരുടെ സംസ്ഥാന പട്ടികയിൽ പേര് ചേർത്തിട്ടുള്ളതും ഒരു ബാർ അസോസിയേഷനിലെ അംഗവും "അഭിഭാഷക വൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള ആളും" എന്നർത്ഥമാകുന്നു".

116. ഖണ്ഡം 2(ബി) താഴെപ്പറയുംപ്രകാരം മാറ്റി എഴുതുക.

(ബി) "അഡ്വക്കേറ്റ് ക്ലാർക്ക് " എന്നാൽ ഒരു അഭിഭാഷകനാൽ നിയോഗിക്കപ്പെട്ടിട്ടുള്ളതും നിയോഗിക്കപ്പെട്ടേയ്ക്കാവുന്നതും, അങ്ങനെയുള്ള രീതിയിലും അധികാര സ്ഥാനത്തിനാലും

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കപ്പെട്ടിട്ടുള്ളതും, ഒരു അഡ്വക്കേറ്റ് ക്ലർക്ക്സ് അസോസിയേഷനിലെ അംഗവുമായ പുരുഷനോ സ്ത്രീയോ ആയ ഒരു ക്ലാർക്ക് എന്നർത്ഥമാകുന്നു".

126. ഖണ്ഡം 2(ഡി) താഴെപ്പറയും പ്രകാരം മാറ്റി എഴുതുക.

(ജി) "തൊഴിൽ അവസാനിപ്പിക്കൽ" എന്നാൽ കമ്മിറ്റി വച്ചുപോരുന്ന സംസ്ഥാന പട്ടികയിൽ നിന്നും ഒരു അഡ്വക്കേറ്റ് ക്ലാർക്കിന്റെ പേര് അയാൾ സ്വമേധയാ ആയോ, അല്ലാതെയോ'' വിരമിച്ചതുകൊണ്ട് നീക്കം ചെയ്യുക എന്നർത്ഥമാകുന്നു.

131. ഖണ്ഡം 2(ഐ) താഴെപ്പറയുംപ്രകാരം മാറ്റി എഴുതുക

(ഐ) ആശ്രിതർ എന്നാൽ ഭാര്യയോ, ഭർത്താവോ, അച്ഛനോ, അമ്മയോ പ്രായപൂർത്തിയാകാത്ത "തൊഴിൽ രഹിതരായ" ആൺമക്കളോ, അവിവാഹിതരോ, വിധവകളോ, വിവാഹിതരോ, വിവാഹമോചിതരോ "മറ്റ് ജീവിത മാർഗ്ഗങ്ങൾ ഇല്ലാത്തവരോ" ആയ പെൺമക്കളോ എന്നർത്ഥമാകുന്നു.

138. ഖണ്ഡം 2(എൽ) താഴെപ്പറയും പ്രകാരം മാറ്റി എഴുതുക.

(എൽ) "ഫണ്ടിലെ അംഗം" എന്നാൽ ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഫണ്ടിൽ അംഗമായി ചേർക്കുകയും വിഹിതം നൽകിക്കൊണ്ട് ഫണ്ടിലെ അംഗമായി തുടർന്നു പോരുകയും "ഫണ്ടിന്റെ നിബന്ധനകൾ ക്രമമായി പാലിക്കുകയും ചെയ്യുന്ന ഒരു അഡ്വക്കേറ്റ് ക്ലാർക്ക് എന്നർത്ഥമാകുന്നു.

142. ഖണ്ഡം 2(എൻ) താഴെ പറയുന്ന പ്രകാരം മാറ്റി എഴുതുക.

(എൻ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ടിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾമൂലം സർക്കാരിനാലോ "കാലാകാലങ്ങളിൽ നിയുക്തമായ അധികാര സ്ഥാപനങ്ങളാലോ" നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു".

146. ഖണ്ഡം 2(ക്യൂ) താഴെപ്പറയും പ്രകാരം മാറ്റി എഴുതുക.

2(ക്യൂ) "വക്കാലത്ത്" എന്നാൽ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ അധികാരസ്ഥാനത്തിന്റെയോ മുമ്പാകെ ഹാജരാക്കുന്നതിനോ വാദിക്കുന്നതിനോ ഒരു അഡ്വക്കേറ്റിനെ അധികാരപ്പെടുത്തുന്ന വക്കാലത്ത് നാമയോ മെമ്മോറാണ്ടം ഓഫ് അപ്പിയറൻസോ മറ്റേതെങ്കിലും ആധികാരികമായ" രേഖയോ എന്നർത്ഥമാകുന്നു.

<u>ശ്രീ. വി. കെ. ചന്ദ്രൻ</u> : സർ, ഞാൻ എന്റെ 111-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

111. ഖണ്ഡം 2(ബി)യിൽ,

"ഉദ്യോഗത്തിൽ നിയമിക്കപ്പെട്ടതും" എന്നതിനുപകരം "ഉദ്യോഗത്തിൽ പ്രവേശിക്കപ്പെട്ടതും" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ എന്റെ 112-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

112. ഖണ്ഡം 2(ബി)യിൽ ഒന്നാം വരിയിൽ "അഭിഭാഷകനാൽ" എന്ന വാക്കിനും "ഉദ്യോഗത്തിൽ" എന്ന വാക്കിനും ഇടയിലായി "ക്ലർക്കായി" എന്ന വാക്ക് ചേർക്കുക.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ എന്റെ 113-ാം എന്നീ നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

113. ഖണ്ഡം 2(ബി)യിൽ "അഭിഭാഷകനാൽ" എന്നതിനു പകരം "'അഭിഭാഷകൻ തന്റെ ക്ലർക്കായി" എന്നും "നിയമിക്കപ്പെട്ട" എന്നതിനു പകരം "നിയമിച്ച" എന്നു ചേർക്കുകയും "അങ്ങനെയുള്ള" എന്നതും "അപ്രകാരം" എന്നതും നീക്കം ചെയ്യുകയും ചെയ്യുക.

മലയാളത്തിലുള്ള ബില്ല് ആയതുകൊണ്ട് മലയാളത്തിന്റെ മനോഹാരിതയ്ക്ക് ചോർച്ച സംഭവിക്കുന്ന രീതിയിൽ കണ്ടുപോയതുകൊണ്ട് വളരെ മിനക്കെട്ട് വായിച്ച് പഠിച്ച് അവതരിപ്പിച്ച റിപ്പോർട്ടാണ്. നേരത്തേ പ്രസംഗിച്ചവർക്ക് ഒരു മണിക്കൂർ രണ്ട് മണിക്കൂർ രാഷ്ട്രീയം പറയാനുള്ള സാവകാശമൊക്കെ കണ്ടു. ഇത് ക്ലാസ് ബൈ ക്ലാസ് ചർച്ചയിൽ കൃത്യമായിട്ടുള്ള ഭേദഗതികളാണ് കൊടുത്തിട്ടുള്ളത്. അതുകൊണ്ട് 113-ാം നമ്പർ ഭേദഗതി മലയാളഭാഷയുടെ ചന്തം പൂർണ്ണമാക്കുന്നതിനും അർത്ഥശുദ്ധി വരുത്തുന്നതിനും ഉദ്ദേശിച്ചിട്ടുള്ള ഭേദഗതിയാണ്. അത് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ എന്റെ 114, 123 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

114. ഖണ്ഡം 2(ബി)യിൽ "നിർണ്ണയിക്കപ്പെട്ടേയ്ക്കാവുന്ന" അങ്ങനെയുള്ള രീതിയിലും അധികാര സ്ഥാനത്തിനായും അപ്രകാരം അംഗീകരിക്കപ്പെട്ടതും" എന്നതിനു പകരം "15-ാം വകുപ്പു പ്രകാരം അംഗീകാരവും രജിസ്ട്രേഷനുമുള്ളതും" എന്നു ചേർക്കുക.

123. ഖണ്ഡം 2(സി)യിൽ "അഡ്വക്കേറ്റ് ക്ലാർക്ക്സ്" ക്ഷേമനിധി എന്ന വാക്കുകൾ നീക്കം ചെയ്യുക.

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ എന്റെ 117, 135 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

117. ഖണ്ഡം 2(ബി) താഴെപ്പറയും പ്രകാരം മാറ്റി എഴുതുക.

(ബി) "അഡ്വക്കേറ്റ് ക്ലാർക്ക്" എന്നാൽ ഖണ്ഡം (4) പ്രകാരം രൂപീകരിക്കപ്പെടുന്ന കമ്മിറ്റി നിശ്ചയിച്ചിരിക്കുന്ന പരീക്ഷ പാസായതും ഈ ബിൽ ഗസറ്റ് വിജ്ഞാപന പ്രകാരം നടപ്പിൽ വരുന്ന തീയതിയിൽ പ്ലീഡേഴ്സ് ക്ലാർക്ക്സ് റൂൾസ് അനുസരിച്ച് ജില്ലാ കോടതികളിലും ഹൈക്കോടതി രജിസ്ട്രാർ മുമ്പാകെയും രജിസ്റ്റർ ചെയ്തിട്ടുള്ളതും ഏതെങ്കിലും ഒരു അഡ്വക്കേറ്റ് ക്ളാർക്ക്സ് അസോസിയേഷനിൽ അംഗമായതും ആയ ആൾ എന്നർത്ഥമാകുന്നു".

135. ഖണ്ഡം 2(എൽ) താഴെപ്പറയും പ്രകാരം മാറ്റിയെഴുതുക.

"അഡ്വക്കേറ്റ് ക്ലാർക്ക്" വെൽഫയർ ഫണ്ട് സ്ക്കീം 1985 അനുസരിച്ച് അംഗമായി ചേർന്നിട്ടുള്ളവരും ഫണ്ടിൽനിന്ന് ബെനിഫിറ്റ് വാങ്ങാത്തവരും അഡ്വക്കേറ്റ് ക്ലാർക്കുമാരായി ഇപ്പോഴും ജോലി നോക്കി വരുന്നവരും"

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ എന്റെ 118-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

118. ഖണ്ഡം 2(ബി) താഴെപ്പറയും പ്രകാരം മാറ്റി എഴുതുക.

(ബി) "അഡ്വക്കേറ്റ് ക്ലാർക്ക്" എന്നാൽ ഒരു അഭിഭാഷകനാൽ ഉദ്യോഗത്തിൽ നിയമിക്കപ്പെട്ടതും ഈ ആക്ട് അനുസരിച്ച് നിയമിക്കപ്പെടുന്ന കമ്മിറ്റി നിശ്ചയിക്കുന്ന പരീക്ഷ പാസ്സായതും പ്ലീഡേഴ്സ് ക്ലാർക്ക്സ് റൂൾസ് അനുസരിച്ച് ജില്ലാ കോടതികളിലും ഹൈക്കോടതി രജിസ്ട്രാർ മുമ്പാകെയും രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും ഒരു അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷനിൽ അംഗമായിരിക്കുന്നതും ആയ ആൾ എന്ന് അർത്ഥമാകുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ എന്റെ 120, 134 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

120. ഖണ്ഡം 2(സി) യിൽ "അംഗീകരിക്കുകയും" എന്നതിനുശേഷം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

"നിയമാനുസൃതമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന അഡ്വക്കേറ്റ് ക്ലർക്കുമാരുടെ അസോസിയേഷനുകൾ എന്ന് അർത്ഥമാകുന്നു".

134. ഖണ്ഡം 2(ജെ) യ്ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുകയും മറ്റുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

(കെ) "സംഭാവന" എന്നാൽ ഈ ഫണ്ടിലേയ്ക്ക് ഏതെങ്കിലും സംഘടനകളോ വ്യക്തികളോ സർക്കാരോ നൽകുന്ന സംഭാവന എന്നർത്ഥമാകുന്നു" .

16-ാം വകുപ്പിൽ അംഗീകാരവും രജിസ്ട്രേഷനും എന്നു പറയുന്നതിൽ ഒരു വ്യക്തത വരണം. അസ്സോസ്സിയേഷനുകൾ എന്നു പറയുമ്പോൾ പല അസ്സോസ്സിയേഷനുകൾ ഉണ്ടാകും. അംഗീകൃതമായി 16-ാം വകുപ്പ് പ്രകാരം അംഗീകാരം കൊടുക്കുന്ന അസ്സോസ്സിയേഷനുകൾ ഉൾപ്പെടുത്തണം. പിന്നെ 134, ഫണ്ട് മാത്രമല്ല നമ്മൾ ഇങ്ങനെ സംഭരിക്കുന്ന ഫണ്ടിനു പുറമെ സംഭാവനകൾ മറ്റു പലതരത്തിലും നമ്മുടെ ഈ നിധിയിലേക്ക് സംഖ്യ മുതൽക്കൂട്ടാൻ കഴിയുന്ന ഒരു പ്രൊവിഷൻ വയ്ക്കുന്നത് നന്നായിരിക്കും. സംഭാവന പല രീതിയിലും കിട്ടാവുന്നതാണ്. അതിന് ഒരു വ്യവസ്ഥ വയ്ക്കണം: അതിന് ഡഫനിഷൻ കൊടുക്കണം.

<u>ശ്രീ. മത്തായി ചാക്കോ</u> : സർ, ഞാൻ എന്റെ 121-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

121. ഖണ്ഡം 2(ബി) യിൽനിന്ന് ഒരു എന്ന വാക്ക് ഒഴിവാക്കുക.

ഇതിനകത്ത് അഡ്വക്കേറ്റ് ക്ലർക്ക് എന്ന ഒരു ഉദ്യോഗത്തിൽ നിയമിക്കപ്പെട്ടതും നിയമിക്കപ്പെട്ടേയ്ക്കാവുന്ന, അങ്ങനെയുള്ള രീതിയിലും അധികാരസ്ഥാനത്തിലും പകരം അംഗീകരിക്കപ്പെട്ടതും ഒരു അഡ്വക്കേറ്റ് ക്ലർക്ക്സ് അസ്സോസ്സിയേഷൻ അങ്ങനെ പറയുന്നത് നേരത്തേ പറഞ്ഞതിന് വിരുദ്ധമാകും. ഒരു കോർട്ട് സെന്ററിൽനിന്ന് അസ്സോസ്സിയേഷൻ ആർക്കും രൂപീകരിക്കാം. എന്നിട്ട് മൂന്നു മാസത്തിനിടയ്ക്ക് അപേക്ഷ കൊടുക്കണം എന്നേയുള്ളൂ. ഏതെങ്കിലുമൊരു അഡ്വക്കേറ്റ് ക്ലർക്ക്സ് അസ്സോസിയേഷനെന്നു പറയുന്നത് പിന്നീട് പ്രശ്നങ്ങൾ ഉണ്ടാക്കാം. അതുകൊണ്ട് ആ 'ഒരു' മാറ്റിവയ്ക്കണമെന്നുള്ളതാണ്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : സർ, ഞാൻ എന്റെ 122, 129 ഭേദഗതികൾ അവതരിപ്പിക്കുന്നു.

122. ഖണ്ഡം (2) (സി) താഴെ പറയുന്ന പ്രകാരം മാറ്റി എഴുതുക.

"(സി) 15-ാം വകുപ്പു പ്രകാരം അംഗീകരിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുള്ള വിവിധ കോടതികളിലെ അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ അസോസിയേഷൻ".

129. ഖണ്ഡം 2(ഐ)യിൽ "പെൺമക്കളോ" എന്ന വാക്കിനു ശേഷം "സർക്കാർ ലീഗൽ ഹെയർ ആയി പ്രഖ്യാപിച്ച ബന്ധുക്കളോ" എന്ന വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഞാൻ എന്റെ 124-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

124. ഖണ്ഡം 2(ജി)യിൽ (1) "വച്ചുപോരുന്ന" എന്നതിനു ശേഷം "അഡ്വക്കേറ്റ് ക്ലർക്കുമാരുടെ" എന്ന് ചേർക്കുക.

(2) "സംസ്ഥാന പട്ടികയിൽനിന്നും" എന്നതിനുശേഷം "സംസ്ഥാനതല പട്ടിക" എന്ന് ചേർക്കുക.

(3) "അഡ്വക്കേറ്റ് ക്ലർക്കിന്റെ എന്നതിനു പകരം "ഒരാളുടെ" എന്ന് ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ എന്റെ 128-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

128. ഖണ്ഡം 2(ഐ)യിൽ " പെൺമക്കളോ" എന്ന വാക്കിനു ശേഷം "ഇവരുടെ അഭാവത്തിൽ അംഗം നാമനിർദ്ദേശം ചെയ്യുന്ന ആളോ" എന്ന് ചേർക്കുക.

ഇതിൽ പറയുന്നത് ആശ്രിതരെന്നാൽ ഭാര്യയോ ഭർത്താവോ അച്ഛനോ അമ്മയോ പ്രായപൂർത്തിയാകാത്ത ആൺമക്കളോ അവിവാഹിതരായ വിധവകളോ വിവാഹ മോചിതരായ പെൺമക്കളോ എന്നു കഴിഞ്ഞതിനു ശേഷം ഞാൻ പറയുന്നത് അംഗം നോമിനേറ്റ് ചെയ്യുന്ന ഒരു ആളെയുംകൂടി ഉൾപ്പെടുത്തണമെന്നാണ്.

മി. സ്പീക്കർ : ഭാര്യയും മക്കളും ഇല്ലാത്തവർക്കേ അത് തോന്നുകയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ എന്റെ 130, 145-ാം നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

130. ഖണ്ഡം 2(ഐ)-യിൽ "എന്നർത്ഥമാകുന്നു" എന്നതിനു പകരം "എന്നർത്ഥമാകുന്നതും അതിൽ 17-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള നോമിനേഷനിൽ പറഞ്ഞിട്ടുള്ളവർ ഉൾപ്പെടുന്നതുമാകുന്നു" എന്ന് ചേർക്കുക.

145. ഖണ്ഡം (2) (പി)-യിൽ (1) "അച്ചടിക്കുകയും" എന്നതിനു പകരം "അച്ചടിക്കുകയോ അച്ചടിപ്പിക്കുകയോ" എന്ന് ചേർക്കുക.

(2) "വിതരണം ചെയ്യുകയും ചെയ്യുന്ന" എന്നതിനു പകരം "വിൽക്കുകയോ ചെയ്യുന്നതുമായ" എന്ന് ചേർക്കുക.

അതിനകത്ത് പല ആശ്രിതർ എന്നുള്ളതിന് കൃത്യമായ ഡഫനിഷൻ ക്ലാസ് 17(8)-ൽത്തന്നെ കിട്ടാൻ 17(8)-ലെ ഡഫനിഷനിലും ആശ്രിതർ എന്ന് വിശദീകരിക്കുന്നുണ്ട്. ആ ഡഫനിഷനായിരിക്കും ഇവിടെ കുറച്ചുകൂടി യോജിക്കുന്നത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ഞാൻ എന്റെ 132-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

132. ഖണ്ഡം 2(ഐ) താഴെപ്പറയുന്ന പ്രകാരം മാറ്റി എഴുതുക.

"(ഐ) "ആശ്രിതർ" എന്നാൽ ഭാര്യ/ഭർത്താവ്, അച്ഛൻ, അമ്മ, പ്രായപൂർത്തിയാകാത്ത ആൺമക്കൾ, അവിവാഹിതരോ വിധവകളോ, വിവാഹ മോചിതരോ ആയ പെൺമക്കൾ എന്നർത്ഥമാകുന്നതും, ഇവരിൽ ആരും ഇല്ലാതെ വന്നാൽ സഹോദരി അഥവാ സഹോദരൻ എന്ന് അർത്ഥമാകുന്നതും".

രണ്ടാം വകുപ്പ് (ഐ) ഇതിൽ ഈ ആക്ടിൽ പറയുന്ന നിർവ്വചനത്തിൽപ്പെടാത്ത ആളുകൾ അല്ലെങ്കിൽ സഹോദരി അല്ലെങ്കിൽ സഹോദരൻ ഇതുകൂടി ചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ എന്റെ 136-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

136. ഖണ്ഡം 2(എൽ) ൽ "ഫണ്ടിലെ അംഗം" എന്നതിനു പകരം "അംഗം" എന്നു ചേർക്കുക.

"തുടർന്ന് ഫണ്ടിലെ അംഗം" എന്നോ ആ സംജ്ഞയുടെ പ്രയോഗഭേദങ്ങളോ എവിടെയെല്ലാം വരുന്നുണ്ടോ അവിടെയെല്ലാം "അംഗം എന്നോ ആ സംജ്ഞയുടെ പ്രയോഗഭേദങ്ങളോ ചേർക്കേണ്ടതാണ്."

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ എന്റെ 137-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

137. ഖണ്ഡം 2(എൽ)- ന് ഒടുവിൽ ഇനിപ്പറയുന്ന വാചകംകൂടി ചേർക്കുക :-

എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നോ പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നോ പെൻഷൻ പറ്റിയതിനു ശേഷം അഡ്വക്കേറ്റ് ക്ലാർക്കായി സേവനം നടത്തുന്നവർക്ക് ഈ ഫണ്ടിൽ അംഗത്വത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല."

ഈ നിർവ്വചനത്തിൽ രണ്ടാം വകുപ്പിൽ ഫണ്ടിലെ അംഗം സംബന്ധിച്ച് പറയുന്നുണ്ട്. ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഫണ്ടിൽ അംഗമായി ചേർക്കുകയും വിഹിതം നൽകിക്കൊണ്ട് ഫണ്ടിലെ അംഗമായി തുടർന്നു പോരുകയും ചെയ്യുന്ന ഒരു അഡ്വക്കേറ്റ് ക്ലർക്ക് എന്നാണ്. എന്റെ ഭേദഗതി ഇതിന്റെ കൂട്ടത്തിൽ ക്ലർക്കായി സേവനം നടത്തുന്നവർക്ക് ഈ ഫണ്ടിൽ അംഗത്വത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന് ചേർത്താൽ, ബഹുമാനപ്പെട്ട മന്ത്രി നേരത്തേ വിശദീകരിച്ചപ്പോൾ ഈ ഭാഗം അംഗീകാരം എന്നു പറഞ്ഞതിന്റെ പശ്ചാത്തലത്തിൽ അംഗീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ് : സർ. ഞാൻ എന്റെ 140-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

140. ഖണ്ഡം 2(എൽ)-ൽ (ആ) "കീഴിൽ" എന്നതിനുശേഷം "സർക്കാർ" എന്നു ചേർക്കുക

(2) "സർക്കാരിനാൽ" എന്നത് നീക്കം ചെയ്യുക.

ശ്രീ. എം. മുരളി : സർ, ഞാൻ എന്റെ 143-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

143. ഖണ്ഡം 2(ഒ)-യിൽ (1) "സർവ്വീസിൽ" എന്നതിനു പകരം "ഏതെങ്കിലും ഉദ്യോഗത്തിൽ" എന്നു ചേർക്കുക

(2) രീതിയിൽ എന്നതിനുശേഷം "കമ്മിറ്റിയെ" എന്ന് ചേർക്കുക.

(3) "അഡ്വക്കേറ്റ് ക്ലർക്കിന്റെ തൊഴിൽ നിറുത്തലാക്കൽ" എന്നതിനു പകരം "ഒരു അഡ്വക്കേറ്റ് ക്ലർക്ക് അയാളുടെ ഉദ്യോഗത്തിൽനിന്ന് വിടുതൽ വാങ്ങുക" എന്ന് ചേർക്കുക.

വിരമിക്കൽ എന്ന നിർവ്വചനം ക്ലാരിഫൈ ചെയ്യുക എന്നുള്ളതാണ്. മന്ത്രിക്ക് അത് സ്വീകരിക്കാം എന്ന് തോന്നുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ 137-ാമത്തെ ഭേദഗതി സ്പിരിറ്റിൽ അംഗീകരിക്കുകയാണ്. പക്ഷേ അത് ചേർക്കേണ്ടത് രണ്ടാം വകുപ്പിലല്ല. 17-ാം വകുപ്പ് ചർച്ച ചെയ്യുമ്പോൾ അവിടെയാണ് ചേർക്കേണ്ടത്. നോട്ടീസില്ലാതെ ഒരു ഓറൽ അമെന്റ്മെന്റ് എന്നുള്ള നിലയിൽ ശ്രീ. കോടിയേരി ബാലകൃഷ്ണനുവേണ്ടി ഞാൻ അത് അവതരിപ്പിക്കാം. അത് 17-ാം വകുപ്പ് ചർച്ചയ്ക്ക് എടുക്കുമ്പോൾ ഞാൻ സ്വീകരിക്കാം. ശ്രീ. തോമസ് ഉണ്ണിയാടന്റെ 109, 141, 144 എന്നീ ഭേദഗതികൾ സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 109, 141, 144 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിക്കുകയും 115, 127 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കുകയും ചെയ്തു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 110, 116, 126, 131, 138, 142, 146 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 11-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 114, 123 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 117, 135 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 120, 134 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 122, 129 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 130, 145 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. മുരളി അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

3-ാം വകുപ്പ്

ശ്രീ. മത്തായി ചാക്കോ : സർ, എന്റെ 147-ാംനമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

147. ഖണ്ഡം 3 (1)-ൽ "വന്നതിനുശേഷം കഴിയുന്നത്രവേഗം" എന്നതിനുപകരം "വരുന്ന തീയതി മുതൽ" എന്ന് ചേർക്കുക.

മൂന്നാം വകുപ്പിൽ "കഴിയുന്നത്ര വേഗം" എന്നുള്ളത് മാറ്റി "ഈ ബിൽ പ്രാബല്യത്തിൽ വന്നതിനു ശേഷം" എന്നാക്കി മാറ്റണം. "കഴിയുന്നത്ര വേഗം" എന്ന വാക്ക് ഗുണകരമായ സംഗതിയല്ല.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, എന്റെ 148-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

148. ഖണ്ഡം 3(1)-ൽ "കഴിയുന്നത്രവേഗം" എന്നതിനുപകരം "ഉടൻ" എന്ന വാക്ക് ചേർക്കുക.

"കഴിയുന്നത്രവേഗം" എന്ന വാക്ക് മാറ്റണം. "കഴിയുന്നത്ര വേഗം" എന്ന വാക്ക് ഏതു നിലയിലും വലിച്ചുനീട്ടിക്കൊണ്ട് പോകാൻ കഴിയുന്നതാണ്. അതുകൊണ്ട് എന്റെ ഭേദഗതി അത് "ഉടൻ" എന്നാക്കി മാറ്റണമെന്നാണ്. അത് സ്വീകരിക്കാവുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, എന്റെ 149-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

149. ഖണ്ഡം 3 (1)- ൽ "കഴിയുന്നത്ര വേഗം" എന്നതിനു പകരം "4 മാസത്തിനകം" എന്നു ചേർക്കുക.

"കഴിയുന്നത്ര വേഗം" എന്ന വാക്ക് ഇവിടെ പറഞ്ഞതുപോലെ തന്നെ അതിന് ഒരു നിശ്ചിത പരിധി വയ്ക്കണമെന്നതാണ്.

ശ്രീ. പി. ജയരാജൻ : സർ, എന്റെ 150, 154, 185 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

150. ഖണ്ഡം 3 (1)-ൽ "കഴിയുന്നത്രവേഗം" എന്നതിനുപകരം "മൂന്നുമാസത്തിനകം" എന്ന് ചേർക്കുക.

154. ഖണ്ഡം 3 (2) (ബി)-യിൽ നിന്ന് "സമേധയാ" എന്ന പദം നീക്കം ചെയ്യുക.

185. ഖണ്ഡം 3 (2) 'എച്ച്' ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം കൂടി ചേർക്കുക.

"(ഐ) ഫണ്ടിലേക്ക് ലഭിക്കുന്ന മറ്റെങ്കിലും വരുമാനവും"

LIBRARY ARCHIVES Kerala Legislative Assembly

"കഴിയുന്നത്രവേഗം" എന്നത് "മൂന്നുമാസത്തിനകം" എന്ന് നിജപ്പെടുത്തേണ്ടതുണ്ട്. രണ്ടാമത്തേത് "സ്വമേധയാ" എന്നത് നീക്കം ചെയ്യേണ്ടതാണ്. 185-ാമത്തേത് അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി ഫണ്ട് രൂപീകരണം സംബന്ധിച്ചാണ്. അതിൽ 'എച്ച്'-ന് ശേഷം 'ഐ'-യായി മറ്റ് തുകകളും ഉൾപ്പെടുത്തേണ്ടതാണ്. 185-ാമത്തെ ഭേദഗതിയും ഞാൻ മൂവ് ചെയ്യുന്നു.

ശ്രീ. കെ. സി. ജോസഫ് : സർ, എന്റെ 151-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

151. ഖണ്ഡം 3(1)-ൽ "വിളിക്കുന്ന"എന്നതിനുപകരം "പേരിൽ" എന്ന് ചേർക്കുക.

181. ഖണ്ഡം 3(2) എച്ച്-ൽ "ഫണ്ടിൽ നിന്ന്" എന്നതിനുശേഷം "ഫണ്ടിലേക്ക്" എന്നു ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, എന്റെ 152, 161, 183 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

152. ഖണ്ഡം 3 (1) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക :

(1) "സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി അഡ്വക്കേറ്റ് ക്ലർക്കുമാരുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി അവർക്കുവേണ്ടി ഈ ആക്ടിൻ കീഴിൽ ഒരു ഫണ്ട് രൂപീകരിക്കുന്നതിനുവേണ്ടി ഒരു പദ്ധതി തയ്യാറാക്കേണ്ടതും പദ്ധതി തയ്യാറാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം ഈ ആക്ടിലേയും പദ്ധതിയിലേയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതുമാണ്."

161. ഖണ്ഡം 3 (2) 'ഇ' "അംഗത്തിന്റേയോ ഗുണഭോക്താവിന്റേയോ മരണംമൂലം" എന്ന വാക്കുകൾക്ക് പകരം "അംഗത്തിന്റെ ചികിത്സാ ചെലവിനോ അംഗത്തിന്റെ മരണംമൂലം അവകാശികൾക്കോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

183. ഖണ്ഡം 3 (2) 'എച്ച്'-ന് ശേഷം താഴെ പറയുന്ന ഇനങ്ങൾ ചേർക്കുക.

അതായത്:- "(ഐ) ഭാരത സർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ നൽകുന്ന ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂറുകളും ;

(ജെ) ഫണ്ടിന്റെ വരുമാനം വർദ്ധിപ്പിക്കുവാനായി മറ്റു മാർഗ്ഗങ്ങളിൽക്കൂടി കമ്മിറ്റി ആർജ്ജിക്കുന്ന എല്ലാ തുകകളും ;"

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ഞാൻ എന്റെ 153-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

153. ഖണ്ഡം 3 (1)-ന് താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക :

"എന്നാൽ ആക്ട് നിലവിൽ വന്നതിനുശേഷം ഫണ്ട് രൂപീകരിക്കുന്നതുവരെയുള്ള കാലാവധി ഒരു കാരണവശാലും മൂന്നു മാസത്തിൽ കൂടാൻ പാടുള്ളതല്ല."

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, എന്റെ 155-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

155. ഖണ്ഡം 3 (2) 'ബി'-യിൽ "വ്യക്തിയോ"എന്നതിനുശേഷം "സർക്കാരോ" എന്ന് കൂടി ചേർക്കേണ്ടതാണ്.

ഇതിൽ നേരത്തെ ഡെഫിനിഷൻ ക്ലാസ് പറഞ്ഞപ്പോൾ 134, അത് മാണി സാർ അംഗീകരിച്ചില്ല. സംഭാവന എന്നത് ആ ഡെഫിനിഷൻ ക്ലാസ്സിൽ വരുത്തണമെന്നുള്ളതാണ്. ഇപ്പോൾ ഈ മൂന്നാം വകുപ്പിൽ അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി, അതിന്റെ രണ്ടാം സബ്-ക്ലാസ്സിൽ (ബി) ബാർ അസോസിയേഷനോ മറ്റേതെങ്കിലും അസോസിയേഷനോ സ്ഥാപനമോ ഏതെങ്കിലും അഡ്വക്കേറ്റോ മറ്റേതെങ്കിലും വ്യകതിയോ ഫണ്ടിലേക്ക് സ്വമേധയാ കൊടുത്തിട്ടുള്ള ഏതെങ്കിലും സംഭാവന. സംഭാവന നിങ്ങൾ മൂന്നാമത്തെ വകുപ്പിൽ പറയുന്നുണ്ട്. ഇതിന്റെ അംശദായം ക്ഷേമനിധി ഫണ്ട് ഏതാണെന്നുള്ളതാണ്. അപ്പോൾ അത് ഡെഫിനിഷൻ ക്ലാസ്സിൽ വരേണ്ടേ? നിയമത്തിൽ അങ്ങനെ ചെയ്യേണ്ടേ ? എന്റെ ഈ ഭേദഗതിയിലൂടെ ഞാൻ ചൂണ്ടിക്കാണിക്കുന്നത് ഏതെങ്കിലും സംഭാവന അസോസിയേഷനോ വ്യക്തിയോ മാത്രമല്ല ഗവൺമെന്റിന് നാളെ ഇതിലേക്ക് ഒരു കോൺട്രിബ്യൂഷൻ കൊടുക്കണമെന്ന് തീരുമാനിച്ചാൽ ഏത് അടിസ്ഥാനത്തിലാണ് എടുക്കുക ? ഗവൺമെന്റ് ക്ഷേമനിധിയെ സഹായിക്കേണ്ടതായി വന്നാൽ അതിന് ഒരു വകുപ്പ് ഉണ്ടാകേണ്ടേ ? സർക്കാർ കൂടി കൊടുക്കുന്ന സംഭാവന അല്ലെങ്കിൽ ഫണ്ട് കൂടി ഇതിൽ ഉൾപ്പെടുത്താനുള്ള വ്യവസ്ഥയുണ്ടാകണം. അതാണ് ഞാൻ 155-ൽ ഉദ്ദേശിക്കുന്നത്.

ശ്രീ. എം. എ. വാഹീദ് : സർ, എന്റെ 156, 179 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

156. ഖണ്ഡം 3 (2) 'ബി'-യിൽ "മറ്റേതെങ്കിലും വ്യക്തിയോ" എന്ന ഭാഗം നീക്കം ചെയ്യേണ്ടതാണ്.

179. ഖണ്ഡം 3(2) (എഫ്) നോടൊപ്പം താഴെപ്പറയുന്ന വാക്കുകൾ കൂടി ചേർക്കുക:

"അംഗങ്ങൾ സ്വമേധയാ നൽകുന്ന സംഭാവനകളും"

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, not there.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, എന്റെ 158-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

158. ഖണ്ഡം 3(2) 'ബി'-യിൽ "അംശദായവും" എന്ന വാക്കിന് പകരം "സർക്കാർ നിർണ്ണയിക്കപ്പെട്ട രൂപത്തിൽ നൽകുന്ന അംശദായവും" എന്ന് ചേർക്കുക.

മി. സ്പീക്കർ : ശ്രീ. വി. ജെ. പൗലോസ്, not there.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, എന്റെ 162, 176 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

162. ഖണ്ഡം 3 (2)'ഇ-യിൽ' "ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ നിന്നോ" എന്നതിനുപകരം "ഇൻഡ്യാ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ നിന്നോ" എന്ന് ചേർക്കുക.

176. ഖണ്ഡം 3 (2) (എഫ്)-ൽ "ഇൻഡ്യാ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ നിന്നോ" എന്നതിനുപകരം ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ നിന്നോ" എന്നുചേർക്കുക.

162- ഉം 176- ഉം എന്ന് പറയുമ്പോൾ ഒരു വാക്കേയുള്ളൂ. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ആണെന്ന് 3(2) (ഇ)-ൽ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ എന്നത് ഇൻഡ്യാ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ എന്നും. 3(2) (എഫ്) ൽ ഇൻഡ്യാ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ എന്നത് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ആക്കണമെന്നുള്ളതാണ്. രണ്ടിൽ ഏതെങ്കിലുമൊന്ന് അംഗീകരിക്കണം. കാരണം അടുത്തടുത്ത് ഒരേ കാര്യത്തിന് ഒരേ സംജ്ഞയെന്നുപറയുന്നത് മോശമാണ്. ഇൻഡ്യ എന്ന് തുടങ്ങുന്നത് വേണം എന്നാണ് എന്റെ അഭിപ്രായം. കാരണം ഗവൺമെന്റ് ഓഫ് കേരള മലയാളത്തിൽ വരുമ്പോൾ കേരളാ ഗവൺമെന്റാണ്. അതുപോലെ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ മലയാളത്തിലാകുമ്പോൾ ഇൻഡ്യ എന്ന് ആരംഭിക്കുന്നതായിരിക്കും ഉത്തമം. രണ്ടിൽ ഏതെങ്കിലും ഒരു ഭേദഗതി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ : സർ, എന്റെ 163-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

163. ഖണ്ഡം 3 (2) ഇ-യിൽ "അംഗീകൃത" എന്നതിനുപകരം "കമ്മിറ്റി അംഗീകരിച്ച" എന്നുചേർക്കുക.

ഇതിൽ സ്റ്റാമ്പിനെക്കുറിച്ചുള്ള ഡെഫിനിഷൻ ആദ്യം 2-ൽ പറഞ്ഞിരിക്കുന്നു. അതിനുശേഷം ക്ലാസ്സ്-14-ൽ വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാമ്പിനെക്കുറിച്ച് വിശദീകരിക്കുന്നത് വേറെ രീതിയിലാണ്. ഒരേ നിയമത്തിൽ തന്നെ ഒരേ വാക്കിന്റെ നിർവ്വചനം രണ്ട് രീതിയിൽ വരുന്നത് ശരിയായ സമീപനമല്ല. അത് മാറ്റണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. ടി. തോമസ് : സർ, എന്റെ 164-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

164. ഖണ്ഡം 3 (2) ഇ-യിൽ "ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസിയനുസരിച്ച്" എന്നതിനുപകരം "ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസിയിലേക്ക് ഫണ്ടിൽ നിന്നു പ്രീമിയം അടയ്ക്കുന്ന" എന്ന് ചേർക്കുക.

ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസിയിലേക്ക് ഫണ്ടിൽ നിന്ന് പ്രീമിയം അടയ്ക്കുന്നത് എന്ന ഭേദഗതിയാണ്.

മി. സ്പീക്കർ : ശ്രീ. എ. കെ. മണി, not there.

ശ്രീ. തമ്പാനൂർ രവി : സർ, എന്റെ 166-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

166. ഖണ്ഡം 3 (2)-ൽ "(ഇ)" ആയി താഴെ പറയുന്നത് ചേർക്കുകയും ശേഷമുള്ള ഇനങ്ങൾ പുനഃക്രമീകരിക്കുകയും ചെയ്യുക.

"(ഇ) സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായവും ;"

ശ്രീ. രാജേന്ദ്രൻ പറഞ്ഞതുപോലെ ഗവൺമെന്റിന് എപ്പോഴും കാശ് കൊടുക്കുന്നതിന് പ്രൊവിഷൻ വേണം. അതുകൊണ്ട് ഒരു പുതിയ വകുപ്പ് 3 (2)-ന് ശേഷം 'ഇ' ആയി സർക്കാരിൽ നിന്ന് ലഭിക്കുന്ന ധനസഹായവും എന്നുകൂടി എഴുതി വയ്ക്കണം. കൊടുക്കുകയോ എപ്പോൾ കൊടുക്കുകയോ ചെയ്യട്ടെ.

ശ്രീ. പി. ജെ.ജോയി : സർ, എന്റെ 167-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

167. ഖണ്ഡം 3 (2) എഫ്-ൽ "ഗ്രൂപ്പ് ഇൻഷ്വറൻസ്" പോളിസിയനുസരിച്ച് എന്നതിനുപകരം ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസിയിലേക്ക് ഫണ്ടിൽ നിന്ന് പ്രീമിയം അടയ്ക്കുന്ന" എന്നുചേർക്കുക.

ശ്രീ. എം. മുരളി : സർ, എന്റെ 174-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

174. ഖണ്ഡം 3 (2) (എഫ്)-ൽ "അംഗങ്ങൾക്ക്" എന്നതിനുപകരം "അംഗങ്ങൾക്കോ ഗുണഭോക്താക്കൾക്കോ" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. വി. ബാലറാം, not there.

ശ്രീ. എ. സുജനപാൽ : സർ, എന്റെ 178-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

178. ഖണ്ഡം 3 (2) (എഫ്)-ൽ "മറ്റേതെങ്കിലും ഇൻഷ്വറൻസ് കമ്പനികളിൽ" എന്നതിനുപകരം "കമ്മിറ്റി അംഗീകരിക്കുന്ന മറ്റേതെങ്കിലും ഇൻഷ്വറൻസ് കമ്പനികളിൽ" എന്നു ചേർക്കുക.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, എന്റെ 180-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

180. ഖണ്ഡം 3 (2) 'ജി' യുടെ തുടക്കത്തിൽ "12-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പു പ്രകാരം" എന്നുചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, എന്റെ 182-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

182. ഖണ്ഡം 3 (2) 'എച്ച്' -ന് ശേഷം താഴെപറയുന്ന ഉപഖണ്ഡം കൂടി ചേർക്കുക.

"(ഐ) സർക്കാർ വർഷാവർഷം ഫണ്ടിലേക്ക് ഗ്രാന്റായി നല്കുന്ന നിശ്ചിത തുകയും ;"

മൂന്നാം വകുപ്പിൽ ക്ഷേമനിധിയിലേക്ക് വരുന്ന പണത്തെ സംബന്ധിച്ചുള്ള വിശദാംശങ്ങളാണ് പറയുന്നത്. ഇതിൽ എന്റെ ഭേദഗതി സർക്കാർ വർഷാവർഷം ഫണ്ടിലേക്ക് ഗ്രാന്റായി നൽകുന്ന ഒരു നിശ്ചിത തുക എന്നുചേർക്കുന്നത് നല്ലതാണ്. ഇപ്പോൾ ഗവൺമെന്റിന്റെ കൈയിൽ കുറച്ച് പൈസ വന്ന സാഹചര്യത്തിൽ കുറച്ച് പൈസ ഇതിന് കൊടുക്കാം. ദാരിദ്ര്യമൊന്നുമില്ലായെന്ന് ഇന്നലെ ധനകാര്യമന്ത്രി പറഞ്ഞ സാഹചര്യത്തിൽ അതിൻ ഒരു വകുപ്പു കൂടി വേണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. ടി.കെ.ബാലൻ : സർ, എന്റെ 184-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

184. ഖണ്ഡം 3 (2) 'എച്ച്' -ന് ശേഷം താഴെ പറയുന്ന ഇനം കൂടി ചേർക്കുക.

"(ഐ) അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് സ്കീം 1989-ൽ അംഗങ്ങൾ അടച്ച വിഹിതവും സർക്കാർ നൽകിയതും നൽകേണ്ടതുമായ വിഹിതവും."

1989-ൽ ഇതിൽ അംഗങ്ങളായിട്ടുള്ളവർ അന്ന് അടച്ച വിഹിതവും അതുപോലെ അന്ന് ഗവൺമെന്റ് കൊടുക്കേണ്ട വിഹിതവും ഇനി കൊടുക്കാൻ ബാദ്ധ്യതപ്പെട്ട വിഹിതവും കൂടി ഇതിൽ കൊടുക്കണമെന്നതാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ.ബാലൻ : സർ, എന്റെ 186-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

186. ഖണ്ഡം 3 (2)-ൽ 'എച്ച്' ഇനത്തിന് ശേഷം (ഐ) എന്ന ഇനം കൂട്ടിച്ചേർക്കുക.

"(ഐ) നിർണ്ണയിക്കപ്പെട്ട നിരക്കിൽ സർക്കാർ ഫണ്ടിലേക്ക് നൽകുന്ന അംശദായവും."

ഒരു 'ഐ' കൂട്ടിച്ചേർക്കണം. 'ഐ' കൂട്ടിച്ചേർക്കണമെന്ന് പറയുന്നതിൽ ഒരു ബുദ്ധിമുട്ടുമില്ല. സബ് ക്ലാസ്സിൽ നിർണ്ണയിക്കപ്പെടുന്ന നിരക്കിൽ, സർക്കാർ ഫണ്ടിലേക്ക് നൽകുന്ന അംശദായം, ഒരു നോമിനൽ തുക സർക്കാർ അംശദായമായി കൊടുക്കുന്നത് സർക്കാരിന് ഒരു ക്രെഡിറ്റാണ്. എത്രയെങ്കിലും ആയിക്കോട്ടെ, ഒരു ചെറിയ തുക അത് 'ഐ'ആയി വച്ച് കൂട്ടിച്ചേർക്കണം.

ശ്രീ. എൻ. ശക്തൻ : സർ, എന്റെ 187-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

187. ഖണ്ഡം 3 (2) 'എച്ച്' ഇനത്തിന് ശേഷം താഴെപറയുന്ന ഇനം കൂടി ചേർക്കുക.

"(ഐ) അംഗം അംഗത്വ ഫീസായി ഒടുക്കുന്നതിനു തുല്യമായ തുക സർക്കാർ വിഹിതമായി വകയിരുത്തേണ്ടതാണ്."

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, എന്റെ 188-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

188. ഖണ്ഡം 3 (2) 'എച്ച്' ഇനത്തിന് ശേഷം താഴെ പറയുന്ന ഇനം കൂടി ചേർക്കുക

(ഐ) "14-ാം വകുപ്പുപ്രകാരം സ്റ്റാമ്പ് വിൽപ്പന നടത്തിയ വകയിൽ സംഭരിച്ച തുകയ്ക്ക് തുല്യമായി സർക്കാർ വിഹിതമായി നൽകുന്ന തുകയും."

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, എന്റെ 189-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

189. ഖണ്ഡം 3 (2) 'എച്ച്' ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം കൂടി ചേർക്കുക

(ഐ) "അംഗങ്ങളുടെ വാർഷിക വരിസംഖ്യയ്ക്ക് തുല്യമായി സർക്കാർ നൽകുന്ന അംശദായവും.

അംഗങ്ങളുടെ വാർഷിക വരിസംഖ്യയ്ക്ക് തുല്യമായിട്ടുള്ള ഒരു സംഖ്യ സർക്കാരിന്റെ കോൺട്രിബ്യൂഷനായി വേണമെന്നാണ്. അത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ : സർ, എന്റെ 190-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

190. ഖണ്ഡം 3 (2)-ലെ ഇനം 'എച്ച്' -നു ശേഷം താഴെപ്പറയുന്ന ഇനം കൂടി ചേർക്കുക.

"(ഐ) സംസ്ഥാന ഗവൺമെന്റ് നൽകിയ ഗ്രാന്റുകളോ വായ്പകളോ മുൻകൂറുകളോ ;"

ഒപ്പംതന്നെ സർക്കാരിന്റെ കോൺട്രിബ്യൂഷൻ കുറച്ച് നല്ല രീതിയിൽ തന്നെ കൊടുക്കണം. പാവങ്ങളാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നതിൽ ബുദ്ധിമുട്ടില്ല. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ എന്നതിനുപകരം ഇൻഡ്യ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ എന്നാക്കാൻ വിഷമമില്ല. അതുപോലെതന്നെ ശ്രീ. തോമസ് ഉണ്ണിയാടന്റെ 183-ാം നമ്പർ ഭേദഗതി. എനിക്ക് തോന്നുന്നു അത് ഇവിടെ പറഞ്ഞ പല ആശയങ്ങളേയും ഉൾക്കൊള്ളുന്ന ഒരു ചെറിയ മോഡിഫിക്കേഷൻ മതി. ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 183-ാം നമ്പർ ദേഭഗതി ഇതാണ് ഭാരത സർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ നൽകുന്ന ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂറുകളും. സ്ഥാപനങ്ങളുടെ കൂടെ സംഘടനകളോ എന്ന് പറയുമ്പോൾ മി. രാജനൊക്കെ പറഞ്ഞതുകൂടി ഉൾപ്പെട്ടിട്ട് ഭാരത സർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ സംഘടനകളോ നൽകുന്ന ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂറുകളും. ഈ മോഡിഫിക്കേഷൻ കൂടി അംഗീകരിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്നത് മലയാളീകരിച്ചപ്പോഴും പേര് അതുതന്നെയാണ്. അതെങ്ങനെയാണ് മാറ്റുക.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, പ്രൊഫസർ സാവിത്രി ലക്ഷ്മണൻ മലയാളത്തിന്റെ അതോറിറ്റിയാണ് എന്നാണ് ഞാൻ വിചാരിച്ചത്. അതുകൊണ്ടാണ് ഞാൻ അങ്ങനെയായാലും വലിയ കുഴപ്പമില്ല എന്നു പറഞ്ഞത്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ രണ്ടു ഭേദഗതികൾ അവതരിപ്പിച്ചത് ഒന്നുകിൽ ഇങ്ങനെ അല്ലെങ്കിൽ ....അതിൽ എന്റെ അഭിപ്രായം ഗവൺമെന്റ് ഓഫ് കേരള എന്നത് കേരള ഗവൺമെന്റ് എന്ന് പറയുന്നതുപോലെ കേരള ലൈഫ് ഇൻഷ്വറൻസ് എന്നാക്കണം എന്നുള്ളതാണ്.

മി. സ്പീക്കർ : ശ്രീ. തോമസ് ഉണ്ണിയാടന്റെ 183-ാം നമ്പർ ഭേദഗതി As it is മന്ത്രി അംഗീകരിച്ചോ. അതോ മന്ത്രി ഓറൽ അമെന്റ് മെന്റായിട്ട് അംഗീകരിച്ചോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, ഭേദഗതി നമ്പർ 183-ന്റെകൂടെ ഓറൽ അമെന്റുമെന്റോടുകൂടി സംഘടനകളോ എന്ന വാക്കുകൂടി ചേർക്കുകയാണെങ്കിൽ ഒന്നുകൂടെ അത് സ്വീകരിക്കാമായിരുന്നു. നിർഭാഗ്യവശാൽ ശ്രീ. ഉണ്ണിയാടൻ എന്നോട് ചോദിച്ചിട്ട് എഴുതിയിരുന്നുവെങ്കിൽ....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട സി.പി.ഐ. നേതാവും അതുപോലെ ശ്രീ. തമ്പാനൂർ രവിയും അവതരിപ്പിച്ച അമെന്റ്മെന്റിൽ ഒരു കാര്യമുണ്ട്. ഐ.എൽ.ഒ. അതുപോലെ വേറെ ഏതെങ്കിലും സ്ഥാപനത്തിൽ നിന്നോ ഗവൺമെന്റിന് ഏതെങ്കിലും കാലത്ത് ഫണ്ട്വാങ്ങാനുള്ള ഒരു വ്യവസ്ഥ ഇതിനകത്ത് വരണം. പല അന്താരാഷ്ട്ര സ്ഥാപനങ്ങളിൽനിന്നും ഇതുപോലുള്ള ഫണ്ടുകൾക്ക് പണം കിട്ടാനുള്ള സാദ്ധ്യതയുണ്ട്. അന്ന് ഒരു അമെന്റ്മെന്റ് കൊണ്ടുവരാൻ ഇടവരുത്താതിരിക്കുന്നതിന് ഇത് ഉത്തമമാണെന്നാണ് എന്റെ അപേക്ഷ.

ശ്രീ. എം. വി. ജയരാജൻ : സർ, ഇതിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കാനാണ് പറയുന്നത്. ബഹുമാനപ്പെട്ട സാവിത്രി ലക്ഷ്മണൻ പറഞ്ഞ ഭേദഗതിയിൽ അത് വന്നിട്ടില്ല. 3(2)-ഇ യിൽ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്നു പറയുന്നു 3 (2) (എഫ്)-ൽ ഇന്ത്യ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ എന്നു പറയുന്നു. അപ്പോൾ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ എന്ന് 3 (2) (എഫ്)-ൽ ആകുന്നില്ല. അത് ലെജിസ്ലേഷനിൽ നല്ല അഭിപ്രായമല്ല ഉണ്ടാക്കുക. ഇന്ത്യ ലൈഫ് ഇൻഷ്വറൻസ് എന്നാണ് ഇപ്പോൾ 3 (2) (എഫ്)-ൽ ഉള്ളത്. അതുകൊണ്ട് 3 (2) (ഇ)യിൽ ഉള്ളതുപോലെ 3 (2) (എഫ്)-ൽ മാറ്റുക. അത് ഒരു ഓറൽ അമെന്റ്മെന്റായി ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നാൽ മതി. 3 (2) (ഇ)-യിൽ ഉള്ളതുപോലെ 3(എഫ്)-ൽ ആക്കുക.

ശ്രീ. കെ. എം. മാണി : സർ, അതാണ് കൂടുതൽ അനുയോജ്യമെന്ന് പറയുന്നുവെങ്കിൽ ഞാൻ വീണ്ടും തിരിച്ചുവരാൻ തയ്യാറാണ്. എൽ.ഐ.സി. എന്നത് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ" എന്നാണ് കൂടുതൽ ഭംഗിയെങ്കിൽ ഞാൻ അത് സ്വീകരിക്കാം.

മി. സ്പീക്കർ : ഇങ്ങനെയൊക്കെ നിയമനിർമ്മാണത്തിൽ പറഞ്ഞാൽ. ഇതൊക്കെ എഴുതി വയ്ക്കണ്ടേ ? ശ്രീ. തോമസ് ഉണ്ണിയാടന്റെ 183 ഇതുമുഴുവൻ പറയുന്നത് ഇങ്ങനെയാണ്. ഖണ്ഡം 3(2) എച്ച്-നു ശേഷം താഴെ പറയുന്ന ഇനങ്ങൾ ചേർക്കുക. അതായത് (ഐ) ഭാരത സർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ നൽകുന്ന ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂറുകളും എന്നു പറഞ്ഞ് (ജെ) വേറെ പറയുന്നുണ്ട്. ഫണ്ടിന്റെ വരുമാനം വർദ്ധിപ്പിക്കുവാനായി മറ്റു മാർഗ്ഗങ്ങളിൽക്കൂടി കമ്മിറ്റി ആർജ്ജിക്കുന്ന എല്ലാ തുകകളും. ഇതിപ്പോൾ എങ്ങനെയാണ് അക്സപ്ട് ചെയ്യുന്നത് ?

ശ്രീ. കെ. എം. മാണി : സർ, ആദ്യത്തെ മതി. രണ്ടാമത്തെ (ജെ) വേണ്ട. (ഐ) മാത്രം മതി.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, 162-ാമത്തെ ഭേദഗതി ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നോ എന്നതിനു പകരം ഇന്ത്യ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ നിന്നോ എന്നു മാറ്റണമെന്നുള്ളതാണ്. അതേസമയം 176-ാമത്തെ ഭേദഗതി ഇന്ത്യ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ നിന്നോ എന്നതിനു പകരം ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നോ എന്നാക്കി മാറ്റണമെന്നുള്ളതാണ്. അപ്പോൾ 162-ാമത്തെ ഭേദഗതി സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ 176 സ്വീകരിച്ചാൽ മതി. രണ്ടിൽ ഒന്ന് അക്സപ്ട് ചെയ്യണമെന്നാണ് പറഞ്ഞത്.

ശ്രീ. കെ. എം. മാണി : സർ, അതിൽ ഒരു പിശക് വന്നതാണ്. 162 ആണ് നല്ലത് എന്ന നിലയിൽ പ്രൊഫ. സാവിത്രി ലക്ഷ്മണൻ പറഞ്ഞപ്പോൾ. മലയാള പരിഭാഷ നല്ല നിശ്ചയമില്ലാത്തതുകൊണ്ട് ഞാൻ സ്വീകരിച്ചുവെന്നേയുള്ളൂ. പിന്നീടു നടന്ന ചർച്ചയിൽ "176-ാം നമ്പർ ഭേദഗതി ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ" എന്നതുതന്നെ നല്ലത് എന്നു പറഞ്ഞപ്പോൾ ഞാൻ അത് സ്വീകരിക്കാൻ തയ്യാറാണെന്ന് പറഞ്ഞു. ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതിയുടെ ആദ്യഭാഗം ഭേദഗതിയോടുകൂടിയും (ജെ ഒഴിച്ചുള്ള ഭാഗം) പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മന്ത്രിയുടെ വാക്കാൽ ഭേദഗതിയോടു കൂടിയ ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു. സാവിത്രി ലക്ഷ്മണന്റെ 176-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 150, 154, 185 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 151, 181 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടെ പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 152, 161 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടെ പിൻവലിച്ചു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 156, 179 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടെ പിൻവലിച്ചു.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടെ പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടെ പിൻവലിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടെ പിൻവലിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടെ പിൻവലിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടെ പിൻവലിച്ചു.

ശ്രീ. എം. മുരളി അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടെ പിൻവലിച്ചു.

ശ്രീ. എ. സുജനപാൽ അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടെ പിൻവലിച്ചു.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടെ പിൻവലിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച 187-നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടെ പിൻവലിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ ഞാൻ 195, 197 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

195. ഖണ്ഡം 4 (1)-ൽ 'തീയതി മുതൽ' എന്നതിന് പകരം 'തീയതി മുതലുള്ള' എന്ന് ചേർക്കുക

'പ്രാബല്യത്തോടുകൂടി'എന്നതിനു പകരം 'പ്രാബല്യത്തോടുകൂടിയ' എന്ന് ചേർക്കുക.

197. ഖണ്ഡം 4(2)-ൽ

(1) 'ശാശ്വതമായ പിൻതുടർച്ചാവകാശമുള്ളതും' എന്നതിന് പകരം 'ശാശ്വത' പിൻതുടർച്ചയുള്ളതും' എന്ന് ചേർക്കുക

(2) 'അതിനെ' എന്നതിനു പകരം 'അത്' എന്ന് ചേർക്കുക

(3) 'അതിനെ' എന്നതിനു പകരം 'അതിന്' എന്ന് ചേർക്കുക.

(4) 'ചെയ്യേണ്ടതുമാണ്' എന്നതിനു പകരം 'ചെയ്യാവുന്നതുമാണ്' എന്ന് ചേർക്കുക.

195-ാം നമ്പർ ഭേദഗതിയനുസരിച്ച് 4(1)-ൽ സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം ഇതിൽ നിർദ്ദേശിക്കാവുന്ന തീയതിമുതൽ പ്രാബല്യത്തോടുകൂടി .... കേരള അഡ്വക്കേറ്റ് എന്നുള്ള ഭാഗത്ത് 'തീയതി മുതൽ' എന്നതിനു പകരം 'തീയതി മുതലുള്ള' എന്ന മാറ്റം വരുത്തണമെന്നാണ് പറഞ്ഞത്. നേരത്തെ ഒരു പ്രശ്നം വന്നുപോയതുകൊണ്ട് വിശദീകരിക്കാൻ ഉള്ള സാവകാശം ദയവായി അങ്ങ് തരണം. പ്രാബല്യത്തോടുകൂടി എന്നു പറയുമ്പോൾ 'തീയതി മുതൽ കമ്മിറ്റിയെ നിയമിക്കാവുന്നതാണ് എന്നു പറഞ്ഞാൽ' ആ തീയതി മുതൽ എത്ര കമ്മിറ്റിയെ വേണമെങ്കിലും നിയമിക്കാമെന്ന് വികലമായ അർത്ഥം വരും. അതുകൊണ്ടാണ് 'മുതലുള്ള' എന്നു പറഞ്ഞത്. അതുപോലെ 4(2)-ൽ പറയുന്നത് അനുസരിച്ച് വളരെ വികലമായ രീതിയിലാണ് ആ വാക്യം ഉണ്ടാക്കിവച്ചിരിക്കുന്നത്. ഇതിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് കമ്മിറ്റി ശാശ്വതമായ പിൻതുടർച്ചാവകാശമുള്ളതും അങ്ങനെ ഓരോന്ന് പറയുമ്പോഴേ അത് മനസ്സിലാക്കൂ. 'ശാശ്വതമായ പിൻതുടർച്ചാവകാശം' എന്നു പറഞ്ഞാൽ അതിന്റെ മലയാളമൊഴി 'ശാശ്വതമായ പിൻതുടർച്ച' എന്നു മാത്രമാണ്. പിൻതുടർച്ചാവകാശമില്ല. perpetual succession എന്നുള്ള ഇംഗ്ലീഷ് വാക്കിനു പകരം അതിവിടെ മാറി വന്നപ്പോൾ 'ശാശ്വത പിൻതുടർച്ചാവകാശ'മായി. അതുകൊണ്ട് 'അവകാശം' എന്നുള്ളത് വെട്ടിക്കളഞ്ഞിട്ട് ശാശ്വത പിൻതുടർച്ച എന്നു വേണമെന്നാണ് ഞാൻ നിർദ്ദേശിച്ചിരിക്കുന്നത്. 'അവകാശം' കൂടി

LIBRARY ARCHIVES Kerala Legislative Assembly

വന്നാൽ എത്രമാത്രം അവകാശം എന്നൊക്കെ വിശദീകരിക്കേണ്ടിവരും. അവകാശം എത്രമാത്രമെന്ന് പറഞ്ഞിട്ടില്ല. Hindu Succession Act -ലും Christian Succession Act -ലും അവകാശമൊക്കെ ഡിഫൈൻ ചെയ്തിട്ടുണ്ട്. ഇതിൽ അത് പറഞ്ഞിട്ടില്ല. അതുകൊണ്ട് ഒരു മാറ്റം നിർദ്ദേശിക്കുന്ന ഒരു ഭേദഗതിയും അതിനെ വ്യവഹരിക്കാം എന്നു പറയുന്നത് ശരിയാണ്. പക്ഷെ, അതിനെ വ്യവഹരിക്കപ്പെടില്ല എന്ന് വികലമായ രീതിയിലൊക്കെ ആകുമ്പോൾ അതിനെ എന്നതുതന്നെ മാറ്റണമെന്നാണ് പറയുന്നത്. സോക്രട്ടീസ് പറഞ്ഞിട്ടുണ്ട്, വാക്കുകൾ തെറ്റായി പ്രയോഗിക്കുന്നത് പാപമാണെന്ന്. അങ്ങനെയിരിക്കെ ഇത് തിരുത്തപ്പെടണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ എന്റെ 196-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

196. ഖണ്ഡം 4(1)-ൽ 'എന്ന് വിളിക്കുന്ന' എന്നതിനുപകരം 'എന്നപേരിൽ' എന്ന് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ ഞാൻ എന്റെ 242, 248, 253, 255 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

242. ഖണ്ഡം 4(4)-ൽ '3-ാം വകുപ്പ്' എന്ന അക്കത്തിനും വാക്കിനും പകരം '(3)-ാം ഉപവകുപ്പ് എന്ന വാക്കും അക്കവും' ചേർക്കേണ്ടതാണ്.

248. ഖണ്ഡം 4(5)-ൽ '3-ാം വകുപ്പിന്റെ' എന്ന വാക്കിനും അക്കത്തിനും പകരം '(3)-ാം ഉപവകുപ്പിന്റെ' എന്ന വാക്കും അക്കവും ചേർക്കേണ്ടതാണ്

253. ഖണ്ഡം 4(5)-ന് താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത് :-

'എന്നാൽ ഈ വകുപ്പു പ്രകാരം ഒരു അംഗത്തെ നീക്കം ചെയ്യുന്നതിന് മുമ്പായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ് .

255. ഖണ്ഡം 4(5)-ന് ശേഷം താഴെ പറയുന്ന ഉപണ്ഡം ചേർക്കേണ്ടതാണ്, അതായത് :-

'(6)കമ്മിറ്റിയുടെ ആസ്ഥാനം തൃശൂർ ആയിരിക്കുന്നതാണ്.'

ക്ലാസ് 4(2)-ൽ കൂടുതൽ സ്പെസിഫിക്കായിട്ട് ഉയർത്താൻ വേണ്ടിയാണ് ഭേദഗതി പറഞ്ഞിട്ടുള്ളത്. മറ്റൊന്ന് 242, ക്ലാസ് (4)-ൽ 3-ാം വകുപ്പ് എന്നാണ് ചേർക്കേണ്ടത്. 4-ാം വകുപ്പിൽ പിന്നീട് 3-ാം വകുപ്പ് എന്നുള്ളത് 3-ാം ഉപവകുപ്പ് എന്നാക്കണം. 248-ൽ ക്ലാസ് (4) 5-ൽ അതുപോലെതന്നെയുള്ള കറക്ഷൻ വരുത്താൻ വേണ്ടിയാണ്. 4-ാം വകുപ്പിൽ വീണ്ടും 3-ാം വകുപ്പ് എന്ന് എഴുതിയിട്ടുണ്ട്. അത് 3 ഉപവകുപ്പ് എന്നാക്കണം. 255-ൽ ക്ലാസ് 4(5)ൽ കമ്മിറ്റിയുടെ ആസ്ഥാനം എവിടെയാണെന്ന് എഴുതിയിട്ടില്ല. പറ്റുമെങ്കിൽ തൃശ്ശൂർ എന്നോ ഇരിഞ്ഞാലക്കുട എന്നോ ആക്കിയാലും കുഴപ്പമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ ഞാൻ എന്റെ 199, 208, 210, 218, 228, 237, 239, 250 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

199. ഖണ്ഡം 4(3) (എ)-യിലെ 'അദ്ദേഹം കമ്മിറ്റിയുടെ ചെയർമാനായിരിക്കുന്നതാണ്' എന്ന ഭാഗം നീക്കം ചെയ്യുക.

208. ഖണ്ഡം 4(3) (സി) നീക്കം ചെയ്യുക

210. ഖണ്ഡം 4(3) (സി)-യിലെ 'നിയമവകുപ്പിലെ' എന്ന വാക്ക് നീക്കം ചെയ്യുക.

218. ഖണ്ഡം 4(3) (ഇ) -യിൽ 'മൂന്നു അംഗങ്ങൾ' എന്നതിനു പകരം 'അഞ്ച് അംഗങ്ങൾ' എന്ന് ചേർക്കുക.

228. ഖണ്ഡം 4(3) (എഫ്) നുശേഷം (ജി) എന്ന പുതിയ ഇനം ചേർക്കുക.

(ജി) 'കമ്മിറ്റിയുടെ ചെയർമാനായി ഗവൺമെന്റ് ബാർ കൗൺസിലുമായി ചർച്ച ചെയ്ത് ഒരു വ്യക്തിയെ നിയമിക്കേണ്ടതാണ്.

237. ഖണ്ഡം 4(3) (ജി) യ്ക്കു ശേഷം പുതുതായി ഇനം '(എച്ച്)' ചേർക്കുക.

(എച്ച്) 'ബാർ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ'.

239. ഖണ്ഡം 4(3) (എച്ച്) നുശേഷം ഇനം (ഐ) പുതുതായി ചേർക്കുക.

(ഐ) 'സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നു അംഗങ്ങൾ'.

250. ഖണ്ഡം 4(5)-ൽ 'സർക്കാരിന് ഇഷ്ടമുള്ള' എന്ന വാക്കുകൾക്ക് പകരം 'സർക്കാർ നിശ്ചയിക്കുന്ന' എന്ന് ചേർക്കുക.

ക്ഷേമനിധി കമ്മിറ്റിയുടെ നിയമനത്തെ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട വകുപ്പാണിത്. ഇത് ഫങ്ഷൻ ചെയ്യണം. പ്രത്യേകിച്ച് ഇതിന്റെ തുടക്കത്തിൽ വളരെ ഭാരിച്ച ജോലികളുണ്ടായിരിക്കും. രജിസ്ട്രേഷൻ ക്ഷേമനിധി കമ്മിറ്റിയിലൊക്കെ പ്രവർത്തിച്ച അനുഭവംകൂടി വച്ചുകൊണ്ടാണ് പറയുന്നത്. തുടക്കത്തിൽ കുറച്ചു വർഷങ്ങൾ നല്ലവണ്ണം ശ്രമിച്ചാലേ അംഗത്വ രജിസ്ട്രേഷനും തുടക്കത്തിലുള്ള അംശദായം പിരിച്ചെടുക്കലുമൊക്കെ നടക്കൂ. അതുകൊണ്ട് വളരെ പ്രധാനപ്പെട്ട ഈ കമ്മിറ്റിയിൽ ഗവൺമെന്റ് ഇപ്പോൾ എക്സ് ഒഫിഷ്യോ ചെയർമാനായി നിശ്ചയിച്ചിരിക്കുന്നത് ഗവൺമെന്റ് സെക്രട്ടറി, നിയമവകുപ്പിനെയാണ്. നിയമ വകുപ്പു സെക്രട്ടറി ഏറ്റവും കൂടുതൽ തിരക്കുള്ളയാളാണ്. സദാസമയവും ശ്രദ്ധയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ട പോസ്റ്റിലുള്ള ആൾ ഈ കമ്മിറ്റിയുടെ ചെയർമാനായിട്ടിരുന്നാൽ ആ കമ്മിറ്റി ഫങ്ഷൻ ചെയ്യാൻ കഴിയില്ല. എന്റെ ഭേദഗതികളെക്കുറിച്ച് ഒന്നിച്ചാണ് ഞാൻ സംസാരിക്കുന്നത്. മറിച്ച് ഈ സ്ഥാനത്തിരിക്കുവാൻ അർഹതയും,

LIBRARY ARCHIVES Kerala Legislative Assembly

യോഗ്യതയും, കഴിവും, സമയവുമുള്ള ഒരു ഉദ്യോഗസ്ഥനെ അല്ലെങ്കിൽ വ്യക്തിയെ ചെയർമാനായിട്ട് ഗവൺമെന്റിന്റെ തീരുമാനത്തിന് വിധേയമായിട്ട് നിയമിക്കാം. ഗവൺമെന്റ് സെക്രട്ടറി, ലാ സെക്രട്ടറി ഇവർ മെമ്പറായാൽ മതി. ലാൻറ് റവന്യൂ കമ്മീഷണർ വളരെ ഭാരിച്ച ഉത്തരവാദിത്തമുള്ള പോസ്റ്റാണ്. അദ്ദേഹത്തിന് ഈ കമ്മിറ്റിയിൽ ഇരിക്കേണ്ട കാര്യമെന്താണ് ? മറിച്ച് ഗവൺമെന്റ് ഇതിൽ പറയുന്ന നിയമ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ജോയിന്റ് സെക്രട്ടറിക്ക് താഴെ അല്ലാത്ത (നിയമവകുപ്പിൽനിന്നും ആകണമെന്നില്ല) ഗവൺമെന്റ് ഡിപ്പാർട്ടുമെന്റിൽനിന്നും വരട്ടെ. ഇതുമായി ബന്ധപ്പെടാവുന്ന പല ഡിപ്പാർട്ടുമെന്റുമുണ്ട്. അതിൽ ഏതെങ്കിലും വകുപ്പിന്റെ ജോയിന്റ് സെക്രട്ടറിക്ക് താഴെ റാങ്ക് അല്ലാത്ത ഒരാളിനെ വയ്ക്കുക. ഗവൺമെന്റ് നോമിനേറ്റു ചെയ്യുന്ന അംഗങ്ങൾ എന്നുപറയുന്നത് അഡ്വക്കേറ്റ്-ക്ലർക്കുമാരിൽനിന്ന് സർക്കാർ നാമനിർദ്ദേശം ചെയ്തതുപോലെ തന്നെ വളരെ പ്രധാനപ്പെട്ടതാണ് ബാർ കൗൺസിൽ. ഇത് ഇംപ്ലിമെന്റ് ചെയ്യുന്ന സ്റ്റേജിൽ എത്തിയാൽ ഏറ്റവും കൂടുതൽ കോൺട്രിബ്യൂട്ടു ചെയ്യാൻ കഴിയുന്ന, പല സഹായങ്ങളും ചെയ്തുതരാൻ കഴിയുന്ന വകുപ്പാണ് ബാർ കൗൺസിൽ തെരഞ്ഞെടുക്കപ്പെടുന്ന സമിതി. ആ ബാർ കൗൺസിലിന്റെ ഭാരവാഹികൾ അല്ലെങ്കിൽ ആ രീതിയിലുള്ള പ്രസിഡന്റോ കൗൺസിൽ നിശ്ചയിക്കുന്നവരോ, അവർ മൂന്നുവർഷം കൂടുമ്പോൾ നിയമാനുസൃതമായി തെരഞ്ഞെടുക്കുന്ന ഒരു ബോഡിയാണ്.വളരെ അധികാരമുള്ള വളരെ ഉയർന്ന സ്ഥാനം വഹിക്കുന്നവരാണ്. അവരുടെ പ്രാതിനിധ്യം ഉണ്ടാകണം. അതുപോലെ അഡ്വക്കേറ്റിന്റെ പ്രാതിനിധ്യവും നല്ലതാണ്. അഡ്വക്കേറ്റ്സുമാരുടെ പ്രാതിനിധ്യത്തെപ്പോലെതന്നെ ഈ കമ്മിറ്റി സജീവമാക്കണം. വളരെ പ്രധാനപ്പെട്ട ഭേദഗതികൂടി അതിൽവേണം. അതായത് 3-ാം വകുപ്പ് (ഇ) ഖണ്ഡ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗം മൂന്നുവർഷക്കാലത്തേക്കോ അല്ലെങ്കിൽ അത് ഗവൺമെന്റിന്റെ താൽപ്പര്യപ്രകാരമോ ആകണം, ഇതിൽ പറയുന്നത് ഇഷ്ടമുള്ള കാലം ഉദ്യോഗം വഹിക്കുന്നതാണ് എന്നാണ്. നിയമത്തിൽ അങ്ങനെ ചേർക്കുന്നത് തെറ്റാണ്. ഈ കമ്മിറ്റിയിലേയ്ക്ക് ഗവൺമെന്റ് നോമിനേറ്റു ചെയ്യുന്ന വളരെ ഉയർന്ന സ്ഥാനത്തിരിക്കുന്ന ആൾക്കാരെ അപമാനിക്കുന്നതിന് തുല്യമാണ്. മറിച്ച് സർക്കാർ നിശ്ചയിക്കുന്ന കാലത്തോളം എന്ന ഒരു വാക്കുകൂടി വേണം. 10-ാം കേരള നിയമസഭയിൽ വളരെ പ്രധാനപ്പെട്ട ഒരു ചർച്ച നടന്നു. അന്ന് സുശീലാഗോപാലൻ അവതരിപ്പിച്ച ചർച്ചയിൽ അത് അംഗീകരിച്ചു. ഇതുപോലുള്ള സ്ഥാപനങ്ങളിൽ ഗവൺമെന്റിന്റെ ഇഷ്ടത്തിന് ഈ സ്ഥാനത്തിരിക്കുവാനും ഇഷ്ടമില്ലാത്തപ്പോൾ പിരിച്ചുവിടുകയും ചെയ്യുന്ന രീതി ശരിയല്ല. മറിച്ച് ഗവൺമെന്റ് നിശ്ചയിക്കുന്ന രീതിയിലാക്കിയാൽ നന്നായിരിക്കും. എന്റെ ഭേദഗതികൾ കമ്മിറ്റിയുടെ രൂപീകരണത്തെ ഒന്നുകൂടി ഫലപ്രദമാക്കാൻ സൗകര്യമുള്ളതാണ്.

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

200. ഖണ്ഡം 4 (3) (ബി)-യിൽ "ഡെപ്യൂട്ടി സെക്രട്ടറി" എന്നതിനുപകരം "അഡീഷണൽ സെക്രട്ടറി" എന്ന് ചേർക്കുക.

224. ഖണ്ഡം 4 (3) (ഇ) താഴെപറയും പ്രകാരം ഭേദഗതി ചെയ്യുക. (ഇ) അഡ്വക്കേറ്റ് ക്ലർക്കുമാരുടെ രജിസ്റ്ററിലുള്ള മെമ്പർമാരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട അഞ്ചുപേർ .

224-ൽ "നാമനിർദ്ദേശം ചെയ്യപ്പെടുന്ന മൂന്ന് അംഗങ്ങൾ" എന്നതിനുപകരം "അഡ്വക്കേറ്റ് ക്ലർക്കുമാരുടെ രജിസ്റ്ററിലുള്ള മെമ്പർമാരിൽ തെരഞ്ഞെടുക്കപ്പെട്ട അഞ്ചുപേർ" എന്നാക്കണം.

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

201. ഖണ്ഡം 4 (3) (ബി)-യിൽ "ഡെപ്യൂട്ടി സെക്രട്ടറി" എന്നതിനു പകരം "ജോയിന്റ് സെക്രട്ടറി" എന്ന ചേർക്കുക.

225. ഖണ്ഡം 4 (3) (ഇ) താഴെപറയും പ്രകാരം മാറ്റിയെഴുതുക.

(ഇ) "ഫണ്ടിലെ അംഗങ്ങളിൽ നിന്നും നിർണ്ണയിക്കപ്പെട്ടവിധം തെരഞ്ഞടുക്കപ്പെടുന്ന അഞ്ചുപേർ."

201-ൽ ധനവകുപ്പിന്റെ ഡെപ്യൂട്ടി സെക്രട്ടറിയെയാണ് ഈ കമ്മിറ്റിയിൽ മെമ്പറായിട്ട് പ്രൊപ്പോസ് ചെയ്തിട്ടുള്ളത്. ഞാൻ പറഞ്ഞത്, ഡെപ്യൂട്ടി സെക്രട്ടറി പോരാ ജോയിന്റ് സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ ഉണ്ടാകണമെന്നതാണ്.

225-ൽ എന്റെ അഭിപ്രായം ഇന്ന് കമ്മിറ്റിയിൽ ഏഴുപേരാണുള്ളത്. അതിൽ നാലുപേരും ഉദ്യോഗസ്ഥരാണ്. 3 പേർ മാത്രമാണ് ഈ ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾക്ക് അർഹരായ 20,000 ക്ലർക്കുമാരെ പ്രതിനിധീകരിച്ചു കൊണ്ടുവരേണ്ടത്. അതിന്റെ ഘടന മാറ്റണം. ഭൂരിപക്ഷ ഉദ്യോഗസ്ഥന്മാരായാൽ ശരിയാവില്ല. അതുകൊണ്ട് ഏഴ് എന്നുപറയുന്ന ഇന്നത്തെ ഘടന മാറ്റുന്ന വിധത്തിൽ ഭൂരിപക്ഷ ക്ലർക്കുമാരെ പ്രതിനിധീകരിച്ചുകൊണ്ടുള്ള ആളുകൾ ആകണം. ഭൂരിപക്ഷ ഉദ്യോഗസ്ഥരാകുന്ന ഇന്നത്തെ ഘടന മാറ്റണം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

203. ഖണ്ഡം 4 (3) (ബി) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"(ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അണ്ടർ സെക്രട്ടറിയുടെ പദവിയിൽ താഴെ അല്ലാത്ത ധനകാര്യ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ-അംഗം."

LIBRARY ARCHIVES Kerala Legislative Assembly

204. ഖണ്ഡം 4(3) (ബി)-യിൽ "ഡെപ്യൂട്ടി സെക്രട്ടറി" എന്നത് "അണ്ടർ സെക്രട്ടറി" എന്നാക്കുക.

ഖണ്ഡം 4 (3) (ഡി)-യിൽ "ജോയിന്റ് സെക്രട്ടറി" എന്നത് "ഡെപ്യൂട്ടി സെക്രട്ടറി" എന്നാക്കുക.

211. ഖണ്ഡം 4(3) (ഡി) ഇനി പറയും പ്രകാരം ഭേദഗതി ചെയ്യുക.

"(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അണ്ടർ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത നിയമവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ-അംഗം."

223. ഖണ്ഡം 4 (3) (ഇ)-യിൽ "മൂന്നു അംഗങ്ങൾ" എന്നതിനുപകരം ആറ് അംഗങ്ങൾ എന്ന് ചേർക്കുക.

252. ഖണ്ഡം 4 (5) താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുക :

(5) "3-ാം വകുപ്പിന്റെ (ബി)-യും (സി)-യും ഖണ്ഡ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളും (എഫ്) ഖണ്ഡ പ്രകാരം നിയമിക്കപ്പെട്ട അംഗവും മൂന്ന് വർഷത്തേക്കോ അല്ലെങ്കിൽ മൂന്ന് വർഷക്കാലത്തേക്കോ അല്ലെങ്കിൽ റിട്ടയർ ചെയ്യുന്നതുവരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ഉദ്യോഗം വഹിക്കുന്നതാണ്. "

<u>ശ്രീ. പി. ടി. തോമസ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

212. ഖണ്ഡം 4 (3) (ഇ)-യിൽ "അഡ്വക്കേറ്റ് ക്ലർക്കുമാരിൽനിന്നും" എന്നതിനുമുൻപായി "ഫണ്ടിലെ അംഗങ്ങളായ" എന്ന് ചേർക്കുക.

"അഡ്വക്കേറ്റ് ക്ലർക്കുമാരിൽനിന്നും എന്നതിനു മുമ്പായി "ഫണ്ടിലെ അംഗങ്ങളായ" എന്നുചേർക്കണമെന്ന ചെറിയ ഭേദഗതിയാണ്.

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

213. ഖണ്ഡം 4 (3) (ഇ)-യിൽ "ക്ലർക്കുമാരിൽനിന്നും" എന്നത് "ക്ലർക്കുമാരുടെ വിവിധ സംഘടനകളെ പ്രതിനിധാനം ചെയ്യുന്നവരിൽനിന്നും" എന്ന് മാറ്റുക.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

214. ഖണ്ഡം 4 (3) (ഇ)-യിൽ "അഡ്വക്കേറ്റ് ക്ലർക്കുമാരിൽ" എന്ന വാക്കുകൾക്കുപകരം "അഡ്വക്കേറ്റ് ക്ലർക്ക്സ് അസോസിയേഷൻ ഔദ്യോഗിക ഭാരവാഹികളിൽ" എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

236. ഖണ്ഡം 4 (3)-ൽ ഇനം "എഫ്" "(എച്ച്)" എന്നു നമ്പർ ചെയ്യേണ്ടതും (എഫ്) (ജി) എന്നീ താഴെ പറയുന്ന രണ്ടു ഇനങ്ങൾ കൂട്ടിച്ചേർക്കേണ്ടതുമാണ്.

(എഫ്) കേരള ബാർ കൗൺസിൽ അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഡ്വക്കേറ്റ് അംഗം.

(ജി) ബാർ അസോസിയേഷൻ ഔദ്യോഗിക ഭാരവാഹികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഡ്വക്കേറ്റ് അംഗം.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

215. ഖണ്ഡം 4 ഉപഖണ്ഡം 3 (ഇ)-ൽ "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്നതിനുപകരം "തെരഞ്ഞെടുക്കുന്ന" എന്ന വാക്ക് ചേർക്കുക.

245. ഖണ്ഡം 4 (4)-ൽ "മൂന്നുവർഷക്കാലത്തേക്കോ" എന്നുള്ളത് അഞ്ചുവർഷക്കാലത്തേക്കോ" എന്ന് ചേർക്കുക.

സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളായിട്ടുള്ള ആളുകൾക്ക് ഒരു രാഷ്ട്രീയവുമില്ല. അതുകൊണ്ട് അതിന് അർഹരായ ആളുകളെ തെരഞ്ഞെടുക്കുന്ന ഒരു സ്ഥിതി ഉണ്ടാകണം. തെരഞ്ഞെടുക്കുക എന്ന ഒരു ഭേദഗതിയാണ് ഞാൻ ഉദ്ദേശിക്കുന്നത്. അതുപോലെ കമ്മിറ്റിക്ക് കോറം ഉണ്ടാകണം. മൂന്ന് അംഗങ്ങളെ മാറ്റി തെരഞ്ഞെടുക്കപ്പെടുമ്പോൾ ആ കമ്മിറ്റിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്ക് കോറം നിശ്ചയിക്കുവാൻ കഴിയില്ല. അതുപോലെ ഇതിൽ കമ്മിറ്റിയുടെ പിരേയ്ഡിനെ സംബന്ധിച്ച് പറയുന്നു. 3 വർഷം എന്നാണ് പറയുന്നത്. എല്ലാ ജനാധിപത്യ സംവിധാനത്തിനും ഇപ്പോൾ 5 വർഷമുണ്ട്. അതുകൊണ്ട് ഈ കമ്മിറ്റിയുടെ സമയപരിധി 5 വർഷം എന്നാക്കണം.

ശ്രീ. മത്തായി ചാക്കോ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

216. ഖണ്ഡം 4 (3) (ഇ)-ൽ "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അംഗങ്ങൾ" എന്നതിനുപകരം രജിസ്റ്ററിലുള്ള അംഗങ്ങൾ തെരഞ്ഞെടുക്കുന്ന നാലുപേർ" എന്ന് ചേർക്കുക.

229. ഖണ്ഡം 4 (3)-ൽ താഴെ പറയുന്ന ഇനം കൂടി ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(ജി) "സംസ്ഥാന ബാർകൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു അഡ്വക്കേറ്റ്."

216-ൽ നേരത്തെ ഇവിടെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചതാണ്. അഡ്വക്കേറ്റ് ക്ലർക്കിന് സ്റ്റേറ്റ് അടിസ്ഥാനത്തിൽ ഒരു രജിസ്റ്ററുണ്ടാകുമല്ലോ. 85 കോർട്ട് സെന്ററുകളിലുള്ള ഒരു സ്റ്റേറ്റ് രജിസ്റ്റർ ഉണ്ടായിരിക്കെ എന്തിനാണ് ഗവൺമെന്റ് നോമിനേറ്റു ചെയ്യുന്നത് ? നമ്മൾ ജനാധിപത്യത്തിന്റെ വിഭാഗമാണ്. നമ്മുടെ മുഖ്യമന്ത്രി അതിനോട് യോജിക്കുന്ന ആളാണ്. ഈ ക്ലർക്കുമാരിൽനിന്നും തെരഞ്ഞെടുത്ത മൂന്നാളെ എടുത്തുകൂടെ ? അതല്ലേ അവർ ആവശ്യപ്പെട്ടത് ? എന്തിനാണ് നോമിനേറ്റ് ചെയ്യേണ്ട കാര്യം ? ഏത് ഗവൺമെന്റ് വന്നാലും ക്ലർക്കുമാർക്ക് പ്രത്യേക രാഷ്ട്രീയമില്ല. ഈ സ്റ്റേറ്റ് അടിസ്ഥാനത്തിലുള്ള രജിസ്റ്ററിൽനിന്ന് അംഗങ്ങളായിട്ടുള്ള ആളുകളിൽനിന്ന് മൂന്നുപേരെ തെരഞ്ഞെടുക്കണം.

മറ്റൊന്ന്, ലാന്റ് റവന്യൂ കമ്മീഷണറൊക്കെ ഇവിടെയുണ്ട്. യഥാർത്ഥത്തിൽ ബാർ കൗൺസിലിന്റെ ഒരാൾ വേണ്ടേ ? ബാർ കൗൺസിലിന്റെ പ്രസിഡന്റോ ഗവൺമെന്റ് നിശ്ചയിക്കുന്ന ഒരാളോ വേണം. ബാർകൗൺസിലിൽനിന്നും വക്കീലന്മാരുടെ ഗുമസ്തന്മാരുണ്ടല്ലോ ? അതുകൊണ്ട് വക്കീലന്മാരുടെ പ്രതിനിധികൂടിവേണം.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

226. ഖണ്ഡം 4 (3) (ഇ) താഴെപറയും പ്രകാരം മാറ്റുക :

(ഇ) "അഡ്വക്കേറ്റ് ക്ലർക്കുമാരിൽ ഒന്നിലേറെ രജിസ്റ്റേർഡ് സംഘടനകൾ ഉണ്ടെങ്കിൽ ഏറ്റവും കൂടുതൽ അംഗങ്ങൾ ഉള്ള മൂന്ന് സംഘടനകളിൽ നിന്ന് ഓരോ അംഗത്തെ പ്രസ്തുത സംഘടനകളുടെ ഭാരവാഹികളുടെ ആവശ്യപ്രകാരം ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(3) (ഇ) യിൽ അഡ്വക്കേറ്റ് ക്ലർക്കുമാരിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അംഗങ്ങൾ എന്നാണ്. സ്വാഭാവികമായും മനസ്സിലാകും കേരളാ കോൺഗ്രസ്സിന്റെ ആളുകളാണ് ഇതിൽവരുക. അത് പ്രൊപ്പോഷണൽ റപ്രസന്റേഷൻ എന്ന നിലയ്ക്ക് രജിസ്റ്റേർഡ് യൂണിയനുകളിലെ മെമ്പർമാരിൽനിന്ന് മൂന്നാളെ തെരഞ്ഞെടുത്താൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

227. ഖണ്ഡം 4 (3) (ഇ)-യ്ക്കുശേഷം പുതുതായി "എഫ്" ഇനമായി താഴെ പറയുന്നത് ചേർക്കുക.

(എഫ്) "കേരള ബാർ അസോസിയേഷന്റെയും ബാർ കൗൺസിലിന്റെയും ഓരോ പ്രതിനിധികൾ."

254. ഖണ്ഡം 4 (5)-ൽ സർക്കാരിന് ഇഷ്ടമുള്ളകാലം എന്നതിന് പകരം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക:

"അഞ്ചുവർഷത്തേക്കോ അല്ലെങ്കിൽ അൻപത്തിയഞ്ച് വയസ് പ്രായം വരെയോ അതിൽ ഏതാണോ ആദ്യം വരുന്നത്, അതുവരെ."

ഇതിൽ ക്ഷേമനിധി കമ്മിറ്റിയുടെ രൂപീകരണം സംബന്ധിച്ചാണ്. അഡ്വക്കേറ്റ് ക്ലർക്ക്സുമാരിൽനിന്നും നാമനിർദ്ദേശം ചെയ്യുന്ന മൂന്നുപേരാണ് ഇപ്പോൾ പറയുന്നത്. അത് 5 പേർ ആക്കിയാൽ ഭരണം കുറച്ചുകൂടി സൗകര്യമാകും. ആളെ നോമിനേറ്റു ചെയ്യുന്നതിന് 5 പേരെ കിട്ടിയാൽ വലിയ കുഴപ്പമില്ലാതെ പോകുവാൻ പറ്റും. അതുകൊണ്ട് അഞ്ച് ആക്കുന്നതായിരിക്കും നല്ലത്.

മറ്റൊന്ന്, ബാർ അസോസിയേഷന്റെയും ബാർ കൗൺസിലിന്റെയും ഓരോ പ്രതിനിധികൂടി ഉണ്ടായാൽ അവരുടെ അഭിപ്രായംകൂടി വരുന്നതിന് സഹായകമാകും.

മറ്റൊന്ന്, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളും നിയമിക്കപ്പെട്ട അംഗവും സർക്കാരിന് ഇഷ്ടമുള്ള കാലംവരെ ഉദ്യോഗം വഹിക്കാമെന്നാണ്. അതിൽ എന്റെ ഭേദഗതി, ഇഷ്ടമുള്ള കാലം എന്നതു മാറ്റി അഞ്ചു വർഷത്തേയ്ക്ക് അല്ലെങ്കിൽ 55 വയസ്സു പ്രായംവരെ, ഇതിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ എന്നാക്കിയാൽ ഒരു വ്യക്തതയുണ്ടാകും. ഇഷ്ടമുള്ള എന്ന വ്യഖ്യാനം ശരിയല്ല.

ശ്രീ. എം.എ. വാഹിദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

230. ഖണ്ഡം 4 (3) ഇനം 'എഫ്' നുശേഷം പുതുതായി ഇനം 'ജി' ആയി താഴെ പറയുന്നവ ചേർക്കുക.

(ജി) "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെ അല്ലാത്ത പൊതു ഭരണ വകുപ്പിലെ ഒരുദ്യോഗസ്ഥൻ .

ശ്രീ. കെ. പി. മോഹനൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

231. ഖണ്ഡം 4(3) (എഫ്) നുശേഷം താഴെ പറയുന്നവ (ജി) ആയി ചേർക്കുക.

(ജി) "കമ്മിറ്റിയുടെ ചെയർമാന്റേയും അംഗങ്ങളുടേയും പേരുകൾ സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്."

ഒരു പുതിയ ഭേദഗതി (എഫ്)-നു ശേഷം (ജി) ആയിട്ട് കമ്മിറ്റിയുടെ ചെയർമാന്റെയും അംഗങ്ങളുടെയും പേരുകൾ സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തണമെന്നതാണ്. അല്ലെങ്കിൽ ആരും അറിയില്ല.

ശ്രീ. പി. ജയരാജൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

241. ഖണ്ഡം 4 (3) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

(3) കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതായത്

(എ) ഗവൺമെന്റ് സെക്രട്ടറി, നിയമവകുപ്പ് (എക്സ് ഒഫീഷ്യോ) അദ്ദേഹം കമ്മിറ്റിയുടെ ചെയർമാനായിരിക്കുന്നതാണ്.

(ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ തഴെയല്ലാത്ത ധനകാര്യ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ-അദ്ദേഹം കമ്മിറ്റിയുടെ വൈസ് ചെയർമാൻ.

(സി) സംസ്ഥാന ബാർ കൗൺസിൽ നിർദ്ദേശിക്കുന്ന ഒരു അഡ്വക്കേറ്റ്-അംഗം.

(ഡി) അഡ്വക്കേറ്റ് ക്ലർക്കുമാരുടെ സംഘടനകളിൽ നിന്നും കൂടുതൽ അംഗങ്ങളുള്ള സംഘടനകൾക്ക് പ്രാതിനിധ്യം നൽകത്തക്കവിധം തെരഞ്ഞെടുക്കപ്പെടുന്ന അഞ്ച് അംഗങ്ങൾ.

(ഇ) 13-ാം വകുപ്പ് പ്രകാരം സർക്കാർ നിയമിക്കുന്ന കമ്മിറ്റിയുടെ സെക്രട്ടറി, എന്നാൽ കമ്മിറ്റിയുടെ സെക്രട്ടറിക്ക് യോഗങ്ങളിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

നിലവിൽ ഈ ക്ഷേമനിധി കമ്മിറ്റിയിൽ 8 അംഗങ്ങളാണുള്ളത്. ഒറ്റ സംഖ്യയാവണം. അതുകൊണ്ട് 9 അംഗങ്ങൾ വേണം എന്നതാണ് എന്റെ നിർദ്ദേശം. അഡ്വക്കേറ്റ് ക്ലർക്ക്സിന്റെ സംഘടനകളിൽ നിന്ന് അഞ്ച് അംഗങ്ങളെ തെരഞ്ഞെടുക്കണമെന്നുള്ള നിലയിലുള്ള നിർദ്ദേശമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

244. ഖണ്ഡം 4 (4)-ൽ

(1) "ഒരംഗം" എന്നതിനു പകരം "ഒരംഗത്തിന്"എന്ന് ചേർക്കുക.

(2) "അയാൾ" എന്നതിനുശേഷം "ഏതെങ്കിലും" എന്ന് ചേർക്കുക.

(3) "വഹിക്കുന്നതാണ്"എന്നതിന് പകരം "വഹിക്കാവുന്നതാണ്" എന്ന് ചേർക്കുക.

(4) "വഹിക്കുന്നതാണ്" എന്നതിന് പകരം "വഹിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. എം. മുരളി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

249. ഖണ്ഡം4 (5)-ൽ (1) "3-ാം വകുപ്പിന്റെ" എന്നതിനുപകരം '3-ാം ഉപവകുപ്പിന്റെ' എന്ന് ചേർക്കുക.

(2) "കാലം" എന്നതിനുശേഷം "വരെ" എന്ന് ചേർക്കുക.

(3) "വഹിക്കുന്നതാണ്"എന്നതിനുപകരം "വഹിക്കാവുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ : മറ്റു ഭേദഗതികളൊന്നും ഓർഡറിലല്ല അല്ലെങ്കിൽ അവതരിപ്പിച്ച ഭേദഗതികൾക്ക് തുല്യം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട പി. ജയരാജൻ അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതിയിൽ (സി) 1.00 P.M.] ഉൾപ്പിരിവ് അംഗീകരിക്കുകയാണ്. "സംസ്ഥാന ബാർ കൗൺസിൽ നിർദ്ദേശിക്കുന്ന ഒരു അഡ്വക്കേറ്റ് കൂടി അംഗമാകണ"മെന്നതാണ്. കൂടാതെ ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 242, 248 എന്നിവ ടെക്നിക്കൽ അമെൻഡ്മെന്റാണ്. അവ സ്വീകരിക്കുന്നതിൽ തെറ്റില്ല. മൂന്നാം വകുപ്പ് എന്നുള്ളതിനുപകരം മൂന്നാം ഉപവകുപ്പ് എന്നുള്ളതാണ്. Accuracy -ക്ക് അതു നല്ലതായിരിക്കും. അതുകൊണ്ട് 242, 248 എന്നീ ഭേദഗതികൾ സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതിയിലെ ഉൾപ്പിരിവ് (സി) യും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 242, 248 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 195, 197 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 253, 255 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 199, 208, 210, 218, 228, 237, 239, 250 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 200, 224 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 201, 225 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 203, 204, 211, 223, 252 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 214, 236 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 215, 245 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 216, 229 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 227, 254 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതിയുടെ ഉൾപ്പിരിവ് (സി), ഒഴികെയുള്ള ഭാഗം സഭ നിരാകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി അവതരിപ്പിച്ച 249-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. എ. സുജനപാൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

256. ഖണ്ഡം 5 ഉപഖണ്ഡം (1)-ലെ പ്രാരംഭ വാചകത്തിൽ നിന്നും "എന്ന" എന്നത് നീക്കം ചെയ്യുക. (ഡി) ഇനത്തിൽ നിന്ന് "അയാൾ ഫണ്ടിലെ ഒരംഗമായിരിക്കുന്ന പക്ഷം" എന്നതും ബ്രാക്കറ്റും നിക്കം ചെയ്യുക.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

257. ഖണ്ഡം 5(1) (സി)-യിൽ നിന്ന് "അനുമതിയില്ലാതെ" എന്ന വാക്ക് നീക്കം ചെയ്യുക.

സർ, അനുമതിയില്ലാതെ കമ്മിറ്റിയിൽ ഹാജരാകുന്നതിനെ സംബന്ധിച്ചാണ്. സർക്കാർ ഉദ്യോഗസ്ഥന്മാരാണ് കൂടുതൽ വരുന്നത്. അനുമതി പറഞ്ഞാൽ പോരാ. തുടർച്ചയായിട്ട് പങ്കെടുക്കാത്ത അംഗമാകാൻ പാടില്ല. അനുമതി വാങ്ങി പങ്കെടുക്കാതിരിക്കുന്നതല്ല. തുടർച്ചയായി യോഗത്തിൽ പങ്കെടുത്തില്ല എന്നതാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

260. ഖണ്ഡം 5(1) (സി)-യുടെ രണ്ടാം ഖണ്ഡിക താഴെ പറയുംപ്രകാരം ഭേദഗതി ചെയ്യുക.

"എന്നാൽ അങ്ങനെയുള്ള ഒരംഗം തന്റെ ഹാജരാകാതിരിക്കലിന് മതിയായ കാരണമുണ്ടെന്ന് രേഖകളുടെ സഹായത്തോടെ ബോധ്യപ്പെടുത്തുകയും അത് കമ്മിറ്റിക്ക് ബോധ്യപ്പെടുകയുമാണെങ്കിൽ."

265. ഖണ്ഡം 5 (1) (ഇ)-യിൽ "അസ്ഥിരപ്പെടുത്താതിരിക്കുകയോ" എന്നതിനും "ചെയ്യുന്ന സംഗതിയിൽ" എന്നതിനും ഇടയിൽ പ്രഥമദൃഷ്ട്യാകേസ് ഉണ്ടെന്ന് ബോദ്ധ്യപ്പെടുകയോ" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

261. ഖണ്ഡം 5 ഉപഖണ്ഡം (1) (ഡി)-യിൽ നിന്ന് "സ്ഥിരം" എന്ന വാക്ക് നീക്കം ചെയ്യുക.

സർ, അയോഗ്യതയുമായി ബന്ധപ്പെട്ട പ്രശ്നമാണ് എന്റെ ഭേദഗതി. ആക്ടിൽ പറയുന്നത് സ്ഥിരം കുടിശ്ശിക എന്നാണ്. കുടിശ്ശികയെല്ലാം കുടിശ്ശികയായിട്ട് തന്നെ പരിഗണിക്കണം. കുടിശ്ശിക വരുത്തുന്ന ആളിനെ അയോഗ്യരാക്കുക എന്നുള്ള നിലപാടാണ് വരുന്നത്. അതുകൊണ്ട് സ്ഥിരം എന്നുള്ള വാക്ക് എടുത്തുകളയണം.

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

262. ഖണ്ഡം 5 ഉപഖണ്ഡം (1) (ഇ)-യിൽ സംബന്ധിച്ച് എന്ന വാക്കിന് പകരം "സംബന്ധിച്ചോ ധനാപഹരണം സംബന്ധിച്ചോ" എന്ന് ചേർക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

263. ഖണ്ഡം 5 ഉപഖണ്ഡം (1) (ഇ) ഇനിപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

(ഇ) "ഒരു ക്രിമിനൽ കേടതി, സാന്മാർഗ്ഗികാധഃപതനം സംബന്ധിച്ച് ഒരു കുറ്റത്തിന് ശിക്ഷിക്കുകയോ"

271. ഖണ്ഡം 5(1)-ന് പകരം താഴെപ്പറയുന്നതു ചേർക്കുകയും നിലവിലുള്ള 5-ാം ഖണ്ഡത്തിലെ മാർജിനൽ ഹെഡ്ഡിംഗ് ഉൾപ്പെടെയുള്ള (1)-ഉം (2)-ഉം ഉപഖണ്ഡങ്ങൾ (3)-ഉം (4)-ഉം ഉപഖണ്ഡങ്ങളായി ക്രമീകരിക്കുയും ചെയ്യുക:-

5. കമ്മിറ്റിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗത്തിനുള്ള അയോഗ്യത- (1) താഴെപ്പറയുന്ന സംഗതികളിൽ ഒരു വ്യക്തി ഒരംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ ഒരംഗമായിരിക്കുന്നതിനോ അയോഗ്യനായിരിക്കുന്നതാണ് ;

(എ) സ്ഥിരബുദ്ധിയില്ലാത്ത ഒരാളും, തക്ക അധികാരമുള്ള കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ; അല്ലെങ്കിൽ

(ബി) പാപ്പരായി തക്ക അധികാരസ്ഥാനമുള്ള കോടതി വിധിക്കപ്പെട്ട ഒരാൾ ; അല്ലെങ്കിൽ

(സി) ഫണ്ടിലെ ഒരു സ്ഥിരം കുടിശ്ശികക്കാരനോ (അയാൾ ഫണ്ടിലെ ഒരംഗമായിരിക്കുന്ന പക്ഷം) അഥവാ വിശ്വാസവഞ്ചന നടത്തിയിട്ടുള്ള ആളോ ; അല്ലെങ്കിൽ

(ഡി) ഒരു ക്രിമിനൽ കോടതി സാന്മാർഗ്ഗികാധഃപതനം സംബന്ധിച്ച ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെട്ടിട്ടുള്ള ഒരാൾ.

LIBRARY ARCHIVES Kerala Legislative Assembly

സർ, കമ്മിറ്റിയിലെ അംഗങ്ങളുടെ അയോഗ്യത സംബന്ധിച്ചാണ്. അതിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗം സ്ഥിരബുദ്ധിയില്ലാതാകുകയോ എന്നാണ്. നാമനിർദ്ദേശം ചെയ്യപ്പെട്ടു കഴിഞ്ഞാൽ സ്ഥിരബുദ്ധി ഇല്ലാതായിക്കഴിഞ്ഞ ആളിനാണ് അയോഗ്യത. ഞാൻ പറയുന്നത്, നാമനിർദ്ദേശം ചെയ്യപ്പെടുന്ന സമയത്തു തന്നെ അതിനെ സംബന്ധിച്ച് ഒരു വ്യക്തത വേണം. സ്ഥിരബുദ്ധിയുള്ളയാളിനെ എടുക്കുന്നതാണ് നല്ലത്. ഒരു ക്രിമിനൽ കോടതി സാന്മാർഗ്ഗികാധഃപതനം സംബന്ധിച്ച ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെട്ടിട്ടുള്ള എന്നതുകൂടി ചേർക്കണം. അത്തരത്തിൽ ഒരു വ്യക്തത വേണം എന്നാണ് എന്റെ ഭേദഗതിയുടെ ഉദ്ദേശം.

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

264. ഖണ്ഡം 5 ഉപഖണ്ഡം (1) (ഇ) താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക.

"ഒരു ക്രിമിനൽ കോടതിയാൽ ശിക്ഷിക്കപ്പെട്ട ഒരംഗത്തിന് പ്രസ്തുത ശിക്ഷ അപ്പീലിൽ അസ്ഥിരപ്പെടുത്താത്തിടത്തോളം അയാൾ കമ്മിറ്റിയിൽ അംഗമായി തുടരാൻ അയോഗ്യനായിരിക്കുന്നതാണ്."

ശ്രീ. മത്തായി ചാക്കോ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

266. ഖണ്ഡം 5(1) (ഇ) ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം കൂട്ടിച്ചേർക്കുക.

(എഫ്) "ഒരു ക്രിമിനൽ കോടതിയിൽ ഇൻഡ്യൻ ശിക്ഷാനിയമ പ്രകാരം ശിക്ഷിക്കപ്പെടുകയും ആ ശിക്ഷ അപ്പീലിന്മേൽ അസ്ഥിരപ്പെടുത്താതിരിക്കുയോ,"

ശ്രീ. വി.ഡി.സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

267. ഖണ്ഡം 5 ഉപഖണ്ഡം (1)-ന്റെ അവസാന ഭാഗത്ത് "അപ്രകാരമുള്ള അംഗമല്ലാതായി തീരുന്നതുമാണ്" എന്നതിനുപകരം "അപ്രകാരമുള്ളയാൾ കമ്മിറ്റി അംഗമല്ലാതായി തീരുന്നതുമാണ്" എന്നു ചേർക്കുക.

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

268. ഖണ്ഡം 5 ഉപഖണ്ഡം (1)-ൽ അവസാനത്തെ ഖണ്ഡിക താഴെ പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക.

"ചെയ്യുന്ന സംഗതിയിൽ അയാൾ കമ്മിറ്റിയിലെ അംഗമായിരിക്കാൻ അയോഗ്യനായിരിക്കുന്നതാണ്."

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇതിന്റെ സെന്റൻസിന്റെ ഘടനയാണ്. അതു ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചിട്ടുണ്ടാകും. കമ്മിറ്റിയുടെ അയോഗ്യത സംബന്ധിച്ചു പറയുമ്പോൾ കമ്മിറ്റിയിൽ അംഗമായിരിക്കാൻ അയോഗ്യനായിരിക്കുന്നത്, അപ്രകാരമുള്ള അംഗം അല്ലാതായി തീരുന്നതും എന്നാണ്. എന്തിനാണ് അങ്ങനെ വളച്ചുകെട്ടി പറയുന്നത്. അംഗമായിരിക്കാൻ അയോഗ്യനായിരിക്കുന്നതാണ് എന്നു പറഞ്ഞാൽത്തന്നെ വ്യക്തമായിട്ടുള്ള സ്റ്റേറ്റ്മെന്റാണ്. അങ്ങനെ മാറ്റം വരുത്തണം.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

269. ഖണ്ഡം 5(1) (ഇ) ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

(എഫ്) ''കേന്ദ്രസർക്കാരിന്റെയോ കേരള സർക്കാരിന്റെയോ സർവ്വീസിൽ നിന്നോ കേന്ദ്രസർക്കാരിന്റെയോ കേരളസർക്കാരിന്റെയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു സ്ഥാപനത്തിൽ നിന്നോ നീക്കം ചെയ്യപ്പെട്ടിട്ടുള്ള അല്ലെങ്കിൽ ഡിസ്മിസ് ചെയ്യപ്പെട്ടിട്ടുള്ള ആളോ ആവുകയോ ;

സർ, അംഗങ്ങളെ അയോഗ്യരാക്കുന്നതു സംബന്ധിച്ചാണ്. അതിൽ ക്രിമിനൽ കോടതിയിലെ കേസിൽ സാന്മാർഗ്ഗികാധഃപതനം സംബന്ധിച്ച കുറ്റകൃത്യം ചെയ്യുന്നവരെ മാത്രമേ ഒഴിവാക്കുന്നതു സംബന്ധിച്ച് ചേർത്തിട്ടുള്ളൂ. അത് കേന്ദ്രസർക്കാരിന്റെയോ കേരളസർക്കാരിന്റെയോ സർവ്വീസിൽ നിന്നോ അല്ലെങ്കിൽ കേന്ദ്രസർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള സ്ഥാപനത്തിൽ നിന്ന് ഡിസ്മിസ് ചെയ്യപ്പെടുന്ന ആളുകൾ ഉണ്ടെങ്കിൽ അവരെക്കൂടി അയോഗ്യരാക്കണം എന്നുള്ളത് ചേർക്കണമെന്നാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

270. ഖണ്ഡം 5(1) ഇനം (ഇ)-ക്കുശേഷം താഴെപ്പറയുന്ന ഇനംകൂടി ചേർക്കുക:

(എഫ്) "ഫണ്ടിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചെന്നു തെളിയിക്കുകയോ ; സർ, ഈ ഫണ്ടിന്റെ താൽപ്പര്യങ്ങൾക്ക് എതിരായി പ്രവർത്തിക്കുന്ന ആളുകളെക്കൂടി അയോഗ്യരായി കണക്കാക്കണമെന്നുള്ളതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

273. ഖണ്ഡം 5 ഉപഖണ്ഡം (2)-ലെ ക്ലിപ്ത നിബന്ധനയിൽ "പാസ്സാക്കാൻ പാടുള്ളതല്ല എന്നതിനു പകരം "പാസ്സാക്കാൻ പാടില്ലാത്തതാകുന്നു" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

സർ, അരോചകമായ ഒരു പ്രയോഗം ഒഴിവാക്കാനാണ്. പാസാക്കാൻ പാടുള്ളതല്ല എന്നുള്ളത് പാസ്സാക്കാൻ പാടില്ലാത്തതാകുന്നു എന്നെഴുതിയാൽ മതി എന്നാണ്.

ശ്രീ. എം.എ. വാഹീദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

274. ഖണ്ഡം 5 ഉപഖണ്ഡം (2)-ലെ ക്ലിപ്ത നിബന്ധന താഴെ പറയുംപ്രകാരം ഭേദഗതി ചെയ്യുക:

എന്നാൽ ഏതെങ്കിലും അംഗത്തെ നീക്കം ചെയ്തു കൊണ്ടുള്ള യാതൊരു ഉത്തരവും ആ അംഗത്തിന്റെ വിശദീകരണം വാങ്ങി പരിശോധിച്ച് തൃപ്തികരമല്ലെന്ന് ബോദ്ധ്യം വന്നശേഷമേ പാസ്സാക്കാവൂ.

സർ, ഏതെങ്കിലും ഒരംഗത്തെ നീക്കം ചെയ്തുകൊണ്ടുള്ള യാതൊരു ഉത്തരവും ആ അംഗത്തിന്റെ വിശദീകരണം വാങ്ങി പരിശോധിച്ച് തൃപ്തികരമല്ലെന്നു ബോധ്യം വന്നശേഷം മാത്രമേ പാസ്സാക്കാവൂ എന്നുള്ളതാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. എ. സുജനപാൽ അവതരിപ്പിച്ച 256-ാം ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 260, 265 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 263, 271 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 267-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 269-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 273-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

275. ഖണ്ഡം 6 (1)-ൽ "ഒരു മാസത്തെ മുൻകൂറായുള്ള" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

278. ഖണ്ഡം 6(1)-ൽ "രാജി ചെയർമാൻ സ്വീകരിച്ചാൽ" എന്ന വാക്കുകൾക്കു പകരം "രാജി സർക്കാർ സ്വീകരിച്ചാൽ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. ബിനോയ് വിശ്വം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

276. ഖണ്ഡം 6(1)-ൽ "അയാളുടെ ഉദ്യോഗം രാജി വയ്ക്കാവുന്നതും" എന്നതിനുപകരം "പ്രവർത്തനം മതിയാക്കാവുന്നതും" "അയാൾ ഉദ്യോഗം ഒഴിഞ്ഞതായി" "എന്നതിനു പകരം" "അയാൾ പ്രവർത്തനം മതിയാക്കി" എന്നുംകൂടി ചേർക്കുക.

279. ഖണ്ഡം 6 (1) ൽ "സ്വീകരിച്ചാൽ" എന്നതിനുശേഷം "കമ്മിറ്റി അംഗീകരിക്കുകയും" എന്ന് ചേർക്കുക.

283. ഖണ്ഡം 6 (2) "യാദൃച്ഛിക ഒഴിവ്" എന്നതിനുശേഷം "കമ്മിറ്റി അയയ്ക്കുന്ന പാനലിൽ നിന്ന്" എന്ന് ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, കമ്മിറ്റിയിലെ മെമ്പർമാരുടെ ഉദ്യോഗം ആണോ എന്ന് സംശയമുണ്ട്. ഉദ്യോഗമല്ല എന്നാണ് എന്റെ വിശ്വാസം. അതു പ്രവർത്തിയാണ്. ഉദ്യോഗം എന്നുള്ളതു മാറ്റി അവരുടെ പ്രവർത്തി എന്നാക്കണമെന്നുള്ളതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

277. ഖണ്ഡം 6(1)-ൽ (1) 'അങ്ങനെയുള്ള' എന്നതിനുപകരം 'ആ' എന്നു ചേർക്കുക.

(2) 'സ്വീകരിച്ചാൽ' എന്നതിനുപകരം 'സ്വീകരിച്ച തീയതി മുതൽ' എന്ന് ചേർക്കുക.

സർ ഇത് വളരെ വിചിത്രമാണ്. നാലാം വകുപ്പ് 3-ാം ഉപവകുപ്പ് ഖണ്ഡം (ഇ) അനുസരിച്ച് നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതെങ്കിലും അംഗത്തിന് ഒരു മാസത്തെ മുൻകൂറായിട്ടുള്ള രേഖാമൂലമുള്ള നോട്ടീസ് കമ്മിറ്റിയുടെ ചെയർമാന് നൽകിക്കൊണ്ട് അയാളുടെ ഉദ്യോഗം രാജി വയ്ക്കാവുന്നതും അങ്ങനെയുള്ള രാജി ചെയർമാൻ സ്വീകരിച്ചാൽ അയാളുടെ ഉദ്യോഗം ഒഴിഞ്ഞതായി കരുതേണ്ടതും എന്നൊക്കെ പറഞ്ഞ് നീണ്ടുപോകുന്ന വാചകത്തിൽ കൃത്യവും വ്യക്തവുമായ അർത്ഥം ധ്വനിപ്പിക്കാൻ ആണ് രാജി വയ്ക്കാവുന്നതും അങ്ങനെയുള്ള എന്നതിനുപകരം 'ആ' എന്ന മലയാളത്തിലെ ചുട്ടെഴുത്ത് ഉപയോഗിച്ചാൽ എന്നൊരു ഭേദഗതി കൊണ്ടുവന്നത്. രണ്ടാമത് രാജി ചെയർമാൻ സ്വീകരിച്ചാൽ അയാൾ ഉദ്യോഗം ഒഴിഞ്ഞതായി എന്നു പറയുമ്പോൾ സ്വീകരിച്ചാൽ പോരാ, സ്വീകരിച്ച തീയതി മുതൽ അയാളെ ഒഴിവാക്കേണ്ടതാണ് എന്നു പറഞ്ഞാലേ കൃത്യമായിട്ട് എന്നു മുതലാണ് ഒഴിയേണ്ടത് എന്നു വരുകയുള്ളൂ. ഇതിനോട് ചേർത്ത് കമ്മിറ്റിയിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ രാജി എന്ന ഭാഗത്ത് നാമനിർദ്ദേശം ചെയ്യപ്പെട്ട എന്നുള്ളതിനു പകരം അനൗദ്യോഗിക എന്നു ചേർക്കണം. കാരണം നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ കൂട്ടത്തിൽ ഉദ്യോഗസ്ഥൻമാരുമുണ്ട്. ആ ഉദ്യോഗസ്ഥന്മാർ രാജിവയ്ക്കേണ്ട ആവശ്യമില്ല. ഉദ്യോഗസ്ഥന്മാരെ വേണമെന്നുണ്ടെങ്കിൽ നീക്കിക്കളഞ്ഞാൽ മതി. അനൗദ്യോഗികാംഗങ്ങളാണ് രാജി വയ്ക്കേണ്ടത്. ആ സ്ഥിതിക്ക് അതുകൂടി ഇതിനോട് ചേർക്കണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

281. ഖണ്ഡം 6(2)-ൽ

(1) 'സൂചിപ്പിച്ച്' എന്നതിനുശേഷം 'പ്രകാരമോ' എന്നു ചേർക്കുക.

(2) "ഒരംഗത്തിന്റെ ഉദ്യോഗത്തിലുണ്ടാകുന്ന" എന്നതിനുപകരം "മറ്റു വിധത്തിലോ ഉണ്ടാകുന്ന" എന്ന് ചേർക്കുക.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

282. ഖണ്ഡം 6(2)-ൽ "കഴിയുന്നത്ര വേഗം" എന്നതിനു പകരം "മൂന്ന് മാസത്തിനകം" എന്ന് ഭേദഗതി ചെയ്യുക.

സർ, നിയമത്തിൽ പറയുന്ന കാര്യങ്ങൾക്ക് കൃത്യതയുണ്ടാകണമെന്നതു വളരെ നിർബന്ധമാണ്. ബിൽ അവതരിപ്പിക്കുന്ന അവസരത്തിൽ അതു വേണ്ടതാണ്. ഇതിൽ 6 (2)-ൽ കഴിയുന്നത്ര വേഗം എന്ന് ഒരു ക്ലാസ് ഉണ്ട്. അതു കൃത്യമായ കാലനിയന്ത്രണത്തോടെ രണ്ടോ മൂന്നോ മാസത്തിനുള്ളിൽ എന്നത് സ്പെസിഫൈ ചെയ്തു പറയണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :- സർ, ബഹുമാനപ്പെട്ട സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 277-ാം നമ്പർ ഭേദഗതിയുടെ രണ്ടാം ഭാഗം, അതായത് "സ്വീകരിച്ചാൽ" എന്നതിനു പകരം "സ്വീകരിച്ച തീയതി മുതൽ" എന്ന ഭാഗം സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 277-ാം നമ്പർ ഭേദഗതിയുടെ "സ്വീകരിച്ചാൽ" എന്നതിനു പകരം "സ്വീകരിച്ച തീയതി മുതൽ" എന്ന ഭാഗം സഭ അംഗീകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 277-ാം നമ്പർ ഭേദഗതിയുടെ ആദ്യഭാഗം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 275, 278 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 276, 279, 283 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 282-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

285. ഖണ്ഡം 7 ഉപഖണ്ഡം (1)-ൽ "മൂന്ന് മാസത്തിലൊരിക്കലോ" എന്നതിനുപകരം "രണ്ട് മാസത്തിലൊരിക്കലോ" എന്ന് ചേർക്കുക.

295. ഖണ്ഡം 7 ഉപഖണ്ഡം (2)-ൽ "കോറം കമ്മിറ്റിയുടെ നാല് അംഗങ്ങൾ" എന്നതിനുപകരം "കോറം കമ്മിറ്റിയുടെ $^{2}/_{3}$ അംഗങ്ങൾ എന്നു ചേർക്കുക.

സർ, കമ്മിറ്റി യോഗം ചേരുന്നതുമായി ബന്ധപ്പെട്ടാണ്. ഇതിൽ 3 മാസത്തിലൊരിക്കലാണ് യോഗം ചേരുന്ന സമയപരിധി നിശ്ചയിച്ചിരിക്കുന്നത്. ഒട്ടനവധി കാര്യങ്ങൾ നിർവ്വഹിക്കേണ്ടതുകൊണ്ട് കാര്യനിർവ്വഹണത്തിന് തടസ്സം വരാതിരിക്കാൻ രണ്ടു മാസത്തിലൊരിക്കൽ എന്നാക്കി മാറ്റണം. അതേ രൂപത്തിൽ കമ്മിറ്റിയുടെ യോഗം ചേരുമ്പോൾ കാറം സംബന്ധിച്ച് പറയുന്നുണ്ട്. നാലംഗങ്ങൾ ഉണ്ടായിരിക്കണമെന്നാണ് പറയുന്നത്. അതിൽ കാറം സംബന്ധിച്ച് നിശ്ചിതമായിട്ട് മൂന്നിൽ രണ്ട് അംഗങ്ങൾ ഈ കമ്മിറ്റിയിൽ ഉണ്ടായിരിക്കണമെന്നാക്കി മാറ്റണം.

ശ്രീ. എം. എ. വാഹീദ്: സർ, 292-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

292. ഖണ്ഡം 7 ഉപഖണ്ഡം (1) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

(1) "കമ്മിറ്റി കാര്യ നിർവ്വഹണത്തിനുവേണ്ടി മാസത്തിൽ ഒരിക്കലോ ആവശ്യമെന്ന് കണ്ടാൽ കൂടുതൽ പ്രാവശ്യമോ യോഗം ചേരേണ്ടതാണ്."

ശ്രീ. എം. വി. ജയരാജൻ : സർ, 293-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

293. ഖണ്ഡം 7 ഉപഖണ്ഡം (1) താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക.

"കമ്മിറ്റി ആവശ്യമനുസരിച്ച് യോഗം ചേരേണ്ടതും എന്നാൽ രണ്ട് യോഗങ്ങൾക്കിടയ്ക്കുള്ള കാലദൈർഘ്യം 6 മാസത്തിൽ കൂടാൻ പാടില്ലാത്തതുമാകുന്നു."

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, 294-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

294. ഖണ്ഡം 7 ഉപഖണ്ഡം (2)-ൽ "കോറം കമ്മിറ്റിയുടെ" എന്നതിനുശേഷം "വോട്ടവകാശമുള്ള" എന്ന വാക്ക് ചേർക്കുക.

ഇത് കമ്മിറ്റിയുടെ കോറം സംബന്ധിച്ചുള്ളതാണ്. കോറം കമ്മിറ്റിയുടെ നാല് അംഗങ്ങൾ ചേർന്നതായിരിക്കുമെന്നാണ് ആക്ടിൽ പറഞ്ഞിരിക്കുന്നത്. കോറം കമ്മിറ്റിയുടെ നാലംഗങ്ങൾ എന്നാക്കി മാറ്റണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, 291-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

291. ഖണ്ഡം 7 (1) താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക.

(1) "കമ്മിറ്റി കാര്യനിർവ്വഹണത്തിനുവേണ്ടി കുറഞ്ഞത് രണ്ട് മാസത്തിലൊരിക്കൽ നിർബന്ധമായും ആവശ്യമാണെന്ന് കണ്ടാൽ കൂടുതൽ പ്രാവശ്യവും യോഗം ചേരേണ്ടതാണ്."

296. ഖണ്ഡം 7 (2) -ൽ "നാല് അംഗങ്ങൾ" എന്നതിനുപകരം "അഞ്ച് അംഗങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

298. ഖണ്ഡം 7(2)-ന് പകരം താഴെ കാണുന്നത് ചേർക്കുക:

"(2) കമ്മിറ്റിയുടെ ഒരു യോഗത്തിന്റെ കോറം നാലാം വകുപ്പിന്റെ 3 (ഇ) ഖണ്ഡമനുസരിച്ച് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളിൽ കുറഞ്ഞത് രണ്ട് അംഗങ്ങൾ ഉൾപ്പെടെയുള്ള നാല് അംഗങ്ങൾ ചേർന്നതായിരിക്കും."

ഇതിൽ കോറമെന്നു പറയുമ്പോൾ നാല് അംഗങ്ങളുണ്ടായാൽ മതി എന്നാണ്. അങ്ങനെ വരുമ്പോൾ, അഡ്വക്കേറ്റ് ക്ലാർക്ക്സിന്റേതാണ് ഈ ക്ഷേമനിധി, അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ പ്രതിനിധിയില്ലെങ്കിലും വേറെ നാലുപേരുണ്ടെങ്കിലും കോറമായി. അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ കൂട്ടത്തിലുള്ള രണ്ടുപേരുൾപ്പെടെ നാലുപേർ എന്ന് വ്യവസ്ഥ ചെയ്യണം. അല്ലെങ്കിൽ അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ക്ഷേമനിധി എന്നു പറയുമ്പോൾ ഉദ്യോഗസ്ഥന്മാർ ഇരുന്നു തീരുമാനിച്ചാലും തീരുമാനമാകുന്ന സ്ഥിതിയുണ്ടാകും, അത് പാടില്ല.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

299. ഖണ്ഡം 7 ഉപഖണ്ഡം 2 താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

"കമ്മിറ്റിയുടെ യോഗത്തിനുള്ള കോറം നിലവിലുള്ള അംഗസംഖ്യയുടെ പകുതിയോ നാലോ ഏതാണോ കുറവ് അതായിരിക്കുന്നതാണ്."

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

302. ഖണ്ഡം 7 ഉപഖണ്ഡം (4)-ൽ "ചെയർമാനോ യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്ന അംഗത്തിനോ ഒരു കാസ്റ്റിംഗ് വോട്ട് ഉണ്ടായിരിക്കുന്നതും വിനിയോഗിക്കേണ്ടതുമാണ്" എന്നതിനുപകരം "തീരുമാനം ചെയർമാന് വിടേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം കമ്മിറ്റിയുടെ ഭൂരിപക്ഷ തീരുമാനമായി കണക്കാക്കേണ്ടതുമാണ്."

ശ്രീ. പി. ജെ. ജോയി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

303. ഖണ്ഡം 7 (4)-ൽ "ഉണ്ടായിരിക്കുന്നതും" എന്നതിനുശേഷം "അത്" എന്ന് ചേർക്കുക.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

304. ഖണ്ഡം 7 (4)-ൽ "വിനിയോഗിക്കേണ്ടതുമാണ്" എന്നതിനുശേഷം താഴെപ്പറയുന്നവ കൂടി ചേർക്കുക.

"എന്നാൽ വോട്ടിംഗ് നടക്കുമ്പോൾ പകുതിയിൽ കൂടുതൽ അംഗങ്ങൾ ഹാജരായിരിക്കേണ്ടതാണ്."

ഇവിടെ നേരത്തേ സൂചിപ്പിച്ചതുപോലെ ഇത് കമ്മിറ്റിയുടെ ഫങ്ഷനിംഗിൽ വളരെ പ്രധാനപ്പെട്ടതാണ്. ഇതിൽ പങ്കെടുക്കുന്നവർ എത്രപേരുണ്ടോ അവരുടെ ഭൂരിപക്ഷമുണ്ടാക്കി വോട്ടിടുക, അതിൽ കോറത്തെ സംബന്ധിച്ചുള്ള അവ്യക്തത നിലനിൽക്കുയാണ്. ഉദ്യോഗസ്ഥന്മാർ കൂടുതലായിരിക്കുന്ന ആ കമ്മിറ്റിയിൽ അവർ എടുക്കുന്ന തീരുമാനം നടപ്പിലാക്കുക എന്ന സ്ഥിതിയുണ്ടാകരുത്. അതുകൊണ്ട് ഈ കമ്മിറ്റിക്കകത്തെ അംഗങ്ങളും ഭൂരിപക്ഷം ആളുകളും പങ്കെടുക്കുന്ന ഒരു യോഗത്തിന്റെ തീരുമാനമായിരിക്കണം, അവർ വോട്ടിടുന്ന തീരുമാനമായിരിക്കണം വാലിഡ് ആകുന്നത്. അതുപോലെതന്നെ കമ്മിറ്റിയുടെ കോറത്തെ സംബന്ധിച്ച് കുറച്ചുകൂടി ക്ലാരിറ്റിയുണ്ടായിരിക്കണം.

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

306. ഖണ്ഡം 7 ഉപഖണ്ഡം (4)-ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

"എന്നാൽ ഖണ്ഡം (15) പ്രകാരം ഉള്ള "അഡ്വക്കേറ്റ് ക്ലാർക്കസ് അസോസിയേഷന്റെ അംഗീകാരവും രജിസ്ട്രേഷനും" പരിഗണിക്കുമ്പോൾ ഖണ്ഡം 4 ഉപഖണ്ഡം (3) (ഇ) പ്രകാരം നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല."

ശ്രീ. എം. മുരളി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

307. ഖണ്ഡം 7 (4)-ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ കമ്മിറ്റിയുടെ മുൻപിൽ വരുന്ന ഏതെങ്കിലും സംഗതിയെപ്പറ്റി വോട്ടെടുപ്പ് നടത്തേണ്ടതായി വരുന്നപക്ഷം അഡ്വക്കേറ്റ് ക്ലാർക്കുമാരെ പ്രതിനിധീകരിക്കുന്ന ഒരാളെങ്കിലും, ആ വോട്ടെടുപ്പിൽ പങ്കെടുക്കാത്തപക്ഷം ആ സംഗതിയിന്മേൽ തീരുമാനമെടുക്കാത്തതായി കരുതേണ്ടതാണ്."

ശ്രീ. പി. ജയരാജൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

308. ഖണ്ഡം 7 ഉപഖണ്ഡം (4)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ ഈ ആക്ടിന്റെ 15-ാം വകുപ്പു് പ്രകാരം ഉള്ള ഏതെങ്കിലും അഡ്വക്കേറ്റ് ക്ലാർക്കസ് അസോസിയേഷന്റെ അംഗീകാരവും രജിസ്ട്രേഷനും പരിഗണിക്കുമ്പോൾ 4-ാം വകുപ്പ് 3 (ഇ) ഉപവകുപ്പ് പ്രകാരം നോമിനേറ്റ് ചെയ്യപ്പെട്ട അംഗങ്ങൾക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല."

ഇത് വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ്, ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. കമ്മിറ്റിയിലെ തീരുമാനങ്ങൾ ചർച്ചകളുണ്ടാകുന്ന അവസരത്തിലുള്ള മാനദണ്ഡങ്ങളാണ് ഇതിൽ പറയുന്നത്. അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷന്റെ പ്രതിനിധികളാണ് ഇവിടെ നോമിനേറ്റു ചെയ്യപ്പെടുന്നത്. അവരുടെ അംഗീകാരത്തിന്റെ കാര്യം ചർച്ച ചെയ്യുമ്പോൾ അവർക്ക് വോട്ടവകാശം ഉണ്ടായിരിക്കാൻ പാടില്ല എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

309. ഖണ്ഡം 7(4)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(5) കമ്മിറ്റി അതിന്റെ യോഗങ്ങളിലെ കാര്യനിർവ്വഹണങ്ങളെ സംബന്ധിച്ച് നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നടപടിക്രമം പാലിക്കേണ്ടതാണ്."

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 285, 295 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 293-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 294-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 291, 296 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, 298-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ-31

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. എ. എ. അസീസ്
3. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
4. ശ്രീ. എ. കെ. ബാലൻ
5. ശ്രീ. ടി. കെ. ബാലൻ
6. ശ്രീ. ബിനോയ് വിശ്വം
7. ശ്രീ. വി. കെ. ചന്ദ്രൻ
8. ശ്രീ. വി. ചെന്താമരാക്ഷൻ
9. ശ്രീ. ടി. കെ. ദേവകുമാർ
10. ശ്രീ. പി. സി. ജോർജ്
11. ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ
12. ശ്രീ. കെ. കെ. ജയചന്ദ്രൻ
13. ശ്രീ. എം. വി. ജയരാജൻ
14. ശ്രീ. പി. ജയരാജൻ

LIBRARY ARCHIVES Kerala Legislative Assembly

15. ശ്രീ. എം. കുമാരൻ
16. ശ്രീ. കെ. വി. കുഞ്ഞിരാമൻ
17. ശ്രീ. കോവൂർ കുഞ്ഞുമോൻ
18. ശ്രീ. വി. കെ. സി. മമ്മത്കോയ
19. ശ്രീ. മത്തായി ചാക്കോ
20. ശ്രീ. കെ. പി. മോഹനൻ
21. ശ്രീ. പിരപ്പൻകോട് മുരളി
22. ശ്രീ. സി. കെ. നാണു
23. ശ്രീ. പി. നാരായണൻ
24. ശ്രീ. കെ. രാധാകൃഷ്ണൻ
25. ശ്രീ. എൻ. രാജൻ
26. ശ്രീ. കെ. പി. രാജേന്ദ്രൻ
27. ശ്രീ. രാജു എബ്രഹാം
28. ശ്രീ. ടി. പി. രാമകൃഷ്ണൻ
29. ശ്രീ. സാജു പോൾ
30. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
31. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

പ്രതികൂലിക്കുന്നവർ-65

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കളത്തിൽ അബ്ദുള്ള
3. ശ്രീ. പി. കെ. അബ്ദുറബ്ബ്
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. സി. ടി. അഹമ്മദ് അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. എ. കെ. ആന്റണി
8. ശ്രീ. എൻ. ഡി. അപ്പച്ചൻ

LIBRARY ARCHIVES Kerala Legislative Assembly

9. ശ്രീ. ഇ. എം. അഗസ്തി
10. ശ്രീ. ആർ. ബാലകൃഷ്ണപിള്ള
11. ശ്രീ. പി. കെ. കെ. ബാവ
12. ശ്രീ. കെ. എ. ചന്ദ്രൻ
13. ശ്രീ. എം. എ. ചന്ദ്രശേഖരൻ
14. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
15. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ
16. ശ്രീമതി കെ. ആർ. ഗൗരിയമ്മ
17. ശ്രീ. എം. എം. ഹസ്സൻ
18. ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. ജോസഫ് എം. പുതുശ്ശേരി
21. ശ്രീ. പി. ജെ. ജോയി
22. ശ്രീ. വർക്കല കഹാർ
23. ശ്രീ. കെ. കെ. നായർ
24. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
25. ഡോ. എം. എ. കുട്ടപ്പൻ
26. ശ്രീ. ലൂഡി ലൂയിസ്
27. ശ്രീ. സി. മമ്മൂട്ടി
28. ശ്രീ. കെ. എം. മാണി
29. ശ്രീ. കെ. മോഹൻകുമാർ
30. ശ്രീ. സി. മോയിൻകുട്ടി
31. ശ്രീ. ആര്യാടൻ മുഹമ്മദ്
32. ശ്രീ. എം. മുരളി
33. ശ്രീ. ടി. എച്ച്. മുസ്തഫ
34. ശ്രീ. എഴുകോൺ നാരായണൻ
35. ശ്രീ. ഉമ്മൻചാണ്ടി

LIBRARY ARCHIVES Kerala Legislative Assembly

36. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
37. ശ്രീ. വി. ജെ. പൗലോസ്
38. ശ്രീ. അടൂർപ്രകാശ്
39. ശ്രീ. റ്റി. എൻ. പ്രതാപൻ
40. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
41. ശ്രീമതി രാധാരാഘവൻ
42. ശ്രീ. എം. വി. രാഘവൻ
43. ശ്രീ. എ. എൻ. രാജൻബാബു
44. ശ്രീ. യു. സി. രാമൻ
45. ശ്രീ. തമ്പാനൂർ രവി
46. ശ്രീ. റോഷി അഗസ്റ്റിൻ
47. ശ്രീ. ടി. പി. എം. സാഹിർ
48. ശ്രീ. എൻ. ശക്തൻ
49. ശ്രീ. പി. ശങ്കരൻ
50. ശ്രീമതി മാലേത്ത് സരളാദേവി
51. ശ്രീ. വി. ഡി. സതീശൻ
52. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
53. ശ്രീ. കെ. കെ. ഷാജു
54. ശ്രീമതി ശോഭനാ ജോർജ്
55. ശ്രീ. കെ. സുധാകരൻ
56. ശ്രീ. എ. സുജനപാൽ
57. ശ്രീ. സി. എഫ്. തോമസ്
58. പ്രൊഫ. കെ. വി. തോമസ്
59. ശ്രീ. പി. ടി. തോമസ്
60. ശ്രീ. തോമസ് ചാഴികാടൻ
61. ശ്രീ. തോമസ് ഉണ്ണിയാടൻ
62. ശ്രീ. ഉമേഷ് ചള്ളിയിൽ

105/2012

LIBRARY ARCHIVES Kerala Legislative Assembly

63. ശ്രീ. എം. എ. വാഹീദ്

64. ശ്രീ. കെ. സി. വേണുഗോപാൽ

65. ശ്രീ. ബി. വിജയകുമാർ

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 298-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ - 31

പ്രതികൂലിക്കുന്നവർ - 65

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ അവതരിപ്പിച്ച 299-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 303-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 304-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 306-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. മുരളി അവതരിപ്പിച്ച 307-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

310. ഖണ്ഡം 8-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക്" എന്ന വാക്കുകൾക്കു പകരം "അംഗങ്ങൾക്ക് അതിന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നതിന്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

311. ഖണ്ഡം 8-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക്" എന്നതിനു പകരം "നാമനിർദ്ദേശം ചെയ്യപ്പെട്ട അനുദ്യോഗസ്ഥാംഗങ്ങൾക്ക്" എന്ന് ചേർക്കുക.

ശ്രീ. എം. എ. വാഹീദ് : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

312. ഖണ്ഡം 8-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിന് പകരം "സർക്കാർ അതാത് കാലത്ത് നിർണ്ണയിക്കുന്ന" എന്ന് ചേർക്കുക.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 310-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 312-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

313. ഖണ്ഡം 9 (എ)-ൽ "ഏതെങ്കിലും ഒഴിവോ അതിന്റെ രൂപീകരണത്തിലുണ്ടാകുന്ന" എന്നതിനുപകരം "ഏതെങ്കിലും ഒഴിവോ അതിന്റെ രൂപീകരണത്തിലുണ്ടായ" എന്ന് ചേർക്കുക.

ഇതിൽ (എ)-യിൽ രൂപീകരണത്തിലുണ്ടാകുന്ന ന്യൂനത, (ബി)-യിൽ ഉണ്ടാകുന്ന ന്യൂനത, എന്നാൽ (സി)-യിൽ ഉണ്ടായ ന്യൂനത എന്നാണ്. സി-യിൽ പറഞ്ഞിരിക്കുന്ന ഉണ്ടായ ന്യൂനത എന്നുള്ളതാണ് ശരി. അതുകൊണ്ട് എ-യിലും ബി-യിലും 'ഉണ്ടായ' എന്നാക്കി മാറ്റണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

315. ഖണ്ഡം 9 (ബി)-ൽ "അംഗമായി തെരഞ്ഞെടുത്തതിൽ" എന്ന വാക്കുകൾക്കു പകരം "അംഗമായി നോമിനേറ്റു ചെയ്തതിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

320. ഖണ്ഡം 9 (സി)-ൽ (1)-ൽ "മാത്രം കാരണമായി അസാധുവാക്കപ്പെടുന്നില്ല" എന്നതിനുപകരം "മാത്രമായ കാരണത്താൽ അസാധുവാക്കപ്പെടാത്തതാകുന്നു" എന്ന് ചേർക്കണം.

(2) "മാത്രം കാരണമായി അസാധുവാക്കപ്പെടുന്നില്ല" എന്നതിനുപകരം കൊണ്ടുമാത്രം അസാധുവാക്കപ്പെടുന്നതല്ല എന്ന് ചേർക്കുക.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ ഭേദഗതികളൊന്നും സ്വീകാര്യമല്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 320-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

321. 10-ാം ഖണ്ഡത്തിൽ "കമ്മിറ്റി അത് കൈവശം വയ്ക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതും ആകുന്നു" എന്ന വാക്കുകൾക്കു പകരം "കമ്മിറ്റി നിർണ്ണയിക്കപ്പെട്ട രീതിയിൽ അത് കൈവശം വയ്ക്കേണ്ടതും ഈ ആക്ടിലേയും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിധേയമായി ഫണ്ടിലെ അംഗങ്ങൾക്ക് പെൻഷൻ ആനുകൂല്യങ്ങളും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനു വേണ്ടി ഉപയോഗിക്കേണ്ടതും ആകുന്നു" എന്നത് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

322. ഖണ്ഡം 10 താഴെപ്പറയും പ്രകാരം മാറ്റിയെഴുതുക :

"ഖണ്ഡം 10. ഫണ്ടിന്റെ നിക്ഷിപ്തമാക്കലും ഭരണവും :- ഫണ്ട് ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതും അതിന്റെ ഭരണം കമ്മിറ്റി നടത്തേണ്ടതുമാകുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

323. ഖണ്ഡം 10-ൽ ഒരു പുതിയ ഉപഖണ്ഡമായി താഴെപറയുന്നത് ചേർക്കുക :

ഖണ്ഡം 10 (1) :

സർക്കാർ ആവശ്യങ്ങൾക്കും സർക്കാർ നിർദ്ദേശിക്കുന്ന ആവശ്യങ്ങൾക്കും ഫണ്ട് വായ്പ ആയി നൽകുവാൻ പാടില്ലാത്തതാണ്.

ഇതിൽ ഫണ്ട് ഗവൺമെന്റ് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട കാര്യമാണ് പറയുന്നത്. ഫണ്ട് നിക്ഷിപ്തമാക്കലും ബാധകമാക്കലും, ഈ ആക്ടിലെ വ്യവസ്ഥയ്ക്ക് വിധേയമായി അതിന്റെ ആവശ്യങ്ങൾക്കുവേണ്ടി കമ്മിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരമുപയോഗിച്ച് ചെലവഴിക്കാവുന്നതാണ്. അതുംകൂടി ചേർക്കാനാണ് 10(1) ആയി ഞാൻ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ക്ഷേമനിധി ബോർഡുകളിൽ ഇന്ന് കണ്ടുവരുന്ന ഒരു പ്രവണത ഗവൺമെന്റ് പല സന്ദർഭത്തിലും ഈ ബോർഡുകളിൽ നിന്നും ഫണ്ട് മൊത്തമായി കടമായും വായ്പയായും അല്ലെങ്കിൽ മറ്റു രീതിയിലൊക്കെ എടുക്കുകയാണ്. അതിന്റെ ഫലമായി ക്ഷേമനിധി ബോർഡുകളിൽ നിയമസഭ തന്ന കണക്ക് അനുസരിച്ചുതന്നെ കോടിക്കണക്കിന് രൂപ പല തൊഴിലാളി ക്ഷേമനിധി ബോർഡുകളിലും കുടിശ്ശികയാണ്, ഗവൺമെന്റ് എടുത്ത സംഖ്യ തിരിച്ച് അടയ്ക്കാത്തതുണ്ട്. ചലച്ചിത്ര വികസന കോർപ്പറേഷൻ എടുത്ത ഫണ്ട് ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡിൽ ഏതാണ്ട് ഏഴിൽ ചിലാനം കോടി രൂപ കുടിശ്ശികയാണ്. ഈ സാഹചര്യത്തിൽ ഗവൺമെന്റ് ആവശ്യങ്ങൾക്ക് ഓണാഘോഷങ്ങൾക്കുൾപ്പെടെ, ഘോഷയാത്രയുൾപ്പെടെ നടത്താൻ ക്ഷേമനിധി ബോർഡിൽ നിന്നും കാശു വാങ്ങുകയാണ്. അതുണ്ടാകാൻ പാടില്ല. ഇത് ഇതിലുള്ള അംഗങ്ങളുടെ ക്ഷേമത്തിനുവേണ്ടിയുള്ളതാണ്. അതൊരു വ്യവസ്ഥയായി ചേർക്കണം.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 321-ാം നമ്പർ ഭേദഗതി സ്വീകരിക്കാം. ഇതിൽ ഒരു വാക്കുകൂടി കൂട്ടിച്ചേർക്കുകയാണെങ്കിൽ ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞതിന് ഫലമുണ്ടാകും. 321-ാം നമ്പർ ഭേദഗതിയുടെ അവസാനത്തെ "വാചകത്തിൽ നൽകുന്നതിനുവേണ്ടി മാത്രം ഉപയോഗിക്കേണ്ടതും ആകുന്നു" 'മാത്രം' എന്നുകൂടി കൂട്ടിച്ചേർക്കുമ്പോൾ ശ്രീ. കെ. പി. രാജേന്ദ്രന്റേതുകൂടി കൂട്ടിച്ചേർക്കാം. അപ്പോൾ ശ്രീ. തോമസ് ഉണ്ണിയാടന്റെ 321-ാം നമ്പർ ഭേദഗതിയിലെ അവസാനത്തെ വാചകത്തിൽ "നൽകുന്നതിനുവേണ്ടി മാത്രം" എന്നുള്ള ഒരു ചെറിയ oral amendment-ഓടുകൂടി ആ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 'മാത്രം' എന്ന oral amendment-ഓടുകൂടി 321-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 322-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 323-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

324. ഖണ്ഡം 11(2)-ൽ "ചട്ടങ്ങളിലെയും" എന്നതിനുശേഷം "പദ്ധതിയിലേയും" എന്നു ചേർക്കുക.

343. ഖണ്ഡം 11(2) (എഫ്)-ൽ "പദ്ധതി നിയന്ത്രിക്കുകയും" എന്നതിനുപകരം "പദ്ധതിയുടെ" എന്നു ചേർക്കുക.

ശ്രീ. ടി. പി. എം. സാഹിർ : സർ ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

325. ഖണ്ഡം 11 (2) (എ) യിൽ "കൈവശം വയ്ക്കേണ്ടതും" എന്ന വാക്കുകൾക്കു പകരം "ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിക്ഷേപിക്കേണ്ടതും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

329. ഖണ്ഡം 11 (2) (ബി) യിൽ "ഫണ്ടിലേയ്ക്കുള്ള പ്രവേശനത്തിനോ" എന്ന വാക്കുകൾക്ക് പകരം "ഫണ്ടിലെ അംഗമായി പ്രവേശിക്കുന്നതിനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

336. ഖണ്ഡം 11 (2) (സി) യിൽ "നിയമാനുസൃത പ്രതിസന്ധികളിൽ നിന്നോ എന്ന വാക്കുകൾക്ക് പകരം "ആശ്രിതരിൽ നിന്നോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

342. ഖണ്ഡം 11 (2) (ഇ)-യിൽ "അപ്രകാരമുള്ള കണക്കുകളും" എന്ന വാക്കുകൾക്കു പകരം "ഫണ്ടിന്റെ കണക്കുകളും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഈ ഫണ്ടിലേയ്ക്കുള്ള പ്രവേശനത്തിനോ എന്നുള്ള വാക്ക് പിശകായ വാക്കാണ്, ഫണ്ടിലെ അംഗമായി പ്രവേശിക്കുന്നതിനോ എന്നു തിരുത്തുന്നതു നന്നായിരിക്കും. 336-ാത്തെ ഭേദഗതിയിൽ പറയുന്നത് നിയമാനുസൃത പ്രതിനിധികളിൽ നിന്നോ എന്നതിനു പകരം ആശ്രിതരിൽ നിന്നോ എന്നു മാറ്റം വരുത്തേണ്ടതാണ് എന്നാണ്."

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

330. 11 (2) (ബി) യിൽ "തൊണ്ണൂറ്" എന്നതിനു പകരം "അറുപത്" എന്ന് ചേർക്കുക.

പ്രവേശനത്തിന് ഇപ്പോൾ തീരുമാനമെടുക്കാൻ 90 ദിവസമാണ് കാലാവധി കൊടുത്തിട്ടുള്ളത്. അതു വളരെ കൂടുതലാണ്. അതു 60 ദിവസമായി ചുരുക്കണം.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

332. ഖണ്ഡം 11 (2) (ബി)-യിൽ "തൊണ്ണൂറ്" എന്ന വാക്കിന് പകരം "മുപ്പത്" എന്ന് ചേർക്കുക.

339. ഖണ്ഡം 11 (2) (സി)-യിൽ "അഞ്ച് മാസത്തിനകം" എന്നതിനു പകരം "മൂന്നു മാസത്തിനകം" എന്നു ചേർക്കുക.

90 ദിവസം എന്നുള്ളത് വളരെ ദൈർഘ്യമേറിയ സമയമാണ്. അതു 30 എന്നാക്കണം. അതേ രൂപത്തിൽ തന്നെ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 5 മാസത്തിനകം എന്നാണ്, അതു മൂന്നു മാസത്തിനകം എന്നാക്കി മാറ്റണം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

334. ഖണ്ഡം 11 (2) (സി) യിൽ

(1) "അങ്ങനെയുള്ള" എന്നതിന് പകരം "പ്രസ്തുത" എന്ന് ചേർക്കുക.

(2) "അങ്ങനെയുള്ളത്" എന്നത് നീക്കം ചെയ്യുക.

(3) "നടത്തേണ്ടതും" എന്നതിനുപകരം "നടത്തുകയും" എന്ന് ചേർക്കുക.

(4) "അഞ്ച്" എന്നതിനുപകരം "മൂന്ന്"എന്ന് ചേർക്കുക.

(5) "തീർപ്പാക്കേണ്ടതും" എന്നതിനുപകരം "തീർപ്പാക്കുകയും ചെയ്യേണ്ടതും" എന്ന് ചേർക്കുക.

ഇതിൽ അഞ്ചു ഭാഗങ്ങളാണുള്ളത്. അതിൽ ഒന്നും രണ്ടും മൂന്നും അഞ്ചും വാക്യഘടന ശരിയാക്കാൻ വേണ്ടിയുള്ളതാണ്. സമയച്ചുരുക്കം മൂലം അതു ഞാൻ വിസ്തരിക്കുന്നില്ല. നാലാമത്തെ മാറ്റം അഞ്ചു മാസങ്ങൾക്കുള്ളിൽ തീർപ്പു കൽപ്പിക്കണം എന്നുള്ളത് മൂന്നു മാസങ്ങൾക്കുള്ളിൽ എന്നു പറഞ്ഞതിന്റെ കാരണം വിശദീകരിക്കുകയാണ്. അഞ്ച് എന്നുള്ളതിന് ഒരു സാംഗ്ഗിറ്റിയില്ല. മൂന്നാകുമ്പോൾ അതു കാൽ വർഷമാണ്. അതുകൊണ്ട് ഒരു കാര്യത്തിൽ തീരുമാനം കൽപ്പിക്കുമ്പോൾ മൂന്നു മാസം കൊടുത്താൽ മതി എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. പി. ജയരാജൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

337. ഖണ്ഡം 11(2) (സി)-ൽ "കഴിയുന്നതും അപേക്ഷകൾ കൈപ്പറ്റിയ തീയതി മുതൽ അഞ്ചു മാസത്തിനകം" എന്നതിനുപകരം "കഴിയുന്നതും വേഗത്തിലും എന്നാൽ നിശ്ചയമായും മൂന്നു മാസത്തിനകത്തും" എന്ന് ചേർക്കുക.

347. ഖണ്ഡം 11 (3)-ൽ "മറ്റേതെങ്കിലും ഉദ്യോഗസ്ഥനെയോ" എന്നതിനുശേഷം "ഏതെങ്കിലും കമ്മിറ്റി അംഗത്തേയോ സബ് കമ്മിറ്റിയെയോ" എന്ന് ചോർക്കുക.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

338. ഖണ്ഡം 11 (2) (സി)-ക്കുശേഷം അവസാനം താഴെ പറയുന്നത് ചേർക്കുക.

"അഥവാ ഈ കാലാവധിക്കകം അപേക്ഷയിൻമേൽ മതിയായ കാരണത്താൽ തീർപ്പാക്കാൻ കഴിയാത്തപക്ഷം അക്കാര്യം കാരണം രേഖപ്പെടുത്തി അപേക്ഷകനെ അറിയിക്കേണ്ടതും."

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. പൗലോസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

341. ഖണ്ഡം 11(2) (ഇ)-ൽ "അപ്രകാരമുള്ള" എന്നതിനുപകരം "ചട്ടപ്രകാരമോ അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതി പ്രകാരമോ ഉള്ള" എന്നും "റിപ്പോർട്ടുകളും" എന്നതിനുശേഷം "സർക്കാർ ആവശ്യപ്പെടുന്ന മറ്റു വിവരങ്ങളും" എന്നും "അയക്കേണ്ടതും" എന്നതിനു പകരം "നൽകേണ്ടതും" എന്നു ചേർക്കുക.

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

344. ഖണ്ഡം 11(2) (എഫ്) താഴെ പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക.

"(എഫ്) ഈ ബിൽ നിയമമാകുമ്പോൾ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് സ്കീം റദ്ദ് ചെയ്യുമെന്നുള്ളതിനാൽ അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് സ്കീം 1985-ലെ സകല റിക്കോർഡുകളുടെയും അക്കൗണ്ടിന്റെയും, മെമ്പർഷിപ്പ് രജിസ്റ്റർ ഫണ്ട് എന്നിവ ഈ കമ്മിറ്റിക്ക് കൈമാറ്റം ചെയ്യേണ്ടതാകുന്നു."

ഈ ബിൽ നിയമമാകേണ്ട അവസരത്തിൽ നിലവിൽ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് സ്കീം റദ്ദു ചെയ്യുകയാണ്. അതുകൊണ്ട് 1985-ലെ സകല റിക്കോർഡുകളുടേയും അക്കൗണ്ടിന്റെയും മെമ്പർഷിപ്പ് രജിസ്റ്റർ ഫണ്ട് എന്നിവ ഈ കമ്മിറ്റിക്ക് കൈമാറ്റം ചെയ്യേണ്ടതാകുന്നു എന്ന് സ്പെസിഫിക്കായിട്ട് ഒരു ക്ലാസ്സ് ഇല്ലെങ്കിൽ പഴയ സ്കീമിന്റെ ഒന്നും ഇങ്ങോട്ടേയ്ക്കു് എടുക്കാൻ കഴിയില്ല.

ശ്രീ. പി. ജെ. ജോയി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

345. ഖണ്ഡം 11 (2) (ജി)-യിൽ

(1) "ചട്ടങ്ങളുടെയും" എന്നതിനു പകരം "1985-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതിയുടെയും" എന്ന് ചേർക്കുക.

(2) "അങ്ങനെയുള്ള" എന്നത് നീക്കം ചെയ്യുക.

(3) "പ്രവർത്തികൾ നടത്തേണ്ടതും" എന്നതിനുപകരം "കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. ടി. കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

348. ഖണ്ഡം 11 (3)-നുശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുക.

(4) ഈ ആക്ട് നിലവിൽ വരുന്നതോടെ അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് സ്കീം 1985 പ്രകാരമുള്ള സകല റിക്കോർഡുകളും കണക്കുകളും ഫണ്ടുകളും ഈ കമ്മിറ്റിക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും ഈ കമ്മിറ്റി ഇത്തരം രേഖകൾ ഏറ്റുവാങ്ങേണ്ടതുമാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഇതിൽ രണ്ടു ഭേദഗതികൾ സ്വീകരിക്കാം. ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതി, ഫണ്ടിലെ അംഗമായി പ്രവേശിക്കുന്നതിനോ എന്നത് സ്വീകരിക്കാം. രണ്ട്, ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 330-ാം നമ്പർ ഭേദഗതി, തൊണ്ണൂറ് എന്നതിനു പകരം 60 ദിവസമായി കുറവു ചെയ്യുക എന്നുള്ളത്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 330-ാം ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 324, 343 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ടി. പി. എം. സാഹീർ അവതരിപ്പിച്ച 325-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 336, 342 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 332, 339 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 334-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 337, 347 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ജെ. പൗലോസ് അവതരിപ്പിച്ച 341-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 344-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 345-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 348-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

349. ഖണ്ഡം 12 (1)-ൽ "ഫണ്ടിൽ ആവശ്യമായ തുക നീക്കിയിരുപ്പില്ലാത്ത സാഹചര്യത്തിൽ" എന്നീ വാക്കുകൾ "ഏതു സംഖ്യയും" എന്ന വാക്കിന്റേയും "സർക്കാറിന്റെ മുൻകൂട്ടിയുള്ള" എന്ന വാക്കിന്റെയും ഇടയിലായി ചേർക്കുക.

ഇവിടെ കടം വാങ്ങുന്നതുമായി ബന്ധപ്പെട്ട ഒരു വ്യവസ്ഥയാണ്. ഇതു ഒരിക്കലും ദുരുപയോഗപ്പെട്ടു പോകാൻ പാടില്ല. അതുകൊണ്ട് കമ്മിറ്റിക്ക് ഈ ആക്ടിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ ഏതു സംഖ്യയും എന്നു കഴിഞ്ഞിട്ട് ഒരു വാചകം ചേർക്കണം. ഫണ്ടിൽ ആവശ്യമായ തുക നീക്കിയിരുപ്പില്ലാത്ത സാഹചര്യത്തിൽ എന്നു കൂടി ഇതിൽ ചേർക്കണം.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

352. ഖണ്ഡം 12(2)-ൽ "ഷെഡ്യൂൾഡ്" എന്നതിന് പകരം "ദേശസാൽക്കൃത" എന്ന് ചേർക്കുക.

ശ്രീ. പി. ജയരാജൻ : സർ താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

353. ഖണ്ഡം 12 (2)-ന് താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ ഇപ്രകാരം നിക്ഷേപം നടത്തുമ്പോൾ ഫണ്ടിന്റെ ഉത്തമതാൽപ്പര്യം കണക്കിലെടുക്കേണ്ടതും നിക്ഷേപത്തിന്റെ രീതിയും കാലാവധിയും നിക്ഷേപത്തിനുള്ള സ്ഥാപനവും നിർണ്ണയിക്കുന്നതിൽ ഫണ്ടിന്റെ ഉത്തമതാൽപ്പര്യവും ലാഭവും മാർഗ്ഗദർശകമായി തീരേണ്ടതുമായിരിക്കും."

ഈ ഫണ്ട് നിക്ഷേപിക്കുന്നതിനെ സംബന്ധിച്ചുള്ള വ്യവസ്ഥയാണിത്. അതിൽ 12 (2)-ൽ ക്ലിപ്ത നിബന്ധന ചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. എം. വി. ജയരാജൻ : സർ, താഴെ പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

354. ഖണ്ഡം 12(2)-ന് ശേഷം താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ ഇപ്രകാരം നിക്ഷേപം നടത്തുമ്പോൾ പ്രായോഗികമാകുന്നിടത്തോളം സ്ഥിരനിക്ഷേപം ആയിരിക്കേണ്ടതാണ്."

363. ഖണ്ഡം 12(6)-ൽ "അനുസരിക്കേണ്ടതാണ്" എന്ന വാക്കിനുപകരം "നടപ്പിലാക്കേണ്ടതാണ്" എന്നു ചേർക്കണം.

354 (2)-ൽ ഇപ്പോഴുള്ള വ്യവസ്ഥയ്ക്കു ശേഷം ഈ നിക്ഷേപം നടത്തുമ്പോൾ പ്രായോഗികമാകുന്നിടത്തോളം സ്ഥിരനിക്ഷേപം ആയിരിക്കേണ്ടതാണ്. എന്നാൽ അങ്ങു പറഞ്ഞതുപോലെ പലിശ കൂടുതൽ നമുക്കു കിട്ടും. 363-ലെ എന്റെ പ്രൊപ്പോസൽ ഇന്നിപ്പോൾ തീരുമാനമെടുത്തു കഴിഞ്ഞാൽ, അതിനകത്തു പറയുന്നത് 363 ആയിട്ടു ഈ ആഡിറ്റർ സാക്ഷിപ്പെടുത്തിയിട്ടുള്ള അക്കൗണ്ടുകൾ, ആഡിറ്റ് റിപ്പോർട്ടുകളും മറ്റു കാര്യങ്ങളും വന്നാൽ ആ നിർദ്ദേശങ്ങൾ കമ്മിറ്റിക്കു നൽകിയതിനെത്തുടർന്ന് കമ്മിറ്റി ചെയ്യുന്നത് എന്ത് എന്നുള്ളതു ഇവിടെ പറയുന്നില്ല. ആ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ് എന്നാണ് അതിനകത്തു ചേർത്തിട്ടുള്ളത്. അനുസരിക്കേണ്ടത് എന്നതിനുപകരം അതു നടപ്പാക്കേണ്ടതാണ് എന്നാണ് മാറ്റേണ്ടത്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

355. ഖണ്ഡം 12(2)-ൽ താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

എന്നാൽ ഇപ്രകാരം നിക്ഷേപം നടത്തുമ്പോൾ ഫണ്ടിന്റെ ഉത്തമതാൽപ്പര്യം പരിഗണിക്കേണ്ടതും അതോടൊപ്പം ഫണ്ടിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്."

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, താഴെ പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

356. ഖണ്ഡം 12 (2)-ന്റെ ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നതു ചേർക്കുക.

"എന്നാൽ കാലാകാലങ്ങളിൽ കൂടുതൽ പലിശ കിട്ടുന്ന സ്ഥാപനങ്ങളിൽ സർക്കാർ അംഗീകാരത്തോടെ ഫണ്ട് നിക്ഷേപിക്കേണ്ടതാണ്."

358. ഖണ്ഡം 12 (3)-ൽ "കൊടുക്കേണ്ടതാണ്" എന്ന വാക്കിനുശേഷം "എന്നാൽ ഭരണച്ചെലവ് 5 ശതമാനത്തിൽ കൂടുതൽ ആകാൻ പാടില്ലാത്തതാണ്." എന്നു കൂടി ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

361. ഖണ്ഡം 12 (5)-ൽ "അയയ്ക്കേണ്ടതും" എന്നതിനുശേഷം "ഓരോ വർഷവും മാർച്ച് ഒന്നിനുമുമ്പായി" എന്നു കൂട്ടിച്ചേർക്കുക.

ഇതിന്റെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് ഇപ്പോൾ പലിശ പലപ്പോഴും നാഷണലൈസ്ഡ് ബാങ്കുകൾ ഉൾപ്പടെ പല ബാങ്കുകളിലും വ്യത്യസ്ത രീതികളിലാണ്. ഇതിനകത്ത് നമുക്ക് കൂടുതൽ പലിശ കിട്ടുന്ന വിധത്തിൽ സ്ഥിര നിക്ഷേപമായാലും ടെംപററി നിക്ഷേപമായാലും പലിശ കൂടുതൽ കിട്ടുകയും വേണം. അതിനും പുറമെ ഗവൺമെന്റ് തന്നെ ചില സന്ദർഭങ്ങളിൽ ഫണ്ട് ഉണ്ടാക്കുന്നുണ്ട്. ഗവൺമെന്റ് പല സ്ഥാപനങ്ങളിലും നിക്ഷേപിക്കുന്നുണ്ട്. ശ്രീ. എ. കെ. ബാലൻ, കെ. എസ്. എഫ്. ഇ. യുടെ ചെയർമാനായിരുന്ന കാലത്ത് ബോർഡിൽ നിന്നും ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് ഞങ്ങൾക്ക് കത്ത് അയച്ചപ്പോൾ ബോർഡ് അന്നുകൊടുക്കാൻ തീരുമാനിച്ചു. 10 കോടി രൂപ നിക്ഷേപിക്കാൻ തീരുമാനിച്ചു. പക്ഷേ നിയമത്തിലെ വ്യവസ്ഥകൾ കാരണം കൊടുക്കാൻ പറ്റിയില്ല. കെ. എസ്. എഫ്. ഇ. കൂടുതൽ പലിശ തരുന്നുണ്ട്. അതുപോലെ കെ. ടി. ഡി. എഫ്. സി. ഉയർന്ന പലിശ നിക്ഷേപങ്ങൾക്കു തരും. പക്ഷേ ബോർഡിലെ പൈസ എടുത്തു കൊടുക്കാൻ പറ്റില്ല. നിയമത്തിലെ വ്യവസ്ഥകൾ കാരണം കൂടുതൽ പലിശ കിട്ടുന്ന, സർക്കാരുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽപ്പോലും നിക്ഷേപിക്കാൻ കഴിയാതെ വരുന്നുണ്ട്. അതുകൊണ്ട് ഗവൺമെന്റിന്റെ അനുമതിയോടുകൂടി നിയമത്തിനു വിധേയമായിക്കൊണ്ടു തന്നെ ചട്ടത്തിലും നിയമത്തിലും വ്യവസ്ഥ ചെയ്തുകൊണ്ടു തന്നെ അത്തരം സ്ഥാപനങ്ങളിൽ കൂടുതൽ പലിശ കിട്ടാൻ, ഈ ഫണ്ട് നിക്ഷേപിക്കാനുള്ള വ്യവസ്ഥ ഉണ്ടാക്കണമെന്നുള്ള ഒരു സദുദ്ദേശമാണ് അതിനൊപ്പമുള്ളത്. 12(3) അതിൽ 3-ാം വകുപ്പിൽ ഈ ആക്ട് പ്രകാരം നൽകാനുള്ളതും നൽകേണ്ടതുമായ എല്ലാ തുകകളും അതിന്റെ നടത്തിപ്പും ഭരണ നിർവ്വഹണവും സംബന്ധിച്ച് എല്ലാ ചെലവുകളും ഫണ്ടിൽ നിന്നാണ്. അങ്ങനെ ഫണ്ടിൽ നിന്നും എല്ലാ ചെലവുകളും എന്നു പറയുമ്പോൾ അതിനൊരു പരിധി വയ്ക്കണ്ടേ? അതു റൂൾസിൽ മാത്രം വന്നാൽ പോര. ആക്ടിൽക്കൂടി ഉണ്ടാകേണ്ടത് നല്ലതാണ്. 5 ശതമാനമെന്നാണ് ഞാൻ ഇവിടെ നിർദ്ദേശിച്ചിരിക്കുന്നത്. തുടക്കത്തിൽ കൂടുതൽ ചെലവു വന്നാലും പിന്നീടു ഭരണ ചെലവു കുറഞ്ഞു കുറഞ്ഞു വരും. അതുകൊണ്ട് അതിൽ ഒരു വ്യവസ്ഥ ഉണ്ടാക്കുന്നതു നല്ലതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

357. ഖണ്ഡം 12 (2) താഴെ പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക.

കമ്മിറ്റി ഫണ്ടിന്റെ ഭാഗമായിത്തീരുന്ന എല്ലാ തുകകളും വരവിനങ്ങളും ട്രഷറി അക്കൗണ്ടുകളിലോ ട്രഷറികളിൽ എഫ്. ഡി. ആയിട്ടോ സഹകരണ സ്ഥാപനങ്ങളിലോ നിക്ഷേപിക്കേണ്ടതാണ്.

ഈ ഫണ്ടുകൾ, കടം വാങ്ങലും നിക്ഷേപിക്കലും, അതിൽ സ്വരൂപിക്കുന്ന പണം സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റേയോ കടപ്പത്രങ്ങളിലോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും രീതിയിലോ നിക്ഷേപിക്കുകയും ചെയ്യാവുന്നതാണ്. ഇതൊരു ദുരുപയോഗമാണ് ഉണ്ടാക്കുന്നത്. പക്ഷേ സ്പെസിഫിക്കായി ഫണ്ടിന്റെ ഭാഗമായി തീരാവുന്ന തുകകളും വരവിനങ്ങളും ട്രഷറി അക്കൗണ്ടിലോ ട്രഷറികളിൽ എസ്. ബി. ആയിട്ടോ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കേണ്ടതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാനവതരിപ്പിക്കുന്നു.

359. ഖണ്ഡം 12 (3) നുശേഷം താഴെ കാണുന്ന ക്ലിപ്ത നിബന്ധന ചേർക്കുക

"എന്നാൽ ഫണ്ടിന്റെ നടത്തിപ്പും ഭരണനിർവ്വഹണവും സംബന്ധിച്ച ചെലവുകൾ ഫണ്ടിന്റെ ആകെ തുകയുടെ 5%-ൽ കൂടുവാൻ പാടില്ല."

362. ഖണ്ഡം 12 (5)-ൽ "നിർദ്ദേശങ്ങൾ കമ്മിറ്റിക്ക് നൽകാവുന്നതാണ്." എന്നതിനുപകരം "നിർദ്ദേശങ്ങൾ നൽകാവുന്നതും അക്കൗണ്ടുകൾ ആഡിറ്റ് റിപ്പോർട്ടോടുകൂടി നിയമസ മുൻപാകെ സമർപ്പിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

359-ൽ ക്ഷേമനിധി ഫണ്ടിന്റെ പ്രവർത്തനത്തിനും കമ്മിറ്റിയുടെ പ്രവർത്തനത്തിനുമൊക്കെ വരുന്ന ഭരണ ചെലവിന് ഒരു വ്യവസ്ഥയുമില്ല. അതു സംബന്ധിച്ച് ഒരു വ്യവസ്ഥയുണ്ടാക്കണമെന്നുള്ളതുകൊണ്ട് ഫണ്ടിന്റെ ആകെ തുകയുടെ 5 ശതമാനത്തിൽ കൂടുതൽ ചെലവഴിക്കാൻ പാടില്ല എന്നുള്ള ഒരു വ്യവസ്ഥ ചേർക്കണം. അതുപോലെ 362-ൽ നിർദ്ദേശങ്ങൾ കമ്മിറ്റിക്ക് നൽകാവുന്നതാണ്. എന്നതിനുപകരം നിർദ്ദേശങ്ങൾ നൽകാവുന്നതും അക്കൗണ്ടുകൾ, ആഡിറ്റ് റിപ്പോർട്ടോടുകൂടി. നിയമസഭ മുമ്പാകെ സമർപ്പിക്കേണ്ടതുമാണ് എന്ന രൂപത്തിൽ ഒരു ഭേദഗതി വേണം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, താഴെപ്പറയുന്ന ഭേദഗതി ഞാനവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

360. ഖണ്ഡം 12 (5)-ൽ "പ്രകാരമുള്ള" എന്നതിനു ശേഷം "വാർഷിക" എന്ന് ചേർക്കുക, "അങ്ങനെയുള്ള" എന്നത് നീക്കം ചെയ്യുകയും പകരം "പ്രകാരമുള്ള" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

ഗവൺമെന്റിലേയ്ക്ക് ആഡിറ്റ് ചെയ്ത കണക്കുകൾ അയക്കുന്ന കാര്യം സംബന്ധിച്ചുള്ളതാണ്. ആഡിറ്റർ സാക്ഷിപ്പെടുത്തിയ പ്രകാരമുള്ള അക്കൗണ്ടുകൾ എന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. അതു വാർഷിക അക്കൗണ്ടുകൾ ആകണം.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, താഴെപ്പറയുന്ന ഭേദഗതി ഞാനവതരിപ്പിക്കുന്നു.

364. ഖണ്ഡം12 (6)- നുശേഷം 7-ാം ഉപഖണ്ഡമായി താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"(7) കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റുമെന്റ് കിട്ടിയാലുടൻ തന്നെ സർക്കാർ അത് നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്."

ശ്രീ. വി. ഡി. സതീശൻ : സർ, താഴെപ്പറയുന്ന ഭേദഗതി ഞാനവതരിപ്പിക്കുന്നു.

365. ഖണ്ഡം 12 (6)-ന് ശേഷം താഴെപ്പറയുന്നത് 7-ാം ഉപഖണ്ഡമായി കൂട്ടിച്ചേർക്കുക.

"7 (5)-ാം ഉപ വകുപ്പു പ്രകാരം ലഭിക്കുന്ന വാർഷിക കണക്കും ആഡിറ്റ് റിപ്പോർട്ടും സർക്കാർ നിയമസഭയുടെ മേശപ്പുറത്ത് വ്ക്കേണ്ടതാണ്."

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 362-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. നിർദ്ദേശങ്ങൾ കമ്മിറ്റിക്കു നൽകാവുന്നതും എന്നത് നിർദ്ദേശങ്ങൾ നൽകാവുന്നതും അക്കൗണ്ടുകൾ, ആഡിറ്റ് റിപ്പോർട്ടോടുകൂടി നിയമസഭ മുമ്പാകെ സമർപ്പിക്കേണ്ടതുമാണ് എന്നതാണ് സ്വീകരിക്കുന്നത്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 362-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 349-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 352-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 353-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 357, 363 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 356, 358, 361 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 357-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 359-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 364-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 365-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2203 ജൂലൈ മാസം 23-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 1.30 ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly